# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും. രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

## പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

## പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

## അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

## നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

## കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

## വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

## നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

## വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

## കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

## ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

## വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## വാല്യം 28

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്യക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

| വാല്യം 85 |
|---|

## ഒല്ലൂക്കര ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

| വാല്യം 86 |
|---|

## പുഴക്കൽ ബ്ലോക്ക്
*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

| വാല്യം 87 |
|---|

## മുല്ലശ്ശേരി ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

| വാല്യം 88 |
|---|

## തളിക്കുളം ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

| വാല്യം 89 |
|---|

## അന്തിക്കാട് ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

| വാല്യം 90 |
|---|

## ചേർപ്പ് ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

| വാല്യം 91 |
|---|

## കൊടകര ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

| വാല്യം 92 |
|---|

## ഇരിങ്ങാലക്കുട ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

| വാല്യം 93 |
|---|

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

| വാല്യം 94 |
|---|

## മതിലകം ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

| വാല്യം 95 |
|---|

## കൊടുങ്ങല്ലൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

| വാല്യം 96 |
|---|

## മാള ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

| വാല്യം 97 |
|---|

## ചാലക്കുടി ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

| വാല്യം 98 |
|---|

## തൃത്താല ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

| വാല്യം 99 |
|---|

## പട്ടാമ്പി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

| വാല്യം 100 |
|---|

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

| വാല്യം 101 |
|---|

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

| വാല്യം 102 |
|---|

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

| വാല്യം 103 |
|---|

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

| വാല്യം 104 |
|---|

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

| വാല്യം 105 |
|---|

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

| വാല്യം 106 |
|---|

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

| വാല്യം 107 |
|---|

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

| വാല്യം 108 |
|---|

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

| വാല്യം 109 |
|---|

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

| വാല്യം 110 |
|---|

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

| വാല്യം 111 |
|---|

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

| വാല്യം 112 |
|---|

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

| വാല്യം 113 |
|---|

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

| വാല്യം 114 |
|---|

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

| വാല്യം 115 |
|---|

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

| വാല്യം 116 |
|---|

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

| വാല്യം 117 |
|---|

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

| വാല്യം 118 |
|---|

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

| വാല്യം 119 |
|---|

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

| വാല്യം 120 |
|---|

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

| വാല്യം 121 |
|---|

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

| വാല്യം 122 |
|---|

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

| വാല്യം 123 |
|---|

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

| വാല്യം 124 |
|---|

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

| വാല്യം 125 |
|---|

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

| വാല്യം 126 |
|---|

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

| വാല്യം 127 |
|---|

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പനങ്ങാട്
8. കുരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

| വാല്യം 153 |
|---|

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

| വാല്യം 154 |
|---|

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

| വാല്യം 155 |
|---|

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

| വാല്യം 156 |
|---|

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

| വാല്യം 157 |
|---|

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

| വാല്യം 158 |
|---|

## ഇടുക്കി ജില്ല

1. തൊടുപുഴ

| വാല്യം 159 |
|---|

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

| വാല്യം 160 |
|---|

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

| വാല്യം 161 |
|---|

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

| വാല്യം 162 |
|---|

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

| വാല്യം 163 |
|---|

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

| വാല്യം 164 |
|---|

## വയനാട് ജില്ല

1. കൽപ്പറ്റ

| വാല്യം 165 |
|---|

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

| വാല്യം 166 |
|---|

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ജനകീയാസൂത്രണം

# പഞ്ചായത്ത് വികസന റിപ്പോർട്ട്




## ചെല്ലാനം ഗ്രാമപഞ്ചായത്ത്

# ആമുഖം

പ്രിയ ചെല്ലാനം ഗ്രാമപഞ്ചായത്തു നിവാസികളെ,

കേരള ചരിത്രത്തിൽ ഒരു പുത്തൻ വികസന രാഷ്ട്രീയത്തിന്റെ കേളി കൊട്ടുയരുകയാണ്. ''ജനകീയാസൂത്രണത്തിലൂടെ''. ഇതുവരെ നടന്ന 8 പഞ്ചവൽസര പദ്ധതികളിൽ നിന്ന് വളരെയധികം വികസനം ഉണ്ടാക്കുവാൻ കഴിഞ്ഞുവെങ്കിലും സമ്പൂർണ്ണ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. അഴിമതിയും, സ്വജനപക്ഷപാതവും പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് എന്നും വിഘാതമായിരുന്നു.

ഈ പശ്ചാത്തലത്തിൽ 9-ാം പഞ്ചവൽസര പദ്ധതി ജനകീയമാക്കുന്നതിനു മുന്നോടിയായി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ മൊത്തം നടത്തുന്ന ജനകീയാസൂത്രണപദ്ധതി ലോകം ഉറ്റുനോക്കുകയാണ്.

കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരു പുത്തൻ വികസനസംസ്കാരം കെട്ടിപ്പടുക്കുന്നതിനായി കേരള സർക്കാരും, സംസ്ഥാന ആസൂത്രണ വകുപ്പും ചേർന്ന് ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തെ കേരളമോഡൽ വികസനമെന്ന് പലരും വിശേഷിപ്പിച്ചു തുടങ്ങിയിരിക്കുന്നു.

ചെല്ലാനം പഞ്ചായത്തിലും അതിന്റെ അലയടികൾ മുഴങ്ങുകയാണ്. 9-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി ത്രിതല പഞ്ചായത്തുകൾക്കു ലഭിക്കുന്ന വിഹിതമുപയോഗിച്ച് മുൻഗണനാടിസ്ഥാനത്തിൽ വികസന പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ തയ്യാറാക്കുകയും കുറ്റമറ്റ രീതിയിൽ നടപ്പാക്കുകയും ചെയ്ത് ക്രിയാത്മകവും സുതാര്യവുമാക്കുകയാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം.

ഇതുവരെ നടന്ന മുകളിൽ നിന്നുള്ള വികസ്ന അടിച്ചേൽപ്പിക്കലിനു പകരം നമ്മുടെ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, സ്ഥിതിവിവരക്കണക്കുകളുടെ അവലോകനവും, പഴമക്കാരിൽ നിന്നും മറ്റും ലഭിച്ച ചരിത്രവിജ്ഞാനവും, പാരമ്പര്യവും പഠനപര്യടനങ്ങളുമാണ് ഈ വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിന് ആധാരമാക്കിയിട്ടുള്ളത്. രണ്ട് മേഖലകളായിട്ടാണ് ഇതിന്റെ പ്രവർത്തനം നടന്നത്. ഇതിന്റെ കൺവീനർമാർ ശ്രീ. ജോൺ പറാത്തംവീടനും, ശ്രീ. വി.റ്റി. സെബാസ്റ്റ്യനുമായിരുന്നു.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹകരിച്ച എല്ലാ വ്യക്തികളോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ചെല്ലാനം പഞ്ചായത്തിന്റെ വികസന മാർഗരേഖയായ ഈ റിപ്പോർട്ട് നടപ്പാക്കുന്നതിന് എല്ലാവരുടേയും സഹായ സഹകരണമഭ്യർത്ഥിച്ചുകൊണ്ട് ബഹുജന സമക്ഷം സമർപ്പിക്കുന്നു.

**കെ.എ. ജോസഫ് മാസ്റ്റർ,**
കൺവീനർ.
ജനകീയാസൂത്രണ സമിതി,
ചെല്ലാനം ഗ്രാമ പഞ്ചായത്ത്.

**വി.ബി. രഘു**
പ്രസിഡന്റ്
ചെല്ലാനം ഗ്രാമപഞ്ചായത്ത്
അണ്ടിക്കടവ് പി.ഒ., കൊച്ചി - 682 008. ഫോൺ: 0484-247450.

# ഉള്ളടക്കം

പേജ് നമ്പർ


ആമുഖം....................1
പൊതുവിവരം....................2
ചെല്ലാനം ഗ്രാമപഞ്ചായത്ത് 'മേപ്പ്'....................3
ചെല്ലാനം ചരിത്രത്തിലൂടെ....................4
ചെല്ലാനം പഞ്ചായത്ത് ഇന്നുവരെ....................6
ജനകീയാസൂത്രണം-ചെല്ലാനം പഞ്ചായത്തുതല പ്രവർത്തനങ്ങൾ....................7
കൃഷിയും ജലസേചനവും....................8
മൃഗസംരക്ഷണം....................10
മത്സ്യബന്ധനം....................12
വിദ്യാഭ്യാസം....................14
പൊതുജനാരോഗ്യം....................16
കുടിവെള്ളം....................17
ഗതാഗതം....................18
വ്യവസായം....................19
ഊർജ്ജം....................21
സഹകരണമേഖല....................23
പാർപ്പിടം....................24
സാമൂഹ്യക്ഷേമം....................25
സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തികപദവി....................26
പട്ടികജാതി/വർഗ്ഗക്ഷേമം....................27
സംസ്ക്കാരം....................28
കടലാക്രമണം....................30
വിഭവസമാഹരണം....................32


# ചെല്ലാനം ഗ്രാമപഞ്ചായത്ത് പൊതുവിവരം

| | | |
|---|---|---|
| 1. | പഞ്ചായത്തിൻെറ പേര് | ➤ ചെല്ലാനം ഗ്രാമ പഞ്ചായത്ത് |
| 2. | ജില്ല | ➤ എറണാകുളം |
| 3. | താലൂക്ക് | ➤ കൊച്ചി |
| 4. | ജനസംഖ്യ (91-ലെ സെൻസസ് പ്രകാരം) | ➤ 32,978 |
| 5. | ഇപ്പോഴത്തെ ജനസംഖ്യ | ➤ 38,647 |
| 6. | വിസ്തീർണ്ണം | ➤ 19.37 ച.കി.മീ. |
| 7. | റവന്യൂ വില്ലേജുകൾ | ➤ ചെല്ലാനം, കുമ്പളങ്ങി, പള്ളുരുത്തി. |
| 8. | ജില്ലാ പഞ്ചായത്ത് ഡിവിഷൻ | ➤ കണ്ണമാലി. |
| 9. | ബ്ലോക്ക് പഞ്ചായത്ത് | ➤ പള്ളുരുത്തി |
| 10. | അസംബ്ലി മണ്ഡലം | ➤ പള്ളുരുത്തി |
| 11. | ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ | ➤ 4 (നാല്) |
| 12. | ഗ്രാമ പഞ്ചായത്തു വാർഡുകൾ | ➤ 13 (പതിമൂന്ന്) |
| 13. | വനിതാ സംവരണ വാർഡുകൾ | ➤ 5 (അഞ്ച്) |
| 14. | പട്ടികജാതി/വർഗസംവരണം | ➤ 1 (ഒന്ന്) |
| 16. | പ്രസിഡൻറ് | ➤ വി.ബി. രഘു |
| 17. | വൈസ് പ്രസിഡൻറ് | ➤ കുസുമം ജോൺ |
| 18. | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | ➤ ഒ.വി. ഫ്രാങ്ക്ളിൻ |

ചെല്ലാനം പഞ്ചായത്ത്

MAP





പഞ്ചായത്ത് പ്രസിഡൻറ്
വി.ബി. രഘു



വൈസ് പ്രസിഡൻറ്
കുസുമം ജോൺ




സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ
ഒ.വി. ഫ്രാങ്ക്ളിൻ




കുമാരി ഗ്രേസി ജോസഫ്
3-ാം വാർഡ്



ശ്രീ. ടി.ടി. മൈക്കിൾ
4-ാം വാർഡ്



ശ്രീ.കെ.എൽ. ജോസി
5-ാം വാർഡ്




ശ്രീ.കെ.പി. തങ്കച്ചൻ
6-ാം വാർഡ്



ശ്രീമതി. ടെസി ജോസഫ്



ശ്രീ. പി.എ. എഡ്വാർഡ്
9-ാം വാർഡ്



ശ്രീ. ടി.എ. ജോസഫ് മാസ്റ്റർ
10-ാം വാർഡ്



ശ്രീമതി ഐറിസ് ആൻറണി
11-ാം വാർഡ്



ശ്രീ. ടി.സി. ഗോപി
12-ാം വാർഡ്



കുമാരി മാർഗരറ്റ് ആൻറണി

# ചെല്ലാനം ചരിത്രത്തിലൂടെ...............

നിഷ്കളങ്കരായ ഗ്രാമീണർ വസിച്ചിരുന്ന സമ്പൽസമൃദ്ധവും, പ്രകൃതിരമണീയവുമായ ചെല്ലാനം പുരാതന കാലത്ത് സ്വദേശവിദേശ കച്ചവടക്കാരുടെ സ്വപ്നഭൂമിയായിരുന്നു. അന്നിവിടെ കടലാക്രമണവും, ദാരിദ്ര്യവും, ശുദ്ധജലക്ഷാമവുമില്ലായിരുന്നു. ഒരുതരം പോട്ട എന്ന പുല്ലിൻെറ തണ്ട് ഉണങ്ങി ഇഴയാക്കി നെയ്തെടുത്ത വസ്ത്രം ധരിച്ച് വൻമരങ്ങളുടെ വേരുകൾക്കു വിടവിൽ കുഴിയുണ്ടാക്കി വസിച്ചിരുന്ന, മീൻപിടിച്ചും, വേട്ടയാടിയും കൃഷിചെയ്തും ജീവിച്ചിരുന്ന തണ്ടപ്പുലയർ അഥവാ കുഴിപ്പുലയരാണ് ഇവിടുത്തെ പൂർവ്വികർ. മറ്റിടങ്ങളിൽ നിന്ന് ഇവിടെ വന്നു താമസമാക്കിയവർ ഇവരെ മെരുക്കി അടിമകളാക്കി പണിയെടുപ്പിച്ചിരുന്നു. വാക്കാൽ തീറായി പരസ്പരം ക്രയവിക്രയം ചെയ്യാറുണ്ടായിരുന്ന ഇവർ ഉടമകളെ തമ്പ്രാനെന്നും, തമ്പ്രാട്ടിയെന്നും വിളിച്ചിരുന്നു.

വിശാലമായ കടൽത്തീരവും, മണൽതിട്ടയും അതിനടിയിലെ കത്തിച്ചെള്ള എന്ന ഉറപ്പുള്ള പശിമണ്ണും അവിടെ പിടിച്ചിരുന്ന അടമ്പ്, ശരപ്പുല്ല്, മുത്തങ്ങാപ്പുല്ല്, ഉപ്പത്ത, കടകൊയ്പ എന്നിവ ഏതു കടലാക്രമണത്തെയും മണ്ണൊലിപ്പിനെയും തടഞ്ഞിരുന്നു. കത്തിച്ചെള്ളയിൽ ഒരു ഭാഗം കലങ്ങി ഒഴുകി അടിയുന്നിടത്താണ് ചാകര എന്ന പ്രതിഭാസം ഉണ്ടായിരുന്നത്.

അന്നത്തെ സമ്പത്തുകളായ നെല്ല്, തേങ്ങ, വെളിച്ചെണ്ണ, ഉണക്കമീൻ, ഉപ്പ് എന്നിവയാൽ ഇവിടം സമൃദ്ധമായിരുന്നു. ഇവ തേടി കൊട്ട്യവുകളിൽ (തടികൾ കൂട്ടിക്കെട്ടി ചെത്തിയുണ്ടാക്കിയ വള്ളം) എത്തുന്ന മലയോരക്കച്ചവടക്കാർക്ക് ഇവ നൽകി പകരം മലഞ്ചരക്കുകൾ വാങ്ങിയിരുന്നു. പായക്കപ്പലുകളിലും, പത്തേമാരികളിലുമെത്തുന്ന വിദേശിയർക്ക് മലഞ്ചരക്കുകൾ കൊടുത്ത് സ്വർണ്ണക്കട്ടികളും, നാണയങ്ങളും, ചീനപാത്രങ്ങളും വാങ്ങിയിരുന്നു.

മരചക്രങ്ങൾ ചവിട്ടി വെള്ളം വറ്റിച്ച്, കൃഷി ചെയ്തിരുന്ന പൊക്കാളിപ്പാടങ്ങൾക്ക് കിഴക്ക് കമ്മട്ടി, കണ്ടൽ, ചുള്ളി, കൈത, മുഞ്ച, ഇല്ലിമുള മറ്റു കുറ്റിക്കാടുകളും ഇടതൂർന്നു വളർന്ന് ആർക്കും കടന്നുചെല്ലുവാൻ പറ്റാത്ത ചെല്ലാവനമായിരുന്നു ഇന്നത്തെ ചെല്ലാനം.

മറുവുള്ളക്കാട് മുറവുക്കാടും, ജലയാത്ര നടത്തുന്ന കച്ചവടക്കാർ അന്തിക്കു വിശ്രമിക്കുന്ന കടവിനെ അണ്ടിക്കടവും, കണ്ടൽ തിങ്ങിയ കടവിനെ കണ്ടക്കടവുമാക്കിയപ്പോൾ ചെറിയ - കടവ് ചെറിയ കടവുമായി എന്ന് സ്ഥലനാമചരിത്രം പറയുന്നു.

വിദേശകപ്പലുകളുടെ വരവും നോക്കി ഉയരമുള്ള മാളികപ്പുരകളിൽ പ്രാദേശികമായി വികസിപ്പിച്ചെടുത്ത ദൂരദർശിനികളിൽ വഴിക്കണ്ണുമായി നോക്കിയിരുന്നതിനാൽ കണ്ണമാലിയുമുണ്ടായി. ഇത്തരം മാളികപ്പുരകൾ ഇവിടെ പലയിടത്തുമുണ്ടായിരുന്നു.

കപ്പലുകളുടെ കൊടിമരം വളരെ ദൂരെവച്ചു കാണുമ്പോൾ തന്നെ കരയിൽ ആഹ്ളാദമാകും. മരച്ചക്കുകളിലാട്ടിയ എണ്ണയും മറ്റും ഒരുക്കി വച്ച് പന്തങ്ങൾ കത്തിച്ച് കപ്പലുകൾക്ക് അടയാളം കൊടുത്ത് ആടിയും പാടിയും ജനങ്ങൾ ആഘോഷിക്കുമായിരുന്നു.

സ്വർണ്ണമായി കിട്ടുന്ന സമ്പത്തെല്ലാം ഭരണികളിലും, കുടങ്ങളിലുമാക്കി കുഴിച്ചിടുകയായിരുന്നു പതിവ്. ഇവ ആരും എടുക്കാതിരിക്കാൻ നിധികാക്കുന്ന പാമ്പിൻെറയും, ഭൂതത്തിൻെറയും കള്ളക്കഥകളുമുണ്ടാക്കി. പെട്ടെന്നുണ്ടാകുന്ന കടലാക്രമണവും, അകാലമരണവും മൂലം ഈ സമ്പത്തുകളിൽ ഭൂരിഭാഗവും ഇന്നും മണ്ണിനടിയിൽ തന്നെയാണ്. ഇതാണ് ചിലർക്കെല്ലാം നിധിയായി ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നത്.

തെക്കെ ചെല്ലാനത്തു കൂടിയാണ് പണ്ട് അന്ധകാരനഴി ഒഴുകിയിരുന്നത്. ചെറിയ കടവിൽ 1925 ലെ മലവെള്ളത്തിൽ ഒരു അഴിയുണ്ടായി. ഇതു രണ്ടും മൂടിപ്പോവുകയും ഇന്നു കാണുന്ന അന്ധകാരനഴി ചെല്ലാനം പഞ്ചായത്ത് അതിർത്തിക്ക് 5 കി.മീ. തെക്കുമാറി രൂപം കൊള്ളുകയും ചെയ്തു.

പോർച്ചുഗീസുകാർ ഗോവയിൽ വന്ന് നിർബന്ധിത മതപരിവർത്തനം നടത്തിയപ്പോൾ വഴങ്ങാതെ വിഗ്രഹങ്ങളുമായി നാടുവിട്ട ഗൗഡസാരസ്വത ബ്രാഹ്മണരും അവരുടെ പണിക്കായിക്കൊണ്ടുവന്ന കുടുംബികളും ഇവിടെയുമെത്തി. കൊച്ചി രാജാവിനെ മുഖംകാണിച്ച് ഇവർക്കു കരം തീരുവയില്ലാതെ ദാനമായി രാജാവു കൊടുത്ത ഭൂമിയാണ് ചെല്ലാനത്തിൻെറ ഭൂരിഭാഗവും. ശുദ്ധഗതിക്കാരായ ഇവരിൽ നിന്നുമാണ് പിന്നീട് പലരും ഭൂമി തട്ടിയെടുത്ത് ഭൂവുടമകളായത്. കൂടാതെ ഇസ്രായേലിൽ നിന്നും അഭയാർത്ഥികളായെത്തിയ യഹൂദർക്കും രാജാവ് ഇവിടുത്തെ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്.

ക്രിസ്ത്യൻ മിഷനറിമാരുടെ ബുദ്ധിപൂർവ്വമായ പ്രവർത്തനംമൂലം ഇവിടെയുള്ള നല്ലൊരു ഭാഗം ജനങ്ങളും കത്തോലിക്കരായി. ശ്രീനാരായണഗുരുവിൻെറ സന്ദേശങ്ങൾ ഉൾക്കൊണ്ട്, തീണ്ടലിനും ഉച്ചനീചത്വത്തിനുമെതിരെ ആവേശം പൂണ്ടവർ ഈഴവരുമായി. പോർച്ചുഗീസുകാരുടെയും ബ്രിട്ടീഷുകാരുടെയും ഭരണകാലത്ത് അവരുടെ ഇന്ത്യൻ സന്തതിപരമ്പരകളായി ആംഗ്ലോ ഇന്ത്യക്കാരും ഇവിടെയുണ്ടായി.

സാമൂഹ്യ പരിവർത്തന രംഗങ്ങളിലും, സ്വാതന്ത്ര്യസമരങ്ങളിലും സജീവമായി പങ്കെടുത്തവരും ഇവിടെ കുറവല്ല. സ്വാതന്ത്ര്യസമരസേനാനികളും, സ്വാതന്ത്ര്യദാഹികളും ചേർന്നു 1936-ൽ സ്ഥാപിച്ച വായനശാലയാണ് 1941-ൽ ചെല്ലാനം ഗ്രാമീണവായനശാലയായി

ഉയർന്നത്.

വിരലിലെണ്ണാവുന്ന ഭൂവുടമകളിൽ (ജന്മി) നിന്ന് ഇടത്തരക്കാരായവർ പാട്ടത്തിനും, സാധാരണ കർഷക ത്തൊഴിലാളികൾ വാരത്തിനും കൃഷിഭൂമി വാങ്ങിയിരുന്നു. വാരകൃഷിക്കാർക്ക് ഒരു തരത്തിലും മുതലാകാത്ത വ്യവസ്ഥകളാണ് അന്നുണ്ടായിരുന്നത്. 1957 ൽ രൂപീകരിച്ച വാരക്കുടിയാൻ സംഘത്തിന്റെ ധീരമായ പ്രവർത്തനംമൂലം 1963 ൽ വാരക്കാരെ മുഴുവൻ പാട്ടക്കാരാക്കി. 1969-ൽ വന്ന ഭൂപരിഷ്കരണ നിയമംമൂലമാണ് ഇവിടെയുള്ള സാധാരണക്കാർ ഭൂവുടമകളായത്. കൂടാതെ പാട്ടസ്ഥലങ്ങൾ മുഴുവനും കർഷകർക്ക് വിട്ടുകൊടുക്കുകയും ചെയ്തു. 1970 ജനുവരി 1 ന് കുടികിടപ്പുനിയമം പ്രാവർത്തികമാക്കുന്നതിന് ഭൂപരിഷ്കരണനിയമപ്രകാരം തങ്ങൾക്കവകാശപ്പെട്ട ഭൂമി സ്വയം അളന്നു തിട്ടപ്പെടുത്തി അധികാരം സ്ഥാപിച്ചത് എറണാകുളം ജില്ലയിൽ ആദ്യമായി ചെല്ലാനത്താണ്.

1992 ഒക്ടോബർ 25-ാം തീയതി മുതൽ നടന്ന ചരിത്രപ്രസിദ്ധമായ സ്ത്രീജനമുന്നേറ്റത്തിലൂടെ ചെല്ലാനം പഞ്ചായത്തിലുണ്ടായിരുന്ന 19 ചാരായഷാപ്പുകളിൽ കണ്ണമാലിയിലുള്ള രണ്ടെണ്ണമൊഴിച്ച് ബാക്കി എല്ലാം പൂട്ടുകയുണ്ടായി. അത് ക്രമസമാധാന രംഗത്ത് ഇവിടെ വൻ മുന്നേറ്റം തന്നെയുണ്ടാക്കി. ചാരായനിരോധനം കേരളത്തിൽ നടപ്പായെങ്കിൽ അതിനു തിരികൊളുത്തിയതും നമ്മൾ തന്നെയാണ്.

## ഇവിടെ പാടിപതിഞ്ഞവഞ്ചിപ്പാട്ട് ശീലുകൾ

*കൊച്ചുവാല പെൺകിടാവേ അക്കരയ്ക്കൊന്നിറക്കാമോ*
*അക്കരെയ്ക്കൊന്നിറക്കുവാനെന്തു കൂലിവേണം പെണ്ണേ*
*ആയിരം പേർ കേറുന്നൊരു ഓടമാണു തമ്പുരാനേ*
*ആയിരം പേർ വരുമ്പോളമിക്കരയിലിരി തമ്പ്രാ*
*ആയിരം പേർ തരുംകൂലി ഞാനൊരുത്തൻ തരാംപെണ്ണേ*
*കൊച്ചു പെണ്ണുങ്ങമരത്തും തമ്പുരാനിങ്ങണിയത്തും*
*കൊച്ചു വാല പെൺകിടാവേ അക്കരയ്ക്കൊന്നിറക്കാമോ.*



# ചെല്ലാനം പഞ്ചായത്ത് ഇന്നുവരെ

എറണാകുളം ജില്ലയുടെ തെക്കുപടിഞ്ഞാറെ അറ്റത്ത് 15 കി.മീ. തെക്കുവടക്കായി ഒന്നുമുതൽ 2 വരെ കി. മീ. വീതിയിൽ നീണ്ടുകിടക്കുന്ന ഗ്രാമമാണ് ചെല്ലാനം പഞ്ചായത്ത്. പടിഞ്ഞാറ് അറബിക്കടലും, തെക്ക് ആലപ്പുഴ ജില്ലയിലെ പള്ളിത്തോടും കിഴക്ക് കുത്തിയതോട് കോടംതുരുത്ത് എഴുപുന്ന കുമ്പളങ്ങി പഞ്ചായത്തുകളും, കായൽപരപ്പുകളും വടക്ക് കൊച്ചി കോർപ്പറേഷനുമാണ് അതിരുകൾ.

1991 ലെ സെൻസസ് പ്രകാരം 32978 ആണ് ജനസംഖ്യ. ഇതിൽ 16408 പുരുഷൻമാരും 16570 (50.25%) സ്ത്രീകളും ഉൾപ്പെടുന്നു. 1759 പട്ടികജാതിക്കാർ ഉള്ളതിൽ 844 പുരുഷൻമാരും, 915 സ്ത്രീകളുമുണ്ട്. 9 പട്ടിക വർഗ്ഗക്കാരിൽ 5 പുരുഷൻമാരും 4 സ്ത്രീകളുമാണ്.

1905-ലാണ് ചെല്ലാനം വില്ലേജ് പഞ്ചായത്ത് രൂപീകൃതമായത്. തിരഞ്ഞെടുപ്പൊന്നുമില്ലാതെ വൻ ഭൂവുടമകളെ നോമിനേറ്റ് ചെയ്യപ്പെട്ടിരുന്ന ഭരണസമിതിയായിരുന്നു അന്നുണ്ടായത്. കൊച്ചി ദിവാനായിരുന്ന സർ ടി. വി. വിജയരാഘവാചാര്യരുടെ ഉത്തരവുപ്രകാരം 1920 സെപ്റ്റംബർ മാസത്തിൽ കരം തീരുവ വോട്ടവകാശാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പു നടന്നു. ശ്രീ കൈപ്പാരി അരുളപ്പൻ പൊള്ളയിൽ (പ്രസിഡൻറ്), പി.ജി. സിറിൾ, പി.എഫ്. ജോസഫ്, കെ.ജി. ഫ്രാൻസിസ്, എൽ.പി. അഗസ്റ്റിൻ എന്നിവരാണ് അന്ന് തിരഞ്ഞെടുക്കപ്പെട്ടത്. 1953-വരെ ഈ രീതിയിലാണ് തിരഞ്ഞെടുപ്പു നടന്നത്.

അന്നത്തെ എടുത്തുപറയേണ്ട പൊതുജനസേവനം ചുമടുതാങ്ങികൾ സ്ഥാപിക്കലും, വേനൽക്കാലത്ത് മോരുംവെള്ളം (സംഭാരം) വഴിയാത്രക്കാർക്ക് സൗജന്യമായി കൊടുക്കുന്ന തണ്ണീർ പന്തലുകളും, പഞ്ചായത്തു ചിലവിൽ പലയിടത്തും സ്ഥാപിച്ചിരുന്നു എന്നതാണ്.

1953-ൽ പ്രായപൂർത്തി വോട്ടവകാശപ്രകാരമായുള്ള ആദ്യ തിരഞ്ഞെടുപ്പു നടന്നു. കുമ്പളങ്ങി വില്ലേജിന്റെ തീരദേശ അതിർത്തിയായ ചെറിയകടവുവരെയുള്ള പ്രദേശങ്ങൾ മാത്രമെ ചെല്ലാനം പഞ്ചായത്തിൽ അന്ന് ഉൾപ്പെട്ടിരുന്നുള്ളൂ. 14-2-1962-ലാണ് പള്ളുരുത്തി വില്ലേജിന്റെ ഏതാനും ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഇന്നത്തെ രീതിയിലുള്ള അതിരുകളോടുകൂടിയ ചെല്ലാനം പഞ്ചായത്ത് രൂപീകരിച്ചത്.

ചെല്ലാനം വില്ലേജ് ഓഫീസിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് 5.4.1968-ലാണ് കണ്ടക്കടവിലുള്ള ഇന്നത്തെ ഓഫീസിലേക്ക് മാറ്റിയത്. അന്നത്തെ പ്രസിഡൻറായിരുന്ന ശ്രീ എ.കെ. ഫെലിക്സ് സൗജന്യമായി കൊടുത്ത 10 സെൻറ് ഭൂമിയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. ഓഫീസ് മാറ്റത്തിൽ പ്രതിഷേധിച്ച് ശ്രീ കെ.ആർ. സെബാസ്റ്റ്യൻ പ്രസിഡൻറിന്റെ വസതിക്കു മുന്നിൽ നിരാഹാര സമരം ആരംഭിച്ചു. മൂന്നാംദിവസം ഈ സമരത്തിനെതിരെ തദ്ദേശവാസികൾ ആഹാര സമരം നടത്തി പ്രതിഷേധിച്ചതിനാൽ ശ്രീ കെ.ആർ. സെബാസ്റ്റ്യന് സമരം ഏകപക്ഷീയമായി അവസാനിപ്പിച്ചുപോകേണ്ടതായും വന്നു.

1953-ൽ ഇഷ്ടികയിൽ നിർമ്മിച്ച വീടുകൾക്ക് ആദ്യമായി കരം ചുമത്തി. 10 വർഷത്തെ കുടിശ്ശിക ഇളവുചെയ്തുകൊണ്ട് 64-ൽ കുടിശിഖ പിരിവ് ഊർജ്ജിതമാക്കി. 100%വും നികുതി പിരിച്ച ആദ്യ പഞ്ചായത്തിനുള്ള കേരള സർക്കാർ അവാർഡ് കിട്ടുകയും പഞ്ചായത്തിനെ തേഡ് ഗ്രേഡിൽനിന്ന് 1965-ൽ സെക്കൻറ് ഗ്രേഡ് ആക്കിയും 1967-ൽ ഫസ്റ്റ ഗ്രേഡ് ആക്കിയും ഉയർത്തി.

1962ലെ പഞ്ചായത്ത് ആക്ട് പ്രകാരം 1968 ൽ ഇവിടത്തെ ചാലുകളെല്ലാം പഞ്ചായത്തിനു വിട്ടുകിട്ടി. ചാലുകളിലെ വരുമാനം മൂലം 1972 ൽ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തെന്ന പദവിയും ലഭിച്ചു.

## പഞ്ചായത്ത് ഭരണ സാരഥികൾ

### 1953 മുതൽ 1964 വരെ

1. ശ്രീ ചെറിയാൻ ഇ.എക്സ് (പ്രസിഡൻറ്)
2. സേവ്യർ അമ്പലത്തുങ്കൽ (വൈസ് പ്രസിഡൻറ്)
3. പി.പി. മൈലൻ 4. ബി.എ. പോൾ
5. കെ.പി. റോബർട്ട് 6. വി.വി. സെബാസ്റ്റ്യൻ
   ടി.എസ്. സമ്മി (ഇടക്കാലം)
7. എ.കെ. ഫെലിക്സ്
   എ.ജെ. വിൽക്കിൻസൺ (ഇടക്കാലം)

### 1964-79 വരെ

1. ശ്രീ എ.കെ. ഫെലിക്സ് (പ്രസിഡൻറ്)
2. സേവ്യർ അമ്പലത്തുങ്കൽ (75 മുതൽ പ്രസിഡൻറ്)
3. ഒ.എം. രാമൻ 4. കെ.വി. അഗസ്റ്റിൻ
5. എ.ബി. ജോൺ 6. കെ.ജെ. ആൻറണി
7. കെ.കെ. ചന്ദ്രമതി (പ്രഥമ വനിതാ നോമിനി)
8. പി.ജെ. ഗ്യഗരി ടി.ജെ. ഹെൻട്രി (ഇടക്കാലം)
9. പി.കെ. ജോസഫ് ഇ.ജെ. പയസ് (ഇടക്കാലം)
10. ഇനാസുവൈദ്യൻ കെ.എം. പോൾ (ഇടക്കാലം)

1979 മുതൽ 85 വരെ

1. ശ്രീ കെ.പി. സേവ്യർ (പ്രസിഡൻറ്)
2. ശ്രീ കുമാരി: ജോബി തുരുത്തേൽ (വൈസ് പ്രസിഡൻറ്)
3. വി.കെ. ബാലൻ 4. കെ.എം. ജോർജ്
5. സി.കെ. ഗോപാലകൃഷ്ണൻ 6. കെ.പി. തങ്കച്ചൻ
7. കെ.എം. വർഗീസ് 8. ബി.പി. ജോളി
9. എം.സി. വക്കോ
10. ടി.കെ. അഗസ്റ്റിൻ മാസ്റ്റർ 11. എ.ടി. മാത്യു

1989 മുതൽ 95 വരെ

1. ശ്രീ ഇ.ബി. കുഞ്ഞുകുഞ്ഞ് (പ്രസിഡൻറ്)
2. ശ്രീ കെ.ജെ. ലീനസ് (90 മുതൽ ഇടക്കാല പ്രസിഡൻറ്)
3. ശ്രീ ടി.എ. ജോസഫ് (വൈ. പ്രസിഡൻറ്)
4. ശ്രീ ആൻറണി വലൻറയ്ൻ
5. ശ്രീ പി.എം. സുബ്രഹ്മണ്യൻ
6. ശ്രീ ഇ.കെ. കമലമ്മ 7. ശ്രീ പി.എ. ജേക്കബ്
8. ശ്രീ കെ.പി. തങ്കച്ചൻ 9. ശ്രീ കെ.എം. വർഗ്ഗീസ്
10. ശ്രീ കെ.ബി. ജോസി 11. ശ്രീ ഫ്ളോറി സേവ്യർ
12. ശ്രീ എം.സി. പോൾ

1995 ഒക്ടോബർ മുതൽ

1. ശ്രീ വി.ബി. രഘു (പ്രസിഡൻറ്)
2. ശ്രീ കുസുമം ജോൺ (വൈ: പ്രസിഡൻറ്)
3. ശ്രീ ഒ.വി. ഫ്രാങ്ക്ളിൻ (സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ)
4. ശ്രീ കുമാരി ഗ്രേയ്സി ജോസഫ്
5. ശ്രീ ടി.ടി. മൈക്കിൾ എഡ്വേഡ്
6. ശ്രീ കെ.എൽ. ജോസി 7. ശ്രീ കെ.പി. തങ്കച്ചൻ
8. ശ്രീ ടെസ്സി റോബർട്ട് 9. ശ്രീ പി.എ. എഡ്വേഡ്
10. ശ്രീ ടി.എ. ജോസഫ് 11. ശ്രീ ഐറിസ് ആൻറണി
12. ശ്രീ ടി.സി. ഗോപി
13. ശ്രീ കുമാരി: മാർഗരറ്റ് ആൻറണി

# ജനകീയാസൂത്രണം - പഞ്ചായത്തുതല പ്രവർത്തനങ്ങൾ

11.9.96 മുതൽ 13.9.96 വരെ പാലാരിവട്ടം മരിയാ പാർക്കിൽ വച്ചു നടന്ന ജില്ലാതല പരിശീലനത്തിൽ (ഡി. ആർ.പി.) ഈ പഞ്ചായത്തിൽനിന്നും 20 പേർ പങ്കെടുത്തു. 14.9.96-ൽ കൂടിയ ജില്ലാതല പരിശീലകരുടെ യോഗത്തിൽ ശ്രീ കെ.എ. ജോസഫിനെ കൺവീനറായി തിരഞ്ഞെടുത്തു.

18.9.96 ൽ കണ്ടക്കടവ് കെ.പി.എസ്. ഓഡിറ്റോറിയത്തിൽ വച്ചു നടന്ന പഞ്ചായത്തുതല പരിശീലനത്തിൽ 156 പേരെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. കലാജാഥ 13 വാർഡുകളിലും കലാപ്രദർശനം നടത്തി. 19.9.96 മുതൽ തന്നെ വിശേഷാൽ ഗ്രാമസഭ കൂടിത്തുടങ്ങി. നിശ്ചിത തീയതിക്കകം തന്നെ 13 വാർഡുകളിലെയും ഗ്രാമസഭ കൂടാൻ കഴിഞ്ഞു. 13 ഗ്രാമസഭകളിലും കൂടി 1287 പേർ മൊത്തം പങ്കെടുത്തതിൽ 436 പേർ വനിതകളായിരുന്നു.

ദ്വിതീയ സ്ഥിതിവിവര കണക്കുകളുടെ, ശേഖരണത്തിൻെറ ജില്ലാതല ഉദ്ഘാടനം നമ്മുടെ പഞ്ചായത്തിൽ വച്ചു നടത്താൻ കഴിഞ്ഞത് എടുത്തുപറയേണ്ടതാണ്. രണ്ടാംഘട്ട ജില്ലാതല പരിശീലനം 25.10.96 മുതൽ 27.10.96 വരെ കുമ്പളങ്ങിയിൽ നടന്നു. ഈ പഞ്ചായത്തിലെ സർക്കാർ ഓഫീസ് മേധാവികളെ കൂടി പങ്കെടുപ്പിച്ച് നമ്മുടെ പ്രാതിനിധ്യം 37 ആക്കി ഉയർത്തി.

നവംബർ 1,2 തീയതികളിൽ നാലു ബാച്ചായി ഈ പഞ്ചായത്ത് മുഴുവൻ പഠന പര്യടനസംഘം യാത്ര നടത്തി. 3.11.96 ൽ ചെല്ലാനം സെൻറ് മേരീസ് ഹൈസ്കൂളിൽ വച്ച് പഞ്ചായത്തുതല രണ്ടാംഘട്ട പരിശീലനം കൊടുത്തു. ഇതിൽ 76 പേർ പങ്കെടുത്തു. ചരിത്ര പഠനത്തിനായി ഒരു പ്രത്യേക സംഘം പ്രായമുള്ളവരുമായി ആശയവിനിമയം നടത്തുകയും ചെല്ലാനത്തെക്കുറിച്ചു പ്രതിപാദിക്കുന്ന കിട്ടാവുന്ന പഴയ ബുക്കുകൾ പരിശോധിക്കുകയും ചെയ്തു. കൂടാതെ 3..12..96 ൽ പ്രായമായവരുടെ ഒരു യോഗം പഞ്ചായത്താഫീസിൽ വച്ചുകൂടി.

6.12.96 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി എഴുതി തയ്യാറാക്കിയ വികസന റിപ്പോർട്ട് വായിച്ച് അംഗീകരിച്ചു. 21..12..96 ശനിയാഴ്ച ചെല്ലാനം ഗ്രാമ പഞ്ചായത്തു വികസന സെമിനാർ കണ്ണമാലി മനീക്ക് ഹാളിൽ വച്ചു നടത്താൻ തീരുമാനിച്ചു.

☞

# കൃഷിയും ജലസേചനവും

കടലോര പ്രദേശമായ ചെല്ലാനം ഗ്രാമ പഞ്ചായത്തിൽ പണ്ടുമുതലേ വ്യാപകമായ രീതിയിൽ കൃഷി നടത്തിയിരുന്നു. നിരന്തരമുണ്ടായ കടലാക്രമണം മൂലം ഇന്നുള്ളതിൻെറ വളരെ കൂടുതൽ ഭൂമി കടലെടുത്തു പോയി. അവശേഷിക്കുന്നത് 19.37 ച.കിലോമീറ്റർ വിസ്തീർണ്ണമുള്ള ഭൂമി മാത്രമാണ്. ഇതിൽ 560 ഹെക്ടർ പുരയിടവും 98 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത തരിശും ജലാശയങ്ങളും ആണ്. അവശേഷിക്കുന്നത് 1279 ഹെക്ടർ ഭൂമി മാത്രമാണ് കൃഷിക്ക് ഉപയുക്തമായിട്ടുള്ളത്.

ഇവിടുത്തെ മുഖ്യ വിളകൾ തേങ്ങയും നെല്ലുമാണ്. തോട്ടം രീതിയിലുള്ള തെങ്ങുകൃഷി ഇവിടെ ഇല്ല. തെങ്ങിന് അനുയോജ്യമായ എക്കൽ മണ്ണാണ് ഇവിടെയുള്ളത്. എന്നാൽ അടിക്കടിയുണ്ടായ കടലാക്രമണത്തിൽ ഇടത്തോടുകൾ മൂടി പോയതുമൂലം നീർവാർച്ചയില്ലാതായത് തെങ്ങിന് ദോഷകരമായി ഭവിച്ചു. ഇനിയും ഉചിതമായ മരുന്നുകൾ കണ്ടെത്താത്തത് തെങ്ങുകൃഷിയെ വളരെയധികം ബാധിച്ചിട്ടുണ്ട്.

ഭൂപരിഷ്കരണം വന്നതോടുകൂടി വൻ ഭൂവുടമകൾ ഇല്ലാതാവുകയും വാരക്കാരും, പാട്ടക്കാരം ഭൂവുടമകളാവുകയും ഭൂമി തുണ്ടുതുണ്ടായി കൈമാറ്റം ചെയ്യപ്പെട്ടതും കൂലി കൂടുതലും ആവശ്യത്തിനു തൊഴിലാളികളെ കിട്ടാത്തതും അനുയോജ്യമായ യന്ത്രങ്ങളുടെ അപര്യാപ്തതയും കൃഷിയെ ബാധിക്കുന്നു.

കാലവർഷത്തെ മാത്രമാശ്രയിച്ച് ''ഒരുപ്പൂവിരിപ്പ്'', പൊക്കാളി, നെല്ലിനങ്ങളാണ് ഇവിടെ കൃഷി ചെയ്യുന്നത്. പ്രത്യേകിച്ച് വളപ്രയോഗങ്ങൾ ഒന്നും ഇല്ലാത്തതും എന്നാൽ പ്രാദേശിക ചാണകവും, ചാരവും, കുമ്മായവും ഉപയോഗിച്ച വളപ്രയോഗങ്ങൾ നിലവിലുണ്ടായിരുന്നു. അടുത്ത കാലത്തായി ചിലരെങ്കിലും രാസവളങ്ങളും പ്രയോഗിക്കുന്നുണ്ട്. നെൽകൃഷിക്കു ശേഷം പാടങ്ങളിൽ ഓരുജല മത്സ്യകൃഷിയാണ് ചെയ്യുന്നത്. പാടശേഖരങ്ങളിലെ പുറം ബണ്ടുകൾ ബലപ്പെടുത്തി കൽചിറകെട്ടി സംരക്ഷിക്കണം.

പുരയിടങ്ങളിൽ ഇടവിളയായി വാഴ, പച്ചക്കറി, പയറുവർഗ്ഗങ്ങൾ, ചേമ്പ്, പപ്പായ, മാവ്, കവുങ്ങ് മുതലായവ കൃഷി ചെയ്യുന്നു. ഈ രംഗത്തും ഏകോപിപ്പിച്ച കൃഷിരീതിയോ കൃഷിക്കാരോ നിലവിലില്ല. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളോ, വേണ്ടരീതിയിലുള്ള പരിശീലനമോ ലഭിക്കാത്തതിനാൽ ഈ കൃഷിയും വ്യാപകമല്ല. 42 ഹെക്ടർ സ്ഥലത്ത് കാലവർഷക്കാലത്തു മാത്രമുള്ള കൊണ്ടൽ കൃഷി ഒരു തൊഴിലാക്കുവാൻ ആരും ആഗ്രഹിക്കുന്നില്ല. എന്നാൽ ഊർജ്ജിതവും സഹകരണാടിസ്ഥാനത്തിലും കൊണ്ടൽ കൃഷി നടത്തിയാൽ വൻ മുന്നേറ്റമുണ്ടാക്കുവാൻ നമുക്ക് കഴിയും.

മണ്ണിൻെറ ഗുണനിലവാരം നോക്കി യോജിച്ച ഇനം വിത്തുകളും, വളപ്രയോഗങ്ങളും, നിർദ്ദേശിച്ച് പ്രാദേശിക ഗ്രൂപ്പടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം കൊടുത്ത് അഭ്യസ്തവിദ്യരെയും വീട്ടമ്മമാരെയും കൊണ്ടുവന്നാൽ കൊണ്ടൽ കൃഷി അഭിവൃദ്ധിപ്പെടും.

ജനസാന്ദ്രതയേറിവരുന്നതും സമീപ പട്ടണങ്ങളിൽ നിന്നുള്ള കുടിയേറ്റവും, കൃഷിഭൂമിയുടെ വിസ്തൃതി കുറയ്ക്കുന്നു. കാർഷിക രംഗത്തെ മാത്രമാശ്രയിച്ച് ജീവിക്കുന്നവർ 10%ത്തിൽ താഴെയാണ്. കൃഷിയിലേക്കിറങ്ങിവരുന്ന യുവജനങ്ങളെ നല്ല രീതിയിൽ പ്രോൽസാഹിപ്പിക്കണം. വിപണന സൗകര്യമോ അനുബന്ധ വ്യവസായങ്ങളോ ഇല്ലാത്തതിനാൽ തേങ്ങയ്ക്കു വളരെ വിലക്കുറവനുഭവപ്പെടുന്നു.

പട്ടണങ്ങളിലെ കച്ചവടക്കാരുടെ ചൂഷണത്തിന് ഇവിടെയുള്ള കർഷകർ ഇരയാകുന്നു. ഇതിനു പരിഹാരമായി കേരഫെഡും, സഹകരണ സംഘങ്ങളും കടന്നു വരേണ്ടിയിരിക്കുന്നു. ചെല്ലാനത്ത് ഏതാനും തെങ്ങ് കർഷക ട്രസ്റ്റുകൾ ഉണ്ട്. തെങ്ങ് ഒന്നിച്ചു കയറുന്നതല്ലാതെ മറ്റ് പ്രവർത്തനങ്ങൾ ഒന്നുമില്ല.

ഇവിടെ ഒരു കൃഷിഭവനുണ്ട്. എന്നാൽ ഈ ദേശത്തിൻെറ പ്രത്യേകതകൾ കണക്കിലെടുത്തുള്ള ഒരു പ്രവർത്തനമല്ല അവിടെ നടക്കുന്നത്. നാമമാത്രമുള്ള വിത്തും, വളവും വിതരണവും ഏതാനും പേർക്കു മാത്രമുള്ള സാമ്പത്തിക ആനുകൂല്യം നൽകലുമാണവിടെയുള്ളത്. ഇവിടേയ്ക്കു യോജിച്ച ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളും, നൂതന കൃഷിരീതികൾ സംബന്ധിച്ച പരിശീലനവും കൃഷിഭവൻ വഴി അഭ്യസ്തവിദ്യർക്കും, കർഷകർക്കും കൊടുക്കണം.

വികലമായ ആധുനിക വിദ്യാഭ്യാസം സാർവത്രികമായതോടുകൂടി കിള, ഞാറ്റുവേല, കൊയ്ത്ത്, മെതി, തെങ്ങ് കയറ്റം, മുതലായ കൃഷിപ്പണിക്ക് ആവശ്യമായ ആളെ ലഭിക്കാതെയായി. ഈ മേഖലയിൽ തൊഴിൽ സുരക്ഷിതത്വമില്ല എന്നു കണ്ട യുവജനങ്ങൾ മത്സ്യബന്ധനം, കെട്ടിട നിർമ്മാണം പോലുള്ള തൊഴിലുകളിൽ അഭയം തേടിയതും ഇതിനു കാരണമാണ്.

ഇവിടെ വ്യാപകമായി വളരുന്നതും അപൂർവ്വ ഇനങ്ങളിൽപ്പെട്ടതുമായ ധാരാളം മരുന്നു ചെടികൾ ഉണ്ട്. അവയുടെ ഉപയോഗം യുവതലമുറയ്ക്ക് പകർന്നു കൊടുക്കുകയും ഇവ വ്യവസായികാടിസ്ഥാനത്തിൽ

കൃഷിചെയ്യുന്നതിനെ പ്രോൽസാഹിപ്പിക്കുകയും വേണം. പുഷ്പ കൃഷിക്കും വൻ സാധ്യതകൾ ഉണ്ട്. കണ്ടക്കടവിൽ വളരെ ലാഭകരമായി ഒരു വൻ ഓർക്കിഡ് കൃഷി നടത്തുന്നുണ്ട്.

പട്ടണങ്ങളിലെ വർദ്ധിച്ചുവരുന്ന കരിക്കു പ്രിയം മുതലെടുക്കുവാൻ കരിക്കു കൃഷിയും വ്യാപകമാക്കിയാൽ തേങ്ങയുടെ മാന്ദ്യം കുറയ്ക്കുന്നതോടൊപ്പം കൂടുതൽ ലാഭവും തൊഴിൽ മേഖലയും കണ്ടെത്താം.

### പ്രശ്നങ്ങൾ

1. തെങ്ങ് രോഗം പടർന്നുപിടിക്കുന്നു.
2. നാളികേരാധിഷ്ഠിത അനുബന്ധ വ്യവസായങ്ങൾ ഇല്ലാത്തതിനാൽ വില കുറയുന്നു.
3. കൃഷിപ്പണിക്കും, തെങ്ങുകയറുവാനും ആളെ കിട്ടുന്നില്ല.
4. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ ചെയ്യുന്നില്ല.
5. 12 മാസവും ചെമ്മീൻകെട്ടു നടത്തുന്നിടങ്ങളിൽ ഓരുകെട്ടി നിൽക്കുന്നു.
6. ജലസേചന സൗകര്യമില്ല.
7. ഗുണനിലവാരമുള്ള വിത്തുകളും നടീൽ വസ്തുക്കളും കിട്ടാനില്ല.
8. ആവശ്യത്തിന് ആധുനിക യന്ത്രോപകരണങ്ങൾ ഇല്ല.
9. വിപണന സൗകര്യമില്ല.
10. പച്ചക്കറി (കൊണ്ടൽ) കൃഷി വ്യാപകമല്ല.
11. വായ്പാ സൗകര്യം കുറവാണ്.
12. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗമില്ല.
13. പാടം നികത്തി കെട്ടിടം നിർമ്മിക്കുന്നു.
14. അടുക്കള തോട്ടം ഇല്ല.

### പരിഹാര സാദ്ധ്യതകൾ

1. രോഗമുള്ള തെങ്ങുകൾ സർക്കാർ സഹായത്തോടെ വെട്ടിമാറ്റുക.
2. നാളികേരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുവാൻ ലോൺ കൊടുക്കുക.
3. യുവജനങ്ങളെയും സന്നദ്ധ പ്രവർത്തകരെയും ആധുനിക കൃഷിരീതി പഠിപ്പിച്ച് ഒരു മുന്നേറ്റം നടത്തുക.
4. കൃഷിയുടെ ലാഭം നോക്കുമ്പോൾ ചെമ്മീൻ കൃഷിയുടേതും കൂട്ടുക.
5. ഒരുപ്രാവശ്യം നെൽകൃഷി നിയമം മൂലം നിർബന്ധമാക്കുക.
6. ആധുനിക ജലസേചനത്തിനെ പ്രോത്സാഹിപ്പിക്കുക.
7. നല്ലയിനം വിത്തുല്പാദന രീതിയും, ടിഷ്യു കൾച്ചർ ചെയ്യുന്നതും കർഷകരെ വാർഡ് അടിസ്ഥാനത്തിൽ പഠിപ്പിക്കുക.
8. കൃഷിഭവൻെറയും കർഷക സമിതികളുടെയും കീഴിൽ ഇവിടുത്തെ പരിസ്ഥിതിക്കുചേർന്ന കൃഷിപ്പണിയന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുക.
9. മാർക്കറ്റുകൾ ഉണ്ടാക്കുകയും കർഷകരുടെ സഹകരണ സംഘങ്ങൾ വഴി വിപണനം നടത്തുകയും വേണം.
10. കൊണ്ടൽകൃഷിയുടെ അനന്തസാദ്ധ്യതകൾ കർഷകനു പറഞ്ഞുകൊടുക്കുക.
11. ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും കാർഷിക വായ്പയ്ക്കു മുൻഗണന നൽകുക.
12. കൃഷിഭവൻെറ നേതൃത്വത്തിൽ മണ്ണു പരിശോധന നടത്തി വളപ്രയോഗം നിർദ്ദേശിക്കുക.
13. പാടം നികത്തുന്നതിനെ നിയമം മൂലം നിരോധിക്കുക.
14. ''അടുക്കളയ്ക്കൊരടുക്കളത്തോട്ടം'' പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക.

### ജലസേചനം

ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ടതിനാൽ മഴയെ മാത്രമാശ്രയിച്ച് കൃഷിചെയ്യുന്നതിനാലും ജലസേചനത്തെക്കുറിച്ചു ചിന്തിക്കുക പോലും ചെയ്യാത്തവരാണ് ഇവിടുത്തെ കർഷകർ. എന്നാൽ ആധുനിക സാങ്കേതിക വിദ്യയിലൂടെ ഭൂഗർഭ ജലവും കുളങ്ങളിലെ ജലവുംകൊണ്ട് കണിക (ട്രിപ്പ് ഇറിഗേഷൻ) ജലസേചനവും പോലുള്ളവ നടത്തിയാൽ തെങ്ങിനും പച്ചക്കറിക്കും വൻ മുന്നേറ്റമുണ്ടാകാൻ കഴിയുന്നതോടൊപ്പം 12 മാസവും പച്ചക്കറി ഉണ്ടാക്കുകയുമാവാം.



# മൃഗസംരക്ഷണം

പണ്ടുമുതലേ കൃഷിയുടെ അവിഭാജ്യ ഘടകമായി മൃഗപരിപാലനവും ഒരു തൊഴിലായി ഇവിടുത്തെ കർഷകർ സ്വീകരിച്ചിരുന്നു. കടൽ, കായൽ തീരങ്ങളിലും, പുറമ്പോക്കുകളിലും, പുരയിടങ്ങളിലും ധാരാളം പുല്ല് വളർന്നിരുന്നതിനാലും ആവശ്യത്തിന് വൈക്കോൽ കിട്ടുമായിരുന്നതിനാലും പ്രത്യേക ചിലവ് ഒന്നുംതന്നെ ഇല്ലായിരുന്നു. മിക്ക വീടുകളിലും പശു, ആട്, കോഴി, താറാവ് എന്നിവയെ വളർത്തിയിരുന്നു.

ഉപജീവനമെന്നതിലുപരി സ്ത്രീകളുടെയും വീട്ടമ്മമാരുടെയും ഉപതൊഴിലായും വരുമാനമാർഗ്ഗവുമായാണ് മൃഗപരിപാലനവും കോഴി-വളർത്തും നിലനിന്നിരുന്നത്. കന്നുകാലികളെ ''കാപ്പട''യ്ക്കു കൊടുക്കാറുണ്ടായിരുന്നു. ആദ്യകുഞ്ഞിനെ വളർത്തി പരിപാലിപ്പിക്കുന്നവർക്ക് കൊടുക്കുന്ന രീതിയായിരുന്നു ഇത്.

പഴയതുപോലെ തുറസായ സ്ഥലങ്ങളും പുൽപ്രദേശങ്ങളും ഇല്ലാതായതും വൈക്കോൽ കുറഞ്ഞുവന്നതും മൂലം മുഴുവൻ തീറ്റയും വാങ്ങികൊടുത്ത് പരമ്പരാഗത നാടൻ കാലിവളർത്തൽ ലാഭകരമല്ലാതായി. കോഴിവസന്ത പടർന്നുപിടിച്ചത് നാടൻ കോഴി വളർത്തൽ മന്ദഗതിയിലാക്കി. അത്യുല്പാദനശേഷിയുള്ള സങ്കര ഇനങ്ങളുടെ വിതരണവും പരിപാലനരീതിയും ഇവിടങ്ങളിൽ വളരെ കുറവാണ്.

മാറിയ പരിതഃസ്ഥിതിയിൽ പുത്തൻ ധവളവിപ്ലവവും, പാൽ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവും, ഗുണമേന്മയുള്ള സങ്കരഇനങ്ങളുടെ ലഭ്യതയും, പരിശീലനരീതികളും സർക്കാരിന്റെ പ്രോൽസാഹനവും ചെറിയ ഉണർവുണ്ടാക്കുവാനായിട്ടുണ്ട്. അവ ഇവിടെ നല്ല ചലനമുണ്ടാക്കിയിട്ടില്ല. എങ്കിലും ഏതാനും അഭ്യസ്തവിദ്യരും, യുവജനങ്ങളും ഈ രംഗത്തേക്ക് കടന്നുവന്നിട്ടുള്ളത് പരിമിതമാണെങ്കിലും നാല് പാലുല്പാദകസഹകരണ സംഘങ്ങൾ രൂപീകരിക്കാൻ കഴിഞ്ഞതും നല്ല തുടക്കമായിട്ടുണ്ട്. എന്നാൽ ഇവ തീർത്തും അപര്യാപ്തമാണ്. അവയുടെ പ്രവർത്തനം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും വിപുലമാക്കുകയും വേണം.

കാലി-കോഴി തീറ്റകളുടെ വിലവർദ്ധനവും ലഭ്യത കുറവും മൃഗപരിപാലനരംഗത്തെ മുരടിപ്പിക്കുന്നുണ്ട്. ലഭ്യമായ പ്രാദേശിക വിഭവങ്ങളായ തവിട്, പിണ്ണാക്ക്, മീൻപൊടി, ചെമ്മീൻതല, അറവുമാടുകളുടെ രക്തവും അവശിഷ്ടങ്ങളും ഉപയോഗപ്പെടുത്തി പ്രാദേശിക തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും പ്രോൽസാഹിപ്പിക്കുകയും വേണം.

ഇറച്ചിക്കോഴികളുടെ ആവശ്യകതക്കനുസരിച്ച് അവ ഉല്പാദിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വെറും എട്ട് സ്ഥലങ്ങളിൽ മാത്രമാണ് ഇറച്ചിക്കോഴി വളർത്തുന്നത്. മുട്ടക്കോഴി വളർത്തലും വളരെ കുറവാണ്. കോഴി വസന്ത കാരണം വീടുകളിലുള്ള നാടൻ-കോഴി വളർത്തൽ തീർത്തും നിന്നുവരികയാണ്. നല്ലയിനം മുട്ടക്കോഴികളെ വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും സഹകരണ സംഘങ്ങളുണ്ടാക്കി യൂണിറ്റടിസ്ഥാനത്തിൽ വിതരണം നടത്തുകയും പരിപാലനരീതിയും പ്രതിരോധ കുത്തിവെയ്പുകളും പഠിപ്പിക്കുകയും വേണം.

ഒരു മൃഗാശുപത്രിയും ഒരു ഡിസ്പെൻസറിയും മാത്രമാണ് ഇവിടെയുള്ളത്. ആവശ്യമായ കെട്ടിടമോ, സ്റ്റാഫോ മരുന്നുകളോ ലഭ്യമല്ലാത്തതിനാൽ കർഷകർ ഇവയെ കാര്യമായി ആശ്രയിക്കുന്നില്ല. മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കണം. നല്ലയിനമെന്നു പറഞ്ഞു വാങ്ങുന്ന പലതിന്റെയും കുഞ്ഞുങ്ങൾ ഗുണമേന്മ കുറഞ്ഞവയാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ, മുട്ട, മാംസം എന്നിവ വിപണനം ചെയ്യുന്നതിനുള്ള പൊതുമാർക്കറ്റുകൾ ഇവിടെയില്ല. ഇവിടെയുള്ള പാൽ കയറ്റി അയക്കുമ്പോഴും മിൽമ പാലുകൾ ഇവിടെ വില്പനക്ക് എത്തുന്നത് വിരോധാഭാസമാണ്. കർഷകർ ഇടനിലക്കാരുടെയും കച്ചവടക്കാരുടെയും ചൂഷണത്തിന് വിധേയമാകുന്നുണ്ട്.

താറാവുകൃഷിക്കനുയോജ്യമായ ജലാശയങ്ങൾ വേണ്ടുവോളമുണ്ടെങ്കിലും ആരുംതന്നെ നല്ല രീതിയിൽ ഇതും ചെയ്യുന്നില്ല. തേനിന്റെ ആവശ്യകത പരിഗണിച്ച് നല്ല രീതിയിൽ തേനീച്ച വളർത്താവുന്നിടമാണിത്. എന്നാൽ കർഷകരുടെ അറിവില്ലായ്മമൂലം ഇതും ആരും ചെയ്യുന്നില്ല. ഇറച്ചിമുയലിനെ ചിലർ വളർത്തുന്നുണ്ടെങ്കിലും ഇതു വ്യാപകമല്ല.

എറണാകുളത്തും മറ്റുമുണ്ടാകുന്ന ഹോട്ടൽ, മാർക്കറ്റ്, അറവുശാലവേസ്റ്റുകൾ കോർപ്പറേഷന്റെ സഹകരണത്തോടെ ശേഖരിച്ച് ഇവിടെ പന്നി വളർത്തലിനെ പ്രോത്സാഹിപ്പിക്കണം. ഒഴുക്കുള്ള കായലുകളുടെയും, തോടുകളുടെയും സമീപങ്ങളിൽ വേണം ഇവ നടത്താൻ. പന്നി, കോഴി, താറാവ്, മീൻ, ചെമ്മീൻ എന്നിവ സംയോജിപ്പിച്ച് വളർത്തുന്ന രീതിയെ പ്രോത്സാഹിപ്പിക്കണം.

കന്നുകാലികളിൽ ദഹനരോഗങ്ങൾ, പരാദരോഗങ്ങൾ, പ്രത്യുല്പാദന രോഗങ്ങൾ, വന്ധ്യത, അകിടുവീക്കം, മുടന്തൻപനി, ശ്വാസകോശ-ത്വക് രോഗങ്ങൾ മുതലായവയാണ് കണ്ടുവരുന്നത്. കോഴികളിൽ തൊണ്ടവിരയും ധാരാളമുണ്ട്.

ഇവിടെ പശു - 388, ആട് - 842, പന്നി - 64, മുയൽ - 118, എരുമ - 5, കോഴി - 22,635, താറാവ് - 4773, പട്ടി - 1,133 എന്നിവയുണ്ട്.

15 ഇറച്ചിവില്പന കേന്ദ്രങ്ങളുണ്ട്. എന്നാൽ ലൈസൻസുള്ള ഒറ്റ അറവുശാലകളുമില്ല. ഇറച്ചിക്ക് മറ്റുള്ളിടങ്ങളിൽ നിന്ന് വിലക്കുറവുണ്ടെങ്കിലും ഗുണനിലവാരത്തിൻെറ കാര്യത്തിൽ വളരെ പിന്നിലാണ്. ഇവിടുത്തെ എല്ലാ പട്ടികളെയും പേ വിഷ വിമുക്തമാക്കുന്ന ഒരു പദ്ധതി നടപ്പിലാക്കണം.

## പ്രശ്നങ്ങൾ

1. നല്ലയിനം വളർത്തുമൃഗങ്ങളുടെ കുഞ്ഞുങ്ങളുടെ അപര്യാപ്തത.
2. തീറ്റകളുടെ ഉയർന്ന വില.
3. പാൽ ശേഖരണത്തിനും, വിപണനത്തിനുമുള്ള സൗകര്യമില്ലായ്മ.
4. മേച്ചിൽ സ്ഥലങ്ങളും പുല്ലുകളും കുറഞ്ഞുവരുന്നു.
5. കോഴിവസന്ത.
6. ചാണകം കൊതുകു വളർത്തുന്നു.
7. ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല.
8. ആധുനിക മൃഗപരിപാലനരീതി അറിയില്ല.

## പരിഹാര സാദ്ധ്യതകർ

1. നല്ലയിനം വളർത്തുമൃഗങ്ങളുടെ കുഞ്ഞുങ്ങളെ സർക്കാർ ഇടപെട്ട് കർഷകരുടെ സഹകരണസംഘം വഴി വിതരണം ചെയ്യുക.
2. പ്രാദേശിക വിഭവങ്ങളുപയോഗിച്ച് തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
3. സഹകരണസംഘങ്ങൾ രൂപീകരിച്ച് ശേഖരണ വിതരണ കേന്ദ്രങ്ങളും അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുക.
4. പുൽകൃഷിയെ പ്രോത്സാഹിപ്പിക്കുക.
5. യൂണിറ്റടിസ്ഥാനത്തിൽ കൂടുതൽ വീടുകൾ ചേർന്ന് പ്രതിരോധ കുത്തിവെയ്പുകൾ നൽകുക.
6. ചാണകസംസ്കരണം കുറ്റമറ്റതാക്കുക. ഗോബർ ഗ്യാസ് പ്ലാൻറുകൾ തുടങ്ങുക.
7. ഇടനിലക്കാരെ ഒഴിവാക്കി കർഷകസംഘങ്ങൾ വഴി വില്പന നടത്തുക.
8. താല്പര്യമുള്ള എല്ലാവരെയും മൃഗപരിപാലന രീതി പഠിപ്പിക്കുകയും സ്കൂളുകളിൽ പാഠ്യവിഷയമാക്കുകയും വേണം.



# മത്സ്യബന്ധനം

15 കിലോമീറ്റർ വരുന്ന ചെല്ലാനം പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിൽ അറബിക്കടലും അത്രതന്നെ കൊച്ചീ കായലും - മറ്റനേക ഇടത്തോടുകളും പാടശേഖരങ്ങളുമുൾപ്പെടെ ചെല്ലാനം തികച്ചും മത്സ്യ-ദേശം തന്നെയാണ്. ഇവിടത്തെ ജനങ്ങളുടെ പ്രധാന തൊഴിലും വരുമാനമാർഗ്ഗവും മത്സ്യബന്ധനമാണ്. ഓരു ജലമത്സ്യങ്ങളാണ് ഇവിടെയുള്ളതെങ്കിലും നെൽകൃഷി നടത്തുന്ന സമയങ്ങളിൽ പാടശേഖരങ്ങളിൽ ശുദ്ധജല മത്സ്യങ്ങളും ഉണ്ടാകാറുണ്ട്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗവും മത്സ്യകൃഷിയാണ്. പഞ്ചായത്തിനുള്ള പുറമ്പോക്ക് ചാലുകളിലെ മത്സ്യകൃഷിക്കും വാറ്റിനും ഒരു വർഷത്തേയ്ക്കു ലേലം ചെയ്ത ഇനത്തിൽ 95-96 ൽ മാത്രം 1275190 രൂപ കിട്ടിയിട്ടുണ്ട്.

അറബിക്കടലാണ് ഇവിടത്തെ മത്സ്യകലവറ. ധാരാളം തൊഴിലാളികൾ ചെറുതും വലുതുമായ വള്ളങ്ങളിൽ പോയി മത്സ്യം പിടിക്കുന്നുണ്ട്. വള്ളം അടുക്കുന്നതിനായി 6 ഗ്യാപ്പുകൾ ഉണ്ടെങ്കിലും അവയൊന്നും ആധുനികവൽക്കരിച്ചിട്ടില്ല. വർഷകാലത്ത് അടുക്കുന്നതിനുള്ള സൗകര്യമോ ഗ്യാപ്പുറോഡുകളോ ഇല്ല. ഇവിടെ പിടിക്കുന്ന മത്സ്യം ഫോർട്ടുകൊച്ചി മുതലായിടങ്ങളിൽ കൊണ്ടുപോയി കൊടുക്കേണ്ട ഗതികേടാണ് ഇന്നുള്ളത്.

മാളികപ്പറമ്പിലുള്ള കണ്ടേക്കാട്ട് ഗ്യാപ്പും പുത്തൻ-തോട് ഗ്യാപ്പും ഫിഷ്ലാൻറിങ്ങ് സെൻററായി ആധുനിക വത്ക്കരിക്കണം. കൂടാതെ മാറിയ പരിതസ്ഥിതിയിൽ ബോട്ടടുക്കുന്നതിനു കൂടിയുള്ള സൗകര്യമൊരുക്കണം. വിദേശകപ്പലുകളുടെ അനിയന്ത്രിതമായ മത്സ്യബന്ധനം കടലിനെ വന്ധ്യയാക്കാൻ പോന്നതിനാൽ അത് നിരോധിക്കണം. പരമ്പരാഗതമായി തണ്ടുവലിച്ചാണ് കടലിൽ മത്സ്യം പിടിച്ചിരുന്നത്. എന്നാൽ ഔട്ട് ബോടെഞ്ചിന്റെ വരവോടെ അധ്വാനഭാരം കുറഞ്ഞെങ്കിലും മണ്ണെണ്ണ ചിലവ് താങ്ങാൻ പറ്റുന്നില്ല. കോട്ടൺ നൂൽവലകൾ നൈലോൺ വലയ്ക്കും. കോരുവല റിങ്ങ്സീൻ ആയും രൂപം മാറിയിട്ടുണ്ട്.

ഇവിടെയുള്ള കായലുകളിലും, തോടുകളിലും, പാട-ശേഖരങ്ങളിലും വീശിയും, കോരിയും, തപ്പിയും, ഉടക്കുവലനീട്ടിയും വേലി ഏറ്റ ഇറക്കത്തിൽ പത്താഴങ്ങളിൽ തൂരുവല കെട്ടിവാറ്റിയും മീനും ചെമ്മീനും പിടിക്കുന്നു.

1112 ഹെക്ടറിൽ വ്യാപിച്ചുക്കിടക്കുന്ന പൊക്കാളി പാടങ്ങളിൽ 4 മാസം മൂപ്പുള്ള നെൽകൃഷിക്കുശേഷം 3 മാസം മൂപ്പുള്ള ചെമ്മീൻ കൃഷി ഒരു പ്രാവശ്യമാണു നടക്കുന്നത്. എന്നാൽ ഇത് ഊർജിതമാക്കിയാൽ രണ്ടു പ്രാവശ്യം ചെയ്യാവുന്നതാണ്. നെൽകൃഷിക്കൊപ്പം ശുദ്ധജലമത്സ്യവും കൃഷി ചെയ്യാവുന്നതാണ്. 12 മാസവും ചെമ്മീൻകൃഷി ചെയ്യുന്നത് മത്സ്യരോഗത്തിനു കാരണമായിട്ടുണ്ട്. ഇതു തടയണം. പലതരം മത്സ്യങ്ങൾ പലരായി കൃഷി ചെയ്യുന്ന രീതി പ്രോൽസാഹിപ്പിക്കുക.

പണ്ട് 30 മുതൽ 400 വരെ ഏക്കറുകൾ ഒന്നിച്ച് ഒരു പാടശേഖരമായിട്ടാണ് ചെമ്മീൻ കൃഷി നടത്തിയിരുന്നത്. ഇന്ന് ഒന്നു മുതൽ 5 വരെയുള്ള ചെറിയ കെട്ടുകൾ സ്ഥലമുടമകളോ ചെറുകിടക്കാരോ നടത്തുന്നതാണ്. കൂടുതൽ. ഇത് ഇവിടുത്തെ യുവജനങ്ങളെ വളരെ ആകർഷിച്ചുവരുന്നു. ഇവിടെയുള്ള രണ്ടു സ്വകാര്യഹാച്ചറികൾക്ക് ഇവിടെ ആവശ്യമുള്ള ചെമ്മീൻ കുഞ്ഞുങ്ങളിൽ ഒരു ഭാഗംപോലും ഉണ്ടാക്കാൻ കഴിയുന്നില്ല. മത്സ്യസമ്പത്ത് കുറഞ്ഞ്വരുന്നത് തടയുന്നതിന് പ്രജനന കാലത്ത് പിടിക്കുന്നതും പൂർണ്ണവളർച്ച എത്താത്തവയുടെ ബന്ധവും വിൽപ്പനയും നിരോധിക്കുന്ന നിയമം കൊണ്ടുവരണം. സർക്കാതലത്തിൽ ഹാച്ചറികൾ സ്ഥാപിച്ച് ചെമ്മീൻ, മീൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് കടലിലും കായലിലും, പൊതുജലാശയങ്ങളിലും തുറന്നുവിട്ട് മത്സ്യക്ഷാമം പരിഹരിക്കണം. വർഷത്തിൽ 3 മാസമെങ്കിലും ട്രോളിങ്ങ് നിരോധിക്കുക.

ഞണ്ട്, കല്ലുമ്മൽകായ, മുരിങ്ങ, മുത്തുചിപ്പി, കടൽപ്പായൽ അലങ്കാര മത്സ്യങ്ങൾ മുതലായവ പ്രോൽസാഹിപ്പിക്കുകയും, ഇവയുടെ നൂതന കൃഷിരീതികളും അനന്ത സാധ്യതകളും മനസ്സിലാക്കികൊടുക്കുകയും വേണം. പ്രാദേശികമായ വിഭവങ്ങൾകൊണ്ട് വില കുറഞ്ഞ ചെമ്മീൻ, മീൻ തീറ്റകൾ ഉണ്ടാക്കണം. M.P.E.D.A., B.F.F.D.A., C.I.F.T., C.M.F.R.I., കേരളാ ഫിഷറീസ്, മത്സ്യഫെഡ്, അഡാക്ക് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ആധുനിക മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുകയും വേണം. നേടിത്തരുന്ന വിദേശനാണ്യത്തിൽ ഒരു വിഹിതം മത്സ്യത്തൊഴിലാളി ക്ഷേമത്തിനു നൽകുക.

ജലമലിനീകരണം തടയുന്നതിന് തോടുകളിലുള്ള മടൽ തടകളും, കക്കൂസുകളും, അടിയന്തിരമായി നീക്കം ചെയ്യണം. പാടശേഖരങ്ങൾക്കു പമ്പിങ്ങ് സൗകര്യമില്ലായിരുന്നപ്പോൾ വേലി ഏറ്റ-ഇറക്കം നിയന്ത്രിച്ച് നെൽകൃഷിയുടെ നടത്തിപ്പിന് പുത്തൻതോട്, ഇരട്ട-ത്തോട്, ചക്കരച്ചാൽ, തെക്കെ ചെല്ലാനം എന്നിവിടങ്ങളിൽ ബണ്ടും പത്താഴവും നിർമ്മിച്ചിരുന്നു. ഇതിൽ ചക്കരച്ചാലിലുള്ള പുറത്തേമുട്ട് ഇപ്പോഴും തുടരുന്നത് മലിനജലം തടഞ്ഞുനിർത്തി ചെമ്മീൻ കൃഷിയെ നശിപ്പിക്കുന്നു. ഇത് ഉടൻ നീക്കം ചെയ്യണം.

## പ്രശ്നങ്ങൾ

1. വിദേശട്രോളറുകളുടെ അനിയന്ത്രിത മത്സ്യബന്ധനം.
2. വള്ളമടുക്കുന്നതിനു സൗകര്യമില്ല.
3. ഔട്ട് ബോടെഞ്ചിനു വേണ്ട മണ്ണെണ്ണ കുറഞ്ഞവില യ്ക്കു കിട്ടുന്നില്ല.
4. മത്സ്യത്തിനു ന്യായവില കിട്ടുന്നില്ല. സംഭരണ കേന്ദ്രമില്ല.
5. ജല മലിനീകരണം.
6. ചെമ്മീൻ, മീൻ കുഞ്ഞുങ്ങളെ ആവശ്യത്തിനു കിട്ടുന്നില്ല.
7. കുറഞ്ഞവിലയ്ക്കു തീറ്റ ലഭിക്കുന്നില്ല.
8. 12 മാസവുമുള്ള ചെമ്മീൻ കൃഷി.
9. പടർന്നുപിടിക്കുന്ന മത്സ്യരോഗം.
10. കയറ്റുമതി മാന്ദ്യമൂലം ചെമ്മീന് വില കുറയുന്നു.

## പരിഹാരസാദ്ധ്യതകൾ

1. വിദേശട്രോളറുകൾ നിരോധിക്കുക.
2. ഗ്യാപ്പുകൾ ആധുനികവൽക്കരിക്കുക.
3. ആവശ്യത്തിനു മണ്ണെണ്ണ കുറഞ്ഞവിലയ്ക്കു കൊടുക്കുക.
4. മത്സ്യസംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
5. മടൽതടയും, കക്കൂസുകളും ബണ്ടുകളും നീക്കം ചെയ്ത് വെള്ളമൊഴുക്ക് സുഗമമാക്കുക.
6. ഹാച്ചറികൾ ആവശ്യത്തിനു സ്ഥാപിക്കണം.
7. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് തീറ്റ നിർ മ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
8. തുടർച്ചയായ ചെമ്മീൻ കൃഷി നിയമംമൂലം തടയണം.
9. മത്സ്യരോഗത്തിനുള്ള മരുന്നുകൾ വികസിപ്പിച്ചെടു ക്കുകയും, നഷ്ടം വരുന്ന കർഷകരെ സഹായിക്കു കയും വേണം.
10. ആഭ്യന്തര വിപണി പുഷ്ടിപ്പെടുത്തുക. പുതിയ പുതിയ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുക.



# വിദ്യാഭ്യാസം

പണ്ടുമുതലെ കുടിപ്പള്ളിക്കൂടങ്ങൾ ഇവിടെ ഉണ്ടായിരുന്നു. ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടെയാണ് പള്ളിക്കൊരു പള്ളിക്കൂടം എന്ന രീതിയിൽ ഇവിടെ പല സ്കൂളുകളുമുണ്ടായത്. പിടിയരികൊടുത്തും അധ്യാപകർക്ക് ശമ്പളംകൊടുക്കുന്നതിന് തെങ്ങ് കെട്ടികൊടുത്തും പൊതുജനങ്ങൾ ഇതിനെ പ്രോത്സാ ഹിപ്പിച്ചു.

1948 ൽ ചെല്ലാനം സെൻറ്മേരീസ് യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കിയപ്പോഴാണ് ആദ്യ ഹൈസ്കൂൾ ഈ പഞ്ചായത്തിൽ ഉണ്ടായത്. എന്നാൽ സർക്കാർ തലത്തിൽ 1911 ൽ സ്ഥാപിതമായ പുത്തൻതോട് സ്കൂൾ 1982 ലാണ് ഹൈസ്കൂളാക്കിയത്. ഇതാണ് ഈ പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാഭ്യാസ സ്ഥാപനം.

ഇന്നിവിടെ അംഗനവാടി-7, ബാലവാടി-15, പ്രൈമറി സ്കൂൾ-7, ഹൈസ്കൂൾ-3, ട്യൂഷൻ സെൻറർ-4, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്-2 എന്നിവ മാത്രമാണുള്ളത്. തുടർവിദ്യാഭ്യാസത്തിന് ഇവിടെ യാതൊരു സൗകര്യവുമില്ല. വളരെ നിലവാരം കുറഞ്ഞ അധ്യാപനമാണ് ഇവിടെയുള്ളത്. അതിനാൽ അയൽപക്ക വിദ്യാലയങ്ങൾ താണ്ടി പട്ടണങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്നവർ കൂടിവരികയാണ്. കഴിഞ്ഞവർഷം ഈ പഞ്ചായത്തിലെ മൊത്തം എസ്.എസ്.എൽ.സി. വിജയശതമാനം 28 മാത്രമാണ്. അതിൽ തന്നെ ഉയർന്ന മാർക്കുള്ളവർ വളരെ കുറവുമാണ്.

ഈ പഞ്ചായത്തിലെ സ്കൂളുകളിൽ ഒന്നുമുതൽ പത്തുവരെ പഠിക്കുന്ന 5,141 കുട്ടികളുണ്ട്. ഇതിൽ 2,662 (51-78%) ആൺകുട്ടികളും 2,479 (48.22%) പെൺകുട്ടികളുമുണ്ട്. ഇതിൽ പട്ടികജാതിയിൽപ്പെട്ട 293 (5.7%) കുട്ടികളിൽ ആൺകുട്ടികൾ 133 (45.4%) ഉം പെൺകുട്ടികൾ 160 (54.6%) ഉം ഉണ്ട്. കഴിഞ്ഞ പത്തുവർഷത്തെ കണക്ക് പരിശോധിച്ചതിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതു കാണാം. ജനനനിയന്ത്രണവും ഇംഗ്ലീഷ് വിദ്യാഭ്യാസം തേടിയുള്ള പോക്കുമാണിതിനുകാരണം. പട്ടണങ്ങളിലെ ഉയർന്ന വിജയശതമാനം ഈ പോക്കിന് ആക്കം കൂട്ടുന്നു.

ഇവിടെയുള്ള എല്ലാ സ്കൂളുകളിലും ഓരോ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആരംഭിക്കണം. കണ്ടക്കടവ്-പുത്തൻതോട് സ്കൂൾ പോളിടെക്നിക്കായി ഉയർത്തണം. കണ്ടക്കടവിൽ ഒരു കോളേജ് ചെല്ലാനത്തും കണ്ണമാലിയിലും 12-ാം ക്ലാസ്വരെ ഉയർത്തുകയും വേണം. കൂടാതെ ഒരു ഫിഷറീസ് സ്കൂൾ ഉടൻ ആരംഭിക്കണം. വനിതകളെ കൈത്തൊഴിലുകൾ പഠിപ്പിക്കുന്ന ഒരു സ്ഥാപനവും വേണം.

അയൽപക്ക വിദ്യാഭ്യാസം നടപ്പാക്കിയാൽ ഇവിടത്തെ യാത്രാക്ലേശവും കുറക്കാൻ കഴിയും. വിദ്യാലയ സർവേയിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ആവശ്യത്തിന് ക്ലാസ് റൂമുകളും അധ്യാപകരും ഉണ്ടെങ്കിലും ആവശ്യത്തിനു പഠനോപകരണങ്ങളോ സാഹചര്യങ്ങളോ ഇല്ല. ലാബ്, ലൈബ്രറി, മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം കളിസ്ഥലം എന്നുവേണ്ടതൊന്നും അത്യാവശ്യത്തിന് പോലുമില്ല.

കുട്ടികൾക്ക് കിട്ടിയ മാർക്കുവച്ചു നോക്കുമ്പോൾ 40 ശതമാനത്തിലധികം പേരും തീരെ നിലവാരമില്ലാത്തതാണ്. ഇതിനുപ്രധാന കാരണം ഓൾ പ്രമോഷനാണ്. അധ്യാപക രക്ഷാകർതൃസമിതിയുണ്ടെങ്കിലും സജീവമല്ല. ബാലവാടികൾക്ക് നല്ല കെട്ടിടമോ, ഫർണീച്ചറോ, കളിക്കോപ്പുകളോ ഇല്ല. ഉച്ചഭക്ഷണ പരിപാടിയുമി പ്പോഴില്ല.

മറ്റുള്ളിടങ്ങളേക്കാൾ പഠനം നിർത്തി കൊഴിഞ്ഞുപോകുന്നവർ ഇവിടെ കൂടുതലാണ്. സാക്ഷരതാ പ്രവർത്തനം ഇനിയും നന്നായിട്ടില്ല. നവസാക്ഷരർപോലും നിരക്ഷരരായി മാറിയിരിക്കുകയാണ്. അധ്യാപനരംഗത്ത് കാര്യ മായ വ്യതിയാനം വരുത്തി നിലവാരമുയർത്തുകയും ഇംഗ്ലീഷ് മീഡിയവുമാരംഭിച്ചില്ലെങ്കിൽ ഇവിടെയുള്ള വിദ്യാലയങ്ങൾ ഭാവിയിൽ വൻഡിവിഷൻ കട്ടിനെ നേരിടേണ്ടിവരും.

☞

## പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിലെ കുട്ടികളുടെഎണ്ണം കുറഞ്ഞുവരുന്നു.
2. വിദ്യാഭ്യാസ നിലവാരം താഴ്ന്നുവരുന്നു.
3. പല സ്കൂളുകളിലെയും ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.
4. ഡിവിഷൻ കുറഞ്ഞുവരുന്നു.
5. നഗരങ്ങളിലെ നിലവാരം കൂടിയതും ഇംഗ്ലീഷ് മീഡിയങ്ങളിലേക്കുമുള്ള പോക്ക്.
6. അംഗനവാടികളിൽ പഠനോപകരണങ്ങളോ കളിക്കോപ്പുകളോ പോഷകാഹാര വിതരണ-മോ ഇല്ല.
7. പഞ്ചായത്തിൽ ഒറ്റ കോളേജോ സാങ്കേതിക വിദ്യഭ്യാസസ്ഥാപനമോ ഇല്ല.
8. കലാകായിക വിദ്യാഭ്യാസത്തിനു സൗകര്യമില്ല.
9. പി.റ്റി.എ.കളുടെ പ്രവർത്തനം ഫലപ്രദമല്ല.
10. സ്കൂൾ വാർഷികം വിപുലമായ രീതിയിലല്ല.
11. തൊഴിൽ വിദ്യാഭ്യാസവും വ്യക്തിത്വവികസന പരിശീലനവും ഇല്ല.

## പരിഹാരസാദ്ധ്യതകൾ

1. അയൽപക്ക വിദ്യാലയ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുക.
2. നിലവാരം ഉയർത്തുകയും ഓൾപ്രമോഷൻ തടയുകയും വേണം.
3. ഭൗതിക സാഹചര്യങ്ങൾ നിർബന്ധിതമാക്കുക.
4. മാതൃകാ അധ്യാപനത്തിലൂടെ നിലവാരം കൂട്ടി കുട്ടികളെ ആകർഷിക്കുക.
5. നിലവിലുള്ള സ്കൂളുകളിൽ നിലവാരം ഉയർത്തുക.
6. അംഗനവാടികളെ പുനഃരുദ്ധരിക്കുക.
7. ഉന്നതവിദ്യാഭ്യാസത്തിനും തൊഴിൽ വിദ്യാഭ്യാസത്തിനും മുൻഗണന കൊടുക്കുക.
8. കലാകായിക സൗകര്യങ്ങൾ ഉയർത്തുക.
9. പി.റ്റി.എ. കളുടെ പ്രവർത്തനം ഊർജിതമാക്കുക.
10. സ്കൂൾ വാർഷികം നാടിന്റെ ഉത്സവമാക്കുക.
11. ചെറിയക്ലാസുകളിൽ തന്നെ തൊഴിൽ വിദ്യാഭ്യാസം കൊടുക്കുകയും വ്യക്തിത്വ വികസനപരിശീലനം നൽകുകയും വേണം.

# പൊതുജനാരോഗ്യം

പൊതുജനാരോഗ്യത്തിൻെറ കാര്യത്തിൽ ഈ പഞ്ചായത്തിൻെറ അവസ്ഥ തീർത്തും പരിതാപകരമാണ്. അഴുക്കും ചെളിയും മാലിന്യങ്ങളും മലിനജലങ്ങളും കെട്ടിനിൽക്കുന്നത് ഇവിടെ സുലഭമാണ്. കക്കൂസുകളുടെ കാര്യത്തിലും വളരെ പിന്നിലാണ്. 10% വീടുകൾക്കു മാത്രമെ കുറ്റമറ്റ കക്കൂസുകൾ ഉള്ളൂ 30% ൽ ഏറെയും വീടുകളിൽ താമസിക്കുന്നവർ പറമ്പുകളിലും കായൽ കടൽ ഓരങ്ങളിലാണ് ഇന്നും മല വിസർജനം നടത്തുന്നത്. അതിനാൽ കായൽ കടൽതീരങ്ങളും ഉൾതോടുകളും, അന്തരീക്ഷവും മലീനവും, കൊതുകു നിറഞ്ഞതും ദുർഗന്ധപൂർണ്ണവുമാണ്.

ആരോഗ്യരക്ഷാസേവന രംഗത്ത് സർക്കാർ സ്ഥാപനങ്ങൾ 4 മാത്രം. തെക്കെ ചെല്ലാനത്തും കണ്ടക്കടവിലും ഓരേ പി.എച്ച്.സി.യും കണ്ണമാലിയിൽ ഒരു ഹോമിയോ ഡിസ്പൻസറി കാട്ടിപ്പറമ്പിൽ ഒരു ആയുർവേദ ഡിസ്പൻസറിയും.

ചെല്ലാനം പി.എച്ച്.സി.ക്ക് സ്വന്തമായി 50 സെൻറ് സ്ഥലവും കെട്ടിടവുമുണ്ടെങ്കിലും ആവശ്യത്തിനു സ്റ്റാഫോ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യമോ ഇല്ല. കണ്ടക്കടവ് പി.എച്ച്.സി. പള്ളിയുടെ വാടക കെട്ടിടത്തിലാണ്. ഇത് കുടിയൊഴിപ്പിക്കൽ നേരിടുകയാണ്. ഇവിടെയും സ്വന്തം കെട്ടിടത്തിൽ കിടത്തി ചികിൽസിക്കുന്നത് ജനങ്ങളുടെ സ്വപ്നം മാത്രം.

കണ്ണമാലി ഹോമിയോ ഡിസ്പൻസറിക്ക് 20 സെൻറ് സ്ഥലവും, കെട്ടിടവും സ്വന്തമുണ്ട് എങ്കിലും പരാധീനതകൾ ഏറെ. ഇവിടെയും കിടത്തി ചികിൽസിപ്പിക്കാവുന്ന സൗകര്യമൊരുക്കണം. കാട്ടിപ്പറമ്പ് ആയുർവേദ ഡിസ്പൻസറിയും കുടിയൊഴിപ്പിക്കലിനെ നേരിടുന്ന വാടകകെട്ടിടത്തിലാണ്. ഇതിന് സ്വന്തം സ്ഥലത്തിൽ കിടത്തി ചികിത്സിപ്പിക്കുന്നവിധമാക്കണം. സ്വകാര്യമേഖലയിൽ 2 അലോപ്പതി ആശുപത്രികളും 5 ഡിസ്പൻസറികളും ഒരു ഡെൻറൽ ക്ലിനിക്കും രണ്ട് ഇംഗ്ലീഷ് മരുന്നുകടകളും, 14 ഹോമിയോ ഡിസ്പൻസറികളും 4 ആയുർവേദ കേന്ദ്രങ്ങളുമുണ്ട്. ജനങ്ങളിൽ കൂടുതലും പട്ടണങ്ങളിലെ ആശുപത്രികളെയാണാശ്രയിക്കുന്നത്. മാലിന്യ നിർമ്മാജന പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. അത് എത്രയും വേഗം ആരംഭിക്കണം.

6500 വീടുകളുള്ളതിൽ 1500 ഓളം ഇന്നും വൈദ്യുതീകരിക്കാത്തവയാണ്. 1058 ഓലമേഞ്ഞ വീടുകളിൽ 485 എണ്ണം കുടിലുകളാണ്. പുകയില്ലാത്ത അടുപ്പ് 235 മാത്രമാണ്. വിവാഹിതരായ 19 വയസു പൂർത്തിയാകാത്ത അമ്മമാരായ 65 യുവതികൾ ഇപ്പോൾ ഈ പഞ്ചായത്തിലുണ്ട്. കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാർ ആകെ 3235 ആണ്. ഒരു കുട്ടിക്കുശേഷം 323 പേരും രണ്ട് കുട്ടിയുള്ള 1383 പേരും രണ്ടിൽ കൂടുതൽ കുട്ടികളുള്ള 1529 പേരും കുടുംബാസൂത്രണമാർഗം സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ആകെ ഗർഭിണികൾ 232 പേരുണ്ട്.

രോഗപ്രതിരോധ കുത്തിവയ്പ് എല്ലാ കുട്ടികൾക്കും നടത്തുന്നുണ്ട്. രോഗികളിൽ കൂടുതലും വയറുകടി (കോളറ) ശ്വാസകോശരോഗം (ആസ്മ), വാതം, പോഷകാഹാരക്കുറവ് എന്നിവയിലാണെന്നു കാണാം. ഇസ്നോഫീലിയ കൂടിയവർ ഇവിടെ കൂടുതലുണ്ട്. ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും രക്തഗ്രൂപ്പ് നിർണ്ണയം നടത്തി. രക്തദാന സന്നദ്ധസേവകരുടെ സംഘടനയുണ്ടാക്കുക, മരിച്ചുപോകുന്നവരുടെ കണ്ണുകൾ ദാനം ചെയ്യുന്ന ഒരു പദ്ധതിയും നടപ്പാക്കുക.

## സ്ഥായിയായ രോഗബാധിതരുടെ എണ്ണം

അന്ധർ 6, ബധിരർ, മൂകർ 9, ബധിര-മൂകർ 10, ചലനവൈകല്യങ്ങൾ 22, മന്ദബുദ്ധി 22, കുഷ്ഠം 7.

## പ്രശ്നങ്ങൾ

1. നല്ല ആശുപത്രികളില്ല.
2. ജനസംഖ്യാനുപാതികമായി സബ് സെൻററുകളില്ല.
3. സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമല്ല.
4. കുടിവെള്ളം ആവശ്യത്തിനും, ഗുണനിലവാരത്തിലും കിട്ടുന്നില്ല.
5. കൊതുകുശല്യം കൂടുന്നു.
6. ആയൂർവേദ ഹോമിയോ ആശുപത്രികൾക്ക് സബ് സെൻററുകളില്ല.
7. കക്കൂസുകൾ ആവശ്യത്തിനില്ല.

## പരിഹാര സാധ്യതകൾ

1. അലോപ്പതി, ആയൂർവേദ, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.
2. കൂടുതൽ സബ് സെൻററുകൾ സ്ഥാപിക്കുക.
3. സ്കൂൾ ആരോഗ്യപദ്ധതി കാര്യക്ഷമമാക്കുക.
4. ശുദ്ധമായ കുടിവെള്ളം കൂടുതൽ വിതരണം നടത്തുക.
5. മലിനജലം കെട്ടിക്കിടക്കുന്നതു തടയുക. കക്കൂസുകൾ കുറ്റമറ്റതാക്കുക.
6. കൂടുതൽ ആയൂർവേദ, ഹോമിയോ സബ് സെൻററുകൾ സ്ഥാപിക്കുക.
7. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് ലോണായും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.

# കുടിവെള്ളം

ആമ്പലും, താമരയും, വളർന്നിരുന്ന ശുദ്ധജല കുളങ്ങളെയും കിണറുകളെയുമാണ് കുടിവെള്ളത്തിനായി ഇവിടത്തുകാർ ആശ്രയിച്ചിരുന്നത്. എന്നാൽ കാലക്രമത്തിലുണ്ടായ കടലാക്രമണം മൂലം ശുദ്ധജലാശയങ്ങളിൽ ഉപ്പും മാലിന്യവും കലർന്ന് കോളറപോലുള്ള രോഗങ്ങൾ പടർന്നുപിടിച്ച് ആയിരക്കണക്കിന് മനുഷ്യർ പണ്ടിവിടെ മരിച്ചുപോയി.

കടലാക്രമണം സ്ഥിരമായപ്പോൾ ചൊവ്വരയിൽ പെരിയാറിന്റെ തീരത്തുള്ള ശുദ്ധജലവിതരണ കേന്ദ്രത്തിൽ നിന്ന് 1936 ൽ ഹെർബർട്ട് സായിപ്പിന്റെ കാലത്താണ് ചാളക്കടവുവരെ ശുദ്ധജലവിതരണമാരംഭിച്ചത്.

തോപ്പുംപടിവഴി 880000 ലിറ്റർ വെള്ളവും ലോകബാങ്ക് പദ്ധതിപ്രകാരമിട്ട പൈപ്പിലൂടെ കുമ്പളങ്ങിവഴി 147600 ലിറ്ററും വെള്ളം ഓരോദിവസവും വൈദ്യുതിതകരാറൊന്നുമില്ലെങ്കിൽ ചെല്ലാനത്തിനു കിട്ടുന്നു. അതായത് ശരാശരി 25 ലിറ്റർ വെള്ളമാണ് ഒരുദിവസം ഒരാൾക്കുകിട്ടുന്നത്. 252 പൊതുടാപ്പുകളും 2321 ഗാർഹീക കണക്ഷനുകളുമുണ്ട്. ശരാശരി 25 വീടുകൾക്കോ 150 പേർക്കോ ഒരു പൊതുടാപ്പ് എന്ന നിലയിൽ ഇത് തീർത്തും അപര്യാപ്തമാണ്. ഇപ്പോഴുള്ളതിന്റെ ഇരട്ടിവെള്ളമെങ്കിലും ഉടൻ കിട്ടേണ്ടിയിരിക്കുന്നു. ഒരു ടാപ്പിന് 875 രൂപ നിരക്കിൽ 220500 രൂപ ഒരു വർഷം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്കു കൊടുക്കുന്നു.

ലോകബാങ്ക് പൈപ്പിലൂടെ ചെല്ലാനം പഞ്ചായത്തിന് അർഹമായ ജലം ലഭിക്കുന്നില്ല. 12 പഞ്ചായത്തുകൾക്കുവേണ്ടി രൂപ കൽപ്പന ചെയ്ത ഈ പദ്ധതിയിൽ തമ്മനത്തുനിന്നും കൊച്ചി കോർപ്പറേഷൻ ഭാഗത്തേക്കു വിതരണത്തിന് കൂടുതൽ ജലമെടുക്കുന്നതാണ് നമുക്ക് വെള്ളം കിട്ടാത്ത പ്രധാന പ്രശ്നം.

മൊത്തം കുടിവെള്ളക്ഷാമമുണ്ടെങ്കിലും ഒന്നുമുതൽ നാല് വരെ വാർഡുകളിലാണ് ഏറ്റവും രൂക്ഷം. കണ്ടക്കടവിലും ഗൊണ്ടുപറമ്പിലും വാട്ടർ ടാങ്ക് പണിയുക. തൽക്കാലം വടക്കേ ചെല്ലാനത്ത് ഒരു ബൂസ്റ്റർ പമ്പ് സ്ഥാപിക്കുക. കടൽതീരത്തുകൂടിയും, വാടച്ചിറ, മുതുകുപുറം മുതലായ കായലോരങ്ങളിലൂടെയും പൈപ്പ് ലൈൻ ഇടേണ്ടതാണ്. ആവശ്യത്തിന് പബ്ലിക്ക് ടാപ്പുകൾ ഇടുകയും ആവശ്യമുള്ളവർക്കെല്ലാം ഗാർഹീക കണക്ഷൻ നൽകുകയും വേണം. കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കണം. പൈപ്പിലുള്ള വിടവുകളിലൂടെ പമ്പിങ്ങ് ഇല്ലാത്തപ്പോൾ മലിനജലം കയറി കോളറപോലുള്ള രോഗങ്ങൾക്കു കാരണമാകുന്നു.

ചില കുളങ്ങളിലും കിണറുകളിലും ഇന്നും തരക്കേടില്ലാത്ത വെള്ളം കിട്ടുന്നുണ്ട്. ജലക്ഷാമം പരിഹരിക്കുന്നതിന് കണ്ടക്കടവിലും, കാട്ടിപ്പറമ്പിലും പണ്ടുണ്ടായിരുന്നതുപോലുള്ള കുഴൽകിണറുകൾ നല്ല ഭൂഗർഭജലം ലഭ്യമായിടങ്ങളിലെല്ലാം സ്ഥാപിച്ച് ചെറിയടാങ്കുകളിൽ ശേഖരിച്ച് പൈപ്പ് ലൈൻ ഇട്ട് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സമാന്തരവിതരണം നടത്തേണ്ടതാണ്. കൂടാതെ ലഭ്യമായ കുളങ്ങളും കിണറുകളും പരമാവധി ഉപയുക്തമാക്കുവാൻ സന്നദ്ധ പ്രവർത്തകരുടെ ''ജലസംരക്ഷണ സേനകൾ'' രൂപീകരിച്ചു പ്രവർത്തിക്കേണ്ടതാണ്. ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ജലവിതരണവും അറ്റകുറ്റപ്പണികളും പഞ്ചായത്തിനെ ഏൽപ്പിക്കണം.


## പ്രശ്നങ്ങൾ

1. കുടിവെള്ളക്ഷാമം ഏറിവരുന്നു.
2. ശുദ്ധജലത്തിൽ മാലിന്യങ്ങൾ കലരുന്നു.
3. കുളങ്ങളും, കിണറുകളും സംരക്ഷിക്കപ്പെടുന്നില്ല.
4. കുടിവെള്ളത്തിന്റെ ദുരുപയോഗം
5. പൊതുടാപ്പുകൾ വളരെ കുറവ്.
6. നിശ്ചിത സമയത്തുമാത്രം ജലം വിതരണം ചെയ്യുന്നതിനാൽ ജോലിക്കുപോകുന്നവർക്ക് ജലം സംഭരിക്കുവാൻ കഴിയുന്നില്ല.

## പരിഹാര സാധ്യതകൾ

1. ജനസംഖ്യയ്ക്കനുപാത ജലവിതരണം നടത്തുക.
2. പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുകയും കാലഹരണപ്പെട്ടവ മാറ്റി സ്ഥാപിക്കുകയും വേണം. ഇവ പഞ്ചായത്തിനെ ഏല്പിക്കുക.
3. കുളങ്ങളും, കിണറുകളും സംരക്ഷിക്കുന്നവരെ പഞ്ചായത്തുതലത്തിൽ പ്രോത്സാഹിപ്പിക്കുക.
4. ദുരുപയോഗം തടയുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.
5. ആവശ്യത്തിന് പൊതുടാപ്പുകൾ ഇടുക.
6. രാത്രിയും പകലുമായി രണ്ടു സമയമെങ്കിലും ജലവിതരണം നടത്തണം.

• • •



# ഗതാഗതം

ഇവിടത്തെ പ്രധാന ഗതാഗതമാർഗ്ഗം പഞ്ചായത്തിനെ രണ്ടായിമുറിച്ചുകൊണ്ട് 15.5 കി.മീ. ദൂരത്തിൽ തെക്കു വടക്കായി നീണ്ടുകിടക്കുന്ന പാണിക്കുടി ചെല്ലാനം റോഡാണ്. ഇടറോഡുകളും പഞ്ചായത്തു-റോഡുകളും വളരെ കുറവാണ്. ജനങ്ങൾ നാട്ടുനടപ്പാതകളാണ് ഉപയോഗിക്കുന്നത്. ഇവിടെ വന്നു ചേരുന്ന പ്രധാന റോഡുകൾ കാട്ടിപ്പറമ്പ് - കളത്തറ ഇന്ദിരാറോഡ്, കണ്ടക്കടവ് - കുമ്പളങ്ങി റോഡ്, ചെല്ലാനം-എഴുപുന്ന റോഡ് എന്നിവയാണ്.

കട്ടിപ്പറമ്പ് റോഡ് വേണ്ട പാലം പണിത് പള്ളുരുത്തിയുമായി ബന്ധിപ്പിക്കണം. തീവണ്ടി ഗതാഗതവുമായി ബന്ധിപ്പിക്കുന്നതിന് ചെല്ലാനം എഴുപുന്നറോഡ് എത്രയുംവേഗം ഗതാഗത യോഗ്യമാക്കുകയും കുമ്പളങ്ങി കെൽട്രോൺ പാലം പണിയുകയും വേണം. കണ്ടക്കടവ്, ചർച്ച് റോഡ് പുത്തൻതോട് ഗ്യാപ്പുറോഡുമായി ബന്ധിപ്പിക്കുക. കണ്ടക്കടവ് കുമ്പളങ്ങിവഴിയിൽ നിന്നും തെക്കോട്ടു പോകുന്ന റോഡ് വാടച്ചിറമുതുകുപുറം വഴി തെക്കെ ചെല്ലാനം മൂലപ്പൻ തുരുത്തു റോഡുമായി ബനധിപ്പിക്കണം. എറണാകുളത്തും മറ്റുമുള്ള മാലിന്യങ്ങളല്ലാത്ത അവശിഷ്ടങ്ങൾ ഇട്ട് ഈ റോഡ് ഉർത്തി നിർമിക്കാവുന്നതാണ്.

കടൽത്തീരത്തു കൂടി തെക്കു വടക്കു റോഡ് അത്യാവശ്യമാണ് .ഗ്യാപ്പുറോഡുകളും മറ്റിടവഴികളും, നടപ്പാതകളും പഞ്ചായത്തു റോഡുകളാക്കി ഉയർത്തുക. കരിയിൽ തെക്കുവടക്കുള്ള റോഡ് വടക്കോട്ടു നീട്ടി കോർപ്പ-റേഷൻ റോഡുകളുമായി ബന്ധിപ്പിക്കുയും നന്നാക്കുകയും ചെയ്യുക. പുത്തൻതോടു മുതൽ മാനാശേരി വരെ കായലോര റോഡും നിർമിക്കുക.

തെക്കേ ചെല്ലാനത്ത് 'ബസ്സ്റ്റാൻറ് കം ഷോപ്പിംഗ്-കോംപ്ലക്സ്' സ്ഥാപിക്കുകയും അന്ധകാരനഴിയിലും പള്ളിത്തോട്ടിലും വന്നവസാനിക്കുന്ന ബസ്സുകൾ ചെല്ലാനം വരെ നീട്ടുക. തോപ്പുംപടിയിൽ അവസാനിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ കണ്ണമാലി വരെ നീട്ടുകയും ചെല്ലാനത്തേയ്ക്കു കൂടുതൽ ബസ്സുകൾ ആരംഭിക്കുകയും ഇതുവഴി കൂടുതൽ അന്തർജില്ലാ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ ആരംഭിക്കുകയും വേണം. തോപ്പുംപടിയിൽ നിന്നുള്ള ചെല്ലാനം ബസ്സുകളെല്ലാം പി.ടി. ജേക്കബ് റോഡ്‌വഴിയും മാനാശ്ശേരി മുണ്ടം-വേലി വഴിയുമാക്കുക. ഈ പഞ്ചായത്തിലുള്ള 39 ബസ് സ്റ്റോപ്പുകളിൽ 13 സ്ഥലത്തു മാത്രമെ വെയിറ്റിംഗ് ഷെഡ് ഉള്ളു. എല്ല സ്റ്റോപ്പുകളിലും ഇത് പണിയുക. റോഡ് നിർമാണവും സംരക്ഷണവും നിശ്ചിത കിലോമീറ്റർ വീതം നിശ്ചിതവർഷത്തേയ്ക്കു ഇവിടെയുള്ള യുവജനങ്ങളെ ഏൽപ്പിക്കണം.

മഹാരാഷ്ട്രയിലെ പനവേലിയിൽ നിന്നാരംഭിച്ച് ഇടപ്പള്ളിയിൽ എത്തിച്ചേരുന്ന എൻ.എച്ച്.17 നെ ചെറായി വൈപ്പിൻ ഫോർട്ടുകൊച്ചി - ചെല്ലാനം അർത്തുങ്കൽ വഴി ആലപ്പുഴക്കു നീട്ടുക. കൊച്ചി-മധുര എൻ.എച്ച്. 49 നെധനരെ പടിഞ്ഞാട്ട് കാട്ടിപ്പറമ്പിലുള്ള കടൽത്തീരം വരെ നീട്ടുക. പടിഞ്ഞാറൻ കൊച്ചിയുടെ പഴയ പ്രതാപം വീണ്ടെടുക്കുവാനും പുരോഗതിക്കും ഇതേ മാർഗമുള്ളു.

ഏറ്റവും ചിലവു കുറഞ്ഞതും പണ്ടു മുതൽ തുടരുന്നതുമായ ജലഗതാഗതത്തിന് അനന്തസാധ്യതകളുള്ള പ്രദേശമാണിത്. കടലും കായലും ഇടത്തോടുകളും ഊടുംപാവുമായ ഇവിടെ വേണ്ടവിധം ജലഗതാഗതത്തെ വിനിയോഗിക്കുന്നില്ല.

കണ്ണമാലി - ചെറിയകടവ് - കരി - കുമ്പളങ്ങി - ഇടക്കൊച്ചി - ഐലൻറ് വഴി എറണാകുളത്തിന് ബോട്ട് സർവീസ് ആരംഭിക്കണം. ചെല്ലാനം - ചക്കരച്ചാൽ കുമ്പളങ്ങി തെക്ക് വഴിയും എറണാകുളത്തിന് ബോട്ട് സർവീസ് ആരംഭിക്കണം. പണ്ട് പാടശേഖരങ്ങൾക്കു പമ്പിങ്ങ് സൗകര്യമില്ലായിരുന്നപ്പോൾ മലവെള്ളം നിയന്ത്രിക്കുവാൻ നിർമ്മിച്ച ബണ്ടുകളും റഗുലേറ്ററുകളും ജലഗതാഗതത്തിന് തടസമാണ്. അവ നീക്കം ചെയ്യണം .

ഒന്നു മുതൽ 7 വരെ വാർഡുകളിലൂടെ കടന്നു പോകുന്നതും കൊച്ചി ദിവാനായിരുന്ന വിജയരാഘവാചാരിയുടെ ഉത്തരവു പ്രകാരം 1912 ൽ പച്ചരികൂലിയായി കൊടുത്തു കുത്തിച്ച ''പച്ചരിതോട്'' എന്ന വിജയംകനാൽ പല സ്ഥലത്തും വീതിയും ആഴവും കുറഞ്ഞു വരികയാണ്. ഇത് വീതിയും ആഴവും കൂട്ടുകയും റീസർവേ നടത്തി കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും ഇരുകരകളിലും നടപ്പാത പണിയുകയും വേണം. ഉപ്പത്തക്കാടു തോടും ഗതാഗതയോഗ്യമാക്കണം.

### പ്രശ്നങ്ങൾ

1. പ്രധാന റോഡിൻെറ തകർച്ച.
2. ഉപറോഡുകൾ കുറവ്, ഉള്ളതിന് വീതിപോര.
3. ജലഗതാഗതത്തെ അവഗണിക്കുന്നു.
4. വെള്ളക്കെട്ട്
5. പഞ്ചായത്ത് റോഡ് പണിക്ക് കൺസൻറ് കിട്ടുന്നില്ല.

### പരിഹാര സാധ്യതകൾ

1. പ്രധാന റോഡ് ഉയർത്തി നന്നായി പണിയുക.
2. കൂടുതൽ ഉപറോഡുകളും പഞ്ചായത്തു റോഡുകളും ആവശ്യമുള്ള വീതിയിൽ പണിയുക.
3. ജലഗതാഗയത്തിന് ഊന്നൽ നൽകുക.
4. കാനകൾ പണിത് വെള്ളക്കെട്ട് തടയുക.
5. തദ്ദേശവാസികളും, സന്നദ്ധസേവകരും ഇടപെട്ട് കൺസൻറ് വാങ്ങിക്കുക.

# വ്യവസായം

കടലോര പ്രദേശമായതുകൊണ്ട് ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മുഖ്യ വ്യവസായം മത്സ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെയുള്ള ആധുനിക വ്യവസായം എന്നു പറയാവുന്നതും ഏതാനും സ്വകാര്യ മത്സ്യ മാംസ സംസ്കരണ ഫാക്ടറികൾ മാത്രമാണ്. വൻകിട ഫാക്ടറികൾ ഒന്നുമില്ല. സാമാന്യം ഭേദപ്പെട്ടത് ഇന്ത്യാ സീഫുഡ്, യു.ടി.സി., ലാൻസീ എന്നിവയാണ്. കൂടാതെ മറ്റു 4 സംസ്കരണശാലകൾ കൂടിയുണ്ട്. 2 ഐസ് പ്ലാൻറുകളും, രണ്ടു ഹാച്ചറികളും, ഒരു ചെമ്മീൻ തൊണ്ട് സംസ്കരണ ഫാക്ടറിയും, ഓർക്കിഡ് വ്യവസായയൂണിറ്റും പ്രവർത്തിച്ചുവരുന്നു. പുതിയതായി ഒരു മലഞ്ചരക്ക് സംസ്കരണശാലയും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇവയിലെല്ലാംകൂടി പരിമിതമായ ജോലിക്കാർ മാത്രമാണുള്ളത്. വള്ളംപണിയുന്ന 7 കേന്ദ്രങ്ങളും, ധാന്യങ്ങൾ പൊടിക്കുന്ന 15 മില്ലുകളും, 3 അറുക്കമില്ല്, 4 കറിപൗഡർ യൂണിറ്റ്, ഫർണിച്ചർ പണിയുന്ന 12 കേന്ദ്രങ്ങൾ എന്നിവയും ഉണ്ട്.

പരമ്പരാഗത മേഖലയിലും കാര്യമായ പ്രവർത്തന ശാഖകൾ ഇല്ലെന്നു പറയാം. കേരം തിങ്ങി വളരുന്ന ഈ പ്രദേശത്ത് പണ്ടുമുതലേ കയറും, എണ്ണയും അനുബന്ധ തൊഴിലും കുടിൽ വ്യവസായമായി നടത്തിവന്നിരുന്നു. ഏതാണ്ട് 1960 വരെ കയർപിരി, തൊണ്ടുതല്ലൽ, കയറ്റുപായ നിർമാണം എന്നിവ നല്ല രീതിയിൽ തന്നെ നടന്നിരുന്നു. എന്നാൽ പ്ലാസ്റ്റിക് യുഗം പിറന്നതോടുകൂടി ചകിരി നാരുകളുടെ പ്രാധാന്യം കുറയുകയും ആധുനിക നാരുകൾ ഈ രംഗം കൈയടക്കുകയും കയർ വ്യവസായത്തിൻെറ ശുക്രദശ അവസാനിക്കുകയും ചെയ്തു. ഇപ്പോൾ നാമമാത്രമായുള്ള തൊഴിലുകളെ ഈ രംഗത്തു നടക്കുന്നുള്ളു.

പിന്നീട് അവശേഷിച്ചിട്ടുള്ളത് കൊപ്രാ വ്യവസായമാണ്. തെങ്ങുകൾ രോഗബാധിതമായതോടുകൂടി തേങ്ങ കുറയുകയും ഈ തൊഴിലും നശിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ അവശേഷിക്കുന്ന ഗൃഹതൊഴിൽ എന്നു പറയാവുന്നത് വലകെട്ട്, കക്കവാരൽ, ഉണക്കമീൻ കച്ചവടം, ചെമ്മീൻ പീലിംഗ് ഷെഡുകൾ പഞ്ചായത്തിൻെറ എല്ലാ സ്ഥലങ്ങളിലും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതും സ്ത്രീകളും കുട്ടികളുമടക്കം അനേകം പേർക്ക് തൊഴിലും ഉണ്ടായിരുന്നു. എന്നാൽ ജലക്ഷാമം രൂക്ഷമായതോടുകൂടി ഈ വ്യവസായം അയൽപ്രദേശങ്ങളിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ഇപ്പോൾ 2 ഷെഡുകൾ മാത്രം പേരിനു പ്രവർത്തിക്കുന്നുവെന്നു പറയാം.

മേൽപറഞ്ഞ ഫാക്ടറികളും കുടിൽ വ്യവസായങ്ങളും സ്വകാര്യ മേഖലയിലുള്ളവയാണ്. പൊതുമേഖലയിലോ സഹകരണസംഘങ്ങൾ വഴിയോ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. എങ്കിലും വടക്കേ ചെല്ലാനത്ത് ഒരു കയർ സഹകരണസംഘം അടുത്ത കാലംവരെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ തൊണ്ടിൻെറ ലെവി സമ്പ്രദായം നിർത്തിയതിനാൽ സ്വകാര്യ മേഖലയുമായി മത്സരിക്കുവാനാകാതെ ഇപ്പോൾ പ്രതിസന്ധിയെ നേരിടുകയാണ്. കുടിൽ വ്യവസായരംഗത്തെ തൊഴിലാളികളുടെ എണ്ണവും വളരെ പരിമിതമാണ്. അതുപോലെ ഈ ചെറുകിട ഫാക്ടറികളിലെയും കുടിൽ വ്യവസായരംഗത്തെയും വേതനവും വളരെ കുറവാണ്. ഈ വ്യവസായങ്ങൾക്കാവശ്യമായ വസ്തുക്കൾ എല്ലായ്പോഴും ലഭ്യമല്ലാത്തതിനാൽ സ്ഥിരമായ ഒരു കൂലിനിരക്കോ, വർദ്ധനയോ ലഭിക്കുന്നില്ല.

തേങ്ങയാണ് ഇവിടത്തെ മുഖ്യ വിളയെങ്കിലും അതിനെ ആശ്രയിച്ചുള്ള ഒരു വ്യവസായവും സ്ഥാപിതമായിട്ടില്ല. ഒരു എണ്ണയാട്ടു ശാലപോലും ഇവിടെയില്ലെന്ന് പറയുമ്പോൾ വ്യവസായരംഗത്തിൻെറ ശോചനീയാവസ്ഥ ബോധ്യപ്പെടുമല്ലോ. പിന്നെയുള്ള മത്സ്യസമ്പത്ത് വേണ്ടവിധം കൈകാര്യം ചെയ്യപ്പെടുന്നുമില്ല. പ്രധാനമായും സംസ്കരണം നടത്തി പുറംനാടുകളിലേക്ക് കയറ്റുമതി ചെയ്യുന്നതൊഴിച്ചാൽ മറ്റു സാധ്യതകളൊന്നും പരീക്ഷിച്ചുപോലും നോക്കുന്നില്ല.

ഉല്പന്നങ്ങളുടെ ശേഖരണത്തിനും വിപണനത്തിനും ആവശ്യമായ കേന്ദ്രങ്ങളും, ഏജൻസികളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. കുടിൽ വ്യവസായങ്ങൾ എല്ലാം നഷ്ടങ്ങളുടെ കണക്കുകളുമായാണ് അവശേഷിക്കുന്നത്. ചുരുക്കത്തിൽ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഇരുളടഞ്ഞ ഒരു യുഗമാണ് കടന്നുപോകുന്നത്.

## പ്രശ്നങ്ങൾ

1. ആവശ്യത്തിനുള്ള ഊർജ്ജം 24 മണിക്കൂറും ലഭ്യമല്ല.
2. വെള്ളത്തിൻെറ ക്ഷാമം.
3. പരമ്പരാഗത വ്യവസായങ്ങൾക്ക് മാർക്കറ്റില്ല.
4. വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലസൗകര്യമില്ല.
5. പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് അർഹമായ കൂലിവർദ്ധന നൽകാൻ കഴിയുന്നില്ല.

ഇവിടെ സുലഭമായി ലഭിക്കാവുന്ന തേങ്ങയും അനുബന്ധ സാധനങ്ങളും മത്സ്യവും ഉപയോഗിച്ച് ആധുനിക ഭക്ഷ്യവസ്തുക്കളും സാമഗ്രികളും ഉണ്ടാക്കുന്നതിനെപ്പറ്റി പഠിക്കുകയും പരീക്ഷണങ്ങൾ നടത്തി

വിദേശമലയാളികളുടെ സഹായത്തോടുകൂടി സഹകരണ മേഖലയിൽ പുതിയ വ്യവസായങ്ങൾ കണ്ടെത്താനുള്ള സാധ്യതകൾക്ക് മുൻകൈ എടുക്കുക. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കാനുള്ള പരിപാടി തയ്യാറാക്കുക. ഇലക്ട്രോണിക്സിൻെറ വികസനം പുരോഗമിച്ചുവരുന്ന ഈ കാലത്ത് അതിൻെറ ചെറുയൂണിറ്റുകൾ സ്ഥാപിക്കുക, ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക എന്നീ കാര്യങ്ങൾ സമയബന്ധിതമായി നടത്തിയാൽ ഈ ഗ്രാമത്തിലും വ്യവസായത്തിൻെറ കുളമ്പടി ശബ്ദങ്ങൾ കേൾക്കാനാകുമെന്നു പ്രതീക്ഷിക്കാം.

ഇവിടുത്തെ പ്രാദേശിക വിഭവങ്ങളായ തവിട്, പിണ്ണാക്ക്, ചെമ്മീൻതല, മീൻപൊടി എന്നിവ ഉപയോഗിച്ച് കാലി-കോഴി, ചെമ്മീൻ തീറ്റകൾ നിർമിക്കണം. കക്കാതൊണ്ടുകൾ കൊണ്ട് കുമ്മായം നീറ്റുന്ന വ്യവസായവും, നെല്ല് പുഴുങ്ങി കുത്തുന്ന ആധുനിക മില്ലുകളും ഇവിടെ ആരംഭിക്കണം. മിൽമ പോലുള്ള സ്വതന്ത്ര യൂണിറ്റും കറിപൗഡർ, ചെമ്മീൻ, മീൻ അച്ചാർ നിർമാണ യൂണിറ്റുകളും ആരംഭിക്കണം.

ഇവിടുത്തെ നിർമ്മാണ തൊഴിലാളികളെ ഉൾപ്പെടുത്തി നിർമ്മിതി, എഫ്.ഐ.ടി. എന്നിവയുടെ യൂണിറ്റ് ആരംഭിക്കണം. കൂടാതെ ടൂറിസം ഏറ്റവും വലിയ വ്യവസായമായിരിക്കുന്ന അവസ്ഥയിൽ നമ്മുടെ ചെമ്മീൻ കെട്ടുകളും കടൽതീരങ്ങളും അവയ്ക്കനുയോജ്യമായ വിധം വികസിപ്പിക്കണം.

കാട്ടിപ്പറമ്പ് സെൻറ് എലിസബത്ത് കോൺവെൻറിൽ 450 ഓളം യുവതികൾ എംബ്രോയ്ഡറി തയ്യലിൽ ഏർപ്പെട്ടിട്ടുള്ളത് എടുത്തു പറയേണ്ടതാണ്. നന്നായി തയിക്കുന്നവർക്ക് മാസം 1200 രൂപവരെ നേടിയെടുക്കുവാൻ കഴിയുന്നുവെന്നത് നിസാര കാര്യമല്ല. 12 വീടുകളിലും 5 നും 10 നും ഇടയിൽ യുവതികൾ വീതം തയ്യൽ-വേല ചെയ്യുന്നുണ്ട്. ഇത്തരം യൂണിറ്റുകൾക്ക് ഇനിയും ഈ പ്രദേശങ്ങളിൽ സാധ്യതയുണ്ട്.

★ ★ ★



# ഊർജം

ചെല്ലാനം ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുള്ളതും ഉപയോഗിച്ചുവരുന്നതുമായ മുഖ്യ ഊർജം വിറക്, മണ്ണെണ്ണ, വൈദ്യുതി, എൽ.പി.ജി. ഗ്യാസ് എന്നിവയാണ്. അടുത്തകാലത്തായി ബയോഗ്യാസും ചിലയിടങ്ങളിൽ ഉപയോഗിക്കുന്നു. ചേർത്തല, ഫോർട്ടുകൊച്ചി എന്നീ രണ്ടു മെയിൻ ഫീഡറിൽ നിന്നുമാണ് ഇവിടെ വൈദ്യുതി എത്തിക്കുന്നത്. പ്രധാനമായും വിളക്കു കത്തിക്കുന്നതിനാണ് ഉപയോഗിച്ചുവരുന്നത്. ഇതേവരെ ഗാർഹികാവശ്യത്തിന് 4918, വ്യാപാരം 413, വ്യവസായികം 72, കാർഷികം 42 എന്നിങ്ങനെയാണ് ഇവിടെ കണക്ഷനുകൾ നൽകിയിട്ടുള്ളത്. 236 അപേക്ഷകർ പുതിയ വൈദ്യുതി കണക്ഷനുവേണ്ടി ഇനിയും കാത്തുനിൽക്കുകയാണ്.

പഞ്ചായത്തിൻെറ പ്രധാന സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും ആവശ്യമുള്ളിടത്തെല്ലാം വഴിവിളക്കു സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. 424 ബൾബുകളും, 50 ട്യൂബ് ലൈറ്റുകളും, 40 സോഡിയം വേപ്പർലാമ്പും ഇതിനായി ഉപയോഗിക്കുന്നു. വർഷംതോറും 114150/- രൂപ വഴിവിളക്ക്, കരണ്ട് ചാർജിനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് പഞ്ചായത്തിൽ നിന്നു കൊടുത്തുവരുന്നുണ്ട്. തെരുവുവിളക്കുകളുടെ പരിപാലനവും നിയന്ത്രണവും സംരക്ഷണവും പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

വോൾട്ടേജ് കുറവാണ് ഇവിടത്തെയും മുഖ്യപ്രശ്നം. പഞ്ചായത്തിലാകെ വിവിധ സ്ഥലങ്ങളിലായി 31 ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ചുവരുന്നു. എങ്കിലും വൈകുന്നേരം 6 മണിമുതൽ 10 മണിവരെ പല സ്ഥലങ്ങളിലും ലൈറ്റുകൾ മിന്നാമിനുങ്ങ് വെളിച്ചമായാണ് ഇന്നു ലഭിക്കുന്നത്.

വൈദ്യുതി കഴിഞ്ഞാൽ പിന്നെ മുഖ്യമായിട്ടുള്ളത് മണ്ണെണ്ണ തന്നെയാണ്. പ്രധാനമായും വിളക്കു കത്തിക്കുന്നതിനും പാചകത്തിനും ഉപയോഗിക്കുന്നു. മത്സ്യത്തൊഴിലാളി മേഖലയായ ഇവിടെ യന്ത്രവത്കൃത മത്സ്യബന്ധനം ആരംഭിച്ചതോടെ എഞ്ചിൻവച്ച വള്ളങ്ങൾക്ക് മണ്ണെണ്ണ അത്യാവശ്യമായിതീർന്നു. വളരെ അധികം മണ്ണെണ്ണ ഇപ്പോൾ ഈ രംഗത്ത് ഉപയോഗിച്ചു വരുന്നുണ്ട്. സബ്സിഡി നിരക്കിൽ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് സർക്കാർ അനുദിനം കുറച്ചുവരുന്നത് മത്സ്യപിടുത്തത്തിന് ഒരു പ്രതിസന്ധിയായിത്തീരുകയാണ്.

എല്ലായിടങ്ങളിലേയും പോലെ പരമ്പരാഗതമായി ഗാർഹികാവശ്യത്തിന് പ്രധാനമായും വിറകാണ് ഇവിടെ ഉപയോഗിച്ചുവരുന്നത്. എന്നാൽ ദക്ഷതകുറഞ്ഞ അടുപ്പുകളിലെ വിറകുപയോഗം ആവശ്യത്തിനു വേണ്ടതിൻെറ 8-10 ഇരട്ടി വിറക് ആവശ്യമാകുന്നു. ദക്ഷത കൂടിയ അടുപ്പുകൾ ഇവിടെ വളരെ പരിമിതമാണ്. ഇവ എല്ലാ വീടുകളിലും അത്യാവശ്യമാക്കുന്നതിന് ലോൺ കൊടുത്ത് പഞ്ചായത്തിനു കീഴിൽ സന്നദ്ധസേവകരെ കൊണ്ട് ചെയ്യിക്കുക. വിറക് പുറമേനിന്ന് കൊണ്ടുവന്ന് ഉപയോഗിക്കുന്ന ശീലം ഇവിടെ പണ്ട് ഉണ്ടായിരുന്നില്ല. തെങ്ങിൻെറ ഉല്പന്നങ്ങൾ തന്നെയാണ് മുഖ്യമായും ഉപയോഗിച്ചിരുന്നത്. എന്നാൽ ജനസംഖ്യവർദ്ധിച്ച-യോടുകൂടി അവയുടെ ലഭ്യത കുറഞ്ഞുവരുകയും ഇപ്പോൾ ലോറിക്ക് കൊണ്ടുവരുന്ന റബർ വിറകും, കാട്ടുവിറകുമാണ് വാങ്ങിവരുന്നത്. ഒരുകിലോ വിറകിന് 1.60 പൈസ വരെ വിലയുണ്ട്. കൽക്കരി വളരെ വിരളമായെ ഇവിടെ ഉപയോഗിക്കാറുള്ളൂ. അതിൻെറ ലഭ്യതയും പരിമിതമാണ്.

ചാണകവും, ഉമിയുപയോഗിച്ച ചാണകവരളിയും വ്യാപകമാക്കാവുന്നതാണ്. കൂടാതെ കച്ചിപ്പെട്ടി (unsulated box) ഇവിടെ ആരും ഉപയോഗിക്കുന്നില്ല. അവയുടെ ഉപയോഗവും വ്യാപകമാക്കണം. എൽ.പി.ജി. ഗ്യാസ് ഉപയോഗിക്കുന്നവർ ഇവിടെ വർദ്ധിച്ചുവരുന്നു. എന്നാൽ കണക്ഷൻ ലഭിക്കാൻ ബുദ്ധിമുട്ടുകയാണ്. ഉള്ള കണക്ഷനുതന്നെ സിലിണ്ടറുകൾ തീർന്നാൽ കിട്ടുന്നതിനു ഒരു മാസം വരെ തടസ്സം നേരിടുന്നു. വിതരണം കാര്യക്ഷമമല്ല. ബയോഗ്യാസ് ഇവിടെ പ്രചാരം ലഭിച്ചിട്ടില്ല. കന്നുകാലി വളർത്തുന്ന വീടുകൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും വളരെ വിലപ്പെട്ട ചാണകവും, മൂത്രവും ഇന്നും വിലയുള്ള ഊർജശക്തിയായി മാറ്റുന്നതിന് പലരും ശ്രമിക്കുന്നില്ല. കൂടുതലും ഇതു സംബന്ധിച്ച അജ്ഞതയും ചിലവും തന്നെ കാരണം.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവും, അപ്രഖ്യാപിത വൈദ്യുതി വിച്ഛേദവും.
2. വിറകു ലഭ്യതയുടെ പ്രശ്നങ്ങൾ കൂടുതൽ.
3. ഗ്യാസ് സിലിണ്ടറുകളുടെ ക്ഷാമം.
4. കൺസൻറ് കിട്ടാത്തതിനാൽ വൈദ്യുതി കിട്ടാത്തവർ ഉണ്ട്.

നിലവിലുള്ള 11 കെ.വി. ലൈൻ തെക്കെ ചെല്ലാനം വരെ നീട്ടി ചേർത്തല ലൈനുമായി ബന്ധിപ്പിച്ചും ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്താൽ വോൾട്ടേജ് ക്ഷാമം ഒരു പരിധിവരെ നിയന്ത്രി


ക്കാം. കന്നുകാലി വളർത്തുന്ന എല്ലാ വീടുകൾക്കും സബ്സിഡി നൽകിയും, വായ്പാ കൊടുത്തും സഹായിച്ചാൽ ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കാനാവും. അതേപോലെ സോളാർ ലൈറ്റുകളും, കാറ്റാടി യന്ത്രങ്ങളും, തിരമാലയിൽ നിന്നു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനു ഇവിടെ നല്ല സാധ്യതകളുള്ളതിനാൽ ഈ രംഗത്തു വേണ്ട അന്വേഷണം ത്വരിതപ്പെടുത്തണം. ഇവിടെ ഒരു പാചകവാതക വിതരണ ഏജൻസിയും, പെട്രോൾ ബങ്കും സ്ഥാപിക്കേണ്ടത് ഈ പശ്ചിതതീരത്തിൻെറ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നു.

പുകയില്ലാത്ത അടുപ്പുകൾ, പ്രഷർക്കുക്കർ എന്നിവയുടെ ഗുണമേന്മകളെ പ്രചരിപ്പിക്കുകയും ഇവയുടെ വിപണനം വിപുലീകരിക്കുകയും ചെയ്യുക, കൂടാതെ ഊർജ ലാഭമുള്ള വിളക്കുകളുടെയും, സ്റ്റൗ, കുക്കർ മുതലായവയുടെയും പ്രചാരം വർദ്ധിപ്പിക്കേണ്ടതാണ്.

വൈദ്യുതിലൈനുകളിലെ പ്രസരണ നഷ്ടവും, വൃക്ഷ ശാഖകൾ മൂലമുള്ള നഷ്ടവും, അപകടങ്ങളും, നീക്കുന്നതിന് ഊർജ പരിപാലക സംഘങ്ങൾ സംഘടിപ്പിച്ച് സന്നദ്ധ പ്രവർത്തനത്തിലൂടെ പരിഹരിക്കാവുന്നതാണ്.

കൺസൻറ് കിട്ടാത്തവർക്ക് ഇലക്ട്രിക്ക് കണക്ഷൻ നൽകുന്നതിന് കലക്ടറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പഞ്ചായത്തിന് കൈമാറുക ഈ പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്ന "ഗ്രാമജ്യോതി" എന്ന പദ്ധതി നടപ്പാക്കണം. ഇന്നുപയോഗിക്കുന്ന ബൾബുകൾക്കു പകരം കോംപാക്ട് ഫ്ളൂറസൻറ് ലാംപ് (സി.എഫ്.എൽ.) പ്രോൽസാഹിപ്പിച്ചാൽ നാലിരട്ടിവരെ വെളിച്ചവും കിട്ടും പണവും ലാഭിക്കാം. വേലിയേറ്റ-ഇറക്കമുള്ള തോടുകളിലെ ഒഴുക്കിൽ നിന്നും ഊർജം എടുക്കാവുന്നതാണ്.

● ● ●



# സഹകരണമേഖല

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സഹകരണമേഖലയിലും നല്ല രീതിയിലുള്ള പ്രവർത്തനത്തിൻെറ ചരിത്രമൊന്നും അവകാശപ്പെടാനില്ല. വിരലിലെണ്ണാവുന്ന സംഘങ്ങളേ പണ്ടുണ്ടായിരുന്നുള്ളൂ. ഇപ്പോഴും ആ അവസ്ഥതന്നെ തുടരുന്നു. പണ്ടിവിടെ തെങ്ങ് കെട്ടികൊടുക്കുന്ന പതിവുണ്ടായിരുന്നു. പലിശയായി തെങ്ങുകയറുകയാണ് ചെയ്തിരുന്നത്. ഇതിനായി ഒരു പരസ്പരസഹായസംഘം രൂപീകരിച്ചു. ന്യായ പലിശ എടുത്തതിനുശേഷം ബാക്കി കടത്തിൽ ഇളവു ചെയ്യുമായിരുന്നു. ഇതാണ് പിന്നീട് 681-ാം നമ്പർ സഹകരണസംഘമായി മാറിയത്. ക്ഷേമോദയ സമാജ ഫണ്ട്, സഹകരണസ്റ്റോർ എന്നിവയും ഉണ്ടായിരുന്നു. 1944 ൽ പ്രവർത്തനം ആരംഭിച്ച സഹകരണസംഘം ആദ്യമൊക്കെ നല്ല രീതിയിൽ പ്രവർത്തനം നടത്തുകയും സംഘാംഗങ്ങളിൽ ഉണർവും ഉന്മേഷവും ഉണ്ടാക്കുകയും ഒരു ആശാകേന്ദ്രമായി മുന്നോട്ടു-പോവുകയും ചെയ്തു. എന്നാൽ അധികം താമസിയാതെ മാനേജ്മെൻറിൻെറ അഴിമതിയിലും ദുർചെലവു കൊണ്ടും ലിക്വിഡേറ്റ് ചെയ്യുകയുണ്ടായി. പിന്നീട് രൂപീകൃതമായ വിവിധോദ്ദേശ സഹകരണസംഘവും അധികനാൾ നിലനിന്നില്ല. ഏറെ നാൾ പ്രവർത്തനം നടത്തിയ ഖാദിമേഖലയിലെ ഒരു സംഘമായിരുന്നു ചെറിയകടവ് ഖാദിഉല്പാദക സഹകരണസംഘം. സംഘത്തിൻെറ കീഴിൽ അംബർ, ചർക്കാ ക്ലാസ്സും ഫർണിച്ചർ നിർമ്മാണയൂണിറ്റും പ്രവർത്തിച്ചിരുന്നു. ചർക്കാ ക്ലാസ്സിൽ നൂൽനൂൽപ്പിനു പുറമേ നെയ്ത്തുപരിശീലനവും നടത്തിയിരുന്നു. വളരെയധികം സ്ത്രീകൾ താല്പര്യത്തോടെ രംഗത്തുവരികയും പരിശീലനം നേടുകയും ചെയ്തു. ക്രമേണ അതും മന്ദീഭവിച്ചുപോയി. മൽസ്യതൊഴിലാളി മേഖലയിലുള്ള സഹകരണസംഘം നല്ല രീതിയിൽ നടക്കുന്നുണ്ട്. കയർമേഖലയിലുള്ള സഹകരണസംഘം തകർച്ചയെ നേരിടുകയാണ്. ഇപ്പോൾ 7 (ഏഴ്) സഹകരണസംഘങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

## പ്രശ്നങ്ങൾ

1. മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മ.
2. അംഗങ്ങളുടെ പങ്കാളിത്തക്കുറവ്.
3. സ്വജനപക്ഷപാതവും ദുർവ്യയവും.
4. അമിതമായ എസ്റ്റാബ്ലിഷ്മെൻറ്
5. പ്രാദേശിക വിഭവങ്ങളെ കണക്കിലെടുക്കാതെയുള്ള പ്രവർത്തനം.

ഈ പഞ്ചായത്തിലെ വിഭവങ്ങൾ വച്ചുനോക്കിയാൽ, മത്സ്യം, തേങ്ങ, തൊഴിലില്ലായ്മ, സ്ത്രീകളുടെ കുടിൽവ്യവസായങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി, ഓരോ മേഖലയിലുള്ളവരേയും പ്രത്യേകം വിഭാഗങ്ങളായി ചേർത്ത്, വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഇതിൻെറ നിയന്ത്രണം പഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് സേവനശീലനം നിഷ്ക്കളങ്കരുമായവരെ കണ്ടെത്തി മാനേജ്മെൻറ് പരിശീലനം നൽകി പ്രവർത്തനങ്ങൾ നടത്തിയാൽ ഇവിടെയും സഹകരണമേഖല പുഷ്ടിപ്പെടുത്തുവാനും കാർഷികവ്യവസായരംഗത്ത് ഒരു ചലനം സൃഷ്ടിക്കുവാനും കഴിയും.

നിലവിലുള്ളവ പുനരുദ്ധരിക്കുകയും പുതിയവ തുടങ്ങുകയും വേണം. സഹകരണമേഖലയെക്കുറിച്ച് അറിവ് വളർത്തുന്നതിന് അംഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

# പാർപ്പിടം

ചെല്ലാനം ഗ്രാമപഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിശോധിക്കുമ്പോൾ ഒട്ടും തൃപ്തികരമല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഭൂരിഭാഗവും നിർധനരായ തൊഴിലാളികളായതുകൊണ്ട് കൊച്ചുകൊച്ചു വീടുകളാണ് ഇവിടെയുള്ളത്. ആകെ 7039 കെട്ടിടങ്ങളാണ്. അതിൽ ഒന്നിൽ കൂടുതൽ നിയുള്ള കെട്ടിടങ്ങൾ വെറും 27 മാത്രം. തെങ്ങുകൾ സുലഭമായി ഉള്ളതിനാൽ പണ്ടുമുതൽക്കേ ഓല കെട്ടിടങ്ങളാണ് പ്രചാരത്തിലുള്ളത്. എന്നാൽ തെങ്ങുകൾക്ക് രോഗം ബാധിച്ചതിനാൽ ഓല കുറയുകയും വില വർദ്ധിക്കുകയും ചെയ്തുവെന്നതിനാൽ ഇപ്പോൾ ഏറെയും ഓടിട്ട വീടുകളായി മാറുകയാണ്. 5385 വീടുകൾക്ക് ഓടുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങളാണ് ഇപ്പോൾ വർദ്ധിച്ചുവരുന്നത്. എങ്കിലും 469 വീടുകളേ ഈ ഗണത്തിലുള്ളു. 1058 വീടുകൾ ഇന്നും ഓലമേഞ്ഞ കെട്ടിടങ്ങളായി തന്നെ അവശേഷിക്കുന്നു. ഭൂരിഭാഗം വീടുകളും അടുക്കളയുൾപ്പെടെ 3-4 മുറികൾ മാത്രം ഉള്ളവയാണ്.

കെട്ടിടനിർമാണസാമഗ്രികൾക്കുണ്ടായ വൻ വിലക്കയറ്റവും ലോണുകൾ ലഭിക്കാനുള്ള കാലതാമസവും പുതിയതായി വന്ന തീരപരിപാലനനിയമവും വീടുകളുടെ നിർമാണത്തെ തടസപ്പെടുത്തിയിരിക്കുന്നു. ഭവന നിർമാണരംഗത്തു പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളോ മറ്റ് പ്രൈവറ്റ് ഏജൻസികളോ ഇവിടെയില്ല. വളരെയേറെ പഴക്കമുള്ളതും പുരാതന നിർമാണ രീതിയിലുള്ളതുമായ ഗൃഹങ്ങളോ കെട്ടിടങ്ങളോ ഇവിടെ വളരെയൊന്നും അവശേഷിക്കുന്നില്ല.

ഹൗസിംഗ് കോളനികളൊന്നും ഇവിടങ്ങളിലില്ല. എന്നാൽ മത്സ്യത്തൊഴിലാളി കോളനി, പട്ടികജാതി/ വർഗ കോളനി എന്നിവയുണ്ട്. കൂടാതെ ലക്ഷംവീട് കോളനികളിൽപെട്ട 100 വീടുകളും സ്ഥാപിച്ചിട്ടുണ്ട്. ചേരിപ്രദേശങ്ങളില്ല. എന്നാൽ പുറംപോക്കുകളിൽ സ്ഥിരതാമസക്കാരായ 11 കയ്യേറ്റക്കാർ ഉണ്ട്.

കെട്ടിട നിർമാണത്തിനാവശ്യമായ കല്ല്, ഇഷ്ടിക, ഓട്, ചരൽ, സിമൻറ്, മരം എന്നുവേണ്ട ഒന്നും ഇവിടെയില്ല. എല്ലാം പുറത്തുനിന്നും ഇറക്കേണ്ടിയിരിക്കുന്നു. ആയതുകൊണ്ട് വൻ ചിലവാണ് ഓരോ കെട്ടിടത്തിനും വരുന്നത്. പണിക്കാരുടെ ദൗർലഭ്യവും കൂലികൂടുതലും ഈ രംഗത്ത് വർദ്ധിച്ചുവരികയാണ്. കൽപ്പണിക്കാർക്കും മറ്റ് പണിക്കാർക്കും 140 രൂപവരെ ഒരു ദിവസം കൂലിയുണ്ട്. ഗൾഫ് പണവും അടുത്ത പട്ടണങ്ങളിലെ വൻ കെട്ടിടനിർമ്മാണങ്ങളും സാധാരണക്കാർക്ക് ഒരു കൊച്ചു വീടു നിർമ്മിക്കുന്നതുപോലും അസാധ്യമാക്കിയിരിക്കുന്നു.

കെട്ടിട നിർമ്മാണ ചെലവുകൾ വർദ്ധിച്ചിട്ടുള്ള ഈ അവസരത്തിലും ആഡംബര മോഹവും, കോൺക്രീറ്റു ഭ്രമവും ഏറിവരുന്നുവെന്നതും വിരോധാഭാസമായി അവശേഷിക്കുന്നു. വീടുവയ്ക്കുന്നതിനുള്ള സ്ഥലം കിട്ടാത്തതിനാൽ ഇപ്പോൾ പണ്ടത്തെപ്പോലെ വീട്ടുവളപ്പുകൾ കുറവാണ്. 4 -5 സെൻറ് കൂടുതൽ ആരുംതന്നെ വാങ്ങി വീടുവയ്ക്കുന്നില്ല എന്നതുമാത്രമാണ് ഏറെ ആശ്വാസം. ചെലവുകുറഞ്ഞ വീടു നിർമാണ രീതിയും ഇനി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യവും വൻ വിലക്കയറ്റവും.
2. നിർമാണതൊഴിലാളികളുടെ ദൗർലഭ്യം.
3. വായ്പകൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
4. ചിലവുകുറഞ്ഞ വീടു നിർമിക്കുന്ന രീതി അറിവില്ലായ്മ.
5. ഉപ്പ് കാറ്റ് കാരണം വീടുകളും ഉപകരണങ്ങളും പെട്ടെന്നു നശിക്കുന്നു.

ഹൗസിംഗ് സൊസൈറ്റികൾ, നിർമിതികേന്ദ്ര ശാഖ എന്നിവ സ്ഥാപിച്ച് വീടില്ലാത്തവർക്കാവശ്യമായ സഹായങ്ങൾ ചെയ്തും കെട്ടിടനിർമാസാമഗ്രികളുടെ വില വർധന സർക്കാർ ഭാഗത്തു നിന്ന് നിയന്ത്രിച്ചും ചെലവു കുറഞ്ഞ വീടുകളുടെ നിർമാണ രീതി പ്രചരിപ്പിച്ചും ഒരു പരിധിവരെ ഈ രംഗത്തു പുരോഗതിയുണ്ടാക്കാൻ കഴിയും. നിർമ്മാണതൊഴിലാളി രംഗത്തുള്ളവരെ ചേർത്ത് മെയിൻറനൻസിനുള്ള സർവീസ് സംഘങ്ങൾ രൂപീകരിച്ചും മുന്നേറ്റം നടത്താവുന്നതാണ്.

ചെല്ലാനം പഞ്ചായത്തിൻെറ കീഴക്കെ അതിരിലൂടെ കായലോരത്ത് 20 മീറ്റർ വീതിയിൽ ഡ്രഡ്ജ് ചെയ്തു നികത്തുകയും കിഴക്കുഭാഗത്ത് റോഡും പടിഞ്ഞാറു ഭാഗത്ത് വീട് വയ്ക്കുന്നതിനുള്ള സ്ഥലവും ലഭ്യമാകും. തന്മൂലം ഈ പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർക്കും വീട് വയ്ക്കുന്നതിന് സ്ഥലം കൊടുത്താൽ ലോൺ സഹായത്തോടുകൂടി വീട് നിർമ്മിച്ച് ഈ പഞ്ചായത്തിൽ ഭവനനിർമ്മാണരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്താവുന്നതാണ്.

"സ്വ ആശ്രയ മാതൃകാഭവനപദ്ധതി" നടപ്പിലാക്കണം. ചെലവു കുറഞ്ഞ മാതൃകയിൽ നിർമ്മിച്ച വീട്, ശുദ്ധജലം, കന്നുകാലികൾ, ഗോബർഗ്യാസ് പ്ലാൻറ്, പുകയില്ലാത്ത അടുപ്പ്, അടുക്കളത്തോട്ടം, കറിക്ക് മീൻ പിടിക്കാൻ വല, സൈക്കിൾ എന്നിവയുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കണം.

# സാമൂഹ്യക്ഷേമം

രണ്ട് വിഭാഗത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളാണ് ഈ പഞ്ചായത്തിലും നടന്നുവരുന്നത്. ദരിദ്രവിഭാഗങ്ങൾക്കായുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും പിന്നോക്ക വിഭാഗങ്ങൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങളും, വിവിധ വിഭാഗങ്ങൾക്കായുള്ള പെൻഷനുകൾ, തൊഴിലില്ലായ്മാ വേതനം, മറ്റു ധനസഹായപദ്ധതികൾ എന്നിവയും തുടർന്നുവരുന്നു.

1992 ലെ ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ വളരെ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. ഇതിൽ വളരെ കുറച്ചുപേർക്കുമാത്രമാണ് ഇതേവരെ ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുള്ളത്. പ്രത്യേക പരിഗണന അർഹിക്കുന്ന അനേകം പേർ ഇനിയും അവശേഷിക്കുന്നു. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായവരെ പരിശീലിപ്പിക്കുന്ന ട്രൈസം പദ്ധതിയും നടപ്പിലാക്കി വരുന്നു.

വാർദ്ധക്യകാലപെൻഷൻ
വികലാംഗപെൻഷൻ
വിധവാ പെൻഷൻ
കർഷക തൊഴിലാളിപെൻഷൻ
മത്സ്യതൊഴിലാളി പെൻഷൻ
തൊഴിലില്ലായ്മാ വേതനം എന്നിവയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമ്മാർജനപദ്ധതികൾ വളരെ കുറച്ചു കുടുംബങ്ങൾക്കേ ലഭിക്കുന്നുള്ളൂ.
2. ഐ.ആർ.ഡി.പി. ലിസ്റ്റിൽ അനർഹർ കടന്നുകൂടുകയും അർഹതയുള്ളവർ തഴയപ്പെട്ടിരിക്കുകയും ചെയ്യുന്നു.
3. അഴിമതി ഈ രംഗത്ത് കൂടിവരുന്നു.
4. പദ്ധതികളുടെ അറിവില്ലായ്മ.
5. യഥാസമയം ആനുകൂല്യം കൃത്യമായി ലഭിക്കുന്നില്ല.

ധനസഹായപദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനു പഞ്ചായത്തിലുള്ള സർവീസ്, പെൻഷൻകാരുടെ സേവനം ഉപയോഗപ്പെടുത്തുക. ഇവരുടെ സമിതികൾക്ക് പദ്ധതികളുടെ വിവരങ്ങൾ അതാത് സമയങ്ങളിൽ തെറ്റാതെ അയച്ചുകൊടുക്കുക. ജനകീയാസൂത്രണ പ്രവർത്തകർക്ക് ക്ലാസുകൾ നൽകി സേവന സന്നദ്ധരാക്കുകയും അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് അധികാരം നൽകുകയും ചെയ്യുക.

ഇവിടെ 15 റേഷൻകടകളും ഒരു മാവേലിസ്റ്റോറുമുണ്ട്. ആകെ 6082 റേഷൻ കാർഡുകൾ ഉള്ളതിൽ 3641 വീടുകൾ വൈദ്യുതികരിച്ചതും 2441 വീടുകൾ വൈദ്യുതീകരിക്കാത്തതുമാണ്. റേഷൻ കാർഡുകളിൽ ആകെ 31122 പേർ ഉള്ളതിൽ 5157 പേർ 12 വയസുതികയാത്തവരാണ്. ഒരു വർഷത്തിൽ 2970 ടൺ അരിയും അരിയും ഗോതമ്പും 150 ടൺ പഞ്ചസാരയും 233844 ലിറ്റർ മണ്ണെണ്ണയും (ഇതിൽ 515 പെർമിറ്റുകളിലായി 47472 ലിറ്റർ സ്പെഷൽ മണ്ണെണ്ണയും ഉൾപ്പെടുന്നു) വിതരണത്തിനു വേണം.

എന്നാൽ അരി 2225 ടണ്ണും ഗോതമ്പ് 600 ടണ്ണും മാത്രമാണ് ഓരോ വർഷവും ചിലവാക്കുന്നത്. അരിയുടെ ഗുണനിലവാരമില്ലായ്മയും ഗോതമ്പ് ഭക്ഷണക്രമത്തിൽ കൂടുതൽ വരാത്തതുമാണ് ചിലവ് കുറയാൻ കാരണം.

ചെല്ലാനം വില്ലേജിൻെറ പൂർണ്ണഭാഗമായ 2005 ഏക്കറും കുമ്പളങ്ങി വില്ലേജിൻെറ 1618.5 ഏക്കറും പള്ളുരുത്തി വില്ലേജിൻെറ 1219.5 ഏക്കറും ചെല്ലാനം പഞ്ചായത്തിൽ ഉൾപ്പെടുന്നു. കുമ്പളങ്ങി പള്ളുരുത്തി വില്ലേജുകളുടെ ചെല്ലാനം പഞ്ചായത്തിലെ ഭാഗങ്ങൾ ഉൾപ്പെടുത്തി കണ്ണമാലി വില്ലേജ് ഓഫീസ് ആരംഭിക്കണം. കൂടാതെ പള്ളുരുത്തി ബ്ലോക്ക് ഓഫീസ് കണ്ടക്കടവിൽ ആരംഭിക്കുകയും വേണം.

ഇവിടെ ചെല്ലാനം കണ്ണമാലി എന്നിവിടങ്ങളിലായി രണ്ട് ടെലഫോൺ എക്സേഞ്ചുകളും 517 ടെലഫോൺ കണക്ഷനുമുണ്ട്. എന്നാൽ ആവശ്യത്തിന് പബ്ലിക്ക് ടെലഫോൺ ബൂത്തുകളില്ല. പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിലും നാണയമിട്ടുവിളിക്കുന്ന ടെലഫോണുകൾ സ്ഥാപിക്കണം. കൂടാതെ 4 പോസ്റ്റ് ഓഫീസുകളും ഈ പഞ്ചായത്തിലുണ്ട്. 1912 ൽ കണ്ടക്കടവിൽ സ്ഥാപിതമായ ''അണ്ടിക്കടവ്'' അഞ്ചലോഫീസാണ് ആദ്യത്തെ തപാൽ സ്ഥാപനം. ഈ പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ ഉണ്ട്.

• • •

# സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി

ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളാണ്. എന്നാൽ അക്ഷരാഭ്യാസത്തിൽ പിന്നോക്കവും. വനിതകൾ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ അനുഭവിക്കുന്നതും ഇവിടെത്തന്നെ. അതേപോലെ ആരോഗ്യത്തിൻെറ കാര്യത്തിലും സ്ത്രീകൾ ഒട്ടും മുന്നിലല്ല. വിദ്യാഭ്യാസം വർദ്ധിച്ചിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാക്കുന്ന പണികളിലേർപ്പെടുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. ഈ പഞ്ചായത്തിൻെറ പരിതസ്ഥിതിയിൽ സ്ത്രീകൾക്ക് ചെയ്യാവുന്ന ജോലികൾക്ക് ധാരാളം സാധ്യതകൾ ഉണ്ട്. അവകാശപ്പെടുന്നതുപോലെ ഈ രംഗത്ത് മുന്നേറുവാനുള്ള ശ്രമം സ്ത്രീകൾ നടത്തുന്നില്ല.

പുരുഷന്മാർ മത്സ്യബന്ധനം, കൃഷി, ഫാക്ടറി ജോലികൾ, ചെറു കച്ചവടങ്ങൾ, കെട്ടിടനിർമ്മാണ പണികൾ, മറ്റു കൂലിവേലകൾ എന്നിവയിൽ ഏർപ്പെടുമ്പോൾ സ്ത്രീകൾ വീട്ടുജോലികൾ മാത്രമേ മിക്കവരും ചെയ്യുന്നുള്ളൂ. കുറച്ചുപേർ വല, കയർ നിർമ്മാണത്തിലും ഏതാനും പേര് ചെമ്മീൻ സംസ്ക്കരണ രംഗത്തും ഉള്ളതൊഴിച്ചാൽ മറ്റ് കൂലിവേലകൾ ചെയ്യുന്നവരാണ് ഒരു വിഭാഗം. വീട്ടുജോലികൾക്കുശേഷം വെറുതെ അയൽക്കാർ കൂടിയിരുന്നു സംസാരിച്ചു സമയം കളയുന്നവരാണ് ഏറെയും. ജോലിക്കു പോകുന്നവരുടെ സൗകര്യാർത്ഥം കുട്ടികളെ നോക്കുന്ന ക്രഷും വൃദ്ധസദനുകളും ഇവിടെ ആവശ്യമാണ്.

വല, കയർ നിർമ്മാണം, മത്സ്യസംസ്ക്കരണം എന്നിവയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് വേതന നിലയിൽ ഗണ്യമായ അന്തരമുണ്ട്. എന്നാൽ മറ്റ് കൂലിവേല രംഗങ്ങളിൽ അത്ര വലിയ വ്യത്യാസം ഇല്ല. ആടു, മാടുകളേയും, കോഴി, താറാവ് എന്നിവയേയും വളർത്തുക. അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുക എന്നിവ വീട്ടുജോലിക്കുശേഷം ചെയ്യാവുന്നതാണെങ്കിലും അതിലൊന്നും താല്പര്യം ഇവിടത്തെ സ്ത്രീകൾ കാണിക്കാറില്ല.

സാമൂഹ്യ സാംസ്ക്കാരിക രംഗത്തും ഇവർ ഇടപെടാൻ മടിക്കുകയാണ്. സംഘടനാരംഗത്തും സ്ഥിതിവ്യത്യസ്തമല്ല. പറയത്തക്ക സ്ത്രീസംഘടനകൾ ഇല്ല. ആകെ കൂടിയുള്ളത് മഹിളാസമാജങ്ങൾ മാത്രമാണ്. ഇതിൻെറ പ്രവർത്തനവും മന്ദഗതിയിലാണ്. ഇങ്ങനെയൊക്കെയാണെങ്കിലും മതവിശ്വാസത്തിൻേറയും ഭക്തിയുടേയും കാര്യത്തിൽ മുൻപന്തിയിലാണ്. മതസംഘടനകളിൽ അംഗമാകാനും അവിടെ ഒട്ടിനിൽക്കാനുമാണ് താല്പര്യം. മതവിഭാഗങ്ങൾ നയിക്കുന്ന ലിറ്റിൽ വേ അസോസിയേഷൻ, വൈഡ്സ് എന്നീ സംഘടനകളിൽ വളരെയധികം സ്ത്രീകൾ അംഗങ്ങളാണ്. പ്രവർത്തനവും നന്നായി നടക്കുന്നു. 1992 ൽ നടന്ന ഒരു സ്ത്രീജന മുന്നേറ്റത്തിലൂടെ ഇവിടെയുള്ള ചാരായഷാപ്പുകൾ പൂട്ടി. ഇത് വളരെ ഗുണം ചെയ്യുന്നു എങ്കിലും സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം. ഇവിടത്തെ 8 കള്ളുഷാപ്പുകളും പൂട്ടി. അവിടത്തെ തൊഴിലാളികളെ ഉൾപ്പെടുത്തി പട്ടണങ്ങളിൽ കരിക്കുവില്പന ആരംഭിക്കണം. കൂടാതെ ഇവിടത്തെ മുഴുവൻ ജനങ്ങളെയും കടകളെയും (വ്യാപാരി വ്യവസായി) ഉൾപ്പെടുത്തി പുകയില കലർന്ന വസ്തുക്കളുടെ വില്പനയും ഉപയോഗവും നിരോധിച്ച് ആദ്യത്തെ പുകയില വിരുദ്ധ പഞ്ചായത്താക്കി കൊണ്ടുവരണം.

പൊതുരംഗത്ത് നിയമം മൂലം സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിച്ചിട്ടും 7 വനിതകൾ മാത്രമാണ് ഇന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായി സേവനരംഗത്തുള്ളത്. അംഗനവാടിയുടെ പ്രവർത്തനത്തിൽ 22 പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്. സ്ത്രീധനപീഡനവും ഉപദ്രവങ്ങളും കാര്യമായില്ല. എന്നാൽ വളരെ നേരത്തെ ഇവിടത്തെ സ്ത്രീകൾ വിവാഹിതരും അമ്മമാരുമായിത്തീരുന്നു. വിവാഹം സംബന്ധിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന ചില അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും നടപടിയായാണിതിനെ കാണേണ്ടത്. സാമൂഹ്യ സുരക്ഷിതത്തിലുള്ള ഭീഷണിയും ഇതിൽ നിഴലിക്കുന്നുണ്ട്. പൊതുരംഗത്തേയ്ക്ക് അഭ്യസ്തവിദ്യരായ വനിതകൾ വരാൻ മടിച്ചുനിൽക്കുന്നതിനുള്ള പ്രധാനകാരണവും സമൂഹത്തിൽ നിലനിൽക്കുന്ന അപവാദപ്രചരണവുമാണ്.

### പ്രശ്നങ്ങൾ

1. അനാചാരങ്ങളും, വിശാലമനസ്കതയുടെ കുറവും.
2. അപവാദ പ്രചരണങ്ങളിലുള്ള ഭയം.
3. സ്ത്രീകളുടെ തൊഴിലില്ലായ്മ.
4. ബാലികാ വിവാഹം.

വിവാഹപ്രായം നിയമംമൂലം ഉയർത്തുകയും സാമൂഹ്യ ബോധവൽക്കരണം നടത്തുകയും ചെയ്യുക. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും സ്ത്രീ സമാജങ്ങൾ വിപുലീകരിക്കുകയും ചെയ്താൽ തിരഞ്ഞെടുക്കപ്പെട്ടുവരുന്ന ഓരോരുത്തരും ഒരുവർഷം പത്തുവനിതകളെയെങ്കിലും വനിതാ നേതൃത്വത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരിക. അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള ഒരു ഗുണമായി രാഷ്ട്രീയ പാർട്ടികൾ ഈ പ്രവണതയെ കണക്കിലെടുക്കുക. സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വപരിശീലനങ്ങൾ നടത്തുക. അടുക്കളത്തോട്ട നിർമ്മാണം, കന്നുകാലി വളർത്തൽ എന്നിവയിൽ പരിശീലനവും സാമ്പത്തിക സഹായവും നൽകി പ്രോത്സാഹിപ്പിക്കുക. മദ്യവർജന പ്രസ്ഥാനത്തിൻെറ സന്ദേശവാഹകരായി സ്വയം തീരുന്നതിന് പ്രചോദനം നൽകുക.

# പട്ടികജാതി/വർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം 1759 (5.36%) ആണ്. ഇതിൽ 844 പുരുഷന്മാരും 915 സ്ത്രീകളും ഉൾപ്പെടുന്നു. ഇവർ പ്രധാനമായും ചെല്ലാനം സൗത്ത്, കണ്ടക്കടവ് എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. 2-ാം വാർഡ് പട്ടികജാതിക്കാരുടെ സംവരണ സീറ്റാണ്. ഇവിടെ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗമാണ് ചെല്ലാനം ഗ്രാമപഞ്ചായത്തിൻെറ ഇപ്പോഴത്തെ പ്രസിഡൻറ്. ഈ പഞ്ചായത്തിലെ ആദ്യത്തെ പട്ടികജാതിക്കാരനായ പ്രസിഡൻറ് എന്ന ബഹുമതിയും അദ്ദേഹത്തിനാണ്. അതേപോലെ തന്നെ ഈ പഞ്ചായത്തിലെ കണ്ണമാലി ബ്ലോക്ക് മണ്ഡലത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതും പട്ടികജാതിക്കാരിയായ ഒരു വനിതയാണ്. ബഹുമാനിതയായ അവർ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടുവെന്ന ഒരു പ്രത്യേകത കൂടി ചെല്ലാനം ഗ്രാമപഞ്ചായത്തിന് കൈവന്നിരിക്കുന്നു. അങ്ങിനെ 2 തല പഞ്ചായത്തുകളുടെ പട്ടികജാതി പ്രസിഡൻറുമാരുള്ള സംസ്ഥാന ബഹുമതി തന്നെ ഈ പഞ്ചായത്തിനാണ്.

ചെറുതും വലുതുമായ 11 കോളനികളിലും മറ്റ് വീടുകളിലും ഇവർ വസിക്കുന്നു. ഈ പഞ്ചായത്തിൽ ഒരു പട്ടികവർഗകുടുംബവും താമസിക്കുന്നുണ്ട്. കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളായ വെള്ളവും വൈദ്യുതിയും ഉണ്ട്. കോളനികളിലെ 72 കുടുംബങ്ങൾക്ക് വൈദ്യുതി ലഭിച്ചിട്ടുള്ളവയാണ്. ഇവരിൽ 30 കുടുംബങ്ങൾ സൗജന്യസ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരുമാണ്. പട്ടികജാതിക്കാരുടെ സാമ്പത്തിക സ്ഥിതി ഇനിയും ഉയരേണ്ടതായിട്ടുണ്ട്. സാമൂഹ്യ സാംസ്കാരിക മേഖലയിൽ മറ്റ് വിഭാഗക്കാരോടൊപ്പം തുല്യത കൈവന്നിട്ടുണ്ട്. വർണ്ണ വർഗ്ഗവിവേചനം കൂടാതെ എല്ലാവരോടൊപ്പം സാമൂഹ്യ നീതി ലഭിക്കുന്നു. ഇവരുടെ കുട്ടികളെല്ലാം സ്കൂളിൽ പോകുന്നുണ്ട്. സ്വന്തം വീടില്ലാത്തവർ ഇല്ല. ജാതിപരമായ ഉച്ചനീചത്വമോ, ജാതിചേർത്തു വിളിക്കുന്ന രീതിയോ ഇവിടെയില്ല. ഇവരുടെ വീടുകളിലെ എല്ലാ ചടങ്ങുകൾക്കും എല്ലാ ജാതിക്കാരും പോവുകയും സഹകരിക്കുകയും ഭക്ഷണ പാനീയങ്ങൾ ഒന്നിച്ചിരുന്ന് കഴിക്കുകയും ചെയ്തുവരുന്നു.

### പ്രശ്നങ്ങൾ

1. തൊഴിൽപരമായ പിന്നോക്കാവസ്ഥ.
2. ദാരിദ്ര്യം.
3. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള തടസ്സങ്ങൾ.

പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി വികസന പ്രവർത്തനങ്ങൾക്ക് തുക നീക്കിവയ്ക്കുക. വരുമാനവർദ്ധവിനായി കുടുംബാടിസ്ഥാനത്തിലുള്ള പദ്ധതികൾ തെരഞ്ഞെടുത്ത് നടപ്പാക്കുക. ക്ഷേമ പ്രവർത്തനങ്ങൾ ദാരിദ്ര്യനിർമാർജന പദ്ധതികൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ഊർജ്ജിതമായി നടപ്പിൽ വരുത്തിയാൽ ഇന്നുള്ള പിന്നോക്കാവസ്ഥയും തരണം ചെയ്യുവാനാകും.



# സംസ്ക്കാരം

സാംസ്ക്കാരികമായി പിന്നോക്കം നില്ക്കുന്ന പ്രദേശമാണിതെന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. വിവിധ മതവിഭാഗങ്ങളും ജാതികളുമായി വളരെ അടുത്ത സഹകരണമാണുള്ളത്. ആരാധനാലയങ്ങൾ പോലും അടുത്തടുത്ത് സ്ഥിതി ചെയ്യുകയും ഉത്സവങ്ങളും തിരുനാളുകളും പരസ്പരം സഹായം നൽകിയും സഹകരിച്ചും നടത്തിപ്പോരുന്നു.

ഹിന്ദു, ക്രിസ്ത്യൻ എന്നീ രണ്ടു മതവിഭാഗങ്ങൾ മാത്രമേ ഇവിടെയുള്ളൂ. ക്രിസ്ത്യൻ മതത്തിൽപ്പെടുന്നവർ ലത്തീൻ വിഭാഗത്തിൽപ്പെട്ടവരാണ്. ഹിന്ദുമതത്തിൽപ്പെട്ട ഈഴവർ, പുലയർ, കുഡുംബികൾ, വേലൻ, ഗൗഡസാരസ്വത ബ്രാഹ്മണർ, പണ്ഡിതർ, ഉള്ളാടൻ എന്നീ ജാതിക്കാരും ഉണ്ട്. ഇവരെല്ലാം വളരെ ന്യൂനപക്ഷമാണെന്നതും പ്രത്യേകത തന്നെ.

കൂടുതൽ സാംസ്ക്കാരിക സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. അതുപോലെതന്നെ വലുതും. എന്നാൽ പ്രശസ്തിയിൽ മുൻപന്തിയിൽ നിൽക്കുന്ന മതസ്ഥാപനങ്ങൾ ഉണ്ട്. കൂട്ടത്തിൽ ഏറെ പ്രശസ്തം തെക്കേ ഇന്ത്യയിലെ തന്നെ ഏറെ പേരുകേട്ട തീർത്ഥാടനകേന്ദ്രമായ കണ്ണമാലിയിലെ സെൻറ് ജോസഫ് ചാപ്പലും മാർച്ച് 19-ൻെറ തിരുനാളും ലക്ഷക്കണക്കിനാളുകൾ സന്ദർശിക്കുന്ന ഒന്നാണ്. 1905-ൽ ആരംഭിച്ച പള്ളിയും തിരുനാൾ നേർച്ചസദ്യയും വളരെ പ്രസിദ്ധമാണ്. ആദ്യകാലകോൺക്രീറ്റിൻെറ മഹിമയും സാങ്കേതികത്വവും വിളിച്ചോതുന്നതുമാണ് പോർച്ചുഗീസ് മാതൃകയിലുള്ള കണ്ണമാലി, കണ്ടക്കടവ്, ചെല്ലാനം ദേവാലയങ്ങൾ. ഇതേപോലെ തന്നെ വളരെയേറെ പഴക്കം ചെന്നതും പ്രശസ്തവുമാണ് അണ്ടിക്കടവ് ആനന്ദപുരം തിരുമല ദേവസ്വം ക്ഷേത്രം. ഏതാണ്ട് ഈ നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ സ്ഥാപിച്ചതാണ് ഈ ക്ഷേത്രം എന്നു പറയപ്പെടുന്നു. വളരെ ന്യൂനപക്ഷമായ മതവിഭാഗമാണെങ്കിൽപോലും അനേകം പേർ വർഷംതോറും ഇവിടത്തെ ഉത്സവങ്ങളിൽ പങ്കെടുക്കുന്നു.

ആകെ 6 പള്ളികളും 19 ചാപ്പലുകളും 14 ക്ഷേത്രങ്ങളും 6 കാവുകളും 5 കോൺവെൻറുകളും ഒരു ആശ്രമവും ഇവിടെയുണ്ട്. അനുദിനം വിശ്വാസികളുടെ സാമീപ്യവും ആരാധനയും ഇവിടെയൊക്കെ മുടക്കം കൂടാതെ നടക്കുന്നു. ദേശീയോത്സവമായ ഓണവും, ഈസ്റ്റർ, ക്രിസ്തുമസ്, ശ്രീകൃഷ്ണജയന്തി, മഹാശിവരാത്രി, ശ്രീനാരായണ ഗുരുദേവ ജയന്തി എന്നീ മഹൽ ദിനങ്ങളും എല്ലാവരും ഒത്തുചേർന്ന് ആടിയും പാടിയും ആഘോഷമായി കൊണ്ടാടുന്നു.

മറ്റിടങ്ങളിലെപ്പോലെ ദേശീയപ്രസ്ഥാനത്തിലും, സ്വാതന്ത്ര്യസമരത്തിലും പങ്കെടുത്തവരും ഇവിടെയും കുറവല്ലായിരുന്നു. കലാ-കായിക രംഗത്തും പറയത്തക്ക നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ക്രിസ്ത്യൻ വിഭാഗത്തിൻെറ പ്രത്യേക കലാവിഭാഗമായ ചവിട്ടുനാടവും, പരിചമുട്ടുകളിയും ഇവിടെ പ്രശസ്തമാണ്. വളരെയധികം കലാകാരന്മാർ ഇന്നും ഈ കലയിൽ അവശേഷിക്കുന്നു. എങ്കിലും ആവശ്യമായ പ്രോത്സാഹനം ലഭിക്കാത്തതിനാൽ ഈ കല നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. സിനിമാരംഗത്ത് പ്രശസ്തനും, മലയാള ചലച്ചിത്ര സംവിധാനത്തിൽ പുതിയ ടെക്നിക്കുകളുടെ ഉടമയുമായ "വിമൽകുമാർ" ഈ ഗ്രാമവാസിയാണെന്നുള്ളതും ഏറെപേര് അറിഞ്ഞിരിക്കില്ല. അതേപോലെ സാമൂഹ്യ സാംസ്ക്കാരിക രംഗത്തും ആദ്യകാല രാഷ്ട്രീയത്തിലും പ്രശസ്തനും കൊച്ചിനിയമസഭയിലെ എം.എൽ.സി.യുമായിരുന്ന ശ്രീ ബി.എം. പീറ്ററും സരസഗായക കവിയായ വി. എസ്. ആൻഡ്രൂസും ഈ പഞ്ചായത്ത് നിവാസികളായിരുന്നു.

സാംസ്ക്കാരിക കലാ കായിക സ്ഥാപനങ്ങൾ ഏറെയൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എങ്കിലും ചെല്ലാനത്ത് 1954 ൽ സ്ഥാപിച്ച ടാൻസൻ കലാസമിതി പഴയ സമിതികളുടെ കൂട്ടത്തിൽ ഇന്നും എടുത്തുപറയത്തക്കതായി നിലനിൽക്കുന്നു. അതേപോലെ 1936ൽ സ്ഥാപിച്ച ചെല്ലാനം ഗ്രാമീണവായനശാലയും ഇന്നും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തുവക സാംസ്ക്കാരികനിലയം അടുത്തകാലത്തായി ചെല്ലാനത്തു നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. കൂട്ടത്തിൽ ഒരു ഗ്രന്ഥശാലയും ഉണ്ട്. ക്ലബ്ബുകൾ ഏറെയുണ്ടായിരുന്നെങ്കിലും അവയെല്ലാം ടി.വി. യുഗാരംഭത്തോടെ മന്ദീഭവിച്ചിരിക്കുന്നു. പഞ്ചായത്തിൽ 2718 വീടുകളിൽ ടി.വി.യുണ്ട്. 4 ഇടങ്ങളിൽ നിന്നും കേബിൾ ടി.വി. സംപ്രേക്ഷണം നടത്തുന്നുണ്ട്. ഇതിൽ 348 കണക്ഷനുകളുണ്ട്. ടി.വി.യുടെ വരവോടെ റേഡിയോയുടെ പ്രസക്തി നഷ്ടപ്പെട്ടുവരികയാണ്.

രണ്ടു സിനിമാതീയേറ്ററുകൾ പ്രവർത്തിക്കുന്നു. കണ്ണമാലിയിൽ ഒരു ജിംനേഷ്യവും, സ്ഥാപിതമായിട്ടുണ്ട്. കളിസ്ഥലം ഇല്ലായെങ്കിലും ഇതിലേയ്ക്ക് 1 ഏക്കർ 21 സെൻറ് സ്ഥലം വാങ്ങിച്ചിട്ടിട്ടും വർഷങ്ങളായി വെറുതെ കിടക്കുന്നു. ഇവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മിക്കതിനും കളിസ്ഥലമില്ല എന്ന അവസ്ഥയാണ്. പഞ്ചായത്തിൻെറ പ്രചാരത്തിലുള്ള കായിക വിനോദങ്ങൾ ഫുഡ്ബോൾ, വോളിബോൾ, ബാറ്റ്മിൻറൺ, ക്രിക്കറ്റ് മുതലായവയാണ്. എന്നാൽ ഇവയിലൊന്നും പ്രശസ്തമായ ടീമുകൾ ഇല്ലായെന്നുള്ളതു കുറവുതന്നെയാണ്. വിജയം കനാലിരുവശവും

കരിങ്കൽ ചിറകെട്ടി വീതിയും ആഴവും കൂട്ടി വശങ്ങളിൽ ചെറിയ, ചെറിയ പാർക്കുകളും കളിസ്ഥലങ്ങളും നിർമ്മിക്കണം.

## പ്രശ്നങ്ങൾ

1. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം.
2. പുതിയ അനാചാരങ്ങൾ.
3. വർദ്ധിച്ചുവരുന്ന ആർഭാട അടിയന്തിരങ്ങൾ.
4. കായിക വിനോദങ്ങളുടെ അപര്യാപ്തത.
5. വർദ്ധിച്ച ചിലവുകൾ കലാസമിതികളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.
6. നാടൻ കലകളിലെ പ്രോത്സാഹനക്കുറവ്.
7. സമൂഹത്തിലെ വർദ്ധിച്ചുവരുന്ന സാംസ്ക്കാരിക അധഃപതനം.

ലൈബ്രറികളുടേയും ക്ലബുകളുടേയും പ്രവർത്തന ശൈലിയിൽ നവീകരണവും വൈവിധ്യവൽക്കരണവും, കിടമത്സരങ്ങൾ അവസാനിപ്പിച്ച് കൂട്ടായ സന്നദ്ധ പ്രവർത്തനം നടത്തണം. പൊതുപരിപാടികളോടനുബന്ധിച്ച് കായിക കലാപ്രകടനങ്ങൾ നിർബന്ധമായും ചേർക്കുക. പ്രാദേശികമായ ഉത്സവങ്ങളും പൊതു ആഘോഷങ്ങളും പ്രോത്സാഹിപ്പിക്കുക. കലാകായിക സാഹിത്യമത്സരങ്ങൾ അപ്പർ പ്രൈമറി സ്കൂൾ മുതൽ ആഴ്ചയിൽ ഒരുദിവസം എല്ലാ വിദ്യാർത്ഥികളേയും ചേർത്ത് നടത്തുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യുക. സ്റ്റേഡിയത്തിനുവേണ്ടി പഞ്ചായത്തുവാങ്ങിയിട്ടുള്ള കളിസ്ഥലത്ത് പ്ലേഗ്രൗണ്ട് ശരിപ്പെടുത്തുക.

● ● ●

# കടലാക്രമണം

കേരളത്തിൻെറ പടിഞ്ഞാറെ അതിർത്തിയായ അറബിക്കടലിൻെറ തീരത്തു കിടക്കുന്ന ഗ്രാമമായതുകൊണ്ട് ചെല്ലാനം പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തിയും 15 കി.മീ. തെക്കുവടക്കായി നീണ്ടുകിടക്കുന്ന കടൽത്തീരമാണ്. കേവലം 19.37 ച.കി.മീ. വിസ്തീർണ്ണമുള്ള ഈ കരയുടെ മിക്ക ഭാഗങ്ങളിലേയും വീതി 600 മീറ്ററിലും താഴെയാണ്. ഏതാണ്ട് 100 വർഷത്തേക്ക് മുമ്പും ഈ ദേശത്തിൻെറ വീതി ഇന്നുള്ളതിൻെറ മൂന്നിരട്ടിയായിരുന്നു. ഇന്നത്തെ രീതിയിലുള്ള കടലാക്രമണപ്രതി-രോധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പും 3-4 കി.മീറ്റർ വീതിയിലെങ്കിലും കര കടലെടുത്തു പോയിട്ടുണ്ട്. രണ്ടരലക്ഷം വരുന്ന നല്ല അനുഭവമുള്ള തെങ്ങുകൾ നഷ്ടപ്പെടുകയും അനേകം വീടുകളും സ്വത്തുക്കളും നഷ്ടപ്പെടുകയും ചെയ്തപ്പോൾ ഗത്യന്തരമില്ലാതെ വരികയും തീരദേശവാസികൾ ഒന്നായി സംഘടിച്ച് അന്നത്തെ കൊച്ചി ദിവാൻജിയായിരുന്ന ഷൺമുഖം ചെട്ടിയാർക്ക് നിവേദനം സമർപ്പിക്കയുമുണ്ടായി.അതിൻെറ ഫലമായാണ് 1945 മുതൽ സർക്കാരിൻെറ ഭാഗത്തു നിന്നും ആദ്യമായി കരിങ്കൽ ചിറ നിർമ്മാണം ആരംഭിച്ചത്. മുമ്പൊക്കെ കാലവർഷക്കാലത്ത് ചെളിയും, മണലും കൂടി കരയ്ക്ക് വന്നടിഞ്ഞ് 'ചാകര' എന്ന ഒരു പ്രതിഭാസം രൂപം പ്രാപിക്കുകയും, കടൽ ശാന്തമാവുകയും അതോടുകൂടി ധാരാളം മത്സ്യം ലഭിക്കുകയും ചെയ്യുമായിരുന്നു. കടലാക്രമണം ശക്തിയായതോടുകൂടി ആ പ്രതിഭാസം നിന്നുപോവുകയും അനുദിനമെന്നോണം ഇന്ന് കടൽ കരയെ കാർന്നുതിന്നുകയുമാണ്.

സർ റോബർട്ട് ബ്രിസ്റ്റോവിൻെറ ഭാവനയിൽ ഉടലെടുത്ത കൊച്ചി തുറമുഖത്തിൻെറ നിർമ്മാണം 1928 -ൽ കഴിഞ്ഞതോടുകൂടിയാണ് ഈ പ്രദേശങ്ങളിൽ ശക്തിയായ കടലാക്രമണം തുടങ്ങിയത്. കൊച്ചികായലിൽ പുതിയ കര നിർമ്മിച്ചതും, തുറമുഖത്തിന് ആഴം വർദ്ധിപ്പിച്ചതും ശക്തിയായ വെള്ളത്തള്ളലിന് കാരണമായി. ഭൂമദ്ധ്യരേഖ ഇന്ത്യയുടെ തെക്കുവശത്തുകൂടി കടന്നു പോകുന്നതുകൊണ്ട് കടലിലെ തെക്കോട്ടുള്ള ഒഴുക്കിൻെറ ഗതിക്ക് കിഴക്കുനിന്നുള്ള ഈ വെള്ളത്തള്ളൽ വിഘാതം സൃഷ്ടിക്കുകയും കടലിൽ രൂപപ്പെടുന്ന പടിഞ്ഞാറൻ കാറ്റ് ഈ ഒഴുക്കിനെ കരയിലേക്ക് തിരമാലകളും കുത്തൊഴുക്കുമാക്കി രൂപപ്പെടുത്തി ശക്തിയായി അടിക്കുകയും ചെയ്യുന്നുവെന്നാണ് അനുമാനം. ഇതു മുൻകൂട്ടി കണ്ടുകൊണ്ടാണ് തുറമുഖശില്പി തന്നെ കടലാക്രമണത്തെ തടുക്കുന്നതിന് തുറമുഖത്തിൻെറ ഇരു ഭാഗത്തു നിന്നും 2 കി.മീ. നീളത്തിൽ കടലിലേക്ക് പുലിമുട്ടുകൾ ഇടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നത്. എന്നാൽ അത് ഇന്നേവരെ പ്രാവർത്തികമാക്കിയിട്ടില്ല.

അതിരൂക്ഷമായ കടലാക്രമണത്താൽ കാട്ടിപ്പറമ്പ്, മാനാശ്ശേരി പ്രദേശം തകർന്നുപോവുകയും അവിടെ ഒരു അഴി രൂപാന്തരപ്പെടുകയും ചെയ്യുമെന്ന ഘട്ടംവന്നു. തുടർന്നുണ്ടായ ജനങ്ങളുടെ ശക്തമായ പ്രക്ഷോഭം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയെ ഇങ്ങോട്ടാകർഷിച്ചു. അന്ന് പ്ലാനിംഗ് മന്ത്രിയായിരുന്ന ഗുൽസാരിലാൽനന്ദ ഈ പ്രദേശം സന്ദർശിക്കുകയും, സ്ഥിരമായ ഒരുപ്രതിരോധം ഇവിടെ ആവശ്യമാണെന്നു ബോധപ്പെട്ടു. അതിൻെറ അടിസ്ഥാനത്തിൽ നടത്തിയ ഒരു വൻ പ്രതി-രോധ പ്രവർത്തനമാണ് ഇന്നവിടെ കാണുന്ന 'നന്ദ ബണ്ട്' എന്നറിയപ്പെടുന്ന കരിങ്കൽ ചിറകൾ. ഈ ബണ്ടു നിർമാണത്തിനുശേഷം അവിടെ കടലാക്രമണം കാര്യമായി അനുഭവപ്പെടുന്നില്ല. കരിങ്കല്ലുകൾക്കു പകരം പരീക്ഷണാർത്ഥം കോൺക്രീറ്റു ബ്ലോക്കുകൾ ഉണ്ടാക്കിയിട്ട പുലിമുട്ടുകൾ ഇന്നും യാതൊരു കേടുംകൂടാതെ നിലനിൽക്കുന്നത് എടുത്തു പറയേണ്ടതാണ്.

ഇപ്പോൾ ഈ ഗ്രാമപഞ്ചായത്തു പ്രദേശമാകെ കടലാക്രമണ ഭീഷണിയിലാണ്. ചെല്ലാനം, മറുവാക്കാട്, കണ്ടക്കടവ്, കണ്ണമാലി, ചെറിയകടവ് പ്രദേശങ്ങളിൽ ഓരോ വർഷവും ആക്രമണം കൂടി വരുന്നതിനാൽ ഉണ്ടായിരുന്ന കടൽഭിത്തിയും പുലിമുട്ടുകളും തകർന്ന് കഴിഞ്ഞിരിക്കുന്നു. അടിയന്തിരമായി ഇവ അറ്റകുറ്റപണി ചെയ്യുന്നതിനു കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധ ആവശ്യമാണ്.

അടുത്തകാലത്ത് ഉണ്ടായ കടലാക്രമണത്തിൽ വച്ച് ഏറ്റവും ശക്തമായത് 1965 ഡിസംബർ 5-ാം തീയതി ഉണ്ടായ പ്രകൃതിക്ഷോഭമാണ്. ഇതിൽ

അനേകം പേരുടെ ഭവനങ്ങളും, കൃഷിയും, സ്വത്തുക്കളും ഒറ്റരാത്രി കൊണ്ട് നഷ്ടപ്പെട്ടു. നിലവിലുണ്ടായിരുന്ന കടൽഭിത്തിയും മണൽവാടയും ഇതോടെ തകർന്നുപോവുകയും ജലനിർഗമനത്തിനുണ്ടായിരുന്ന കൈത്തോടുകൾ എല്ലാംതന്നെ നികർന്നു പോവുകയും ചെയ്തു. ഇതുപോലെയുള്ള അപ്രതീക്ഷിത കടലാക്രമണങ്ങളിൽ നിന്നു കരയെ രക്ഷിക്കുന്നതിനു ബലവത്തായ മണൽവാടകൾ സ്ഥിരമായി നിർമ്മിക്കുകയും കാലാകാലങ്ങളിൽ വർഷാരംഭത്തിനു മുൻപ് അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുന്നത് നന്നായിരിക്കും.

തുറമുഖശില്പി നിർദ്ദേശിച്ചതുപോലെയും കാട്ടിപ്പറമ്പിലെ ഗുൽസാരിലാൽ നന്ദ ബണ്ടിൻെറ മാതൃക സ്വീകരിച്ചും ശക്തമായ കരിങ്കൽഭിത്തിയും രണ്ടു കിലോമീറ്ററിന് ഒരു പുലിമുട്ടു വീതമെങ്കിലും വലിയ കരിങ്കല്ലുകൾ ഉപയോഗിച്ച് നിർമിക്കുകയും വേണം. പടിഞ്ഞാറുനിന്നും തെക്കു വടക്കായും ശക്തിയായ ഒഴുക്ക് തീരത്തോടനുബന്ധിച്ചുണ്ടാകുന്നതു കണക്കിലെടുത്ത് പരീക്ഷണമെന്ന നിലയിൽ ഒരു പ്രദേശം കേന്ദ്രീകരിച്ച് കരിങ്കല്ലിനു പകരം കോൺക്രീറ്റു പോസ്റ്റുകൾ ഒന്നിടവിട്ട അകലങ്ങളിൽ തീരത്തു നിന്നും പടിഞ്ഞോട്ടു നീട്ടി സ്ഥാപിച്ചാൽ തിരമാലയേയും ഇരുവശങ്ങളിലുള്ള ഒഴുക്കിനേയും ഒരേസമയം മുറിച്ച് ആക്രമണത്തിൻെറ ശക്തിയെ കുറക്കുവാനും തന്മൂലം മണൽവന്നടിഞ്ഞു കരയുണ്ടാകുന്നതിനു തരപ്പെടുകയും ചെയ്യും. ഈ തൂണുകളിൽ കാറ്റാടി തിരമാല യന്ത്രങ്ങളും സ്ഥാപിച്ചാൽ വൈദ്യുതി നിർമിക്കുന്നതിനും കഴിയും. ഈ പ്രകാരമുള്ള പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും ശക്തമായ പ്രതിരോധ നിർമ്മാണങ്ങൾ സ്വീകരിച്ചും മാത്രമേ ഈ തീരദേശത്തെ കടലാക്രമണങ്ങളിൽ നിന്നും രക്ഷിക്കാനാവുകയുള്ളുവെന്നാണ് ഈ തീരദേശവാസികളുടെ അനുഭവസമ്പത്തിൽ നിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ. കൂടാതെ കടൽഭിത്തി നിർമ്മിക്കുന്നതിനും, സംരക്ഷിക്കുന്നതിനും ആവശ്യമായ ഒരു റോഡു കടൽഭിത്തിയോട് ചേർത്ത് നിർമ്മിക്കുകയും വേണം. കൊച്ചി അഴിമുഖത്തു നിന്നും ഡ്രഡ്ജ് ചെയ്തു നീക്കുന്ന മണൽ ഈ പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്ത് നിക്ഷേപിക്കുകയും ചെയ്താൽ കരയിൽ മണൽ വന്നടിയുന്നത് വർദ്ധിക്കുകയും ആക്രമണശക്തി കുറയ്ക്കുവാൻ സഹായിക്കുകയും ചെയ്യും.



# വിഭവസമാഹരണം

പഞ്ചായത്തിൻെറ വികസനത്തിന് മുഖ്യഘടകം സാമ്പത്തികം തന്നെയാണല്ലൊ. 1995-96 വർഷത്തെ ചെല്ലാനം ഗ്രാമപഞ്ചായത്തിൻെറ വരവ് 22,62,547.40 രൂപയും ചെലവ് 22,48,781.85 രൂപയുമാണെന്ന് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ നിന്നു കാണാവുന്നതാണ്. വരവിനങ്ങളുടെ പ്രധാന സ്രോതസ്സ് വിവിധ ഇനങ്ങളിലുള്ള നികുതിയാണ്. 1. കെട്ടിട നികുതി 2. തൊഴിൽ നികുതി. 3. വിവിധയിനം വിനോദ നികുതികൾ 4. ലൈസൻസ് ഫീസുകൾ മുതലായ പ്രത്യക്ഷ നികുതികളാണ് ഏറെയും. പരോക്ഷ നികുതിയായി വസ്തു കൈമാറ്റ നികുതിയും വിവിധയിനം ഗ്രാൻറുകളും സർക്കാരിൽ നിന്നും ലഭിക്കുന്നു. നികുതിയേതര വരുമാനമായി മത്സ്യബന്ധന ലേലാവകാശമാണ്. ഇത് മൊത്തം വരുമാനത്തിൻെറ 46.62% വരും. മറ്റു പിരിവു ചെലവുകളൊന്നുമില്ലാതെ ലഭിക്കുന്ന ഈ സംഖ്യയാണ് വാസ്തവത്തിൽ പഞ്ചായത്തിൻെറ മൂലധന പ്രവർത്തനമായി വരുന്നത്.

ചിലവിനത്തിൽ പ്രധാനം ഭരണചിലവാണ്. 6,14,917 രൂപ കഴിഞ്ഞ വർഷത്തിൽ വേണ്ടിവന്നു. പിന്നീടുള്ളത് അടിസ്ഥാന സൗകര്യങ്ങളായ വെള്ളവും, വെളിച്ചത്തിനുവേണ്ടി ചെലവിടുന്ന സംഖ്യയും ജലവിതരണത്തിന് 2,40,187 രൂപയും തെരുവു വിളക്കുകൾക്ക് 3,60,450 രൂപയും ചെലവഴിച്ചു. ഇത് ആകെ വരുമാനത്തിൻെറ 21.2% വരും. പൊതു മരാമത്തു പണികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത് 1,75,768 രൂപ മാത്രമാണ്. ഈ സ്ഥിതിവിവരകണക്കുകളുടെ വിശകലനത്തിൽ നിന്നും അന്തിമമായി മനസ്സിലാക്കുവാനുള്ള വസ്തുത വരവിന് ആനുപാതികമായി ചെലവ് വർദ്ധിച്ചുവരികയും മൂലധന നിക്ഷേപത്തിനും ഇതര വികസന പദ്ധതികൾക്കും കാര്യമായ തുകയൊന്നും അവശേഷിക്കുന്നില്ലായെന്നുമാണ്.

കഴിഞ്ഞ 10 വർഷത്തെ വരവു ചെലവു കണക്കുകളും ആയതിലെ വ്യത്യാസവും താഴെ ചേർക്കുന്നു.

## വരവ് - ചെലവ് കണക്കുകൾ

| വർഷം | വരവ് | ചെലവ് | ഭരണചെലവ് | ഭരണ ചെലവ് ശതമാനം |
|---|---|---|---|---|
| 1986-87 | 8,54,444.55 | 5,69,119.77 | 1,89,891.23 | 33.36% |
| 1987-88 | 7,06,993.18 | 5,00,998.02 | 2,23,680.82 | 44.65% |
| 1988-89 | 7,42,288.40 | 8,22,442.30 | 1,97,145.50 | 23.97% |
| 1989-90 | 8,30,264.70 | 9,37,869.80 | 2,06,524.40 | 22.02% |
| 1990-91 | 18,86,791.93 | 14,66,310.64 | 3,11,494.20 | 21.24% |
| 1991-92 | 11,55,665.80 | 10,12,609.40 | 3,11,744.00 | 30.79% |
| 1992-93 | 12,12,713.25 | 14,44,790.20 | 3,39,913.00 | 23.53% |
| 1993-94 | 16,09,697.00 | 12,93,805.35 | 3,35,246.00 | 25.91% |
| 1994-95 | 27,28,402.95 | 19,82,903.75 | 4,36,044.00 | 22.00% |
| 1995-96 | 28,33,435.40 | 22,48,781.85 | 6,14,917.00 | 27.34% |
| ആകെ | 1,45,60,697.16 | 1,22,79,631.08 | 31.66,600.15 | 25.79% |

മേൽ വിവരിച്ച കണക്കുകളിൽ നിന്നും പഞ്ചായത്തിന്റെ ധനസ്ഥിതിയുടെ പോക്ക് എങ്ങോട്ടാണെന്നും, ഭാവിയിലേയ്ക്കുള്ള ചൂണ്ടുപലകയെന്താണെന്നും കാണിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ഇനിയും പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതായിട്ടുണ്ടെന്നുള്ളതാണ്. ഈ സത്യം ഉൾക്കൊണ്ടു വേണം ഇനിയുള്ള പഞ്ചായത്തിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ.

## സർക്കാരിൽ നിന്നു ലഭിക്കുന്ന വികസന ഫണ്ടുകൾ

| സാമ്പത്തിക വർഷം | അൺടൈഡ് ഫണ്ട് രൂപ പൈസ | ജവഹർ റോസ്ഗർ യോജന ഫണ്ട് രൂപ പൈസ |
|---|---|---|
| 1990-91 | 150000.00 | 282505.00 |
| 1991-92 | 150000.00 | 297800.00 |
| 1992-93 | 168000.00 | 268000.00 |
| 1993-94 | 173280.00 | 290650.00 |
| 1994-95 | 237000.00 | 205500.00 |
| 1995-96 | 251800.00 | 183920.00 |

മേൽപറഞ്ഞ സഹായ ഫണ്ടുകൾ കാലാകാലങ്ങളിൽ മാറ്റത്തിനു വിധേയമാണ്. എന്നാൽ ഇപ്രകാരം ഗ്രാൻറുകൾ ലഭിക്കുമെന്നു കരുതിക്കൂടാ. അനുദിനം വർദ്ധിച്ചുവരുന്ന ഭരണചിലവുകൾ ഒരു പരിധിവരെ മാത്രമെ നിയന്ത്രിച്ചു നിർത്തുവാൻ കഴിയൂ. വിവിധ വകുപ്പുകളുടെ ഭരണവിഭാഗങ്ങളെ പഞ്ചായത്തിനെ ഏൽപ്പിക്കുന്നതോടൊപ്പം ഭരണചിലവും വർദ്ധിച്ചു വരികയാണെന്നതു മറന്നുകൂടാ. ആയതിനാൽ പുതിയ വരുമാനമാർഗങ്ങൾ പഞ്ചായത്തുതന്നെ സ്വയം കണ്ടെത്തേണ്ട സ്ഥിതിയാണ്. സർക്കാരിൽ നിന്നു ലഭിക്കേണ്ട അവകാശങ്ങൾ വർദ്ധിപ്പിച്ചു വാങ്ങുകയും പഞ്ചായത്തിലുള്ള വിഭവങ്ങൾ കൂട്ടിയും, ജനങ്ങളുടെ മാനവശേഷി ക്രിയാത്മകമായി ഒത്തുചേർത്തും ഇതു സാധിക്കാവുന്നതാണ്.

കാലാകാലങ്ങളായി പാടശേഖരങ്ങൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന പഞ്ചായത്തിന്റെ പുറമ്പോക്ക് തോടുകളും ജലാശയങ്ങളും കണ്ടെത്തി, അളന്നു തിട്ടപ്പെടുത്തി ഇപ്പോൾ ലേലം ചെയ്യുന്ന പഞ്ചായത്തിന്റെ മറ്റു ചാലുകളെപ്പോലെ ഇവയും മത്സ്യകാപ്പിനു കൊടുക്കാൻ പഞ്ചായത്തിനു പുതിയതായി വൻ വരുമാനമുണ്ടാക്കുവാനാകും. നവംബർ മുതൽ മാർച്ച് 31 വരെ മാത്രമേ ഈ തോടുകൾ ലേലം ചെയ്തു കൊടുക്കാവൂ.

കഴിഞ്ഞ 10 വർഷകാലത്തിനുള്ളിൽ പഞ്ചായത്തിന് മത്സ്യബന്ധനാവകാശം ലേലത്തിൽ നിന്നും ലഭിച്ച തുക താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വരവ് സംഖ്യ രൂപ പൈസ |
|---|---|
| 1986-87 | 343685.00 |
| 1987-88 | 302930.50 |
| 1988-89 | 199934.00 |
| 1989-90 | 249475.00 |
| 1990-91 | 409852.50 |
| 1991-92 | 564787.00 |
| 1992-93 | 400675.00 |
| 1993-94 | 745213.60 |
| 1994-95 | 912550.00 |
| 1995-96 | 1054725.00 |

പഞ്ചായത്തിനകത്തുള്ള വാണിജ്യ സഹകരണ വായ്പാ സ്ഥാപനങ്ങളുടെ സഹായം തേടുകയെന്നതാണ് ഇതിൽ ഒരു മാർഗം. എന്നാൽ അത്തരത്തിൽ കാര്യമായ സഹായം നൽകുന്നതിനു പര്യാപ്തമായ വൻ സ്ഥാപനങ്ങൾ ഇവിടെയില്ല. ഉള്ളത് 3 ബാങ്കുകളിൽ 7 സഹകരണ സംഘങ്ങൾ എന്നിവയാണ് ഇവയുടെ നിലനിൽപ്പുതന്നെ പ്രശ്നാധിഷ്ഠിതമാണ്. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ഒന്നുമില്ല എങ്കിലും ബാങ്കുകളുടെ സഹകരണം പഞ്ചായത്തിനു തേടാവുന്നതാണ്. കൂടാതെ ഇവിടെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ സഹായവും അഭ്യർത്ഥിക്കാം. മറ്റൊരു സ്രോതസ്സ് വിദേശ ജോലിക്കാരുടെ സംഘടിതമായ സഹായങ്ങൾ തേടുകയെന്നുള്ളതാണ്. വളരെ

പേരൊന്നും ഈ വിഭാഗത്തിൽ ഇല്ലായെങ്കിലും ഉള്ളവരെ കണ്ടുപിടിച്ച് ഒരു അഭിപ്രായ സമന്വയം നടത്തിയാൽ പലതും ഇവർക്ക് നൽകാനാകും.

## പ്രശ്നങ്ങൾ

1. ഭരണചെലവ് വർദ്ധനവ്.
2. പഞ്ചായത്തിൻെറ വിഭവ സാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്താറില്ല.
3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പാ ലഭിക്കുന്നതിനുള്ള തടസം.
4. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ.
5. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം.
6. സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്.

പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തിയും പുതിയ സേവനങ്ങൾ നൽകി അവയ്ക്ക് ചാർജ് ഏർപ്പെടുത്തിയും ഭരണചെലവു ചുരുക്കിയും വിഭവ സമാഹരണത്തെ പരിപോഷിപ്പിക്കാം.

വരുമാന വർദ്ധനവിനുള്ള ശ്രമങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ പ്രധാനമായും നിലവിൽ പ്രാദേശികമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന വിഭവങ്ങളുടെ സമാഹരണമാണ്. ഇതിനുവേണ്ടി പഞ്ചായത്ത് പ്രത്യേകം തയ്യാറാക്കിയിട്ടുള്ള, ''കണ്ണമാലി, ചെറിയകടവ്, മത്സ്യബന്ധന തീരനിർമാണവും ടൂറിസം വികസനവും'' എന്ന പ്രത്യേക പരിപാടി അടിയന്തിരമായി പ്രാവർത്തികമാക്കാവുന്നതാണ്. ഈ പദ്ധതിയിലൂടെ എല്ലാ മേഖലയിലുമുള്ള സമഗ്രമായ വികസനം സാധ്യമാകുമെന്നു മാത്രമല്ല പഞ്ചായത്തിന് ധനനിക്ഷേപത്തിലൂടെ സ്ഥിരമായി നല്ലൊരു വരുമാനം ഉണ്ടാകുകയും ചെയ്യും.

## ചെറിയകടവ്-കണ്ണമാലി മത്സ്യബന്ധന തീരനിർമാണവും, വിനോദസഞ്ചാര വികസനവും

ചെല്ലാനം ഗ്രാമ പഞ്ചായത്തിൻെറ കിഴക്കെ അതിർത്തിയായ കൊച്ചിക്കായലിൻെറ ആഴം കുറഞ്ഞുപോയതിനാൽ മത്സ്യ സമ്പത്ത് കുറഞ്ഞു വരികയാണ്. മത്സ്യബന്ധനസൗകര്യം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തിൻെറ സാമ്പത്തികവും സമഗ്രവുമായ വികസനത്തിനു പര്യാപ്തമാകുംവിധം കുതിരക്കൂർകരിയുടെ തെക്കുപടിഞ്ഞാറെ അറ്റത്തു നിന്നും ആരംഭിച്ച് പഞ്ചായത്തിൻെറ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന ചുടുകാടു ചിറവരെ ഉദ്ദേശം 20 മീറ്റർ വീതിയും മൂന്നര കിലോമീറ്റർ നീളവും വരുന്ന ഒരു ബണ്ട് തെക്കു വടക്കായി നിർമ്മിക്കുക. ഇതിനാവശ്യമായ മണൽകായലിൻെറ നടുക്കു നിന്നും ഡ്രഡ്ജ് ചെയ്ത് എടുക്കാവുന്നതാണ്. തന്മൂലം ആഴം വർദ്ധിക്കുകയും ഒഴുക്കു കൂടുകയും മത്സ്യങ്ങൾക്ക് വളരുവാനുള്ള സാഹചര്യം ഉണ്ടാകുകയും ചെയ്യും.

പാണ്ടിക്കുടി ചെല്ലാനം റോഡിനു സമാന്തരമായും ഇപ്പോൾ നിലവിലുള്ള ഭൂമിയിൽ നിന്നും ഉദ്ദേശം 100 മീറ്റർ കിഴക്കുമാറി നിർമ്മിക്കുന്ന പ്രധാന ബണ്ടിനോട് ചേർത്തും നിലവിലുള്ള പുറമ്പോക്ക് തോടുകൾക്ക് സമാന്തരമായും കിഴക്കു പടിഞ്ഞാറ് ചെറിയ ചിറകൾ കൂടി നിർമിക്കുന്നതോടെ ഏതാനും ഫിഷ്പോണ്ട് കൂടി ഉണ്ടാക്കുവാനും അവയിൽ ചെമ്മീൻ, ഞണ്ട്, കല്ലുമ്മേക്കായ, കക്ക മുതലായവ വളർത്തുന്നതിനുള്ള 9 ഹാച്ചറികളുണ്ടാക്കുന്നതിനോ അല്ലെങ്കിൽ വാറ്റി മത്സ്യ പിടിക്കുന്നതിനോ കഴിയും. കൂടാതെ തെക്കെ അറ്റത്ത് കണ്ണമാലി പള്ളി മുതലുള്ള സ്ഥലവും, ചെറിയകടവ് പള്ളിക്ക് തെക്കുവശമുള്ള തോട് മുതൽ കമ്പനിപ്പടി വരെയുള്ള സ്ഥലവും നികർത്തിയെടുത്ത് പാർപ്പിടങ്ങൾ, പൂന്തോട്ടം, മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ഓഫീസ് സമുച്ചയങ്ങൾ, ഫിഷിംഗ്ബോട്ട് റിപ്പയറിംഗ് യാർഡ് മുതലായവ ഉണ്ടാക്കുന്നതിനും, തരപ്പെടുത്താവുന്നതുമാണ്.

ചെറിയ കടവ് കട്ടിക്കാട്ട് തോടിൻെറ വടക്കെ അതിരിൽ നിന്നും പുതിയ പ്രധാന ബണ്ടുവരെ കിഴക്കു പടിഞ്ഞാറായി 5 മീറ്റർ വീതിയിലും 100 മീറ്റർ നീളത്തിലുമുള്ള ഒരു ബണ്ടു നിർമ്മിച്ച് കിഴക്കുഭാഗത്ത് മെയിൻ ബണ്ടിൽ ഒരു റഗുലേറ്റർ സ്ഥാപിക്കുക. ഈ ബണ്ടിൻെറ നിർമാണംകൊണ്ട് കുതിരക്കൂർകരി പ്രദേശത്തു താമസിക്കുന്നവർക്ക് സഞ്ചാരസൗകര്യവും 800 ഏക്കർ വരുന്ന കൃഷി നിലങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിനും അനേകലക്ഷം രൂപ വാർഷിക വരുമാനമുണ്ടാകുന്ന വിധത്തിലുള്ള ഒരു വലിയ ഫിഷ്പോണ്ട് ഉണ്ടാക്കുന്നതിനും ഉപകരിക്കും. ഫിഷ്പോണ്ടുകളുടെയും, ഹാച്ചറികളുടെയും, ഒരു ഭാഗം നികർത്തിയെടുത്ത് ഷെഡ്ഡും, കമ്പിവേലിയും നിർമിക്കേണ്ടതുമാണ്.

നിശ്ചിത മെയിൻ ബണ്ടിൽ 8 മീറ്റർ വീതിയിൽ ഇരുകരകളും ബന്ധിച്ച് തെക്കു വടക്കായി ഒരു മെയിൻ റോഡും, ചെറിയകടവ് കമ്പനി പടിക്കു സമീപമുള്ള 'ഫിഷ് ലാൻറിംഗ് റോഡും' കണ്ണമാലി സെൻറ് ജോസഫ് ചാരിറ്റീസിനു മുൻവശമുള്ള പഞ്ചായത്തു റോഡും നീളംകൂട്ടി പുതിയ മെയിൻറോഡിനോടു ചേർക്കുക.

കടലാക്രമണസമയത്തും വർഷകാലത്തും വെള്ള കെട്ടുണ്ടാകുമ്പോൾ നിർബാധം പറമ്പുകളിലെ വെള്ളം ഒലിച്ചുപോകുന്നതിന് നിലവിലുള്ള പുറമ്പോക്ക് തോടുകൾക്ക് ആഴം കൂട്ടുകയും കിഴക്കുവശത്തെ മെയിൻബണ്ടിന് കൽവർട്ടുകൾ പണിയുകയും ചെയ്യേണ്ടതാണ്.

കണ്ണമാലി പള്ളിക്കു മുൻവശത്ത് ഒരു കടത്തുകടവും ബോട്ടു ജട്ടിയും സ്ഥാപിക്കുകയും, കടത്തുവള്ളവും കായലിൽ ഉല്ലാസയാത്രയ്ക്കുള്ള കളിയോടങ്ങളും മിനിബോട്ടുകളും ഏർപ്പെടുന്ന പക്ഷം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും സഞ്ചാരസൗകര്യം വികസിപ്പിക്കുന്നതിനും കഴിയും. കൂടാതെ പുതിയ തീരത്തിനു കിഴക്കുവശത്ത് ഏതാനും കമ്പവലകളും പദ്ധതിപ്രദേശത്തുവരുന്നമെയിൻ ബണ്ടിന്റെ ഇരുവശവും, ഉൾചിറകളിലും നിശ്ചിത അകലത്തിൽ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക, റോഡിന്റെ വശങ്ങളിൽ ഇളനീർ പൊയ്ക, കമ്പവലകൾക്കിടയിൽ വർണകുടകളും കോൺക്രീറ്റ് ബഞ്ചുകളും അലങ്കാരവിളക്കുകളും സ്ഥാപിക്കുകയും ചെയ്താൽ വിദേശികൾക്കു വിശ്രമിക്കുന്നതിനും സല്ലപിക്കുന്നതിനും കൂടുതൽ സാധ്യതകൾ കൈവരുകയും ഇവിടം ഒരു ടൂറിസ്റ്റു കേന്ദ്രമായി മാറ്റുവാനും സാധിക്കും.

ഈ പദ്ധതി ഘട്ടങ്ങളായി നടപ്പിലാക്കാവുന്നതും ആദ്യഘട്ടം പൂർത്തിയാകുന്നതോടെ പഞ്ചായത്തിനു വരുമാനം ലഭിച്ചു തുടങ്ങുകയും പദ്ധതി പൂർണ്ണമാകുന്നതോടെ കൃഷി, മത്സ്യബന്ധനം, വ്യാപാരം, ഗതാഗതം, പാർപ്പിടം, വിനോദസഞ്ചാരം, തൊഴിൽ എന്നിവയുടെ വികസനവും പഞ്ചായത്തിന് നികുതിയേതര വരുമാനത്തിൽ ഗണ്യമായ നേട്ടവും കൈവരിക്കാവുന്നതാണ്.





തൊഴിലുപകരണ വിതരണമേള ഉദ്ഘാടനം.



തൊഴിലുപകരണ വിതരണമേള.



*എല്ലാവരുടെയും അത്യാവശ്യങ്ങൾ*
*നിറവേറ്റാൻ വേണ്ട വിഭവങ്ങൾ*
*ഈ പ്രകൃതിയിലുണ്ട്. എന്നാൽ*
*ആരുടെയും ദുരയെ*
*തൃപ്തിപ്പെടുത്തുവാൻ*
*വിഭവങ്ങളില്ലതാനും*

*-മഹാത്മാഗാന്ധി-*

# അധികാരം ജനങ്ങളിലേക്ക്

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി


### ചെല്ലാനം ഗ്രാമപഞ്ചായത്തിൻെറ പ്രത്യേക വികസന നിർദ്ദേശങ്ങൾ

- ☆ ശുദ്ധജല- ജലസേചന സമാന്തരപദ്ധതി
- ☆ ചെറിയകടവ്- കണ്ണമാലി മത്സ്യബന്ധന തീര നിർമ്മാണവും ടൂറിസ വികസനവും
- ☆ കണ്ടക്കടവ്- മൂലപ്പൻ തുരുത്ത് കായലോര പാർപ്പിട പദ്ധതി
- ☆ സ്വ: ആശ്രയ ഭവന പദ്ധതി
- ☆ പുലിമുട്ടു പദ്ധതിയും കടൽതീര റോഡും
- ☆ ദേശീയപാത 17-ഉം 49-ഉം പഞ്ചായത്തുമായി ബന്ധിപ്പിക്കൽ
- ☆ ആധുനിക ഫിഷ് ലാൻറിങ്ങ് സെൻറർ
- ☆ ജലഗതാഗത പുനരുദ്ധാരണം
- ☆ മേഖലാ കൂട്ടുകൃഷി പദ്ധതി
- ☆ യുവസന്നദ്ധസേനാ രൂപീകരണം

**പുത്തൻ വികസന രാഷ്ട്രീയം**
**നാടിൻ നന്മയ്ക്ക്**

അധികാരം ജനങ്ങളിലേക്ക്

ജനകീയാസൂത്രണപ്രസ്ഥാനം



# വികസന സെമിനാർ റിപ്പോർട്ട്

## 1996 ഡിസംബർ 14

## കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്

# ഉള്ളടക്കം


1. ആമുഖം
2. സാമൂഹ്യസാംസ്ക്കാരിക ചരിത്രം
3. ഭൂപ്രകൃതി
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണവും മത്സ്യബന്ധനവും
6. വ്യവസായം
7. ഗതാഗതവും ഊർജ്ജവും മാർക്കറ്റും
8. കുടിവെള്ളവും പൊതുജനാരോഗ്യവും
9. ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും
10. വിദ്യാഭ്യാസം
11. സംസ്ക്കാരം
12. വനിത
13. സഹകരണ മേഖല
14. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
15. വിഭവസമാഹരണം.

# കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട്

കേരള സംസ്ഥാനത്ത് ആസൂത്രണ പ്രക്രിയയിൽ ഒരു പുതുയുഗം തുറക്കുവാൻ പോവുകയാണ്. കഴിഞ്ഞ എട്ടു പദ്ധതികളും മുകളിൽ നിന്ന് ആസൂത്രണം ചെയ്യുകയായിരുന്നു. എന്നാൽ 1997 ഏപ്രിൽ മുതൽ നടപ്പാക്കുന്ന ഒമ്പതാം പദ്ധതി കേരളത്തിൽ ജനപങ്കാളിത്വത്തോടെ രൂപം കൊടുക്കുവാനുമാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ ലക്ഷ്യം നിറവേറ്റുവനാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നല്കിയിട്ടുള്ളത്. ഒമ്പതാം പദ്ധതി തുകയുടെ 35 40 ശതമാനം വിവിധ തട്ടുകളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്നാണ് അറിയുന്നത്. പദ്ധതി രൂപീകരണം മുതൽ അതു നടപ്പിലാക്കുന്നതു വരെ എല്ലാം ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതു വഴി പുതിയ ഒരു വികസന കാഴ്ചപ്പാട് രൂപം കൊള്ളുവാൻ പോവുകയാണ്.

ജനകീയാസൂത്രണത്തിൻെറ വിവിധ ഘട്ടങ്ങളിലായിട്ടുള്ള പ്രവർത്തനങ്ങൾക്ക് കുമ്പളങ്ങി ഗ്രമപഞ്ചായത്ത് നേതൃത്വപരമായിട്ടുള്ള പങ്ക് വഹിച്ചു പോരുകയാണ്. ആദ്യഘട്ടം നടന്ന ജില്ലാതല പരീശീലനത്തിൽ 12 പേർ പങ്കെടുത്തു. പഞ്ചായത്തു തല പരീശീലനം 96 സെപ്റ്റംബർ 18ന് ഗവ. യു.പി.സ്കൂളിൽ നടന്നു. 84 പേർ പങ്കെടുത്തു. പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച പ്രകാരം ഒക്ടോബർ 13ന് മുൻപ് 11 വാർഡുകളിലെയും സ്പെഷ്യൽ ഗ്രാമസഭകൾ കൂടി 12 വിഷയ ഗ്രൂപ്പുകളായി ചർച്ച നടത്തി പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുകയുണ്ടായി. ഗ്രാമസഭകൾ വിളിക്കുന്നതിന് നോട്ടീസ് അടിച്ച് വീടുകളിൽ എത്തിക്കുകയുംചെയ്തു. ആറ് കേന്ദ്രങ്ങലിൽ ജില്ലാ കലാജാഥ പരിപ്പാടികൾ അവതരിപ്പിച്ചു. ഗ്രമസഭകളിൽ ജനങ്ങളുടെ പങ്കാളിത്തം കുറവായിരുന്നു. സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. ശരാശരി 114 പേരാണ് ഗ്രമസഭകളിൽ പങ്കെടുത്തത്. ഒക്ടോബർ 13ന് നടന്ന 3, 8 വാർഡുകളിലെ ഗ്രമസഭകളിൽ ബഹു. ജില്ലാ കളക്ടർ V.Pജോയി, ജനകീയാസൂത്രണ സമിതി ജില്ലാ കോ-ഒർഡിനേറ്റർ പ്രൊ: രമാകാന്തൻ എന്നിവർ പങ്കെടുക്കുകയുണ്ടായി. 3-ാംവാർഡിലെ ഗ്രാമസഭയിൽ ശ്രീ:ഡോമിനിക്ക് പ്രസൻേറഷൻ MLAയും പങ്കെടുത്തിരുന്നു.ജില്ലാ പഞ്ചായത്ത് മെമ്പർ,ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ എന്നിവർ മിക്ക ഗ്രാമസഭകളിലും പങ്കെടുക്കുക യുണ്ടായി. ജനകീയാസൂത്രണത്തിൻെറ രണ്ടാം ഘട്ട ജില്ലാതല പരിശീലനം ബ്ലോക്ക് കേന്ദ്രീക്കരിച്ച് ഒക്ടോബർ 25, 26, 27 തിയ്യതികളിൽ കുമ്പളങ്ങി സെൻറ് പിറ്റേഴ്സ് കമ്മ്യൂണിറ്റിഹാളിലാണ് നടക്കുന്നത്. പ്രാദേശിക പരിശീലനം നവംബർ 2ന് ഗവ: യു. പി. സ്കുളിലും നടത്തി. 52 പേർ ആ പരിശീലന പരിപാടിയിൽ പങ്കെടുത്തു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൻെറ ഭാഗമായി ദ്വിതീയ വിവരശേഖരണം, പഠനപര്യടനം, കാരണവയോഗം, ഉദ്യാഗസ്ഥന്മാരുടെ യോഗം എന്നിവ നടത്തുകയുണ്ടായി.

ഇങ്ങനെ വിവിധ തലങ്ങളിൽ നിന്ന് കിട്ടിയ വിവരങ്ങളും ഗ്രാമസഭകളിൽ നിന്ന് കിട്ടിയ റിപ്പോർട്ടുകളും സമഗ്രമായി വിലയിരുത്തികൊണ്ടാണ ഒരു വിദഗ്ദസമിതി ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിദഗ്ധസമിതി തയ്യറാക്കിയതും 23.11.96 ന് കൂടിയ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് അംഗീക്കരിച്ചതുമായ വികസന റിപ്പോർട്ടാണ് സെൻറ് പിറ്റേഴ്സ് കമ്മ്യൂണിറ്റി ഹാളിൽ ചേരുന്ന വികസന സെമിനാറിൽ വിശദമായി ചർച്ചയ്ക്കും പരിഗണനക്കും വേണ്ടി സമർപ്പിക്കുന്നത്. ഗ്രാമസഭകളുടെ സംഘാടനം മുതൽ വികസന സെമിനാർ നടത്തുന്നതു വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സഹായിച്ച വ്യക്തികൾക്കും സംഘടനകൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

കുമ്പളങ്ങി
30.11.1996

വിശ്വസ്ഥതയോടെ,
മോളി ലിയോൺസ്,
പ്രസിഡൻറ് & ചെയർമാൻ,
ജനകീയ ആസൂത്രണ സമിതി
കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത്
കെ.കെ.രാജു,
കൺവീനർ,
ജനകീയ ആസൂത്രണ സമിതി,
കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത്.

## കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട് 1996

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | - കുമ്പളങ്ങിഗ്രമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | - ചക്യാമുറി, പഴങ്ങാട്, ഇല്ലിക്കൽ, കുമ്പളങ്ങി നോർത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | - പള്ളുരുത്തി |
| താലൂക്ക് | - എറണാകുളം കൊച്ചി. |
| വിസ്തീർണ്ണം | - 15.21 ച. കി. മി. |
| ജനസംഖ്യ | - 24,501 (1991 സെൻസസ്) |
| വാർഡുകൾ | - 11 |
| വനിതാ വാർഡുകൾ | - I,VI,IX,XI |
| പട്ടികജാതി / പ. വർഗ്ഗ | |
| സംവരണ വാർഡ് | - III |

### അതിരുകൾ

| | |
|---|---|
| വടക്ക് | - കുമ്പളങ്ങി പെരുമ്പടപ്പ് കായൽ |
| തെക്ക് | - കുമ്പളങ്ങി എഴുപുന്നകായൽ |
| കിഴക്ക് | - കുമ്പളങ്ങി -അരൂർ കായൽ |
| പടിഞ്ഞാറ് | - ചെല്ലാനം പാണ്ടിക്കുടി റോഡ്. |

### മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

ശ്രീ: ജാതഭേദഷേണായി,
ശ്രീ: T.J. അലക്സാണ്ടർ
ശ്രീ: C.K.ദാമോദരൻ
ശ്രീ: K.D. സേവ്യർ
ശ്രീ: P.A ജോബ് മാസ്റ്റർ
ശ്രീമതി ബിന്ദു ഇട്ടൂപ്പ്
ശ്രീമതി വിറോമ്മ ലോറൻസ്

### മുൻ പഞ്ചായത്ത് വൈസ് പ്രസിഡൻറുമാർ

ശ്രീ : ആൻറണി കോച്ചേരി
ശ്രീ : K.T.ധരണീന്ദ്രൻ
ശ്രീമതി വാസന്തി രാജൻ
ശ്രീമതി ഷാലറ്റ് പിറ്റർ
ശ്രീ : കെ. കെ. രാജു

1953ലാണ് ആദ്യമായി പ്രയപൂർത്തി വേട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ കുമ്പളങ്ങി പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നത്. ശ്രീ. ജാതവേദഷേണായി ആയിരുന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ്. ഇതിനുമുൻപ് കരം കൊടുക്കുന്നവർക്ക് മാത്രമേ വോട്ടവകാശമുണ്ടായിരുന്നുള്ളു. അന്നത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ: C.L. പോൾ ചക്യാമുറിയായിരുന്നു. പ്രായപൂർത്തി വോട്ടിൻെറ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടന്നതിനുശേഷം അഞ്ചാമത്തെ ഭരണസമിതിയാണ് നിലവിലുള്ളത്

### നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| വാർഡ് | അംഗങ്ങളുടെ പേര് |
|---|---|
| I | ശ്രീമതി വിറോമ ലോറൻസ് |
| II | ശ്രീ അഗസ്റ്റൻ പോൾ ചാക്യാമുറി |
| III | ശ്രീ. സി.കെ ഭാർഗ്ഗവൻ |
| IV | ശ്രീ. തോമസ് കോച്ചേരി |
| V | ശ്രീ. കെ. കെ. രാജു |
| VI | ശ്രീമതി മോളി ലിയോൺസ് |
| VII | ശ്രീ. ജെയ്സൺ ടി.ജോസ് |
| VIII | ശ്രീ. പി.കെ.സത്യൻ |
| IX | കുമാരി ജിനി സേവ്യർ |
| X | ശ്രീ. ആൻറപ്പൻ കോച്ചേരി |
| XI | ശ്രീമതി മേരി ടീച്ചർ |

പ്രസിഡൻറ് - ശ്രീമതി മോളി ലിയോൺസ്
വൈസ് പ്രസിഡൻറ് - ശ്രീ. ആൻറപ്പൻ കോച്ചേരി

### ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

| | |
|---|---|
| ചാക്യാമുറി വാർഡ് | - ശ്രീ. കെ.ഡി. സേവ്യർ |
| പഴങ്ങാട് വാർഡ് | - ശ്രീമതി സൂര്യകല |
| ഇല്ലിക്കൽ വാർഡ് | - കുമാരി പി.എ. ലീനറ്റ് |
| കുമ്പളങ്ങി നോർത്ത് | - ശ്രീ. ജോൺ പഴേരി, |
| ജില്ലാ പഞ്ചായത്ത് മെമ്പർ | - ശ്രീമതി ബിന്ദു ഇട്ടൂപ്പ്. |

### കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് സ്റ്റാഫ്

| | |
|---|---|
| 1. സെക്രട്ടറി | - കെ. എക്സ്. എസ് ജോർജ്ജ് |
| 2. ഹെഡ് ക്ലാർക്ക് | - കെ. ഡി. അന്ന. |
| 3. യു. ഡി. ക്ലാർക്ക് | - കെ ജി. പ്രതാപൻ |
| 4. യു. ഡി. ക്ലാർക്ക് | - കെ. എം. സൈനുദ്ദീൻ |
| 5. യു. ഡി. ക്ലാർക്ക് | - എ.എ. ശരത്കുമാർ |
| 6. ഓവർസീയർ | - എൻ.ആർ. ശാരദ |
| 7. എൽ.ഡി. ക്ലാർക്ക് | - കെ എം. പീറ്റർ |
| 8. എൽ.ഡി. ക്ലാർക്ക് | - വി. കമലേശൻ |
| 9. പ്യൂൺ | - എം. വി. പരമേശ്വരൻ |
| 10. പ്യൂൺ | - സി. എ. റംലത്ത്. |

# സാമൂഹ്യ സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

അറബിക്കടലിൻെറ റാണിയായ കൊച്ചി തുറമുഖത്തിൻെറ 10 - 12 കി. മീ. തെക്കുമാറിയും അരൂർ ഇടക്കൊച്ചി പാലത്തിൻെറ പടിഞ്ഞാറു ഭാഗത്തായും മൂന്നു വശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന മനോഹരമായ ഒരു ഭൂപ്രദേശമാണ് കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്. കൊച്ചി താലൂക്കിലുള്ള ഒൻപതു പഞ്ചായത്തുകളിൽ വെച്ച് ഏറ്റവും ജനസാന്ദ്രതയുള്ള ഒരു പഞ്ചായത്താണ്.

ഈ പഞ്ചായത്തിന് എന്തുകൊണ്ടാണ് കുമ്പളങ്ങി എന്ന പേരുണ്ടായത് എന്നും ആദ്യം ഈ പഞ്ചായത്തിൽ താമസമുറപ്പിച്ച ജനങ്ങളുടെ ജീവിത രീതിയെക്കുറിച്ചും വിശ്വസനീയങ്ങളായ യാതൊരു രേഖയും ഇതേവരെ കണ്ടെത്തിയിട്ടില്ല. എന്നാൽ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലും ചില ഡയറി കുറിപ്പുകളുടെ അടിസ്ഥാനത്തിലും കുറെ നമ്പൂതിരി ഇല്ലങ്ങളും അവരുടെ ആശ്രിതരായ കുറെ ക്രിസ്ത്യാനികളും ഈഴവരും കൃഷിപ്പണിക്കാരായ പുലയരാദി പിന്നോക്ക സമുദായക്കാരുമാണ് ആദ്യകാലങ്ങളിൽ ഇവിടെ താമസിച്ചിരുന്നത്. കേളംകുളത്ത് മന, പൂമന, കുന്നപ്പള്ളിമന, വലിയ കുളത്തുമന, കോലോത്തുമന, എന്നിവയായിരുന്നു അക്കാലത്തെ പ്രധാന മനകൾ. ഇന്നീട് ക്രിസ്ത്യൻ സമുദായത്തിൻെറ വളർച്ചയോടുകൂടി ചിലരുടെ ആക്രമണം മൂലം തങ്ങളുടെ വസ്തുവകകൾ ആശ്രിതർക്ക് കൊടുത്ത് സ്ഥലം വിടുകയാണ് മേൽപ്പറഞ്ഞ നമ്പൂതിരിമാർ ചെയ്തത്. ഇല്ലിക്കൽ ക്ഷേത്രം മുൻപ് ഈ നമ്പൂതിരിമാരുടെ ആരാധനാലയമായിരുന്നു. അക്കാലത്ത് ഇല്ലിക്കൽ ക്ഷേത്രത്തിലെ ഉത്സവാദി ആഘോഷങ്ങളിൽ ക്രിസ്ത്യാനികളും ഹിന്ദുക്കളും ചേർന്നാണ് നടത്തിയിരുന്നത് എന്നാണ് പറയപ്പെടുന്നത്.

1947 നു മുമ്പ് കൊച്ചിരാജ്യത്ത് രാജവാഴ്ചയാണ് നിലനിന്നിരുന്നത്. ഈ പഞ്ചായത്തിലാകട്ടെ മറ്റ് സമീപ പഞ്ചായത്തുകളിൽ ഉണ്ടായിരുന്നതുപോലുള്ള സവർണ്ണമേധാവിത്വവും അവരുടെ സ്ഥാപനങ്ങളും ഇല്ലാതിരുന്നതുകൊണ്ട്, അധഃകൃതജനവിഭാഗങ്ങൾക്ക് സാമൂഹ്യ ഉച്ചനീചത്വങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടില്ല. എന്നാൽ കൊച്ചിരാജകുടുംബത്തിൻെറ വാഴ്ചയേയും ഫ്യൂഡലിസത്തേയും താങ്ങിനിർത്തിയിരുന്ന ഈ പഞ്ചായത്തിലെ ധനികകൃഷിക്കാരുടേയും കാർഷികമുതലാളിമാരുടേയും ഇടത്തരം പറമ്പുടമകളുടേയും മർദ്ദനങ്ങൾക്കും ആക്രമണങ്ങൾക്കും ഭീകരവാഴ്ചക്കും ഈ നാട്ടിലെ ഭൂരിപക്ഷം വരുന്ന പാവപ്പെട്ട ജനങ്ങളും പ്രത്യേകിച്ച് കാർഷിക തൊഴിലാളികളും കുടികിടപ്പുകാരും വിധേയരാകേണ്ടി വന്നിട്ടുണ്ട്. ഭൂമിയുടെ സിംഹഭാഗവും രാജകുടുംബാംഗങ്ങളുടേയും അഴകിയ കാവ് ദേവസ്വം കൊച്ചി തിരുമല ദേവസ്വം ശ്രീവരാഹദേവസ്വം കോതക്കുളങ്ങര ദേവസ്വം തുടങ്ങിയ ദേവസ്വങ്ങളുടേയും ഉടമസ്ഥതയിലായിരുന്നു. ഈ വസ്തുവകകൾ പാട്ടത്തിന് (Absentee lanlords) എന്ന നിലയിൽ സ്വയം അദ്ധ്വാനിക്കാതെ കാർഷിക തൊഴിലാളികളെക്കൊണ്ടും മറ്റും കൃഷിചെയ്യിച്ചിരുന്ന ധനിക കൃഷിക്കാരും കാർഷിക മുതലാളിമാരും ഇടത്തരം പറമ്പുടമകളും ധാരാളം ഈ പഞ്ചായത്തിലുണ്ടായിരുന്നു. ഈ പറമ്പുടമകളുടെ ഭൂമിയിൽ കുടികിടപ്പായി താമസിച്ചിരുന്നവരായിരുന്നു ഭൂരിഭാഗം ജനങ്ങളും. ഈ കാലട്ടത്തിൽ കുടികിടപ്പുകാർക്ക് ഭൂവുടമകളിൽ നിന്ന് പലവിധത്തിലുള്ള ഭീഷണികളും മർദ്ദനങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഇതിനാകട്ടെ, കലവറയില്ലാത്ത സഹകരണവും ഒത്താശയുമാണ് രാജവാഴ്ചയും ഭരണകൂടവും ചെയ്തുകൊടുത്തിരുന്നത്.

1945 ന് മുൻപ് യാതൊരു രാഷ്ട്രീയ പാർട്ടികളും തൊഴിലാളി സംഘടനകളും ഇവിടെ ഉണ്ടായിരുന്നില്ല. ജനങ്ങൾ സാമുദായികാടിസ്ഥാനത്തിൽ സംഘടിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളും ഇവിടെ നടന്നിരുന്നില്ല. ദേശാഭിമാനികളായ കുറെയാളുകൾ ഖദർധാരികളായി ഉണ്ടായിരുന്നു. കൊല്ലവർഷം 1103 ൽ ശ്രീനാരായണ ഗുരുസ്വാമികൾ കുമ്പളങ്ങിയിൽ സന്ദർശനം നടത്തുകയുണ്ടായി. അതിനുശേഷം അദ്ദേഹത്തിൻെറ സാമൂഹ്യ പരിഷ്കരണ പരിപാടികളിൽ ജനങ്ങൾ ആഭിമുഖ്യം പ്രകടിപ്പിക്കുവാൻ തുടങ്ങി.

1944 45 കാലഘട്ടത്തിലാണ് കുമ്പളങ്ങിയിൽ ഇടതുപക്ഷ പ്രസ്ഥാനം രൂപം കൊണ്ടത്. കുടികിടപ്പു സംഘം കർഷകതൊഴിലാളി, മത്സ്യതൊഴിലാളി കയർതൊഴിലാളി എന്നീ ബഹുജനസംഘടനകൾ

പ്രവർത്തനം ആരംഭിച്ചു. ഇതിന് നേതൃത്വം നല്കിയത് ശ്രീ T.V. പരമേശ്വരനായിരുന്നു. ഇക്കാലത്ത് ത്യാഗ പൂർണ്ണമായ പ്രവർത്തനം നടത്തി തൊഴിലാളികളിൽ വർഗ്ഗബോധമുണ്ടാക്കി കൃഷിക്കാരെയും തൊഴിലാളി കളെയും സംഘടിപ്പിച്ച വ്യക്തികളായിരുന്നു സർവ്വശ്രീ ടി. ഐ. വേലപ്പൻ, നീലൻ, സി. കെ. ദാമോദരൻ എന്നിവർ. പിന്നീട് ടി. ഐ. വേലപ്പൻ പാലിയം സത്യാഗ്രഹത്തിൽ പങ്കെടുത്ത് മർദ്ദനം അനുഭവിച്ച വ്യക്തിയാണ്.

## വിദ്യാഭ്യാസ കലാ സാംസ്ക്കാരിക രംഗം

കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് ക്രിസ്ത്യൻ മെഷിനറിമാരുടെ സേവനം എക്കാലത്തും സ്മരിക്കപ്പെടുന്ന ഒന്നാണ്. കുമ്പളങ്ങി പഞ്ചായത്തിൽ ക്രിസ്ത്യൻ സഭയുടെ നേതൃത്വത്തിൽ സ്ഥാപിതമായ സെൻറ് പീറ്റേഴ്സ് സ്കൂളും തെക്കും വടക്കുമായി പ്രവർത്തനം തുടങ്ങിയ പ്രൈമറി സെക്കണ്ടറി സ്കൂളുകളും ഇല്ലിക്കൽ വി.പി. വൈ.എൽ.പി. സ്കൂളും വിദ്യാഭ്യാസ പുരോഗതിക്ക് കാര്യമായ സംഭാവനയാണ് നലകിയിട്ടുള്ളത്. സെൻറ് പീറ്റേഴ്സ് സ്കൂൾ, വായന ശാല, എന്നിവ ഉണ്ടാക്കുന്നതിനും കുമ്പളങ്ങി ആശുപത്രി കെട്ടിടവും സ്ഥലവും മറ്റും സംഭാവന നൽകുന്നതിനും നേതൃത്വപരമായ പങ്കുവഹിച്ച മഹൽവ്യക്തിയായിരുന്നു ശ്രീ. ജോരസ് ചക്യാമുറി. സെൻറ് പീറ്റേഴ്സ്, സ്കൂളിൽ അദ്ധ്യാപകരായിരുന്ന ശ്രീ. അലക്സാണ്ടർ പറമ്പിത്തറയും ശ്രീ. വാകേൽ മാസ്റ്ററും MLA മാരായിരുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ നിയമസഭാ സ്പീക്കറായും സേവനമുഷ്ഠിച്ചിട്ടുണ്ട്. കുമ്പളങ്ങിയിൽ ആശുപത്രി തുടങ്ങുവാനും ബസ്സ് സർവ്വീസ് ആരംഭിക്കുവാനും കഴിഞ്ഞത് ശ്രീ. വാകേൽ മാസ്റ്ററുടെ ശ്രമഫലമായിട്ടാണ്.

കലാ കായിക രംഗത്ത് വളരെയധികം താല്പര്യമുള്ളവരാണ് ഇവിടെ ഉള്ളത്. ചന്ദ്രമോഹൻ തിയേറ്റർ എന്ന ഒരു സ്ഥിരം നാടവേദി നവീന നടനകലാസമിതി (NNKS) ഐക്യകേരള തുടങ്ങിയ കലാസമിതികളും ഉണ്ടായിരുന്നു. കായികരംഗത്ത് അക്കാലത്ത് പ്രശസ്തനായ വ്യക്തിയാരുന്നു ശ്രീ. വള്ളോംപറമ്പിൽ നീഗ്രോ ജോസഫ്.

ഈ കാലഘട്ടത്തിൽ മറ്റുള്ള പല പഞ്ചായ ത്തുകളെയും അപേക്ഷിച്ച് വളരെയധികം പുരോഗതി പ്രാപിച്ചിരുന്നു കുമ്പളങ്ങി. ഹൈസ്കൂൾ, പ്രൈമറി സെക്കണ്ടറി സ്കൂളുകളും, ഇൻഡസ്ട്രിയൽ ട്രയിനിംഗ് സ്കൂൾ, പോസ്റ്റാഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ആഫീസ്, ആശുപത്രി, വായനശാലകൾ, ക്ലബ്ബുകൾ, വില്ലേജ് കോടതി എന്നിവയും ഈ പഞ്ചായത്തിലുണ്ടായിരുന്നു. എന്നാൽ പിന്നീടുള്ള കാലഘട്ടത്തിൽ വികസനം മുരടിച്ചു നില്ക്കുകയാണ് ഉണ്ടായത്. വളരെ പിന്നോക്കം നിന്നിരുന്ന പല പഞ്ചായത്തുകളും വികസനത്തിൻെറ കാര്യത്തിൽ മുന്നോക്കം പോയപ്പോഴും നമ്മുടെ പഞ്ചായത്ത് വികസന കാര്യത്തിൽ പിന്നിലായിരുന്നു. കുമ്പളങ്ങി പെരുമ്പടപ്പ് പാലത്തിൻെറ അഭാവം കുമ്പളങ്ങി പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്ന വസ്തുത എടുത്തുപറയേണ്ട ഒന്നാണ്. 1980 ലാണ് കുമ്പളങ്ങി പെരുമ്പടപ്പ് പാലത്തിന് ഭരണപരമായ തീരുമാന മെടുത്തത് എങ്കിലും പണി തീരാത്ത പാലമായി മാറിയിരിക്കുന്നു ഈ പാലം.

1947 മുതൽ 1956 വരെയുള്ള കാലഘട്ടം ഈ പഞ്ചായത്തിൽ രാഷ്ട്രീയ പ്രബുദ്ധത ഉണ്ടായ കാലഘട്ടമായിഉരുന്നു. 1947 ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം കൊച്ചിരാജ്യം പ്രജാമണ്ഡ ലത്തിൻെറയും പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറയും പ്രവർത്തനങ്ങൾ ശക്തിപ്രാ പിച്ചുവന്നു. പല ബഹുജന സംഘടനകളും നിലവിൽ വന്നു. ശ്രീ. ജേക്കബ്ബ് ഇടക്കാടൻെറ നേതൃത്വത്തിൽ ഒരു ബീഡിതൊഴിലാളി സംഘവും പ്രജാമണ്ഡല ത്തിൻെറ നേതൃത്വത്തിൽ ഒരു കുടിയാൻ സംഘവും പ്രവർത്തിച്ചിരുന്നു. സർവ്വശ്രീ ജോർജ്ജ് മാളാടൻ, ജാതവേദഷേണായി എന്നിവ കോൺഗ്രസ് പാർട്ടിക്ക് നേതൃത്വം കൊടുത്തവരായിരുന്നു. സ്വാതന്ത്ര്യാനന്തരം ക്രിസ്ത്യൻപള്ളിയുടെ നയത്തിലുണ്ടായ മാറ്റത്തിൻെറ ഫലമായി സാമുദായികാടിസ്ഥാനത്തിൽ സംഘടിച്ചു നിന്നിരുന്ന ക്രിസ്ത്യൻ സമുദായം കോൺഗ്രസ് പരിപാടികളിൽ ആഭിമുഖ്യം പ്രകടിപ്പിക്കുവാൻ തുടങ്ങി. അതുപോലെ തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ബഹുജന സംഘടനകളും ഒരു വിധം ശക്തി പ്രാപിച്ചു വന്ന കാലഘട്ടമായിരുന്നു അത്.

1956 ഡിസംബർ 1ന് കേരള സംസ്ഥാനം ഉടലെടുക്കുന്ന ദിവസം കോൺഗ്രസിനെ പിൻതുണ യ്ക്കുന്ന ബഹുജനസംഘടനകളും ഇടതുപക്ഷത്തെ പിൻതുണയ്ക്കുന്ന ബഹുജസംഘടനകളും സംയുക്ത മായി ദിനാചരണം നടത്തുന്നതിനുള്ള സംഭാഷണ ങ്ങൾ പരജയപ്പെട്ടതിനെതുടർന്ന് രണ്ട് ചേരികളിലായി നടന്ന പ്രകടനവും പൊതുയോഗവും കുമ്പളങ്ങിയുടെ ചരിത്രത്തിലെ വളരെ പ്രസിദ്ധമായ സംഭവമാണ്. ശ്രീ. പറമ്പിത്തറയുടെയും, ശ്രീ. ജോർജ്ജ് മാളാടൻെറയും

നേതൃത്വത്തിലും ശ്രീ. T.V. പരമേശ്വരൻേറയും, ശ്രീ. C. L. പോളിൻേറയും നേതൃത്വത്തിലുമാണ് രണ്ട് പ്രകടനങ്ങൾ നടന്നത്. ഈ കാലഘട്ടത്തിലെ ബഹുജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധത വിളിച്ചറിയിക്കുന്ന ഒരു സംഭവമായിരുന്നു അത്.

കൊച്ചി SNDP യുടെ രണ്ടു ശാഖകളുടെ പ്രവർത്തനം ഈ കാലഘട്ടത്തിൽ, പൊതുജനങ്ങളിൽ സാമൂഹ്യ പരിഷ്ക്കരണത്തിൻെറ ആശയങ്ങളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നതിന് സഹായിച്ചു എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

1956 മുതൽ നാളിതുവരെയുള്ള കാലഘട്ടം പ്രധാനപ്പെട്ട പല മാറ്റങ്ങൾക്കും സാക്ഷ്യം വഹിച്ച കാലഘട്ടമാണ്. 1957 ൽ സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസബില്ല്, ഭൂപരിഷ്കരണബില്ലിൻെറ കാര്യത്തിലും ജനങ്ങൾ രണ്ട് ചേരിയായി തിരിഞ്ഞുള്ള പോരാട്ടമാണ് നടന്നത്. ഈ സമരത്തിൻെറ അലകൾ കുമ്പളങ്ങിയിലും ഉണ്ടായി. ഭൂപരിഷ്ക്കരണ നിയമം മൂലം ഭൂമിയുടെ കൈവശാവകാശം നേടിയ കൃഷിക്കാർ നെൽകൃഷിയുടെയും തെങ്ങുകൃഷിയുടെയും ആക്കം വർദ്ധിപ്പിച്ചു.

1970 ൽ സമഗ്രമായ ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതിൻെറ ഫലമായി കുടികിടപ്പുകാർക്ക് 10 സെൻറ് വരെയുള്ള കുടികിടപ്പു സ്ഥലം സ്വന്തമായി കിട്ടുവാനുള്ള സാഹചര്യം ഉണ്ടായി. കുടികിടപ്പുകാരാകട്ടെ, കുടികിടപ്പു സംഘത്തിൻെറ നേതൃത്വത്തിൽ ബലമായി തെങ്ങുകൾ കയറി തേങ്ങ ഇടുന്ന സമരം നടത്തുകയുണ്ടായി. ഇതിൻെറ ഫലമായി ട്രൈബ്യൂണൽ വഴിയായും സമ്മത പത്രപ്രകാരവും ഭൂരിപക്ഷം കുടികിടപ്പുകാർക്കും ഭൂമി സ്വന്തമാക്കാൻ സാധിച്ചു.

ഈ കാലഘട്ടത്തിലെ എടുത്തുപറയേണ്ട ഒരു വസ്തുത കുമ്പളങ്ങിയിലെ കയർ വ്യവസായത്തിൻെറ തകർച്ചയാണ്. ഇതുമൂലം തൊഴിലില്ലായ്മ, പ്രത്യേകിച്ചും സ്ത്രീകളുടെ ഇടയിൽ വർദ്ധിക്കുകയുണ്ടായി. എന്നാൽ കൂടുതൽ ആളുകൾ മത്സ്യ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്തിട്ടുണ്ട്. കുമ്പളങ്ങിയുടെ ചുറ്റും കായലുകളിൽ സ്ഥാപിച്ചിട്ടുള്ള ചീനവലകളും ചെറിയ തോതിലെങ്കിലും നടന്നുവരുന്ന പീലിംഗ് ഷെഡുകളും ഇതിനൊരു ഉദാഹരണങ്ങളാണ്.

വിദ്യാഭ്യാസ പരമായി മുൻപന്തിയിൽ നില്ക്കുന്ന ഒരു പ്രദേശമാണെങ്കിലും സമ്പത്ത് ഉൽപ്പാദന മേഖലയിൽ മുരടിപ്പ് അനുഭവപ്പെടുന്നു. കാർഷിക മേഖല പല പ്രതിസന്ധിയെയും നേരിടുന്നു. കൃഷി ലാഭകരമല്ലെന്ന കാരണത്താൽ കൃഷി ഭൂമി തരിശ്ശിടുന്ന പ്രവണത കൂടി വരുന്നു.

ഈ കാലഘട്ടത്തിൽ ചില നേട്ടങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. 1988 മുതൽ ശുദ്ധജല വിതരണം തുടങ്ങിയതും ഇപ്പോൾ ശുദ്ധജല വിതരണത്തിന് ആക്കം കൂട്ടാനുള്ള വാട്ടർ ടാങ്ക് കമ്മീഷൻ ചെയ്തതും ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിച്ചതും എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഹോമിയോ ഡിസ്പെൻസറി, കയർ തൊഴിലാളികൾക്കായുള്ള വാർഡ്, ഇലക്ട്രിസിറ്റി ബോർഡ് ആഫീസ്, ICDP സബ്സെൻറർ സാംസ്ക്കാരിക നിലയം എന്നിവയും ആരംഭിച്ചത് എടുത്തുപറയേണ്ട നേട്ടങ്ങളാണ്. എന്നിരുന്നാലും ഏറ്റവും പ്രധാനപ്പെട്ട കാർഷിക വ്യസായിക രംഗങ്ങളിലെ വിലകസനം പരിർണ്ണമായും മുരടിച്ചു നില്ക്കുകയാണ്.

കഴിഞ്ഞ കാലഘട്ടങ്ങളിൽ കോൺഗ്രസിൻേറയും ഇടതുപക്ഷത്തിൻേറയും മന്ത്രിസഭകൾ മാറിമാറി കേരളം ഭരിച്ചിട്ടുണ്ടെങ്കിലും ജനപങ്കാളിത്തത്തോടു കൂടിയുള്ള വികസന പരിപാടികൾ ആസൂത്രണം ചെയ്യുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല, ജനങ്ങൾ കൂടുതൽ കൂടുതൽ സ്വാർത്ഥതയും സങ്കുചിത മനോഭാവവും പുലർത്തുന്നവരായി തീർന്നിരിക്കുകയാണ്. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്ന ബോധം തന്നെ ഇല്ലാത്ത സംസ്ക്കാരത്തിൻെറ ഉടമകളായി മാറിയിരിക്കുന്നു. പുതിയതായി വളർന്നു വരുന്ന തലമുറയ്ക്കും അദ്ധ്വാനിക്കുവാനുള്ള മനസ്സും നല്ല ലക്ഷ്യബോധവും ഇല്ലാതെ ഏത് മാർഗ്ഗത്തിലും പണമുണ്ടാക്കുക എന്ന വാസനയാണ് പൊതുവെ കണ്ടുവരുന്നത്. ഇതെല്ലാം ജനകീയാസൂത്രണത്തിനും ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങളുടെ വിജയത്തിനും എതിരായി നില്ക്കുന്ന ഘടകങ്ങളാണ്. അതുകൊണ്ട് വിപുലമായ ബോധവത്ക്കരണത്തിൽ കൂടിയും നിരന്തരവും അക്ഷീണവുമായ പ്രവർത്തനങ്ങളിൽ കൂടിയും മാത്രമെ ഈ മഹത്തായ സംരംഭം വിജയിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ പഞ്ചായത്തിലെ മുഴുവൻ ബഹുജനങ്ങളും കക്ഷിരാഷ്ട്രീയം മറന്ന് ജാതിമതഭേദമന്യെ പഞ്ചായത്തിൻെറ വികസനത്തിന് ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്.

★ ★ ★

# ഭൂപ്രകൃതി

(അവലംബം - പഠനപര്യടനം, കൃഷി ഭവൻ രേഖകൾ) ഭൂപ്രകൃതിയനുസരിച്ച് പ്രധാനമായും രണ്ടു മേഖലകളായി ഈ ഗ്രമത്തെ വിഭജിക്കാം.

1. ചെളിമൺ പ്രദേശം
2. തീരപ്രദേശം

1. ചെളിമൺപ്രദേശം - കായലിനേട് ചേർന്ന് കിടക്കുന്ന ഈ പ്രദേശത്താണ് നെൽകൃഷി നടത്തിവരുന്നത്.സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന് കിടക്കുന്ന ഭൂപ്രദേശമാണിവിടം. ഒരു വിളമാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. പൂർണ്ണമായും കാലവർഷത്തെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. ജലസേചന സംവിധാനം ഒന്നും തന്നെ ഇവിടെ ഇല്ല. ചെമ്മീൻ വാറ്റു സമ്പ്രദായമാരംഭിച്ചതോടെ ഉപ്പുവെള്ളം കെട്ടിനിർത്തുന്നതിനാൽ മണ്ണിന്റെ പുളിരസം ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ചെമ്മീൻ വാറ്റ് ആരംഭിക്കുന്നതിന് മുൻമ്പുള്ള കാലഘട്ടങ്ങളിൽ ഓണക്കാലത്ത് ഈ പഞ്ചായത്ത് നിവാസികൾക്കാവശ്യമായ അച്ചിങ്ങ, പാവയ്ക്ക, വഴുതനങ്ങ, ചീര, വെള്ളരിക്ക തുടങ്ങിയവയിൽ ഏറിയക്കൂറും ഈ പ്രദേശത്തും പ്രാന്തപ്രദേശങ്ങളിലുമായി ഉല്പാദിപ്പിച്ചിരിക്കുന്നു. തൊട്ടടുത്ത് കിടക്കുന്ന കൊച്ചി കോർപ്പറേഷന്റെ ഭാഗമായ പള്ളുരുത്തി ചന്തയിലും ഇവിടത്തെ ഉല്പന്നങ്ങൾ വിറ്റഴിച്ചിരുന്നു. പുതിയ തലമുറയ്ക്ക് അതെല്ലാം കേവലം പ്രഹേളികയായിരിക്കുന്നു. ഉപ്പുവെള്ളത്തിന്റെ ആധിക്യം നിമിത്തം കവുങ്ങുകൾ പാടെ നശിച്ചുപോയിരിക്കുന്നു. തേങ്ങയുടെ ഗുണനിലവാരത്തിൽ തകർച്ച നേരിട്ടു കൊണ്ടിരിക്കുന്നു. അങ്ങാടി നിലവാരത്തിന്റെ പകുതി വിലയാണ് ഇവിടുത്തെ തേങ്ങക്ക് ലഭിക്കുന്നത്.

## 2. തീരസമതലം

കരയുടെ സിംഹഭാഗവും ഇതിൽപെടുന്നു. സമുദ്രനിരപ്പിൽ നിന്നും അൽപ്പം ഉയർന്നു കിടക്കുന്നു. മണൽമണ്ണാണ് ഇവിടെ കണ്ടുവന്നത്. താരതമേന്യ വളം കുറഞ്ഞ മണ്ണാണിത് ജലസംഭരണ ശേഷിയുണ്ട്. നാലടിതാഴ്ചയിൽ എവിടെയും വെള്ളം കിട്ടും. നെടുകയും കുറുകയും തോടുകളും സുലഭമാണ്. അടുത്തകാലങ്ങളിൽ ഈ തോടുകളിൽ പലതും നികത്തിയാണ് റോഡുകൾ നിർമ്മിച്ചിട്ടുള്ളത്. കുളങ്ങൾ മിക്കവാറും പുരയിടങ്ങളിൽ ഒരെണ്ണമെങ്കിലും ഉണ്ടായിരുന്നു. വീടുവെയ്ക്കാനും മറ്റുമായി അവയിൽ പലതും നികത്തി കഴിഞ്ഞിരിക്കുന്നു. പൊതുകിണറുകളും സ്വകാര്യകിണറുകളും എണ്ണത്തിൽ മിക്കവാറും ഒട്ടും കുറവല്ല. ചതുപ്പുനിലങ്ങളും ഒറ്റപ്പെട്ട ചിലയിടങ്ങളിൽ കാണാം. അവയുടെ വിസ്തൃതി താരതമേന്യ കുറവാണ്. വർഷകാലത്ത് വെള്ളം കെട്ടികിടക്കുന്ന പ്രദേശങ്ങൾ നിരവധിയാണ്. ഓരുവെള്ള പ്രശ്നങ്ങളും ഈ ഗ്രാമത്തെ അലട്ടുന്ന മുഖ്യ പ്രശ്നങ്ങലിലൊന്നാണ്. ഈ തീരസമതലത്തെ നെടുനീളത്തിൽ രണ്ടായി ഛേദിച്ചുകൊണ്ട് പ്രധാന രാജപാത കടന്നു പോകുന്നു. പ്രധാന രാജപാതയായ കുമ്പളങ്ങി എഴുപുന്ന റോഡിന്റെ കിഴക്കും പടിഞ്ഞാറുമായി ഈ സമതലം സ്ഥിതിചെയ്യുന്നു. ഗ്രാമത്തിലെ 1, 2, 3, 4 വാർഡുകൾ പ്രധാന റോഡിന്റെ കിഴക്കുഭാഗത്തും ബാക്കിയുള്ള പടിഞ്ഞാറു ഭാഗത്തുമായി കിടക്കുന്നു. 9-ാം വാർഡ് ഒഴിച്ചുള്ള വാർഡുകളുടെ ഏതെങ്കിലും ഒരു ഭാഗം പ്രധാന റോഡുകളുമായി സ്പർശിക്കുന്നുണ്ട്. നേർത്ത് നീണ്ട വരമ്പിലൂടെ ഏറെ ദൂരം നടന്നാൽ മാത്രമേ പുത്തൻകരി, ആഞ്ഞിലിത്തറ തുടങ്ങിയ പ്രദേശങ്ങൾ എത്താനാവൂ. എന്തിനും ഏതിനും ഏറെ ക്ലേശിക്കുന്നവരാണ് ഈ പ്രദേശത്തുള്ളവർ. നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് ദുർഘടമായ പാതയിലൂടെ ബഹുദൂരം സഞ്ചരിക്കേണ്ടി വരുന്നുണ്ടിവർക്ക്. ഈ ഗ്രമത്തിലെ സൗകര്യങ്ങൾ ഇന്നും അവർക്ക് അന്യമാണ്. അതിനാൽ തികച്ചും അന്യരെപ്പോലെ അവർ കഴിഞ്ഞുകൂടുന്നു. നിത്യോപക സാധനങ്ങൾ വാങ്ങാൾ പോകുന്ന ഈ പ്രദേശത്തുകാരോട് എവിടെ പോകുന്നു എന്ന് ചോദിച്ചാൽ കിട്ടുന്ന ഉത്തരം വിസ്മയകരമാണ്. "കുമ്പളങ്ങിയിലേയ്ക്ക്" എന്ന ഉത്തരം അവരനുഭവിക്കുന്ന ദുരിതത്തിൽെറ ദൃഷ്ടാന്തമാണ്. അവർക്കിന്നും കുമ്പളങ്ങി അന്യപഞ്ചായത്താണ്. ഇതേ ദുരിതം തന്നെ പേറിയിരുന്ന കല്ലഞ്ചേരി ഇന്ന് പുരോഗതിയുടെ പാതയിലാണ്.

കിഴക്കുഭാഗത്തുള്ള കായലിനോടു ചേർന്നു കിടക്കുന്ന നെൽപാടങ്ങൾ വർഷങ്ങൾ ഏറെയായി തരിശായി കിടക്കുന്നു. തീരസമതല പ്രദേശത്ത് ജനങ്ങൾ തിങ്ങിപാർക്കുന്നു. തെങ്ങ്, കവുങ്ങ് എന്നിവ ഒട്ടു മിക്ക പുരയിടങ്ങളിലും കാണാം. 10 സെൻറ് പുരയിടങ്ങളാണ് ഏറിയകൂറും. 25 സെൻറിനു മേലുള്ള പുരയിടങ്ങൾ വളരെ വിരളമാണ്.

★ ★ ★

# കൃഷിയും ജലസേചനവും

ജനസാന്ദ്രത വളരെ കൂടുതലുള്ള ഒരു തീര ദേശ പഞ്ചായത്ത് എന്ന നിലയ്ക്ക് വസ്തുനിഷ്ഠ മായി പറഞ്ഞാൽ, 30,000 ത്തിനു മേൽ ആളുകൾ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണമായ പതി നാലര ചതുരശ്ര കിലോമീറ്ററിൽ, കരപ്രദേശമായി കിടക്കുന്ന ഏഴേകാൽ ചതുരശ്ര കിലോ മീറ്റർ സ്ഥ ലത്ത് തിങ്ങിപ്പാർക്കുന്ന അവസ്ഥയിൽ, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് ഒരു കാർഷിക മേഖലയായി പരി ഗണിക്കപ്പെടുക അപ്രായോഗികമാണ്. വിപ്ലവകരമായ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ, മൊത്തം 5200 നു മേൽ കുടുംബങ്ങളും കൈവശഭൂ മിയുള്ളവരായി മാറി. ഒരു ഹെക്ടറോ അതിൽ കൂടു തലോ കൈവശ ഭൂമിയുള്ള ഏതാണ്ട് 140 ചെറുകിട കൃഷിക്കാരെ മാറ്റി നിർത്തിയാൽ, ബാക്കി 5000 ത്തിൽ അധികം കുടുംബങ്ങളുടെയും ശരാശരി കൈവശ ഭൂമി 5 സെൻറിൽ താഴെയാണ്. ഈ സാഹചര്യ ത്തിൽ വിപുലമായ ഒരു കാർഷികാസൂത്രണം അസ്ഥാ നത്താണ്. എന്നാൽ, വലിയൊരു ജനസഞ്ജയ ത്തിന്റെ വിശപ്പടക്കുവാൻ ആവശ്യമായ ഭക്ഷ്യവസ്തു ക്കൾ മറ്റു പ്രദേശങ്ങളിൽ നിന്ന്, അതും മറ്റു സംസ്ഥാ നങ്ങളിൽ നിന്നും ശേഖരിക്കുവാൻ ദിനം പ്രതി നാലു ലക്ഷത്തിലേറെ രൂപ കുമ്പളങ്ങി പഞ്ചായത്തതൃത്തി യിൽ നിന്നും കൈവിട്ടു പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളത് നമ്മുടെ വികസന പ്രക്രിയ ഒരു ജലരേ ഖയായി മാറുന്ന നിത്യ സത്യമാണ്. ഇതിൽ, പൂർണ്ണ പരിഹാരമല്ല ലക്ഷ്യം. എങ്കിലും, കൂട്ടായ പ്രവർത്തന ത്തിലൂടെ, ഭക്ഷ്യവസ്തുക്കളും, കാർഷിക വിളകളും, പരമാവധി ഉൽപാദിപ്പിക്കുക വഴി, സാമ്പത്തിക ഭാര ത്തിന് ആശ്വാസം പകർന്ന് വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടുക, എന്ന ഉദ്ദേശത്തോടെയാണീ ആസൂ ത്രണ റിപ്പോർട്ട്.

## അടിസ്ഥാന സൗകര്യങ്ങൾ

### 1. ജനശക്തി കുടുംബങ്ങൾ

| ഇനവിവരം | മുൻകാലങ്ങളിൽ | നിലവിൽ |
|---|---|---|
| (i) ഒരു ഹെക്ടറിനു താഴെ | 4003 എണ്ണം | 5063 എണ്ണം |
| (ii) ഒരു ഹെക്ടറിനു മേൽ 2ന് താഴെ | 121 എണ്ണം | 114 എണ്ണം |
| (iii) രണ്ടു ഹെക്ടറിന് മേൽ | 16 എണ്ണം | 23 എണ്ണം |
| ആകെ | 4140എണ്ണം | 5200 എണ്ണം |

മൊത്തം 5200 കുടുംബങ്ങളിലായി വസിക്കുന്ന 35000 പേരുടെ ഭീമമായ ക്രയശേഷി കാർഷിക മേഖ ലയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

### 2. ഭൂവിനിയോഗം

| ക്രമ നമ്പർ | ഇനവിവരം | മുൻവർഷങ്ങളിൽ ഹെക്ടർ | നിലവിൽ ഹെക്ടർ |
|---|---|---|---|
| I | നിലം | | |
| 1. | നെൽകൃഷി (പൊക്കാളി) | 509.00 | 300.00 |
| | നിലം തരിശ് | 231.00 | 440.00 |
| | ആകെ | 740.00 | 740.00 |
| II | കരഭൂമി.. .. | | |
| 1. | തെങ്ങ്.. .. | 200.00 | 350.00 |
| 2. | കവുങ്ങ്.. .... | ... | 2.00 |
| 3. | വാഴ.. .... | ... | 2.00 |
| 4. | കുരുമുളക്.. .. .. | ... | 20.00 |
| 5. | പച്ചക്കറി.. .. .. | ... | 15.00 |
| 6. | മൾബറി.. .. | ... | 4.00 |
| | വീട്ട് വഴി തരിശ് | 510.00 | 317 |
| | ആകെ | 710.00 | 710 |
| | ഒട്ടാകെ | 1450.00 | 1450.00 |

മേൽ കാണിച്ച വിളക്രമത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വിളവിന്റെയും ഇപ്പോഴത്തെ അവസ്ഥ ഇപ്ര കാരണാണ്.

### 1. നെൽകൃഷി

ഇവിടത്തെ നെൽകൃഷി പൊക്കാളി എന്ന പര മ്പരാഗത രീതിയിലാണ്. കാലവർഷക്കാലത്ത് ലഭി ക്കുന്ന മഴയെ ആശ്രയിച്ച്, ആണ്ടോടാണ്ട് മേയ് പകു തിയോടെ കൃഷിയിറക്കി വെട്ടിത്തീർത്ത്, ഒക്ടോബർ പകുതിക്കു മുമ്പ് കൊയ്തെടുക്കുന്ന നെൽ വിളവും തുടർന്ന് ആരംഭിച്ച്, വരുന്ന ഫെബ്രുവരി അവസാന ത്തോടെ, അവശ്യം പൂർത്തീകരിച്ചിരിക്കേണ്ട ചെമ്മീൻ വാറ്റും മത്സ്യബന്ധനവും ചേർന്നതാണീ പരമ്പരാ ഗത പൊക്കാളി കൃഷിരീതി. നെൽച്ചെടികൾ ചെമ്മീൻ, മത്സ്യ കുഞ്ഞുങ്ങൾക്ക് താങ്ങായിരിക്കുകയും, കൊയ്ത്തു കഴിഞ്ഞ് ചണ്ടി ചീഞ്ഞു അവയ്ക്കു ഭക്ഷ ണമാവുകയും ചെയ്യുമ്പോൾ മത്സ്യബന്ധനത്തിനു ശേ ഷമുള്ള മത്സ്യാവശിഷ്ടങ്ങൾ വരുംകാല നെൽകൃ

ഷിക്കു വളക്കൂറായി മാറുന്ന ഒരു പരസ്പര പൂരക പ്രതിഭാസമാണിത്. ഈ രീതിയിൽ നെൽകൃഷിക്കു പ്രത്യേകം വളം ചേർക്കാറുമില്ല, മത്സ്യങ്ങൾക്ക് പ്രത്യേകം ഭക്ഷണം നൽകാറുമില്ല.

## (i) കൃഷിരീതി

ഓര് ഒരു പരിധി വരെ തടയുവാൻ കെല്പുള്ള പ്രത്യേകം നെല്ലിനങ്ങളാണ് കൃഷിയിറക്കുവാൻ ഉപയോഗിക്കുക. അവയിൽ തന്നെ അത്യുൽപാദന ശേഷിയുള്ള 1, 2, 3, 4, എന്നീ ഇനങ്ങളും ഇപ്പോൾ പ്രചാരത്തിലുണ്ട്. പ്രാരംഭമായി മാർച്ച് ആദ്യത്തോടെ വെള്ളം പൂർണ്ണമായും വറ്റിച്ച് കൂനകളായോ വാരങ്ങളായോ നിലം ഒരുക്കുന്നു. ഏപ്രിൽ മേയ് മാസങ്ങളിലെ കടുത്ത വേനലിൽ കൂനകളുടെ ഉപരിതല മണ്ണ് പൂർണ്ണമായും ഉണങ്ങിപ്പൊടിയണം. മേയ് പകുതിക്കു ശേഷം കിട്ടിത്തുടങ്ങുന്ന ആദ്യ മഴ മൂലം കൂനകളുടെ മുകൾ പരപ്പിൽ അവശേഷിച്ചിരിക്കാവുന്ന ലവണാംശം കൂടി കഴുകിപ്പോയി പ്രതലം ശുദ്ധമാകുമ്പോൾ, കാലേകൂട്ടി കുതിർത്ത് കുട്ടയിൽ കെട്ടി കിളിർപ്പിച്ചു സൂക്ഷിച്ചിട്ടുള്ള വിത്ത് വിതക്കുന്നു. തുടർന്നു വരുന്ന കാലവർഷത്തിൽ, നിലത്തിൽ മൊത്തം വെള്ളം കൂടിയാലും, ഉയരത്തിൽ കണ്ണികളുടെ മുകളിൽ നില്ക്കുന്ന ഞാറുകൾ സുരക്ഷിതമായിരിക്കും. വിതച്ച് നാലോ അഞ്ചോ ആഴ്ചകൾ ആകുമ്പോൾ, നിലത്തിലെ കളകൾ നീക്കി ഞാറ്റുവേല ക്രമത്തിൽ വെട്ടിത്തീർക്കുന്നതോടെ പ്രധാന കൃഷിപ്പണികൾ കഴിഞ്ഞു. ഒരിക്കലോ മറ്റോ കളയെടുത്തെങ്കിലായി. പിന്നെ കൊയ്താൽ മാത്രം. മതി

പൊക്കാളി കൃഷിയിൽ ഇന്നു വന്നു ചേർന്ന പ്രശ്നങ്ങൾ തരണം ചെയ്യുവാൻ പാടശേഖരാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടത് ആവശ്യമായി. ഇന്നു കൃഷി ചെയ്യുന്ന സ്ഥല വിസ്തീർണ്ണം പാടശേഖരാടിസ്ഥാനത്തിൽ ഇപ്രകാരമാണ്.

| ക്രമ നമ്പർ | പാടശേഖരങ്ങൾ | മുൻകാലങ്ങളിൽ ഹെക്ടർ | നിലവിൽ ഹെക്ടർ |
|---|---|---|---|
| 1 | മണൽക്കൂർ പാടശേഖരം | 121.00 | 88.00 |
| 2. | കപ്പിത്താൽകരി പടന്നക്കരി | 68.00 | .. |
| 3 | ചുടുകാടു കരി | 40.00 | 47.00 |
| 4. | തെക്കുവടക്കൂർ കരി | 40.00 | 40.00 |
| 5 | പുത്തൻകരി (കിഴക്ക്) | 28.00 | 15.00 |
| 6 | പുത്തൻകരി (പടിഞ്ഞാറ്) | 36.00 | 20.00 |
| 7 | കാട്ടിക്കോഞ്ഞാട്ട് പാടശേഖരം | 19.00 | .. |
| 8 | വടക്കേ കുമ്പളങ്ങി പാടശേഖരം | 16.00 | 4.00 |
| 9 | ചാലാവീട്ടിൽ പാടശേഖരം | 2.00 | .. |
| 10 | മറ്റിനങ്ങൾ | 139.00 | 86.00 |
| | ആകെ നെൽകൃഷി | 509.00 | 300.00 |
| | തരിശ്, ബണ്ട്, തോട്ട് ഒടലുകൾ | 231.00 | 440.00 |
| | ആകെ | 740.00 | 740.00 |

## (ii) പ്രശ്നങ്ങൾ

പൊക്കാളി കൃഷിരീതിയിലുള്ള പ്രത്യേകതകൾ മേലുദ്ധരിച്ചതത് മനസ്സിൽ വെച്ചുകൊണ്ടു വേണം പ്രശ്നങ്ങൾ വിലയിരുത്തുവാൻ. പൊക്കാളിയിൽ നിന്നുള്ള വരുമാനം രണ്ടു വിധമാണ്. നെൽവിളവും, മത്സ്യാദായവും. മത്സ്യാദായം നെൽകൃഷിയിൽ നിന്നുള്ള വരുമാനത്തേക്കാൾ വളരെ വർദ്ധിച്ച ഒരു സാഹചര്യത്തിൽ കൃഷിക്കാർക്കു കൃഷിക്കാര്യത്തിൽ വന്ന പ്രകടമായ അലസതയാണ് പ്രധാന പ്രശ്നം. ഫലത്തിൽ ഇനിയും, സൂചിപ്പിക്കുന്ന കെടുതികൾ പരിഹാരം കാത്ത് നിലനിൽക്കുന്നു.

1. കൊയ്ത്തു കഴിഞ്ഞ് നവമ്പറിനു ശേഷം ബണ്ടുകളും സ്ലൂസുകളും ബന്ധിച്ച് ഓരു വെള്ളം നിലങ്ങളിൽ കടത്താൻ പാടില്ലെന്ന നിബന്ധന ഇല്ലാതായി.

2. ജലസമ്പത്ത് പരിപുഷ്ടമാക്കാൻ പരമ്പരാഗതമായി ഉപയോഗപ്പെടുത്തിയിരുന്ന ഉൾനാടൻ തോടുകൾ കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടുന്നില്ല.

3. പാടശേഖരങ്ങളുടെ പുറം ബണ്ടുകളും ഇടം ബണ്ടുകളും മൊത്തത്തിൽ തീർത്തും അപ്രത്യക്ഷമായ നിലയിലാണ്. തുമ്പുകളുടെയും സ്ലയിഡുകളുടെയും കാര്യം പരിതാപകരമാണ്. ഇക്കാരണത്താൽ കൃഷിനാശവും കൃഷി ഉപേക്ഷയും സംഭവിക്കുന്നതു കൂടാതെ, ഇവിടങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്ന ദയനീയമായ യാത്ര ക്ലേശവും എടുത്തു പറയാതെ വയ്യ.

4. പാടശേഖരങ്ങളും പുറം കായലുമായി ചേരുന്ന ഭാഗങ്ങളിൽ ഏർപ്പെടുത്തിയിട്ട സംവിധാനങ്ങളുടെ ശുഷ്കതയാണ് മറ്റൊരു പ്രധാന പ്രശ്നം. കാട്ടിക്കോനാടു തോടിന്റെ തെക്കെ അറ്റത്തുള്ള സ്ഥിരം ബണ്ടിന്റെ ദുരവസ്ഥ തന്നെ ഉദാഹരണമാണ്.

5. കർഷകരുടെ ഭാഗത്തുണ്ടായ ഉൽസാഹക്കുറവും പരിണിതഫലമായി വന്നു ചേർന്ന അമിത കൂലി വർദ്ധനവും തൊഴിൽ മേഖലയിലെ അച്ചടക്കരാഹിത്യവും പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

6. ഓരു കോരുന്നത് സമയാസമയങ്ങളിൽ ഫലപ്രദമായി തടയാഞ്ഞത് കാരണം നെൽകൃഷി അവ

താളത്തിലായതിനു പുറമെ, കുമ്പളങ്ങിയുടെ പടിഞ്ഞാറൻ മേഖലയിൽ കടുത്ത കുടിവെള്ളക്ഷാമം ഉണ്ടാക്കി. ഒരു നടുതല പോലും കുത്തുവാൽ പറ്റാത്ത സാഹചര്യത്തിൽ ജനജീവിതം അക്ഷരാർത്ഥത്തിൽ ദുഃസ്സഹമാണ്.

7. നെൽപാടങ്ങളുടെ സംരക്ഷണം ഒട്ടും കാര്യക്ഷമമല്ലാത്തതിനാൽ ഉൽപ്പാദനക്ഷമതയും കുറവാണ്. ഇപ്പോഴത്തെ നെല്ലുൽപ്പാദനം ശരാശരി ഹെക്ടറിന് 2000 കിലോ ഗ്രാമിൽ താഴെയാണ്.

### 2. തെങ്ങ് കൃഷി

തോട്ടങ്ങളായി തെങ്ങു കൃഷി ചെയ്യുവാൻ സൗകര്യമില്ലാത്തതിനാൽ അതനുവർത്തിക്കപ്പെട്ടിട്ടില്ല. കുടുംബങ്ങൾക്ക് ലഭ്യമായ പരിമിത കരഭൂമിയിൽ ഒഴിവനുസരിച്ച് നട്ടു പരിപാലിച്ചിട്ടുള്ള തെങ്ങുകളാണ് കരഭൂമിയിലെ പ്രധാന വിളവ്. മൊത്തം 25 ഹെക്ടർ സ്ഥലത്ത് വരത്തക്കവിധം തെങ്ങുകൾ കൃഷിചെയ്തതായി കണക്കാക്കി വിവരം പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | വിവരങ്ങൾ | ഹെക്ടർ/എണ്ണം |
|---|---|---|
| 1. | തെങ്ങുകൃഷി വിസ്തീർണ്ണം | 350 ഹെക്ടർ |
| 2. | മൊത്തം തെങ്ങുകൾ | 64000 എണ്ണം |
| 3. | കായഫലം ഉള്ളവ | 44000 എണ്ണം |
| 4. | കായഫലം ആകാത്തത് | 20000 എണ്ണം |
| 5. | രോഗവിവരം | |
| | (i) കാറ്റുവീഴ്ച ബാധിച്ചവ | 3000 എണ്ണം |
| | (ii) കൂമ്പുചീയൽ ബാധിച്ചവ | 10000 എണ്ണം |
| | (iii) വേരു ചീയൽ ബാധിച്ചവ | 8000 എണ്ണം |
| | (iv) ചെന്നീരൊലിപ്പ് | 100 എണ്ണം |
| | ആകെ | 21100 എണ്ണം |

### (i) കൃഷിപ്പണികൾ

കാലവർഷാരംഭത്തോടെയുള്ള തടമെടുപ്പ്, വളമിടീൽ, തുലാവർഷക്കാലത്തെ കണ്ണിക്കൂട്ടൽ, വേനലാരംഭത്തോടെയുള്ള കണ്ണിനിരത്തൽ എന്നീ പരമ്പരാഗത കൃഷിപ്പണികൾ തന്നെയാണ് ഇവിടെയും അനുവർത്തിച്ചു വന്നിരുന്നത്. കൂടാതെ തെങ്ങിൻെറ കുരക്ക് വെളുപ്പിക്കലും ആണ്ടിൽ രണ്ടു പ്രാവശ്യം മരുന്നു തളിക്കലും ശുപാർശ ചെയ്യപ്പെടുന്നു. ആണ്ടിൽ 8 പ്രാവശ്യമായിട്ടെങ്കിലും വിളവെടുക്കുന്നു. വളത്തിനായി ആറ്റുമണലും ചെളിയും ഇറക്കുന്നതും, ചാണകം, ചവർ, ചാരം എന്നിവ ഇടുന്നതും ശീലമായിരുന്നിട്ടുണ്ട്. വേനൽക്ക് പമ്പുസെറ്റില്ലാത്തവർ പോലും കുടത്തിൽ കോരിയിട്ടാണെങ്കിലും തെങ്ങുകൾ നനക്കാറുണ്ട്.

### (ii) പ്രശ്നങ്ങൾ

1. തൊഴിലാളികളുടെ അഭാവവും കൂലിക്കൂടുതലും കാരണം കൃഷിപ്പണികളും പരിചരണവും ഒട്ടും തന്നെയില്ല.

2. മണ്ണൊലിപ്പു മൂലം നഷ്ടപ്പെടുന്ന മേൽമണ്ണ് ആറ്റുമണലോ ചെളിയോ ഇറക്കി സംരക്ഷിക്കുന്നില്ല.

3. തോടുകളും കുളങ്ങളും കാലാകാലങ്ങളിൽ വെട്ടാത്തതിനാൽ മണ്ണിൻെറ സ്വാഭാവിക വളക്കൂറ് പരിരക്ഷിക്കപ്പെടുന്നില്ല.

4. കാലവർഷക്കെടുതിയും മണ്ണൊലിപ്പും കാരണം മണ്ണിലെ ലവണങ്ങൾ ഒലിച്ചു നഷ്ടപ്പെട്ടപ്പോൾ മണ്ണിൽ പുള്ളി വർദ്ധിച്ചു. ആയതുകൊണ്ട് കാറ്റു വീഴ്ച രോഗവും വേരു ചീച്ചിലും രൂക്ഷമായി. ഇടവിളപോലും ചെയ്യാൻ പറ്റാത്ത വിധത്തിലായി.

5. രോഗപ്രതിരോധത്തിന് ക്രമമായ് മരുന്ന് തളി നടത്തുന്നില്ല.

6. തെങ്ങിൻെറ ശരാശരി ഉൽപാദനക്ഷമതയായ തെങ്ങൊന്നിന് 100 എണ്ണം എന്നതുമായി തുലനം ചെയ്യുമ്പോൾ ഇവിടത്തെ ശരാശരി ഉൽപാദനം തീരെ കുറഞ്ഞ് 30 ൽ എത്തി നിൽക്കുന്നു.

7. സംസ്ക്കരണത്തിനും വിപണനത്തിനും സൗകര്യക്കുറവുണ്ട്.

## 3 മറ്റ് ഇടവിളകൾ

കമുക്, വാഴ, കൊക്കൊ, കുരുമുളക്, ജാതി, ഗ്രാമ്പൂ, പച്ചക്കറി, കൊണ്ടൽ കൃഷി, കിഴങ്ങു വർഗ്ഗ കൃഷി എന്നിവയാണ് തീരെ ചെറിയ വളപ്പുകളാണെങ്കിൽ കൂടിയും വിളയിക്കാവുന്നതാണ്.

പ്രശ്നങ്ങൾ മൊത്തത്തിൽ കുടുംബാംഗങ്ങളുടെ ശുഷ്ക്കാന്തിക്കുറവും പരിചരണമില്ലായ്മയുമാണ് പ്രധാന പ്രശ്നം. തെങ്ങും ഇടവിളകളും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ തെങ്ങു കൃഷിയിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ തന്നെ ഇവിടെയും പ്രസക്തമാണ്.

## 4. പുഷ്പഫലകൃഷികൾ

പരീക്ഷണാടിസ്ഥാനത്തിൽ നാമമാത്രയി കുറച്ചു പേർ ചെയ്തതൊഴിച്ചാൽ പുഷ്പഫലകൃഷി കുമ്പളങ്ങിയിൽ ഇനിയും തുടങ്ങേണ്ടിയിരിക്കുന്നു.

## 5. കാർഷികാനുബന്ധ പ്രവർത്തനങ്ങൾ

പശുവളർത്തൽ, ആടുവളർത്തൽ, കോഴിവ

ളർത്തൽ, പന്നിവളർത്തൽ, തേനീച്ച വളർത്തൽ, പട്ടുനൂൽ പുഴു വളർത്തൽ എന്നിവയ്ക്ക് ഇവിടെ സാദ്ധ്യതകളുണ്ട്. ഇനിയും തുടങ്ങേണ്ടിയിരിക്കുന്നു.

## ജലസേചനം

കുമ്പളങ്ങിയെ സംബന്ധിച്ചിടത്തോളം തീരദേശത്തുള്ള ഒരു താഴ്ന്ന പ്രദേശമെന്നുള്ള നില്ക്കുഉണക്കു ബാധിച്ച് വരൾച്ചയുടെ കെടുതി കുറവാണ്. എന്നാൽ മഴക്കാലത്ത് ജനനിർഗ്ഗമനത്തിന് സൗകര്യം ഉണ്ടാക്കുകയും വേനൽ ആരംഭത്തോടെ ബണ്ടുകളും സ്ലയിസുകളും ബന്ധിച്ച് ഓരു വെള്ളം കയറുന്നതു തടയുകയുമാണാവശ്യം. ഇതുരണ്ടുമാണ് ഇവിടെ നടക്കാതെ പോകുന്നതും. വരൾച്ച ബാധിക്കാവുന്ന മദ്ധ്യഭാഗങ്ങളിൽ പമ്പു സെറ്റുകളും കുഴൽ കിണറുകളും ഡ്രിപ് സംവിധാനവും പ്രയോഗത്തിലുണ്ട്. ആയത് കൂടുതലായി സ്ഥാപിക്കാവുന്നതാണ്.

### (iv) സ്ഥാപനങ്ങളും ഇതര സൗകര്യങ്ങളും

കൃഷിക്കാരെ കൃഷിക്കാര്യങ്ങളിൽ ഭരണപരമായും, സാമ്പത്തികമായും സാങ്കേതികമായും സഹായിക്കുവാൻ കേരള കൃഷി വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു കൃഷിഭവൻ കുമ്പളങ്ങിയിലുണ്ട്. ഗസറ്റഡ് തസ്തികയിലുള്ള ഒരു സാങ്കേതിക ഉദ്യോഗസ്ഥൻ കൃഷി ആഫീസറായും, കൃഷി അസിസ്റ്റൻറ് തസ്തികയിലുള്ള മൂന്നു സാങ്കേതിക ഉദ്യോഗസ്ഥൻമാർ സഹായികളായും ഇവിടെ പ്രവർത്തിക്കുന്നു. കാർഷിക വികസന സമിതിയും പാടശേഖര കമ്മിറ്റികളും രൂപീകരിച്ച് പ്രാദേശിക സന്ദർശത്തിലൂടെയും ചർച്ചകളിലൂടെയും പ്രശ്നങ്ങൾ പരിഹരിച്ചു കാർഷിക മേഖലയെ സംപുഷ്ടമാക്കുകയാണുദ്ദേശം. അതോടൊപ്പം കേന്ദ്ര സംസ്ഥാന സർക്കാർ തലത്തിൽ രൂപപ്പെടുത്തി പ്രാവർത്തിമാക്കുന്ന പദ്ധതിയുടെ പങ്ക് അർഹിക്കുന്ന ഗുണഭോക്താക്കൾക്ക് സംപൂർണ്ണ പ്രയോജനം കിട്ടത്തക്കവിധം എത്തിച്ചു കൊടുക്കുകയും, കൃഷിക്കാർക്ക് സാങ്കേതികമായ ഉപദേശം നൽകുകയും കൃഷിഭവൻെറ ചുമതലയാണ്.

കൃഷിഭവൻ മുഖേന ലഭ്യമാക്കിയ പദ്ധതി പ്രയോജനങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

1. സമഗ്ര കേരവികസന പദ്ധതി കുമ്പളങ്ങിയിൽ നടപ്പാക്കി. അതനുസരിച്ച് വിതരണം ചെയ്ത ഇനങ്ങൾ.

(i) 2500 ക. സബ്സിഡി അനുവദിച്ച് 10 പമ്പു സെറ്റുകൾ

(ii) അത്യുല്പാദന ശേഷിയുള്ള 520 തെങ്ങിൻ തൈകൾ

(iii) സൗജന്യ നിരക്കൽ രാസവളം വിതരണം ചെയ്തു

(iv) $\frac{1}{2}$ എച് പിയുടെ മോട്ടോർ സഹിതം 15 ചാമ്പു പൈപ്പുകൾ നൽകി.

(v) 4 മെതിയന്ത്രങ്ങൾ നൽകുകയുണ്ടായി.

(vi) 3 റോക്കർ സെപയറുകൾ അനുവദിച്ചു

(vii) 1 ടില്ലർ സൗജന്യമായി നൽകി.

(viii) ജല വിനിയോഗം കുറക്കാൻ വേണ്ടി ഡ്രിപ് ജലസേചന യൂണിറ്റുകൾ അനുവദിച്ചു.

ഇങ്ങനെയൊക്കെയാണെങ്കിലും കൃഷിഭവൻെറ പ്രവർത്തന വൈകല്യത്തെക്കുറിച്ച് വ്യാപകമായ അസംതൃപ്തിയാണ് കർഷകരുടെ ഭാഗത്ത്. പദ്ധതികൾ സംബന്ധമായ വിവരങ്ങൾ വികസന സമിതി അംഗങ്ങളും എന്തിന് പഞ്ചായത്ത് അംഗങ്ങൾ പോലും അറിയാൻ അവസരമുണ്ടാക്കുന്നില്ല എന്നും, സാങ്കേതികമായ ഒരുതരത്തിലുമുള്ള ഉപദേശവും അവിടെ നിന്നും കിട്ടുന്നില്ല എന്നുമാണ് പരാതി. ഇതു ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുള്ള വീഴ്ചയാണോ, അതോ മൊത്തത്തിൽ ഒരു കാർഷിക പ്രശ്നമല്ലാത്തതിനാൽ പ്രതികരണത്തിൻെറ പോരായ്മ കൊണ്ടാണോ എന്നും പരിശോധിച്ച് പരിഹാരം കാണേണ്ടതാണ്. കൂടാതെ കാർഷിക മേഖലയിൽ സേവനം കിട്ടേണ്ട ജലസേചനം, വിദ്യുച്ഛക്തി, സഹകരണം, മണ്ണു പരിശോധന, മണ്ണുസംരക്ഷണം, ജില്ലാ ആഫീസുകൾ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലും ഒത്തൊരുമയിലും സമൂല പരിവർത്തനം ആവശ്യമാണ്.

കാർഷിക മേഖലയുമായി വളരെ ബന്ധമുള്ള മറ്റൊരു പ്രധാന സ്ഥാപനമാണ് കുമ്പളങ്ങി സർവ്വീസ് സഹകരണ സംഘം. സംഘാംഗത്വമുള്ള കൃഷിക്കാരുടെ വായ്പാവശ്യങ്ങളും ഉൽപാദനോപാധികളുടെ വിതരണം, ഉൽപന്നങ്ങളുടെ വിപണനം എന്നീ ആവശ്യങ്ങളും ഒരു പരിധി വരെ സംഘം നിവർത്തിക്കുന്നുണ്ട്. എന്നാലും സംഘത്തിൻെറ പ്രവർത്തനം വളരെയധികം പുരോഗമിക്കേണ്ടതുണ്ട്.

## മറ്റ് പ്രശ്നങ്ങൾ

കാർഷിക വിഭവങ്ങൾ സംഭരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും വിപണനത്തിനും ആവശ്യമായ ലഘുവായ സംവിധാനം പോലും കുമ്പളങ്ങിയിൽ ഇല്ല. അനുബന്ധമായ മടലു താഴ്ത്തി കയറു പിരി തുടങ്ങിയ കുടിൽ വ്യവസായങ്ങൾ പോലും

നാമാവശേഷമായി. സാധനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റുവാൻ റോഡ്, വഴികൾ, ഗാതഗതയോഗ്യമായ തോടുകൾ വാഹനങ്ങൾ, വഞ്ചി എന്നിവയുടെ അഭാവം കാർഷിക പുരോഗതിക്ക് പ്രതിബന്ധമാണ്. ഇടത്തട്ടുകാരുടെ ചൂഷണം അനുസ്യൂതം ഉണ്ട്.

## പരിഹാര നിർദ്ദേശങ്ങളും സാദ്ധ്യതകളും

ഗ്രാമസഭകളിലെ ചർച്ചയിൽ എടുത്ത കാതലായ കാർഷിക പ്രശ്നങ്ങൾ മേലുദ്ധരിച്ചിട്ടുണ്ട്. അവയ്ക്കനുബന്ധമായ നിർദ്ദേശിക്കപ്പെട്ട പരിഹാര മാർഗ്ഗങ്ങളും സാദ്ധ്യതകളും അടിയന്തിര പിരാഗണനയ്ക്കായി മുൻഗണനാ ക്രമത്തിൽ ചുവടെ ചേർക്കുന്നു.

1. സ്വാശ്രയ ശീലവും ക്രയശേഷി വിനിയോഗവും പരമാവധി പ്രാവർത്തികമാക്കുക. കാർഷിക കോൽപാദത്തിൻെറ മൂല്യഘടകം, കൃഷിയിറക്കുന്നതിനും, കൃഷിയെ പരിചരിക്കുന്നതിനും ചെലുത്തപ്പെടേണ്ട ക്രയശേഷിയാണ്. ആയത് കുടുംബാഗങ്ങളുടെ ക്രയശേഷിക്കും, കൂലികൊടുത്ത് വിനിയോഗിക്കുന്ന തൊഴിലാളികളുടെ ക്രയശേഷിക്കുമാകാം. യന്ത്രവക്കരണത്തിന് ഇവിടെ പരിമിതകളുള്ളതിനാൽ മാനക്രയശേഷി തന്നെയാണ് പ്രധാനം. മറ്റു സംരഭങ്ങൾ പോലെ കൃഷിയെ ലാഭേഛ വ്യവസ്ഥയിൽ കാണുന്നതു ശരിയല്ല. കാരണം നമുക്കു ഭക്ഷണമായി വരുന്നത് സസ്യജന്യ വിഭവങ്ങൾ മാത്രമാണെന്നിരിക്കെ കൃഷി ചെയ്യുക വഴി സസ്യങ്ങളെ പോറ്റി വളർത്തുക ഏറ്റവും പരിപാവനമായ ഒരു കർത്തവ്യമത്രെ. കിള, തെങ്ങുകയറ്റം, മരുന്നടി എന്നീ പണികൾ ഏതെങ്കിലും വിഭാഗത്തിനുള്ളതാണോ എന്ന തെറ്റായ ധാരണ മാറ്റി തൊഴിലിൻെറ മാഹാത്മ്യം ഉയർത്തണം. ശ്രമദാനത്തിൻെറ മാഹാത്മ്യം ഉയർത്തി സർവ്വസാധാരണമാക്കണം. ഇതിനായി സാമുദായിക സാമൂഹ്യ രാഷ്ട്രീയ തലത്തിൽ നിരന്തരം പ്രബോധനവു, പരിശീലന കളരികളും സംഘടിപ്പിക്കണം.

2. 2, 4, എന്നീ വാർഡുകളിലെ കരപ്പാടങ്ങളും 1, 5, 6, 7, 8, എന്നീ വാർഡുകളിലായി ഉൾപ്പെട്ടു കിടക്കുന്ന കാട്ടിക്കോനാട്ട്, കപ്പിത്താൻ കരി, പടന്നക്കരി, ചാലവീട് നിലങ്ങൾ വർഷങ്ങളായി തരിശായിട്ടിരിക്കുന്നു. ഈ ദുരവസ്ഥ പ്രത്യേക പദ്ധതികളിൽപ്പെടുത്തി സൗജന്യമായി ഇടുവിച്ച് കൃഷി ചെയ്യാൻ സൗകര്യം ഉണ്ടാക്കുന്നതോടൊപ്പം ഇവിടങ്ങളിൽ സഞ്ചാര സൗകര്യം വർദ്ധിപ്പിക്കുവാനും കുമ്പളങ്ങിയുടെ പടിഞ്ഞാറൻ മേഖലയെ ഒരു വെള്ളക്കെടുതിയിൽ നിന്നും ശാശ്വതമായി മോചിപ്പിക്കുവാനും നടപടിയുണ്ടാക്കേണ്ടതാണ്. ഇതിനായി കൃഷിക്കാരെ പാടശെഖരാടിസ്ഥാനത്തിൽ വിളിച്ചു കൂട്ടി ബോധവൽക്കരിച്ച് വേണ്ടി വന്നാൽ ആകർഷമായ സബ്സിഡി നൽകിയിട്ടാണെങ്കിലും കൃഷി ആരംഭിക്കാനും തുടർന്നു നടത്തുവാനും സാഹചര്യമുണ്ടാക്കണം.

3. ഇടത്തോടുകളും കുളങ്ങളും മറ്റു ജലശ്രോതസ്സുകളും ആണ്ടോടാണ്ടു വെട്ടി വൃത്തിയാക്കുവാനും പത്തായങ്ങളും തൂമ്പുകളും പ്രവർത്തനക്ഷമമാക്കി സൂക്ഷിക്കുവാനും പ്രത്യേക പദ്ധതിയുണ്ടായിരിക്കേണ്ടതാണ്. കാലവർഷം ശക്തിപ്പെടുന്നതോടെ തുറക്കുന്ന ഇവ കൊയ്ത്തു കഴിഞ്ഞ നവമ്പർ മാസത്തോടെ ഓരു വെള്ളം കയറാതെ അടച്ചു സൂക്ഷിക്കുവാനും ആയതു ജൂൺ മാസം വരെ അടഞ്ഞു കിടന്നു എന്നുറപ്പു വരുത്തുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

4. കാർഷിക ഉൽപ്പന്നങ്ങൾ അനായാസേന കൊണ്ടു പോകുവാനായി 5-ാം വാർഡിൽ നിന്നും ആരംഭിക്കുന്ന നാട്ടുതോടിൻെറ അരുക് ചേർന്ന് കല്ലഞ്ചേരി ബണ്ടു വരെ ഒരു സമാന്തര റോഡു നിർമ്മിക്കേണ്ടതാണ്. അങ്ങനെ ചെയ്താൽ 5, 6, 7, 9, 11 വാർഡുകളിൽ കൃഷിയൊന്നും ചെയ്യാതെ ചതുപ്പായി കിടക്കുന്ന പ്രദേശങ്ങൾ കൃഷിക്കുപയുക്തമാക്കാനൊക്കും.

5. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുവാൻ പഞ്ചായത്തിൻെറ സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

6. മത്സ്യവാറ്റാദായം കരാറടിസ്ഥാനത്തിൽ ഉറപ്പിച്ചു കൊടുക്കുമ്പോൾ ആയിതിൻെറ സമയ പിരിധ നവമ്പർ മുതൽ ഫെബ്രുവരി 28 എന്നത് യാതൊരു കാരണവശാലും മാറ്റമില്ലാതെ പാലിക്കേണ്ടതും, ഈ സമയത്ത് കായലിൽ നിന്നും ഉപ്പു വെള്ളം യാതൊരു കാരണവശാലും പാടശേഖരത്തിനകത്തേക്കു കടക്കാത്ത വിധം സംവിധാനം ശക്തമാക്കേണ്ടതുമാണ്. അതോടൊപ്പം പൊക്കാളി കൃഷിപ്പണികളെല്ലാം സമയബന്ധിതമായിത്തന്നെ തീർന്നിരിക്കാൻ നിഷ്ക്കർഷയുണ്ടായിരിക്കേണ്ടതുമാണ്.

7. കാർഷിക മേഖലയിലെ പദ്ധതി ആസൂത്രണം പഞ്ചായത്തു തലത്തിൽ തന്നെയായിരിക്കുവാൻ സാഹചര്യം ഉണ്ടായിരിക്കേണ്ടതും ആയതു പ്രാദേശിക പ്രശ്നങ്ങൾ അനുസ്യൂതമായി ആവശ്യാധിഷ്ടിതമാകുവാൻ വഴിയൊരുക്കേണ്ടതുമാണ്. ഇപ്രകാരം നോക്കിയാൽ ചുവടെ പറയുന്ന പ്രത്യേക പദ്ധതി

കൾക്ക് പ്രാധാന്യം നൽകി പ്രാവർത്തികമാക്കണം.

1. മണ്ണൊലിപ്പു മൂലം മേൽ മണ്ണു നഷ്ടപ്പെട്ട് ഉല്പാദനക്ഷമത നഷ്ടപ്പെട്ട മണ്ണിൻെറ ഘടന മാറ്റി എല്ലാവിളകൾക്കും അനുയോജ്യമാക്കുവാൻ എക്കലോ ചെളിയോ ഇടുന്നതിന് സൗജന്യം അനുവദിക്കുക.

2. തെങ്ങിന് കാറ്റുവീഴ്ച രോഗം മൂർഛരിക്കുന്നതും ഇടവിളകൾ നന്നാവാത്തതും മണ്ണിൽ പൊതുവെ പുളിരസം കൂടുതലായിനാലാണ്. പുളി നിർവ്വീര്യമാക്കി മണ്ണു കൃഷിക്കുപയുക്തമാക്കുവാൻ കുമ്മായ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

3. കാറ്റു വീഴ്ച ബാധിച്ചു വിളവു തീരെയില്ലാതെ നിൽക്കുന്ന തെങ്ങുകൾ അഞ്ചു വർഷം കൊണ്ട് പടിപടിയായി വെട്ടിമാറ്റി സങ്കരയിനം തൈകൾ വച്ചു പരിപാലിക്കുന്നതിന് സബ്സിഡി അനുവദിക്കുക.

4. തെങ്ങിന് മരുന്നു തളിക്കുവാൻ സ്ക്വാഡുകൾ രൂപീകരിച്ചു പരിശീലനം നൽകുകയും അതു വഴി രോഗനിർമ്മാർഇജ്ജനവും തൊഴിലില്ലായ്മയ്ക്ക് ആശ്വാസവും നേടുക.

ജലസേചനത്തിൻെറ പ്രയോജനം നാമമാത്ര കൃഷിക്കാർക്കു കൂടി ലഭ്യമാക്കുവാൻ സൗകര്യം നൽകുവാൻ വേണ്ട ഭൂപരിധി കുറക്കുകയും കൂടുതൽ പമ്പുസെറ്റുകളും കുഴൽ കിണറുകളും അനുവദിക്കുകയും ചെയ്യുക.

5. പച്ചക്കറികളും ഇടവിളകളും പരിപോഷിപ്പിച്ച് പഞ്ചായത്ത് സ്വയം പര്യാപ്തമാകുവാൻ, എല്ലാ പുരയിടത്തിലും തടുതല ശീലം നിർബ്ബന്ധമാക്കി, വിത്തിനും വളത്തിനും, മരുന്നുതളി, ഉപകരണത്തിനും സബ്സിഡി അനുവദിച്ചും, പഞ്ചായത്തു തലത്തിൽ മത്സരം നടത്തിയും പ്രോത്സാഹിപ്പിക്കുക.

6. മണ്ണിൻെറ വളക്കൂറു നിലനിർത്തുവാൻ ജൈവ വള പ്രയോഗം പ്രചരിപ്പിക്കുന്നതിന് വളപ്പുകൾ തോറും കമ്പോസ്റ്റു കുഴികൾ തുറന്നു പ്രവർത്തികമാക്കുവാനും പച്ചില വളകൃഷി ശീലമാക്കുവാനും പ്രോത്സാഹിപ്പിക്കുക.

7. നെൽകൃഷിയിൽ നിലവിലുള്ള പോലെ ഗ്രൂപ്പു ഫാമിങ്ങ് സമ്പ്രദായം നിലനിർത്തുക.

തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവം മൂലം വിളവെടുപ്പിന് നേരിടുന്ന പ്രശ്നം പരിഹരിക്കുവാൻ കൂടുതൽ പേർക്കു തെങ്ങുകയറ്റയന്ത്രവും പരിശീനവും നൽകി സജ്ജമാക്കുക.

8 താല്പര്യമുള്ളവർക്ക് ഓർക്കിഡ് കുറ്റിമുല്ല, ആന്തൂറിയം തുടങ്ങിയ പുഷ്പകൃഷി, കൂൺ കൃഷി, ഔഷധസസ്യകൃഷി എന്നിവ നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക.

9. വാഴ, പൈനാപ്പിൾ, മാവ്, ജാതി, സക്കു, എന്നീ പഴവർഗ്ഗച്ചെടികളുടെ കൃഷി ഇടവിളകളായി ചെയ്യുവാൻ വേണ്ട സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കുക.

10. കൃഷിഭവൻെറ പ്രവർത്തനം കൂടുതൽ ജനകീയമാക്കണം. പദ്ധതി രൂപീകരണ കാര്യത്തിലായാലും ആയതു പ്രാവർത്തികമാക്കുമ്പോഴും സമ്പൂർണ്ണ ജനപങ്കാളിത്തം ഉറപ്പു വരത്തക്ക വിധമായിരിക്കണം കൃഷിഭവൻെറ പ്രവർത്തനം. കൃഷിക്കാർ മൊത്തത്തിൽ സാധാരണക്കാരിൽ സാധാരണക്കാരായതു കൊണ്ട് അവരുടെ പ്രശ്നങ്ങളോടു കൂടുതൽ ബന്ധപ്പെട്ട് പരാതികൾക്കിടയില്ലാത്ത വിധം സമാശ്വാസകരമായിരിക്കണം ഭാവി സമീപനം.

സംഗ്രഹം : ഇതൊരു കരടു രൂപ രേഖയെന്ന നിലയിലാണ് പ്രശ്നങ്ങൾ മൊത്തത്തിൽ വിലയിരുത്തി പ്രതിവിധി നിർദ്ദേശിച്ചിരിക്കുന്നത്. ആസൂത്രണം പഞ്ചായത്തു തലത്തിൽ ജനകീയമായതിനാൽ കാലോചിമായ ഭേദഗതി സാദ്ധ്യമാണ്. എല്ലാ കുടുംബങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

★ ★ ★

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക ഗ്രാമമായിട്ടുള്ള കുമ്പളങ്ങിയിൽ കന്നുകാലിവളർത്തൽ ഒരുപതൊഴിലായി മാത്രം സ്വീകരിച്ചുവരുന്നവരാണ് ഉള്ളത്. മറ്റു പ്രദേശ ങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മൃഗസംരക്ഷണം വളരെ പിന്നിലാണ്. വ്യാവസായികാടിസ്ഥാനത്തിൽ മൃഗസംര ക്ഷണത്തിലേർപ്പെട്ടിരിക്കുന്നവർ ഇരുപതിൽ താഴെയാണ്. പശു, ആട്, എന്നിവയാണ് പ്രധാനമായും കുമ്പളങ്ങിയിൽ വളർത്തുന്നത്. ഏതാനും വീടുകളിൽ എരുമകളും ഉണ്ട്. പന്നിവളർത്തലും ഏതാണ്ട് പത്തുവീടുകളിൽ നടത്തുന്നു.

നാടൻ പശുക്കൾ ഇല്ലെന്നു തന്നെ പറയാം. സങ്കരയിനത്തിൽപ്പെട്ട പശുക്കളാണ് അധികവും. ജേർസി, സ്വിസ്സ് ബ്രീൺ എന്നീ ഇനങ്ങളിൽപ്പെടുന്ന പശുക്കളാണ് സാധാരണ കാണുന്നത്. പണ്ട് പശുക്കൾക്ക് ഗർഭധാരണത്തിനായി നാടൻ വിത്തുകാളകളെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ ഇന്ന് നാടൻ വിത്തുകാളകൾ ഇല്ല. ഇന്ന് പരിപൂർണ്ണമായി ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ മാത്രമാണ് ഉള്ളത്. പശുവളർത്തലിന് പൊതുവായ മേച്ചിൽ സ്ഥലങ്ങൾ ഇല്ല. പഞ്ചായത്തിൽ പടിഞ്ഞാറൻ പ്രദേശങ്ങളിലെ നെൽകൃഷി പാടശേഖരവരമ്പുകളിൽ പുല്ലുകൾ ഉണ്ട്. കൂടുതൽ പേരും പുല്ലും വൈക്കോലും വാങ്ങിയാണ് പശുക്കൾക്ക് കൊടുക്കുന്നത്. നാടൻ പശുക്കൾക്ക് പ്രതിദിനം 1-2 ലിറ്റർ പാൽ കിട്ടിയ സ്ഥാനത്ത് സങ്കര ഇനത്തിൽ പെടുന്ന പശുവിന് 8 മുതൽ 12 ലിറ്റർ വരെ കിട്ടുന്നുണ്ട്. എരുമകൾ 1958-60 കാലത്ത് നല്ല വിത്തുഗുണമുള്ളവയായിരുന്നു. പ്രതിദിനം 8 -10 ലിറ്റർ പാൽ കിട്ടിയിരുന്നു. ഇന്ന് 45 ലിറ്ററായി കുറഞ്ഞു. പശുക്കളെ വളർത്തുന്നതാണ് ഇന്ന് ലാഭകരം.

കന്നുകാലികളിൽ പശു കഴിഞ്ഞാൽ പിന്നെ കാണുന്നത് ആടുകളാണ്. ആട് വളർത്തലും ലാഭകരമാണ്. പശു, ആട്, എന്നിവ കൂടുതലായി വളർത്തിയാൽ ഇന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും. സ്ത്രീകൾ അധികംപേരും വീട്ടു ജോലികൾ മാത്രം എടുത്ത് ബാക്കി സമയങ്ങളിൽ TV യും മറ്റും കണ്ട് സമയം കളയുകയാണ്. കന്നുകാലി വളർത്തലും കോഴി, താറാവ്, വളർത്തലും നടത്തിയാൽ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയും. കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നത് കാലിതീറ്റകൾക്കുള്ള അമിതമായ വിലവർദ്ധനവും പച്ചപ്പുല്ല് വൈക്കോൽ എന്നിവയുടെ ദൗർലഭ്യവുമാണ്. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഏതാണ്ട് 5000 - 6000 ലിറ്റർ പാൽ ചായകടകളിലും വീടുകളിലുമായി തന്നെ വിറ്റഴിക്കുകയാണ് ചെയ്യുന്നത്. ഉല്പാദിപ്പി ക്കപ്പെടുന്ന പാലിന് ന്യായമായ വില കിട്ടുന്നതിനും പാൽ സംഭരിക്കുന്നതിനും ഒരു കേന്ദ്രവും ഇന്നില്ല. ക്ഷീരോല്പാദന സഹകരണ സംഘം അത്യാവശ്യമാണ്. വാർഡ് അടിസ്ഥാനത്തിൽ പാൽ ശേഖര വിതരണത്തിനായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നത് കർഷകരെ സംബന്ധി ച്ചിടത്തോളം വളരെ പ്രയോജനകരമായിരിക്കും.

പഞ്ചായത്തിലെ വളർത്തുപക്ഷികളിൽ പ്രധാനം കോഴിയും താറാവുമാണ്. ഒന്നോ രണ്ടോ കോഴികൾ ഇല്ലാത്ത വീടുകൾ വിരളമാണ്. ഇറച്ചിക്കോഴികളെ വളർത്തുന്ന യൂണിറ്റുകളുടെ എണ്ണം കൂടിവരുന്നുണ്ട്. നൂറിൽ കൂടുതൽ താറാവുള്ള ഒന്നോ രണ്ടോ വീടുകളാണ് ഉള്ളത്. മുയൽ വളർത്തുന്ന രണ്ട് യൂണിറ്റ് ഉണ്ട്. പന്നികളെ വളർത്തുന്ന 5 യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. മേൽപറഞ്ഞ മേഖലകളിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചാൽ തൊഴിലില്ലായ്മ കുറെ പരിഹരിക്കുവാൻ കഴിയും.

പഞ്ചായത്തിലെ മൃഗസംരക്ഷണ സംവിധാനം ആകെയുള്ളത് മൃഗസംരക്ഷണവകുപ്പിൻെറ കീഴിൽ കുമ്പളങ്ങി തെക്കുംഭാഗത്ത് പ്രവർത്തിക്കുന്ന ഒരു ICDP സബ്ബ് സെൻററാണ്. ഇതിൻെറ പ്രവർത്തനം തൃപ്തികരമല്ല. മൃഗചികിത്സാ സൗകര്യങ്ങൾ കുറവാണെങ്കിലും സമീപ പ്രദേശങ്ങളിലെ മൃഗാശുപത്രികൾ വഴിയും ICDP സബ്ബ്സെൻറർ വഴിയുമാണ് ഇവിടത്തെ മൃഗപരിപാലനം നടത്തുന്നത്. കുളമ്പു രോഗ പ്രതിരോധ കുത്തിവയ്പ്പും പേവിഷബാധക്കെതിരെയുള്ള കുത്തിവെപ്പും വന്ധ്യതാനിവാരണ ക്യാമ്പുകളും നടത്തേണ്ടതുണ്ട്. കന്നുകാലികളിൽ കണ്ടുവരുന്ന സാധാരണ രോഗങ്ങൾ ഹൈപ്പോ കാൽസീമിയ, അകിടുവീക്കം, വിരശല്യം എന്നിവയാണ്. താറാവ്, കോഴി എന്നിവയിൽ വസന്ത രോഗവും കാണുന്നുണ്ട്. മാറിയ സാഹചര്യത്തിൽ മൃഗാശുപത്രി കുമ്പളങ്ങിയിൽ തുറക്കണം. ഇന്നു പ്രവർത്തിക്കുന്ന ICDP സബ്ബ്സെൻററിന് സ്വന്തമായി കെട്ടിടം പോലും

ഇല്ല.

മാംസ ഉല്പാദന രംഗത്ത് തികഞ്ഞ അശാസ്ത്രീയതയാണ് നടമാടുന്നത്. പഞ്ചായത്തിൽ അറവുശാലയില്ല. ഒരു നിയന്ത്രണവുമില്ലാതെ വഴിയരുകിൽ മാംസവില്പന നടത്തുന്നു. രോഗം പിടിപെട്ടിട്ടുള്ള മൃഗങ്ങളെയും കശാപ്പുചെയ്ത് വില്പന നടത്തുന്നുണ്ട്.

അലഞ്ഞു തിരിയുന്ന നായ്ക്കളെ പഞ്ചായത്ത് വർഷത്തിൽ ഒരിക്കൽ പിടികൂടുന്നുണ്ടെങ്കിലും ഭാഗികമായെ പിടികൂടാൻ കഴിയുന്നുള്ളു. അലഞ്ഞു തിരിയുന്ന പട്ടികളെ പൂർണ്ണമായും പിടിച്ച് നശിപ്പിക്കുവാനും വീട്ടിൽ വളർത്തുന്ന നായ്ക്കളെ പ്രതിരോധ കുത്തിവയ്പിനു വിധേയമാക്കി രജിസ്റ്റർ ചെയ്യുകയും ലൈസൻസ് എടുക്കുന്നത് നിർബന്ധമാക്കുകയും ചെയ്യണം. പേവിഷത്തിനെതിരെയുള്ള വാക്സിൻ പകുതിവിലക്ക് വിതരണം ചെയ്തു ഘട്ടംഘട്ടമായി പേവിഷബാധ നിർമാർജ്ജനം ചെയ്യുകയും വേണം. എന്നാൽ മാത്രമേ പേവിഷബാധ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയൂ.

മൃഗസംരക്ഷണ വകുപ്പ് 13 പദ്ധതികളും ക്ഷീരവികസനവകുപ്പ് 14 പദ്ധതികളും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഈ പദ്ധതികളുടെ ഗുണം ഇന്ന് പലർക്കും ലഭിക്കാറില്ല. ഈ പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയും നടപ്പുപദ്ധതികളുടെ പോരായ്മകളുമാണ് ഗുണം ലഭിക്കാത്തതിന് പ്രധാന കാരണം. നടപ്പു പദ്ധതികൾ വിപുലീകരിക്കുവാൻ സർക്കാർ നടപടി എടുക്കണം. മൃഗസംരക്ഷണത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിനും നടപ്പുപദ്ധതികളെക്കുറിച്ച് അറിവ് ലഭിക്കുന്നതിനും സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

ചാണകം നല്ലൊരു ജൈവവളമാണ്. അത് ഇവിടെ തന്നെ ഉപയോഗിക്കുവാൻ കഴിയണം. ഇവിടെയുള്ള ചാണകം പുറത്തേക്ക് കൊണ്ടുപോകുകയാണ്. ചാണകം കൊണ്ട് പ്രവർത്തിക്കുന്ന ഗോബർ ഗ്യാസ് പ്ലാൻറുകൾ മൂന്ന് നാല് വീടുകളിൽ ഉണ്ട്. ഖാദി ബോർഡിൽ നിന്നും ഇതിന് സബ്സിഡി ഉണ്ടെങ്കിലും ബഹുഭൂരിപക്ഷം പേരും പ്രയോജനപ്പെടുത്തുന്നില്ല ഈ കാര്യത്തിൽ കർഷകരിൽ അവബോധം നൽകേതാണ്.

## പ്രശ്നങ്ങൾ

1. മൃഗാശുപത്രി ഇല്ല.
2. കാലിതീറ്റ, കോഴിതീറ്റ, എന്നിവ കുറഞ്ഞ വിലക്ക് ലഭിക്കുന്നില്ല.
3. ക്ഷീരവികസനത്തിനുള്ള സൗകര്യങ്ങൾ ഇല്ല.
4. മൃഗപരിപാലനത്തിന് ആവശ്യത്തിന് ധനസഹായം ലഭിക്കുന്നില്ല.
5. അറവ്ശാല ഇല്ല.
6. തീറ്റപ്പുൽകൃഷി ഇല്ല.
7. സഹകരണസംഘം ഇല്ല.

## സാദ്ധ്യതകൾ

1. മൃഗാശുപത്രി തുറക്കുക
2. കാലിതീറ്റ കോഴിതീറ്റ എന്നിവ കുറഞ്ഞ വിലക്ക് ലഭിക്കുവാൻ നടപടി സ്വീകരിക്കുക.
3. ക്ഷീരോല്പാദന സഹകരണ സംഘം മൂന്ന് വാർഡിന് ഒന്ന് എന്ന ക്രമത്തിൽ രൂപീകരിക്കുക.
4. ICDP സബ്ബ്സെൻററുകൾ കുമ്പളങ്ങി നോർത്ത്, സെൻറർ ഭാഗങ്ങളിൽ കൂടി തുറക്കുക.
5. മുട്ടകോഴി, താറാവ് എന്നിവ എല്ലാ വീടുകളിലും വളർത്തുക.
6. ഓരോ വാർഡിലും കുറഞ്ഞത് 25 പേർക്ക് വീതം കന്നുകാലികളെ വാങ്ങിക്കുവാൻ ധനസഹായം നൽകുക.
7. പന്നിവളർത്തൽ, യൂണിറ്റ്, ഇറച്ചിക്കോഴി യൂണിറ്റ്, മുയൽ വളർത്തൽ യൂണിറ്റ് എന്നിവ ഓരോ വാർഡിലും തുടങ്ങുവാൻ താത്പ്യമുള്ളവർക്ക് ധനസഹായം നൽകുക.
8. രണ്ട് അറവ് ശാലകൾ നിർമ്മിക്കുക.
9. കോഴിക്കുഞ്ഞുങ്ങൾ, താറാവുകുഞ്ഞുങ്ങൾ എന്നിവയുടെ നേഴ്സറികൾ ഓരോന്നും തുടങ്ങുക.
10. മൃഗസംരക്ഷണവകുപ്പും ക്ഷീരവികസന വകുപ്പും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിപുലപ്പെടുത്തുകയും സബ്സിഡികൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
11. അലഞ്ഞുനടക്കുന്ന നായ്ക്കളെ പൂർണ്ണമായും പിടിക്കുവാനും വളർത്തുനായ്ക്കളെ നിർബന്ധമായും പ്രതിരോധ കുത്തിവയ്പ്പ് നടത്തി ലൈസൻസ് കൊടുക്കുവാനും കർശന നടപടി എടുക്കുക.
12. മൃഗപരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നടത്തുക.

## മത്സ്യബന്ധനം

കായലോര പഞ്ചായത്തായ കുമ്പളങ്ങിയിൽ 740.47 ഹെക്ടർ കായൽ പ്രദേശങ്ങളും 509.45 ഹെക്ടർ ഓര് ജല ലഭ്യതയുമുള്ള പാടങ്ങളുണ്ട്. പഞ്ചായത്തിന്റെ തെക്കും കിഴക്കും വടക്കും പടിഞ്ഞാറുഭാഗം പകുതിയും കായൽ പ്രദേശങ്ങളാണ്. ചെമ്മീൻ കൃഷിക്കു പറ്റിയ പാടശേഖരങ്ങളുണ്ട്. ശുദ്ധജല മത്സ്യകൃഷിക്കുപറ്റിയ കുളങ്ങളും തോടുകളും കുറവാണ്.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ പരമ്പരാഗത മത്സ്യതൊഴിലാളികൾ കൂടുതലുണ്ട്. ഏതാണ്ട് 25 % പേരും മത്സ്യ മേഖലയുമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. വീശിവല, ചീനവല, നീട്ടുവല, കോരുവല, എന്നിവയാണ് പ്രധാന മത്സ്യബന്ധന ഉപകരണങ്ങൾ. ചെറുവഞ്ചിയിൽ ചൂണ്ടയിട്ടു മത്സ്യം പിടിക്കുന്നവരും നാമമാത്രമായിട്ടുണ്ട്. ചെറുവഞ്ചികളിൽ വീശിവല ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുന്നവർക്ക് വലയും വഞ്ചിയും സ്വന്തമായിട്ടുണ്ട്. സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിവുള്ളവർ വളരെ കുറവാണ്. IRDP ലോൺ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന ലോൺ എന്നിവ വാങ്ങിയാണ് പലരും ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ചീനവലകൾ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നവരുടെ എണ്ണം വളരെ കൂടിയിട്ടുണ്ട്. ഒരു നിയന്ത്രണവുമില്ലാതെ പുഴയുടെ എല്ലാ ഭാഗത്തും ചീനവലകൾ ഇട്ടിരിക്കുകയാണ്. ചീനവലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ പലർക്കും ചീനവല സ്വന്തമായിട്ടില്ല. ലൈസൻസ് ഉള്ള വലകൾ വളരെ കുറവാണ്.

മത്സ്യ തൊഴിലാളികളുടെ സാമൂഹ്യസാമ്പത്തിക സ്ഥിതി മെച്ചമാണെന്ന് പറയാൻ കഴിയില്ല. പലരുടേയും വീടുകളുടെ സ്ഥിതി മോശമാണ്. മത്സ്യ തൊഴിലാളികളുടെ കുട്ടികൾ എല്ലാവരും പഠിക്കുവാൻ പോകുന്നുണ്ട്. ബഹുഭൂരിപക്ഷം പേരും പാവപ്പെട്ടവരാണ്. സ്വന്തമായി വീടില്ലാത്ത മുന്നൂറോളം മത്സ്യതൊഴിലാളികൾ ഉണ്ട്. സ്വന്തമായി സ്ഥലമില്ലാത്തവരാണ് ഇവരിൽ ഭൂരിഭാഗവും.

നാരൻ ചെമ്മീൻ, തെള്ളി ചെമ്മീൻ, കരിമീൻ, കണമ്പ്, കൂരി, മറ്റ് ചെറുമീനുകൾ എന്നിവയാണ് ഇവിടെ കാണുന്ന മത്സ്യങ്ങൾ. കാര ചെമ്മീനും അപൂർവ്വമായി കാണാറുണ്ട്. ജൂലായ്, ആഗസ്റ്റ്, സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ കൊഞ്ചിനേയും കാണാറുണ്ട്. നാരൻ ചെമ്മീൻ, തെള്ളി ചെമ്മീൻ, എന്നിവ ചിലമാസങ്ങളിൽ മാത്രമാണ് കാണാറുള്ളത്. നരിമീൻ, കോളമീൻ, വീരാൽ, കറൂപ്പ്, കാരി എന്നിവയിൽ കറൂപ്പ്, കാരി എന്നിവയ്ക്ക് വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്.

മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ എണ്ണം പത്തുവർഷം മുൻപ് ഉണ്ടായിരുന്നതിനേക്കാൾ ഇരട്ടിയായിട്ടുണ്ട്. ആധുനിക രീതിയിലുള്ള വലകൾ, ഉഴുക്ക് വല കെട്ടൽ ഇതെല്ലാം കാരണം കുമ്പളങ്ങി പുഴകളിൽ മത്സ്യത്തിന്റെ അളവ് വളരെ കുറഞ്ഞിട്ടുണ്ട്. മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്നവർ വളരെ ബുദ്ധിമുട്ടിയാണ് ജീവിക്കുന്നത്.

മത്സ്യവിപണന സംസ്ക്കരണ രംഗത്ത് വലിയ കുതിച്ചുകയറ്റം തന്നെയാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ ഇതിന്റെ സാമ്പത്തിക നേട്ടം കൊയ്യുന്നത് ഒരു വിഭാഗം മാത്രമാണ്. മത്സ്യതൊഴിലാളികളും ഉല്പാദകരും ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്നു. ഉല്പാദകന് തന്റെ മത്സ്യത്തിന് ന്യായമായ വില ഉറപ്പുവുത്തുന്നതിനും ഉപഭോക്താവിന് ന്യായമായ വിലക്ക് മത്സ്യം ലഭ്യമാക്കുന്നതിനും മത്സ്യ സംഭരണവും വിപണനവും കൂടുതൽ കൂടുതൽ നിയന്ത്രണവിധേയമാക്കേണ്ടതുണ്ട്. മത്സ്യതൊഴിലാളി സഹകരണ സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയാൽ ഒരു പരിധിവരെ ഇന്നുള്ള ചൂഷണം അവസാനിപ്പിക്കുവാൻ കഴിയും. മത്സ്യ സംസ്ക്കരണ ശാലകളൊന്നും ഇവിടെ ഇല്ല. പത്ത് പീലിങ്ങ് ഷെഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഐസ് ഫാക്ടറി ഒന്നും ഇല്ല. ഐസ് ഫാക്ടറി, കോൾഡ് സ്റ്റോറേജ് എന്നിവ അത്യാവശ്യമാണ്. നിലവിലുള്ള പീലിങ്ങ് ഷെഡുകൾ നടത്തുന്നവർ നിയമാനുസൃതമായ ശുചിത്വം പാലിക്കുന്നില്ല. ഈ ഷെഡുകൾ എല്ലാം നവീകരിക്കേണ്ടതാണ്.

ശാസ്ത്രീയ ചെമ്മീൻ കൃഷി നടത്തുന്നവരുടെ എണ്ണം കൂടി വരുന്നുണ്ട്. എന്നാൽ ഈ കൃഷിയിടങ്ങളിൽ ചെമ്മീന് കണ്ടുവരുന്ന രോഗം ഈ രംഗത്തെ കർഷകരെ ദോഷമായി ബാധിച്ചിട്ടുണ്ട്. ചെമ്മീത്തിന് കണ്ടുവരുന്ന രോഗം ഫലപ്രദമായി തടയാനോ, രോഗം വന്ന ചെമ്മീനുകളെ രോഗവിമുക്തമാക്കുവാനോ കഴിയുന്നില്ല. രോഗം പിടിപെട്ടാൽ ചത്തുപോകുന്ന സ്ഥിതിയാണ്. രോഗത്തെ ഫലപ്രദമായി നേരിട്ടാൽ ചെമ്മീൻ കൃഷി ലാഭകരമാണ്. പൊക്കാളി നെൽകൃഷിയോടൊപ്പം മത്സ്യങ്ങൾ വളർത്തുന്ന രീതി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കക്കാവാരി ഉപജീവനം കഴിക്കുന്ന തൊഴിലാളികൾ ഏതാണ്ട് നൂറോളമുണ്ട്. കല്ലഞ്ചേരിയിലാണ് കക്ക തൊഴിലാളികൾ കൂടുതലുള്ളത്. ഇവരുടെ

ജീവിതനിലവാരം വളരെ താഴ്ന്നതാണ്. മറ്റ് മേഖല കളിൽ കിട്ടുന്ന സഹായങ്ങൾ ഒന്നും തന്നെ ഇവർക്ക് കിട്ടാറില്ല.

മത്സ്യമേഖലയിൽ മത്സ്യബന്ധനത്തിലേർ പ്പെട്ടിരിക്കുന്നവരുടെ ഉന്നമനത്തിന് വേണ്ടി ധാരാളം ക്ഷേമപദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാന ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്, എന്നീ സ്ഥാപനങ്ങൾ വഴിയാണ് ക്ഷേമപദ്ധതികൾ മുഖ്യമായും നടപ്പിലാ ക്കുന്നത്. പദ്ധതിയുടെ കുറ്റമറ്റ നടത്തിപ്പിന് പഞ്ചായ ത്തുതല സംവിധാങ്ങൾ ഫലപ്രദമായി പ്രയോജന പ്പെടുത്തേണ്ടതുണ്ട്. മത്സ്യ മേഖലയിൽ പ്രവർത്തി ക്കുന്ന വിവിധ സ്ഥാപനങ്ങളുടെ പുനഃസംഘാടന ത്തിലൂടെ പഞ്ചായത്തുതലത്തിൽ ഒരു സിങ്കിൾ വിൻഡോ സിസ്റ്റം നടപ്പിലാക്കുവാൻ കഴിഞ്ഞാൽ വികസന ക്ഷേമപദ്ധതികൾ ഗുണഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുവാൻ കഴിയും.

## പ്രശ്നങ്ങൾ

1. ഉല്പാദന സാദ്ധ്യതകളെ പറ്റിയുള്ള അറിവില്ലായ്മ
2. മത്സ്യ ഉല്പാദനം കുറയുന്നു.
3. മത്സ്യങ്ങൾക്ക് രോഗം കണ്ടുവരുന്നു.
4. മത്സ്യത്തിന് ന്യായമായ വില കിട്ടുന്നില്ല.
5. മത്സ്യ സഹകരണശാലയോ കോൾഡ്സ്റ്റോറേജോ ഇല്ല.
6. മത്സ്യ സഹകരണസംഘം ഇല്ല.
7. അനിയന്ത്രിതമായി ചീനവലകൾ ഇടുന്നു.
8. ചെമ്മീൻ കെട്ടുകളിൽ വിഷം കലക്കുന്നു.
9. മത്സ്യവിപണിയിൽ ഇടനിലക്കാരുടെ ചൂഷണം

## സാദ്ധ്യതകൾ

1. മത്സ്യകർഷകർക്കും മത്സ്യതൊഴിലാളികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക, മാരകമായ മത്സ്യബന്ധന രീതി ഒഴിവാക്കുക.
2. മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുക.
3. മത്സ്യസഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
4. മത്സ്യസംസ്ക്കരണ ശാല, ഐസ് ഫാക്ടറി, എന്നിവ സ്ഥാപിക്കുക.
5. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ പുനഃസംഘടനത്തിലൂടെ പഞ്ചാ യത്തിൽ മത്സ്യഭവൻ സ്ഥാപിച്ച് സിങ്കിൾ വിൻഡോസിസ്റ്റം നടപ്പിലാക്കുക.
6. പൊക്കാളി നെൽപ്പാടങ്ങളിൽ നെൽകൃഷി യോടൊപ്പം മത്സ്യങ്ങളും വളർത്തുക.
7. ചെമ്മീൻ കെട്ടുകളിൽ വിഷം കലക്കിയും മറ്റ് മാർഗ്ഗങ്ങളിലൂടെയും മത്സ്യം ഇറക്കി പിടിക്കുന്ന രീതി അവസാനിപ്പിക്കുവാൻ നടപടി എടുക്കുക.
8. ചെമ്മീൻ കൃഷി, ഞണ്ട് കൃഷി, കക്കാ കൃഷി, എന്നിവ എവിടെയെല്ലാം നടത്തണമെന്ന നിർദ്ദേശം ജലകൃഷി വികസന ഏജൻസി മുഖേന നൽകുകയും ആവശ്യം വേണ്ട പരിശീലനം നൽകുകയും ചെയ്യുക.
9. കുമ്പളങ്ങി പടിഞ്ഞാറെ കായലിൽ ഫിഷ്പോണ്ട് സ്ഥാപിക്കുക.
10. കുമ്പളങ്ങി പുഴയിൽ അനിയന്ത്രിതമായി ഇട്ടിരി ക്കുന്ന ചീനവലകൾ ഗതാഗത തടസ്സം ഉണ്ടാ ക്കാത്ത രീതിയിൽ പുനഃസ്ഥാപിക്കുകയും നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക.
11. മത്സ്യ തൊഴിലാളികൾ കൂടുതൽ താമസിക്കുന്ന പ്രദേശങ്ങളിൽ നേഴ്സറി സ്കൂൾ സ്ഥാപിക്കുക. കുടിവെള്ളം, വെളിച്ചം, റോഡ് എന്നിവ എത്തി ക്കുക.
12. ഭവന രഹിതരായ എല്ലാ മത്സ്യതൊഴിലാളി കൾക്കും വീട് നൽകുക
13. പഞ്ചായത്ത് പ്രദേശത്ത് ഉപയോഗമില്ലാതെ കിടക്കുന്ന കുളങ്ങളിലും തോടുകളിലും അനുയോ ജ്യമായ മത്സ്യകൃഷി നടത്തുക.

★ ★ ★

# വ്യവസായം

കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിൽ എടത്തരം വ്യവസായങ്ങളും, കുടിൽ വ്യവസായങ്ങളും, കയർ, കള്ള് ചെത്ത് എന്നീ പരമ്പരാഗതവ്യവസായങ്ങളുമാണ് നിലവിലുള്ളത്. പരമ്പരാഗത വ്യവസായത്തെ ഒഴിച്ചു നിർത്തിയാൽ SSI രജിസ്ട്രേഷൻ ഉള്ള കുടിൽ വ്യവസായങ്ങളും, രണ്ടോ, മൂന്നോ ഇടത്തരം വ്യവസായങ്ങളുമാണുള്ളത്. ഇതിൻെറ പട്ടിക ചുവടെ ചേർക്കുന്നു.

| കുടിൽ വ്യവസായം | ഇടത്തരം വ്യവസായങ്ങൾ | പരമ്പരാഗതം |
|---|---|---|
| 1. സോമിൽ - 3<br>2. ഫ്ളവർമിൽ - 9<br>3. പ്രൻറിംഗ് പ്രസ്സ് - 6<br>4. ഇൽജിനീക്കിംഗ് വർക്ക് ഷോപ്പ് - 9<br>5. മെഴുകുതിരി നിർ-മ്മാണം - 4 യൂണിറ്റ്<br>6.സോഡാഫക്ടറി - 4 | 1. ലാമാപ്ലാസ്റ്റിക് & റബ്ബർ വർക്ക്സ്<br>2. ലാൻയാഡ് ഓയിൽ മിൽ<br>3. കേരളാ പോളിത്തിൻ പൈപ്പ് ഫാക്ടറി | 1. കയർ<br>2. കള്ള് ചെത്ത് |

പഞ്ചായത്തിൻെറ വികസനത്തിന് ചെറുതും, വലുതുമായ വ്യവസായസ്ഥാപനങ്ങൾ പ്രവർത്തിക്കിന്നതിനുള്ള പദ്ധതിക്കൾക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു. ഇതിന് പല പ്രശ്നങ്ങളും നമ്മെ അഭിമുഖിക്കരിക്കുന്നുണ്ട്. അത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് ഫലപ്രദമായ പരിഹാരം കാണേണ്ടിയിരിക്കുന്നു. വ്യവസായരംഗത്ത് വരുമാനം, സംരംഭങ്ങൾ തുടങ്ങുവാനും താല്പര്യമുള്ള ആളുകൾ പഞ്ചായത്തിൽ നിരവധിയുണ്ട്. പ്രധാനമായും ഇവർ നേരിടുന്ന പ്രശ്നങ്ങൾ സാമ്പത്തീകം, ലൈസൻസ് ലഭിക്കുവാനുള്ള കാലതാമസം, ഇലകർട്രിസിറ്റി പ്രശ്നങ്ങൾ, സ്ഥലങ്ങളുടെ ലഭ്യതകുറവ് എന്നിവയാണ്.

കരകൗശലപണികളിൽ താല്പര്യമുള്ളവരും കൈതൊഴിൽ ചെയ്യുന്നവരുമായിട്ടുള്ള ആളുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇതിനാവശ്യമായിട്ടുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവുകൊണ്ട് ഇത് മെച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. അസംസ്കൃതസാധനങ്ങളിൽ നമ്മുടെ നാട്ടിൽ തന്നെ ഉല്പാദിപ്പിച്ചെടുക്കാവുന്നവയുമുണ്ട്. ഇതിനെല്ലാം പുറമെ ചെറുതും വലുതുമ്മായ വ്യവസായ ശ്യംഖല കൊട്ടിപ്പടുക്കേണ്ട പ്രശ്നവും നിലനിൽക്കുന്നു.

വ്യവസായ വകുപ്പ്,ഇലക്ട്രിസിറ്റി, പഞ്ചായത്ത്, സാമ്പാത്തീക സ്ഥാപനങ്ങൾ, വില്ലേജ് ആഫിസ് അന്നിവ തമ്മിലുള്ള ഒരു ലിങ്കിംഗ് ഉണ്ടാകണം. വ്യവസായ വകുപ്പിലെ താലുക്ക് തല മേധാവി K.S.E.B അസി. എക്സി.ഇൻജിനീയർ, കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡണ്ട്, സെക്രട്ടറി,ലീഡ് ബാങ്കുകളുടെ മാനേജർമാർ,വില്ലേജ് ആഫീസർ, ഗ്രമപഞ്ചായത്ത് പ്രസിഡൻണ്ട് സെക്രട്ടറി, വൈ.പ്രസിഡൻണ്ട്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരടങ്ങിയ ഒരു Industrial Devolopment Committee നിലവിൽ വരണം. കൈത്തൊഴിൽ കരകൗശലം എന്നീ വിഭാഗത്തിലെ വ്യവസായ യുണിറ്റിനുള്ള അസംസ്കൃത സാധാനങ്ങളുടെ പ്രദേശിക വികസനത്തെ സഹായിക്കുന്നതിനുള്ള നടപടിയും ഉണ്ടാകണം. സ്വയം തൊഴിൽ കണ്ടെത്തുന്നവരേ സാമ്പാത്തികമായി സഹായിക്കുന്നതോടൊപ്പം ഗ്രാമവ്യവസായങ്ങൾക്കും ഉല്പന്നങ്ങൾക്കും സമൂഹത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തണം. മേൽ പ്രതിപാതിച്ച പ്രശ്നങ്ങൾക്കുള്ള നിർദ്ദേശമാണ് ഇവിടെ പരാമർശിക്കപ്പെട്ടത്.

നമ്മുടെ പഞ്ചായത്തിൽ വ്യവസായ സാദ്ധ്യതകളേറെയാണ്. തരംതിരിച്ചുള്ള വ്യവസായ ശ്യംഖലകളുണ്ടാകണം. മത്സ്യമേഖല, കാർഷിക മേഖല, Industrial മേഖല, ഇലക്ട്രോണിക്സ്, കുട, ബാഗ്, ബുക്സ് തുടങ്ങിയവയുടെ നിർമ്മാണം. റെഡിമെയ്ഡ് വസ്ത്രങ്ങൾ പ്ലാസ്റ്റിക്ക് റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിങ്ങനെ ഓരോ മേഖലയിലും വ്യവസായികാടിത്തറയുണ്ടാക്കണം. ഗതാഗത സൗകര്യങ്ങളുടെ വർദ്ധനവേടുകൂടി ഐസ്പ്ലാറ്റുകളും, പീലിംഗ് ഷെഡുകളും സ്ഥാപിച്ച് മത്സ്യരംഗത്തെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയും. കാർഷിക മേഖലയിൽ നാളികേര സംരംഭവും, കൊപ്രാസംസ്ക്കരണ ശാലയും, ഇൻഡ്രട്രിയൽ മേഖലയിൽ Industrial Estate,ഇലക്ട്രോണിക് രംഗത്ത് ടെലിവിഷൻ,റേഡിയോ തുടങ്ങിയ ഉപകരണങ്ങളുടെ Assemnling സെന്റർ, കുട, ബാഗ്, ബുക്സ് തുടങ്ങിയവയുടെ നിർമ്മാണം കുടിൽ വ്യവസായ മെഖലയിലും, സഹകരണമേഖലയിലും, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണത്തിന് തൊഴിൽ കേന്ദ്രങ്ങൾ, പ്ലാസ്റ്റിക് റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥാപനങ്ങൾ, കരകൗശല,

കൈതൊഴിൽ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ച് വ്യവസായ രംഗത്ത് നമ്മുടെ പഞ്ചായത്തിനെ മുന്നോട്ടു കൊണ്ടുവരുവാൻ കഴിയും.

രണ്ടു കിലോമീറ്ററോളം വീതിയുള്ള കല്ലംഞ്ചേരി കണ്ണമാലി കായലിൽ നിന്നും നീരൊഴുക്ക് നിലനിർത്തി കല്ലംഞ്ചേരിയോടു ചേർന്ന് തെക്ക് വടക്കായി ഉദ്ദേശം 300 ഏക്കർ സ്ഥലം നികത്തിയെടുക്കുവാൻ കഴിയും. ഇങ്ങിനെ നികത്തിയെടുക്കുന്ന ഭൂമിയിൽ Industrial Estate, കക്കയിറച്ചി - മത്സ്യസംസ്ക്കരണശാലകൾ, വനിതാ തൊഴിൽ പരിശീലനകേന്ദ്രം, മത്സ്യം ഉണക്കി വില്പന നടത്തുന്നതിനുള്ള ഫാക്ടറി, എന്നിവ സ്ഥാപിക്കുവാൻ കഴിയും. കൂടാതെ കുമ്പളങ്ങിക്കാവശ്യമായ വെളിച്ചെണ്ണ സംസ്ക്കരിച്ചെടുക്കുവാനുള്ള നാളികേര സംഭരണ കേന്ദ്രവും,കൊപ്രസംസംസ്ക്കരണ ശാലയും ഇവിടെ സ്ഥാപിക്കുവാനും കഴിയും കാലിത്തീറ്റയുടെ ബുദ്ധിമുട്ട് കുറക്കുന്നതിനാവശ്യമായ പിണ്ണാക്കും നമുക്ക് ഇതിൽ നിന്ന് ലഭിക്കും.

ഗതാഗതസൗകര്യങ്ങളുടെ വളർച്ചയാണ് വ്യവസായങ്ങളുടെ വളർച്ച. വ്യവസായ വളർച്ച പുരോഗതിയുടെ നാന്ദിയാണ്. അതുകൊണ്ട് കുമ്പളങ്ങി പെരുമ്പടപ്പ് പാലം പഞ്ചായത്തിന് അനിവാര്യമാണ്. പാലം പണി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടുവാൻ ആവശ്യമായ സമ്മർദ്ദങ്ങളും നടപടികളും സ്വീകരിക്കണം. ഇങ്ങിനെ കുമ്പളങ്ങി പെരുമ്പടപ്പ് പാലത്തിൻെറ പൂർത്തികരണവും, പഴങ്ങാട് അരൂർ കെൽട്രോൺ ഫെറിയുടെ വികസനത്തിനുള്ള പാല നിർമ്മാണവും നടന്നു കഴിഞ്ഞാൽ കുമ്പളങ്ങിയുടെ വ്യവസായ വികസനത്തിന് അനുകൂല കാലാവസ്ഥയായി.

## പരമ്പരാഗത വ്യവസായം

കള്ള് ഉത്പാദനം, കയർ വ്യവസായം എന്നിവയാണ് ഇവിടത്തെ പരമ്പരാഗത തൊഴിൽ മേഖല.100 ൽ താഴെ ആളുകൾ മാത്രമേ കള്ളു ഉല്പാദനവുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നുള്ളു. പ്രാചീന കാലത്ത് പുലർത്തി പോന്ന അതേ രീതിതന്നെയാണ് ഈ തൊഴിലിൽ ഇന്നും അവലംബിച്ചിട്ടുള്ളത്. ഇതിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുന്നു. തെങ്ങിനെ മാത്രം ആശ്രയിച്ചാണ് കള്ള് ഉലപാദനം നടക്കുന്നത്.

കയർ മേഖലയിൽ 5000 ത്തോളം കയർ തൊഴിലാളികൾ ഉണ്ടായിരുന്നതിൽ 2000 തൊഴിലാളികൾ സഹകരണരംഗത്തായിരുന്നു. 5 സഹകരണസംഘങ്ങൾ ഉണ്ടായിരുന്നുവെങ്കിലും 3 കയർ സഹകരണ സംഘങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഈ പഞ്ചായത്തിലെ മുഖ്യതൊഴിൽ കയർ പിരി ആയിരുന്നു. സാമ്പത്തീക രംഗത്ത് ഈ വ്യവസായത്തിന് ഉണ്ടായിരുന്ന സ്ഥാനം മുഖ്യമായിരുന്നു. പഞ്ചായത്തിലെ സാമ്പത്തീക അടിത്തറയുള്ളവരിൽ ഭൂരിഭാഗവും കയർ വ്യവസായവുമായി ബന്ധപ്പെട്ടവരായിരുന്നു. കേരളത്തിൽ എക്സ്പോർട്ട് ലൈസൻസുള്ള ചുരുക്കം ചിലയാളുകളിൽ ഒരാൾ ശ്രീ T.V. പത്മനാഭനായിരുന്നു. ഇവിടെ പ്രധാനമായും ഉല്പാദിപ്പിച്ചിരുന്നത് വൈക്കം കയറാണ്. കയർ മേഖലയേയും അതിലെ തൊഴിലാളികളെയും അവഗണിച്ചുകൊണ്ട് യാതൊരുവിധ വികസന പ്രവർത്തനങ്ങൾക്കും പഞ്ചായത്തിന് രൂപം കൊടുക്കുവാൻ സാധിക്കുകയില്ല. തൊണ്ടു തല്ലുന്നതിൻെറ താളലയങ്ങളിൽ മർമ്മരം പൊഴിക്കുന്ന റാട്ടുകളുടെ " കട കട" ശബ്ദം ഇന്ന് നിലച്ചു വരുന്നു. ഈ വ്യവസായം പഞ്ചായത്തിൽ നിന്ന് വരുകയാണ്. കയർ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൂന്ന് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചിരുന്നു. നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുമ്പളങ്ങി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 361 ൻെറ പ്രവർത്തനം നിലച്ചിട്ട് രണ്ടു വർഷം ആകുവാൻ പോകുന്നു. സ്വകാര്യ മേഖലയിലെയും തൊഴിൽ സാദ്ധ്യത കുറഞ്ഞു വരികയാണ്. നിരവധി പ്രശ്നങ്ങളാണ് ഈ വ്യവസായത്തെ നേരിടുന്നത്. നമ്മളെ സംബന്ധിച്ച് സംസ്ഥാനടിസ്ഥാനത്തിലും, പ്രദേശിക തലത്തിലും പ്രശ്നങ്ങളുണ്ട്. 39-39 കാലഘട്ടം മുതലിങ്ങോട്ട് പടിപടിയായി ഈ വ്യവസായം തകർച്ചയെ നേരിടുകയാണ്. 91-92 ഓടുകൂടി ഇത് മൂർച്ചിച്ചു. അതിൻെറ ഫലമായി ഭൂരിഭാഗം തൊഴിലാളികളും കയർ രംഗം വിട്ടുകൊണ്ടിരിക്കുകയാണ്.

അസംസ്കൃത സാധനങ്ങളായ തൊണ്ട്, ചകിരി എന്നിവയുടെ ലഭ്യത കുറവ് കൂലിപ്രശ്നം എന്നിവ കയർ രംഗത്ത് നേരിടുന്ന പ്രശ്നങ്ങളാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തൊണ്ട് സംഭരിക്കുവാൻ കഴിയാത്തതും, തൊണ്ട് സംരഭിക്കണമെങ്കിൽ ഇവിടെ വ്യപകമായ സ്വകാര്യ മേഖലയുമായി മത്സരിക്കുകയെന്നതും സഹകരണ രംഗത്തെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. തൊണ്ട് സംരഭിക്കുവാൻ കഴിയാത്തതുകൊണ്ട് ചകിരിയുടെ ഉലപാദനത്തിൽ ഗണ്യമായ കുറവ് വരുകയും,

പ്രാദേശികമായി തൊണ്ട് സംഭരിക്കുവാൻ കഴിയാതെ വരുകയും ചെയ്തു. പ്രദേശിക തൊണ്ട് ശേഖരണത്തിൻെറ ബുദ്ധിമുട്ട് ഇന്നും നിലനിൽക്കുന്നു. ഇതോടുകൂടി ആ രംഗത്ത് തൊഴിൽ മാന്ദ്യം സംഭവിച്ചതിൻെറ പേരിൽ തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നു. മറ്റ് തൊഴിൽ മേഖലയുമായി നോക്കുമ്പോൾ ഈ രംഗത്ത് കൂലി വളരെ കുറവുമാണ് ലഭിക്കുന്നത്. ഒരു തൊഴിലാളിക്ക് ഒരു ദിവസം കയർ ഉല്പാദിപ്പിക്കണമെങ്കിൽ 175 തൊണ്ടെങ്കിലും വേണം. ഇത് കണക്കാക്കുമ്പോൾ വ്യവസായത്തിന് ആവശ്യമായത്ര തൊണ്ട് ഇവിടെ നമ്മുക്ക് ലഭിക്കുന്നില്ല. അന്യപ്രദേശങ്ങളെ ആശ്രയിക്കേണ്ടതായും വരുന്നു. തൊണ്ടിൻെറയും ചകിരിയുടെയും നമ്മുടെ ഡിമാൻറ് അനുസരിച്ചു തൊണ്ട്, ചകിരി വ്യപാരികൾ യാതൊരു മാനദണ്ഡവും കൂടതെ വിലകയറ്റുന്നു. കൂലിപേരിൽ തൊഴിലാളിക്കൾക്ക് വർദ്ധിപ്പിക്കേണ്ട രൂപ അംസംസ്കൃത സാധനങ്ങൾക്കായി പോകുന്നതുകൊണ്ട് കൂലിയിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. മറ്റ് സ്ഥാലങ്ങളിൽ വർക്ക് ലോഡിൻെറയും,ഉല്പാദിപ്പിക്കുന്ന കയറിൻെറ തൂക്കമനുസരിച്ചും കൂലി ലഭിക്കുമ്പോൾ 100 കറുമ്പോള കയറിൻെറ അടിസ്ഥാനത്തിലാണ് (മൂന്ന് മുടി കയർ 2 കറുമ്പോള) ഇവിടെ കൂലികൊടുക്കുന്നത്.

കയർ വ്യവസായത്ത് നമ്മുടെ പഞ്ചായത്തിൽ നിലനിർത്തുന്നതിന് പ്രാദേശികമായി ചില പരിഗണനകൾ കൊടുക്കണം. കയർ സഹകരണ മേഖലകളെയും, സ്വകാര്യമേഖലയേയും ഒരുമിച്ച് കൊണ്ടുപോകുവാനും കഴിയണം. തൊണ്ടിനും ചകിരിക്കും വില ക്ലിപ്തപ്പെടുത്തുകയും ടേൺ ഓവറിൻെറയും, തൊഴിലാളികളുടെ എണ്ണത്തിൻെറയും അടിസ്ഥാനത്തിൽ തൊണ്ടും, ചകിരിയും വിതരണം ചെയ്യുക. B.C പട്ടികയിൽപ്പെടുത്തിയിട്ടുള്ള കയർ സംഘങ്ങളെ പ്രവർത്തിക്കാനാവശ്യമായ സഹായങ്ങൾ പഠനത്തിൽ വിധേയമായി ചെയ്യുക. 100 രൂപാ ഓഹരിയുള്ള ഒരംഗത്തിന് സർക്കാറിൽ നിന്നും 1000 രൂപാ Share Contribution ആയി കൊടുക്കുക. സംഘങ്ങൾക്ക് വന്നിട്ടുള്ള നഷ്ടം കാർഷിക കടത്തിൽ ഉൾപ്പെടുത്തി എഴുതി തള്ളുക. തൊണ്ടും,ചകിരിയും സംഭരിക്കുന്നതിന് ഒരു ഏജൻസിയെ നിയമിക്കുക. (corifed ആയിരിക്കണം) സഹകരണരംഗത്തും, സ്വകാര്യ മേഖലയിലും യന്ത്രവൽകൃതറാട്ടുകൾ സബ്സിഡി നൽകികൊണ്ട് വിതരണം ചെയ്യുക. വർക്കിംഗ് ക്യാപ്പിറ്റൽ വർദ്ധിപ്പിക്കുക. സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും ഉല്പാദിപ്പിക്കുന്ന കയർ കയർഫെഡ് വഴി വില്പന നടത്തുക. അല്ലെങ്കിൽ സ്വകാര്യ മേഖലയിലെ കയർ എടുക്കുന്നതിന് പ്രൈമറി സംഘങ്ങളെ ഏജൻറുമായി നിയമിക്കുക, യന്ത്രവൽകൃതറാട്ടുകളിൽ ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള തൊഴിലാളികളെ അയച്ച് പരിശീലിപ്പിക്കുക. തുടങ്ങിയ കാര്യങ്ങലാണ് അടിയന്തിരമായും ചെയ്യേണ്ടത്.

ചീഞ്ഞ മടലുകളിൽ നിന്നും വിസർജിക്കുന്ന ചകിരി ചോർ വളത്തിനു വേണ്ടി സംസ്ക്കരിക്കുന്നതിനുള്ള വളം നിർമ്മാണശാലകർ സ്ഥാപിക്കുക വഴി ഇതിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാനും കഴിയും.

★ ★ ★

# ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

## ഗതാഗതം

40-45 വർഷത്തിന് മുമ്പ് ഇന്നു കാണുന്ന നമ്മുടെ കുമ്പളങ്ങി-എഴുപുന്ന റോഡ് ഗ്രാവൽ റോഡായിരുന്നു. ഉപറോഡുകൾ എന്ന നിലയിൽ ഇല്ലിക്കൽ ജംഗ്ഷൻ റോഡ്, കണ്ടക്കടവ് റോഡ് എന്നിവ മാത്രമായിരുന്നു സഞ്ചാരയോഗ്യമായിട്ടുള്ള റോഡുകൾ. ഇന്നുകാണുന്ന ക്രോസ്സ് റോഡുകളുടേയും, പാരലൽ റോഡുകളുടേയും സ്ഥാനത്ത് തോടുകളും, നടവഴികളും, സ്വകാര്യ ഭൂമികളും ആയിരുന്നു. മോട്ടോർ വാഹനസൗകര്യം ഇല്ലായിരുന്നു എന്നുതന്നെ പറയാം. പ്രധാനകടത്ത് ആയ കുമ്പളങ്ങി-പെരുമ്പടപ്പ് ഫെറി കടന്ന് പെരുമ്പടപ്പിൽ നിന്ന്, ഇടക്കൊച്ചി, അരൂർ പ്രദേശങ്ങളിൽ നിന്നോ ആയിരുന്നു, കുമ്പളങ്ങി നിവാസികൾ യാത്രക്ക് മോട്ടോർ വാഹനങ്ങൾ ഉപയോഗിച്ചിരുന്നത്. പിന്നീട് ജലഗതാഗതത്തിന്റെ ഭാഗമായി എറണാകുളം, മട്ടാഞ്ചേരി പ്രദേശങ്ങളിലേക്ക് ബോട്ട് സർവ്വീസ് ആരംഭിച്ചു. 66-67 കാലഘട്ടത്തോടുകൂടി ബോട്ട്സർവ്വീസ് നിർത്തുകയും ചെയ്തു. 1956-ൽ ആണ് ആദ്യമായി മറ്റുകരകളെ ബന്ധപ്പെടുത്തിക്കൊണ്ട് ബസ് സർവ്വീസ് ആരംഭിച്ചത്. ബസ് കുമ്പളങ്ങി-പെരുമ്പടപ്പ് ഫെറിയിലൂടെ ചങ്ങാടത്തിൽ കയറ്റി കഴുക്കോൽ ഉപയോഗിച്ച് ഊന്നിയാണ് അക്കരെ-ഇക്കരെ ബസ്സുകൾ കടത്തിക്കൊണ്ടിരുന്നത്. വാണിജ്യപരമായും നിത്യോപയോഗസാധനങ്ങൾ എറണാകുളം മട്ടാഞ്ചേരി ഭാഗങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ എത്തിച്ചുകൊണ്ടിരുന്നത്. ജലമാർഗ്ഗം, വലിയ വള്ളങ്ങളിലായിരുന്നു. റെയിൽ ഗതാഗതസൗകര്യം ഇവിടെയില്ല. ഗതാഗതസൗകര്യമുള്ള രണ്ടു റോഡുകളിലാണ്. അഞ്ചരകിലോമീറ്റർ നീളമുള്ള കുമ്പളങ്ങി-എഴുപുന്ന റോഡും 2 1/2 കിലോമീറ്റർ നീളമുള്ള MLA റോഡായ കുമ്പളങ്ങി-കണ്ടക്കടവ് റോഡും, ഈ രണ്ട് റോഡും ആദ്യമായി ടാറിംഗ് നടത്തിയത് മുപ്പത് വർഷത്തിന് മുമ്പാകാനാണു സാധ്യത. ബസ് സർവ്വീസ് ആദ്യമായി ആരംഭിക്കുമ്പോഴും ടാറിംഗ് ഇല്ലായിരുന്നു.

നമ്മുടെ യാത്രാസൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. വാഹനങ്ങളുടെ വർദ്ധനവനുസരിച്ച് റോഡിന്റെ നില തൃപ്തികരമല്ല. നേരത്തെ ഉണ്ടായിരുന്ന വീതി തന്നെയാണ് ഇപ്പോഴും പ്രധാന റോഡിനുള്ളത്. റോഡിന്റെ വീതി കൂട്ടേണ്ട സമയം

### I. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| വാർഡുകൾ | ക്രോസ്സ് റോഡ് | പാരലൽ റോഡ് | ടാർ ചെയ്തത് | | ഫുഡ് പാത്ത് | ടാറിംഗിന് പ്രധാനം | | പൂർത്തിയാകാത്തത് | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|
| | | | ക്രോസ്സ് | പാരലൽ | | ക്രോസ്സ് | പാരലൽ | | |
| I | 2 | 2 | - | - | - | - | 2 | - | പാടശേഖര റോഡ് |
| II | 4 | - | 1 | - | - | - | - | 1 | കോൺവെന്റ് റോഡ് |
| III | 4 | - | 1 | - | - | 3 | - | - | - |
| IV | 4 | - | - | - | - | - | - | 2 | - |
| V | 0 | 2 | - | 1 | 1 | - | - | 1 | ജവഹർ റോഡ് |
| VI | 2 | - | - | - | - | 2 | - | - | - |
| VII | 2 | - | - | - | - | - | - | 1 | ആഞ്ഞിലിത്തറ റോഡ് |
| VIII | 2 | - | - | - | - | 2 | - | - | |
| IX | - | 1 | - | - | - | - | 1 | 1 | സെന്റ് മേരീസ് കടവ് റോഡ് |
| X | 4 | - | - | - | 1 | 4 | - | - | |
| XI | 3 | - | - | - | - | 2 | - | - | |

അതിക്രമിച്ചിരിക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് വാഹനസൗകര്യം തീരെ അപര്യാപ്തമാണ്. ചങ്ങാടം ഉപയോഗിച്ചുള്ള ബസ്സ് സർവ്വീസ് ഇന്നും തുടരുകയാണ്. നമ്മുടെ പാലം നിർമ്മാണത്തിൽ വന്നിട്ടുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ട് എത്രയും വേഗം പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ഗതാഗതസൗകര്യം വർദ്ധിപ്പിച്ചാൽ വ്യവസായിക മായി പഞ്ചായത്ത് വികസിക്കും. കുമ്പളങ്ങി പഞ്ചായത്തിൽ പതിനൊന്നു വാർഡുകൾ ഉണ്ടെ ങ്കിലും ഒന്നുമുതൽ 5 വരെയുള്ള വാർഡുകൾ പൂർണ്ണമായും പ്രധാന റോഡിന്റെ സാമീപ്യം ഉൾക്കൊള്ളുന്നവയാണ്. 7,8,10,11 വാർഡുകളിലെ കുറെ ഭാഗങ്ങൾമാത്രമാണ് പ്രധാന റോഡുമായി അടുത്ത് ബന്ധമുള്ളത്. എന്നാൽ 9-ാം വാർഡ് തീർത്തും പ്രധാന റോഡുമായി ഒറ്റപ്പെട്ടു കിട ക്കുന്നു. ഇതുകൊണ്ടുതന്നെ നമ്മുടെ പഞ്ചായ ത്തിലെ വാർഡുകളിൽ റോഡുകളുടെ ആവശ്യകത ബോധ്യപ്പെടാവുന്നതേയുള്ളു. അതുകൊണ്ട് വാർഡുകളിൽ തലങ്ങും, വിലങ്ങും റോഡുകൾ ആവശ്യമാണ്.

നിലവിലുള്ള റോഡുകളിൽ തന്നെ ജവഹർ റോഡിന് വീതികൂട്ടി ഡ്രയിനേജ് ഏർപ്പെടു ത്തുകയും വേണം. ഇപ്പോൾ നടപ്പാതയായി ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ ഉപയോഗി ക്കുകയും വേണം.

സ്ലാബോടുകൂടി കാന ജലഗതാഗതത്തിന് സാദ്ധ്യതയുള്ള പ്രദേശങ്ങളും നമ്മുടെ പഞ്ചായ ത്തിൽ ഉണ്ട്. ചരക്കുകൾ കയറ്റി ഇറക്കുവാനും യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഇത് ഉപകരിക്കും. 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നാട്ടുതോടിന്റെ ആഴം വർദ്ധിപ്പിച്ച് ഇരുവശവും കരിങ്കൽ ഭിത്തി കെട്ടിയാൽ ചരക്കുകൾ കയറ്റിയിറക്ക് നടത്തുന്നതിന് സൗകര്യപ്രദ മായിരിക്കും. അതേപോലെതന്നെ 9-ാം വാർഡിൽ ഉള്ള നാട്ടുതോടിന്റെ ആഴം വർദ്ധിപ്പിച്ച് വശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടിയാൽ 6 മാസത്തേക്ക് ചരക്ക് കയറ്റിറക്ക് നടത്തുവാനുള്ള സൗകര്യം ലഭിക്കു കയും പ്രധാനറോഡുമായി ഒറ്റപ്പെട്ടു കിടക്കുന്ന വാർഡിലെ കുറച്ച് ആളുകൾക്ക് ട്രാൻസ്പോർട്ടിംഗ് സൗകര്യം ഉണ്ടാവുകയും ചെയ്യും. 5-ാം വാർഡി ന്റെ തെക്കുപടിഞ്ഞാറെ കായലറ്റത്തുനിന്നും എറണാകുളത്തേക്ക് ബോട്ട് സർവ്വീസ് ആരംഭി ച്ചാൽ പുത്തംകരി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് അതൊരു വലിയ ആശ്വാസ മായിരിക്കും.

## നിർദ്ദേശക റോഡുകൾ, നടപ്പാതകൾ, കാനകൾ

| വാർഡ് | ക്രോസ്സ് റോഡുകൾ | പാരലൽ റോഡുകൾ | ഫുഡ്പാത്ത് (നടവഴി) | ടാറിംഗ് | കാന |
|---|---|---|---|---|---|
| 1 | 11 | - | 2 | 2 | 3 |
| 2 | 2 | 5 | - | - | - |
| 3 | 1 | 3 | 6 | - | 4 |
| 4 | 7 | 3 | 4 | 3 | 2 |
| 5 | 5 | 2 | 2 | 1 | 4 |
| 6 | 4 | 1 | 1 | - | - |
| 7 | 7 | 3 | - | - | - |
| 8 | 4 | 4 | - | 2 | - |
| 9 | 10 | 9 | 1 | 3 | 4 |
| 10 | 6 | 2 | 2 | 4 | 3 |
| 11 | 4 | 2 | 2 | 2 | 2 |

ഏഴാം വാർഡിലെ ആഞ്ഞിലിത്തറ റോഡ് നേരെ പടിഞ്ഞോട്ട് കൊണ്ടുപോയി ചാലിപ്പുറ വുമായി ബന്ധിപ്പിച്ചാൽ കുമ്പളങ്ങി–കണ്ടക്കടവ് MLA റോഡിന് പാരലായിട്ടുള്ള ഒരു റോഡാ ക്കിമാറ്റുവാൻ കഴിയും. കണ്ണമാലിയിലേക്കുള്ള ദൂരം കറക്കുവാൻ ഇത് സഹായകരമാകും.

മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിട ക്കുന്ന ഒരു പ്രദേശമായതിനാൽ നമ്മുക്ക് കൂടുതലും ഫെറികളെ ആശ്രയിക്കേണ്ടിവരുന്നു. അതുകൊണ്ടുതന്നെ 8 ഫെറികൾ ഇവിടെ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ പ്രധാനഫെറി എന്ന നിലയിൽ കുമ്പളങ്ങി – പെരുമ്പടപ്പ് ഫെറി ഒഴിച്ചാൽ താഴെപ്പറയുന്ന ഫെറികളിലൂടെയാണ് പഞ്ചായത്തിലെ നല്ലൊരു ശതമാനം ആളുകളും യാത്ര ചെയ്യുന്നത്.

1. കുമ്പളങ്ങി – ഇടക്കൊച്ചി ഫെറി
2. കുമ്പളങ്ങി – അരൂർ ഇല്ലിക്കൽ ഫെറി
3. കുമ്പളങ്ങി – അരൂർ ജനതാ ഫെറി
4. കുമ്പളങ്ങി – അരൂർ പ്രിയദർശിനി ഫെറി
5. കുമ്പളങ്ങി – അരൂർ കെൽ ട്രോൺ ഫെറി
6. കുമ്പളങ്ങി – അരൂർ വെളുത്തുള്ളി ഫെറി
7. കുമ്പളങ്ങി – എഴുപുന്ന ഫെറി

നമ്മുടെ പഞ്ചായത്ത് അരൂരുമായാണ് കടത്തു മുഖേന കൂടുതലും ബന്ധപ്പെടുന്നത്. റെയിൽ, റോഡ്, എന്നീ വഴികളിൽ യാത്രാസൗകര്യം അരൂരിന് ഉള്ളതിനാലാണ് ഈ ഫെറികൾ പ്രവർ ത്തിക്കുന്നത്. ആ നിലയ്ക്ക് കുറെക്കൂടി മെച്ചപ്പെട്ട ഒരു യാത്രാസൗകര്യം അരൂർ കരയിലേയ്ക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന്റെ അടിസ്ഥാന ത്തിലായിരിക്കണം കുമ്പളങ്ങി–അരൂർ കെൽ ട്രോൺ ഫെറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തു വാൻ തീരുമാനിച്ചിട്ടുള്ളതും. കെൽട്രോൺ ഫെറിയിൽ ചങ്ങാടവും ബോട്ടും ഏർപ്പെടുത്തി ക്കഴിഞ്ഞാൻ ഗതാഗതസൗകര്യം ഏറെ മെച്ചപ്പെടും. മാത്രമല്ല എറണാകുളം ജില്ലയുടെ പശ്ചിമ കൊച്ചിയിൽ നിന്നും ആലപ്പുഴ തുടങ്ങി തെക്കൻ ജില്ലകളിലേയ്ക്കുള്ള വാഹനങ്ങളുടെ യാത്ര ഇതുവഴി തിരിച്ചുവിടുവാനും സാധിക്കും. കൂടാതെ എറണാകുളത്തേക്കുള്ള യാത്രയുടെ ദൂരവും സമയവും കുറയ്ക്കുന്നതിന് ഏറെ സഹായകര മാവുകയും ചെയ്യും. ക്രമേണ കെൽട്രോൺ പാലത്തിന്റെ നിർമ്മാണവും നടന്നുകഴിഞ്ഞാൽ പഞ്ചായത്തിന്റെ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടു കയായി. ഈ ഫെറിയിലേക്കുള്ള റോഡിന്റെ വീതി കൂട്ടുകയും ടാറിംഗ് നടത്തുകയും ചെയ്യണം. ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന നിർദേശങ്ങൾ വെയ്ക്കുന്നു.

1. കുമ്പളങ്ങി–എഴുപുന്ന റോഡിന്റെ വീതി കൂട്ടി കാനകൾ നിർമ്മിക്കുകയും ചെയ്യുക.
2. കുമ്പളങ്ങി–പെരുമ്പടപ്പ് പാലം പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. ബസ് സ്റ്റാന്റുകളും ഓട്ടോസ്റ്റാന്റുകളും പണി യുന്നതിനുള്ള സ്ഥലം സൗകര്യപ്പെടുത്തുക.
4. വാർഡ് തലത്തിൽ നിർദ്ദേശിച്ചിട്ടുള്ള റോഡു കളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി കാലതാമസം കൂടാതെ കൈവശപ്പെടുത്തുക.
5. ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് GCDA യുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ ലാൻഡ് സർവ്വെയും ട്രാഫിക് സർവ്വെയും നടത്തുക.
6. കെൽട്രോൺ ഫെറിയിൽ ചങ്ങാടസർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
7. എല്ലാ പ്രധാന ബസ് സ്റ്റോപ്പുകളിലും ഷെൽട്ടറുകൾ നിർമ്മിക്കുക.
8. മെറ്റൽ ചെയ്യാത്ത റോഡുകൾ മുൻഗണനാ ക്രമം അനുസരിച്ച് മെറ്റൽ ചെയ്യുകയും ടാറിംഗ് നടത്തുകയും ചെയ്യുക.
9. ഫെറികളിൽ ജെട്ടികൾ നിർമ്മിക്കുക.
10. കുമ്പളങ്ങി–അരൂർ കെൽട്രോൺ പാലം പണി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
11. കൂടുതൽ ബസ്സുകൾ (രണ്ട് ട്രാൻസ്പോർ ട്ടുകൾ ഉൾപ്പെടെ) ഓടിക്കുന്നതിനും അരൂർ–കെൽട്രോൺ ഫെറിയിൽ നിന്ന് ബസ് സർവ്വീസ് ആരംഭിക്കുന്നതിനും നടപടിയെടുക്കുക.
12. എല്ലാ വാർഡുകളിലേയ്ക്കും നടപ്പാതകളിലെ വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനു വേണ്ടി വീതികുറഞ്ഞ റോഡുകളിൽ സ്ലാബോടുകൂടി കാനകളും വീതികൂടിയ റോഡുകളിൽ കാന കളും നിർമ്മിക്കുക.

13. നാട്ടുതോട് ഗതാഗതയോഗ്യമാക്കുമ്പോൾ 5,6,7,8,9,10 എന്നീ വാർഡുകളിൽ 6 മാസ ത്തേക്ക് (ജൂൺ-ഡിസംബർ) ജലമാർഗത്തി ലൂടെ ചരക്ക് ഗതാഗതത്തിന് സൗകര്യമുണ്ടാക്കേണ്ടതാണ്.

14. കല്ലഞ്ചേരി പടിഞ്ഞാറേ കായൽ നികത്തി തെക്കോട്ട് കണ്ടക്കടവ് MLA റോഡുമായി ബന്ധിപ്പിക്കുന്ന ഒരു സമാന്തരറോഡ് നിർമ്മിക്കുക.

15. കുമ്പളങ്ങി തെക്കേ കടത്ത്കടവിന്റെ പടിഞ്ഞാറേ ഭാഗത്ത് കായൽ നികത്തി ബസ്സ് സ്റ്റാന്റ് പണിയുക.

16. കുമ്പളങ്ങി-എഴുപുന്ന സ്പിൻവേ പാലം നിർമ്മിക്കുക.

## ഊർജ്ജം

വൈദ്യുതി വരുന്നതിന് മുമ്പ് ജൈവദ്രവ്യങ്ങളെയാണ് പാചകത്തിനും വെളിച്ചത്തിനുമായി ഉപയോഗപ്പെടുത്തിയിരുന്നത്. ഗാർഹികാവശ്യങ്ങൾക്കും പാചകത്തിനുമാണ് കൂടുതൽ ഊർജ്ജം ചെലവഴിക്കുന്നത്. വിറക്, മണ്ണെണ്ണ, ചപ്പുചവറുകൾ, ഓല, തെങ്ങിൻ മടൽ, കരിയില തുടങ്ങിയ വസ്തുക്കളാണ് പാചകാവശ്യത്തിന് ഉപയോഗിച്ചിരുന്നത്. ഇന്നും 85% ആളുകളും ഈ വസ്തുക്കളാണ് പാചകത്തിന് ഉപയോഗിക്കുന്നത്. അറുക്കപ്പൊടിയും ഉപയോഗിക്കുന്നുണ്ട്. ബാക്കിയുള്ളവർ ഗ്യാസ്, സ്റ്റൗ, ഹീറ്റർ എന്നിവയും. നമ്മുടെ വൈദ്യുതിയുപയോഗം താഴെ പറയും പ്രകാരമാണ്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ കണ്ടുപിടിക്കുവാനുള്ള സാധ്യതകൾ ഇല്ല. വൈദ്യുതി സാർവത്രികമായിട്ടുണ്ടെങ്കിലും ഇപ്പോഴും വൈദ്യുതീകരിക്കാത്ത വീടുകളും കോളനികളും ഇവിടെയുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 410 ബൾബും 80 ട്യൂബും പതിനാറ് സോഡിയം വേപ്പർ ലാംബ്സും സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പല റോഡുകളിലും ഇനിയും വഴിവിളക്ക് സ്ഥാപിച്ചിട്ടില്ല. അതുപോലെ ഏതാണ്ട് 1800 വീടുകൾക്ക് ഇനിയും വൈദ്യുതി കിട്ടിയിട്ടില്ല. കോയാ ബസാറിന് പടിഞ്ഞാറുഭാഗം, പാടശേഖരം റോഡിന് കിഴക്കുവശം കണ്ടത്തിപ്പറമ്പ് പ്രദേശം, കാട്ടുമ്മൽ ഇളംപ്ലാവ് ഹരിജൻ കോളനി, പടന്നക്കരി, ആകത്തടം, വെളിമ്പനം, പുത്തൻകരി മുതലായ പ്രദേശങ്ങളിൽ വൈദ്യുതി എത്താത്ത വീടുകൾ കൂടുതലുണ്ട്. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ പലയിടത്തും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.

ഗാർഹിക ആവശ്യങ്ങൾക്കായി ഗ്യാസുകളും, പരിഷത്ത് അടുപ്പുകളും, ഗോബർ ഗ്യാസുകളും ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണയുടെ ഉപയോഗം കൂടിയിട്ടുണ്ട്. ഒരു ദിവസം ഏതാണ്ട് 5000 ലിറ്റർ മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട് എന്നാണ് കണക്ക്. പാചക ആവശ്യത്തിനു മറ്റും പെർമിറ്റ് മണ്ണെണ്ണ കൂടുതൽ കൊടുക്കേണ്ടതാണ്.

പവർകട്ടും വോൾട്ടേജ് ഇല്ലാത്തതും കുമ്പളങ്ങിയിൽ ഊർജ്ജ മേഖലയിലെ പ്രധാന പ്രശ്നമാണ്. വൈദ്യുതിപ്രസരണ നഷ്ടം കൂടുതലാണ്. വൈദ്യുതി ലൈനിലെ ടച്ചിംഗിന്റെ ഫലമായിട്ടാണ് പ്രസരണ നഷ്ടം ഉണ്ടാകുന്നത്. പലപ്പോഴും നിലവിലുള്ള ബൾബുകൾ, പൊതുവഴികൾ ഇട്ടിട്ടുള്ളത് തെളിയാറില്ല. വീട് വൈദ്യുതീകരിക്കുന്നതിന് വയറിംഗ് കഴിഞ്ഞ് കാത്തുനിൽക്കുന്ന നിരവധി കുടുംബങ്ങൾ ഉണ്ട്. ഇതിൽ കൺസന്റ് കിട്ടാത്ത കേസുകളും കുറെയുണ്ട്. വൈദ്യുതി എടുക്കുവാൻ പോസ്റ്റ് ഒന്നിന് 5000 രൂപ കൊടുക്കുക എന്നുള്ളത് പാവപ്പെട്ടവരെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പാവപ്പെട്ടവർക്ക് വൈദ്യുതി കിട്ടുന്നതിന് കിഴിവുകൾ അനുവദിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം തുടരുന്നു.

2. ഇടറോഡുകൾ ഉൾപ്പെടെ പല പ്രധാന വഴികളിലും വഴിവിളക്ക് ഇല്ല.

3. മണ്ണെണ്ണ, LP ഗ്യാസ് തുടങ്ങിയവയുടെ ദൗർലഭ്യം.

4. ചീനവലയിലേയ്ക്ക് യാതൊരു നിയന്ത്രണവും ഇല്ലാതെ വൈദ്യുതി എടുത്തിരി ക്കുന്നു.

5. വൈദ്യുതി പ്രസരണ നഷ്ടം സംഭവിക്കുന്നു.

## സാധ്യതകൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും വൈദ്യുതിലൈനിൽ സമയാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക.

## പട്ടിക

| | | | |
|---|---|---|---|
| നിലവിലുള്ള ഉപഭോക്താക്കൾ | A | ഗാർഹികം | 3388 |
| | B | വ്യാപാരം | 420 |
| | C | വ്യാവസായികം | 52 |
| | D | കാർഷികം | 40 |

| | | | W/P | OH | അവസാനം നൽകിയ കണക്ഷൻ അപേക്ഷാതീയ്യതി | |
|---|---|---|---|---|---|---|
| കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം | A | Ordinary | 180 | 80 | Ordinary | 5-10-1993 |
| | B | OTP | Nil | 9 | OTP | 19-6-1996 |
| | C | OYEC | 50 | 4 | OYEC | 16-8-1996 |

| | | ബൾബ് | 25W | 40W | 60W | 100W |
|---|---|---|---|---|---|---|
| സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | A | | Nil | 410 | Nil | Nil |
| | B | 2 x 40 - 80 | | | ട്യൂബ് | |
| | C | മെർക്കുറി വേപ്പർ – 6 | | | | |
| | D | സോഡിയം വേപ്പർ – 16 | | | | |

ആകെ വൈദ്യതീകരിച്ച ഹരിജൻ കോളനികൾ – 8

| | | | |
|---|---|---|---|
| തൻ വർഷത്തെ കണക്ഷൻ | Ordinary | W/P 45 | O-H-12 |
| | OTP | W/P 12 | O-H-1 |
| | OYEC | W/P 310 | OH-10 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് പരിധിയിൽ വിതരണം ചെയ്യുന്ന വൈദ്യുതി LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ | 1. | K.B.Y North | 9. | Pooppana |
| | 2. | Koya Bazar | 10. | Kocherry |
| | 3. | Kallancherry | 11. | K.B.Y. South |
| | 4. | Ettungal | 12. | Kadiya Pattanam |
| | 5. | Society | 13. | Chudukadu |
| | 6. | Ganesh Copra | 14. | Manalkune |
| | 7. | Azhikkakam | 15. | Padannakari |
| | 8. | Hospital | 16. | Puthankkari |

| | |
|---|---|
| സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക | Rs. 7918 |

2. എല്ലാ റോഡുകളിലും പ്രധാന നടവഴികളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.
3. പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കുക.
4. പാവപ്പെട്ടവർക്ക് വൈദ്യുതി കിട്ടുന്നതിന് കിഴിവ് അനുവദിക്കുക.
5. മണ്ണെണ്ണ, LP ഗ്യാസ് ഇവയുടെ വിതരണം കാര്യക്ഷമമാക്കുക.
6. വഴിവിളക്കുകൾ എല്ലാ ദിവസവും കത്തുമെന്ന് ഉറപ്പുവരുത്തുക.
7. ഊർജരംഗത്തെ പ്രതിസന്ധികളെ സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തുക. ഊർജ്ജോപയോഗം ശാസ്ത്രീയമായി പരിരക്ഷിക്കുക.
8. വൈദ്യുതിക്ക് കൺസന്റ് കിട്ടാത്തവർക്ക് പഞ്ചായത്ത് മുൻകൈയെടുത്ത് വാങ്ങിക്കൊടുക്കുക.

## മാർക്കറ്റ്

കുമ്പളങ്ങിയിൽ ഒരു പൊതുമാർക്കറ്റിന്റെ കുറവുണ്ട്. സ്വകാര്യമേഖലയിലുള്ള രണ്ട് മാർക്കറ്റുകളും നൂറിൽ താഴെ പലചരക്ക് കടകളും ഒരു മാവേലിസ്റ്റോറും 15 പൊതുവിതരണ കേന്ദ്രങ്ങളുമാണ് പ്രവർത്തിക്കുന്നത്. പച്ചക്കറിക്ക് മാത്രമായി കടകളില്ല. പഴങ്ങാട്, കംസേയ് മാർക്കറ്റുകൾ രണ്ടുനേരവും പ്രവർത്തിക്കുന്നവയാണ്. ഇതുകൂടാതെ കുമ്പളങ്ങി-എഴുപുന്ന റോഡിന്റെ പല പ്രധാനസ്ഥലങ്ങളിലും മത്സ്യം, മാംസം എന്നിവ വിൽപ്പന നടത്തുന്നുണ്ട്. നിലവിലുള്ള രണ്ട് മാർക്കറ്റുകളും നവീകരിക്കണം.

### പ്രശ്നങ്ങളും സാധ്യതകളും

1. ഒരു പൊതുമാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക.
2. നിലവിലുള്ള മാർക്കറ്റുകൾ നവീകരിക്കുക.
3. പച്ചക്കറിമാർക്കറ്റ് സ്ഥാപിക്കുക.
4. രണ്ട് സ്ലോട്ട്ഹൗസുകൾ നിർമ്മിക്കുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ആരോഗ്യപുരോഗതിയുടെ മുഖ്യസൂചികകളിൽ ഒന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിവാരവും. മൂന്നുവശവും ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന കുമ്പളങ്ങിയിലെ മുഖ്യകുടിവെള്ള സ്രോതസ്സ് പൈപ്പുവഴി കേരളാവാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളമാണ്. 1988 മുതലാണ് നാമമാത്രമായിട്ടാണെങ്കിലും ശുദ്ധജലവിതരണം ആരംഭിച്ചത്. അതിനുമുമ്പ് മുഖ്യമായും കുളങ്ങൾ, കിണറുകൾ എന്നിവയിൽ നിന്നുള്ള വെള്ളമാണ് ഉപയോഗിച്ചിരുന്നത്. രണ്ട് പൊതുകുളങ്ങളും 81 പൊതുകിണറുകളും കൂടാതെ സ്വകാര്യകുളങ്ങളും കിണറുകളും നിരവധിയുണ്ട്. പൊതുകുളങ്ങളുടേയും കിണറുകളുടേയും വാർഡുതിരിച്ചിട്ടുള്ള കണക്ക് പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പൊതുകുളങ്ങളിലെ വെള്ളം കുടിക്കുവാൻ പറ്റാത്തതാണ്. കുളിക്കുവാനാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. 81 പൊതുകിണറുകൾ

### പട്ടിക

| വാർഡ് | പൊതുകിണർ | പൊതുകുളം |
|---|---|---|
| 1 | 7 | 1 |
| 2 | 5 | - |
| 3 | 12 | - |
| 4 | 9 | - |
| 5 | 10 | - |
| 6 | 6 | - |
| 7 | 8 | - |
| 8 | 8 | - |
| 9 | 4 | - |
| 10 | 4 | 1 |
| 11 | 8 | - |

ഉണ്ടെങ്കിലും പകുതിയിൽ താഴെ കിണറുകളിലെ വെള്ളം മാത്രമാണ് വല്ലപ്പോഴും കുടിക്കുവാൻ എടുക്കാറുള്ളു. കിണറുകൾ കാലാകാലങ്ങളിൽ വെള്ളം വറ്റിച്ചു നന്നാക്കാറുണ്ട്. നല്ല വേനൽ ക്കാലത്ത് ചുരുക്കം ചില കിണറുകളിലെ വെള്ളം തീർത്തും വറ്റിപ്പോകും. ഏപ്രിൽ-മെയ് മാസങ്ങ ളിലാണ് വെള്ളം വറ്റുന്നത്. ഏറ്റവും കൂടുതൽ ക്ഷാമം നേരിടുന്ന സന്ദർഭമാണ് ഇത്. പഞ്ചായ ത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളായ 5,6,7,8,9,11 വാർഡുകളിൽ ഓരുവെള്ളം കയറുന്നത് മൂലം കുളങ്ങളും കിണറുകളും തീർത്തും ഉപയോഗ ശൂന്യമാവുകയാണ് പതിവ്. നിലവിലുള്ള അനധി കൃത ചെമ്മീൻ വാറ്റ് രീതിയാണ് ഇതിന് കാരണം.

ഇപ്പോൾ പൈപ്പുവഴിയുള്ള വെള്ളമാണ് ഉപയോഗിക്കുന്നത്. 5,784 കുടുംബങ്ങൾക്ക് 133 പൊതുടാപ്പുകളാണ് ഉള്ളത്. ശരാശരി 43 വീടു കൾക്ക് ഒരു ടാപ്പുവീതമുണ്ട്. ഒന്നിടവിട്ട ദിവസ ങ്ങളിൽ രാവിലെ ഏഴു മുതൽ 11 മണി വരെ നാലു മണിക്കൂർ സമയമാണ് വെള്ളം വിതരണം ചെയ്യു ന്നത്. എല്ലാ ദിവസവും വെള്ളം വിതരണം നടത്തി യാലേ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ കഴിയു കയുള്ളു. കുമ്പളങ്ങിയിൽ നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്കിൽ വെള്ളം ശേഖരിച്ചിട്ടാണ് കുമ്പളങ്ങിയിലും ചെല്ലാനത്തിന്റെ തെക്കൻ പ്രദേശത്തും വിതരണം ചെയ്യുന്നത്. ഹൗസ്കണക്ഷൻ ഇവിടെയില്ല ആവ ശ്യക്കാർക്ക് ഹൗസ് കണക്ഷൻ കൊടുക്കുവാൻ കഴിയണം.

ഏതാണ്ട് എല്ലാ വാർഡുകളിലും അനധികൃ തമായി ടാപ്പുവെച്ച് വെള്ളമെടുക്കുന്ന പ്രവണത യുണ്ട്. മാത്രമല്ല, നിലവിലുള്ള ഭൂരിഭാഗം ടാപ്പുകളും ഊരിക്കളഞ്ഞിട്ട് വെള്ളം എടുക്കുന്ന രീതിയും തുടരുന്നു. ഇതുമൂലം പഞ്ചായത്തിന്റെ പടി ഞ്ഞാറൻ പ്രദേശങ്ങളിലെ പുത്തൻകരി, ആഞ്ഞിലി ത്തറ, ചുടുകാട്, അഴിക്കകം, കല്ലഞ്ചേരി മുതലായ പ്രദേശങ്ങളിൽ വെള്ളത്തിന്റെ പ്രഷർ കുറവ് മൂലം വെള്ളം കിട്ടുന്നില്ല. ഇത് കർശനമായി തടയാൻ കഴിയണം. ഇപ്പോൾ ഊരിയിട്ടുള്ള ടാപ്പുകളെല്ലാം അടിയന്തിരമായി പുന:സ്ഥാപിക്കാൻ നടപടിയെടു ക്കണം. ടാപ്പ് ഊരുന്നത് മൂലം ഒരുപാട് വെള്ളം പാഴായിപ്പോകുന്നുണ്ട്. കുടിവെള്ളം ഒരിറ്റ് പോലും പാഴായിപ്പോകാതെ വിതരണം നടത്തണം. അടുത്ത നൂറ്റാണ്ടിൽ ജലദൗർലഭ്യം അനുഭവപ്പെടും എന്നാണ് ലോകാരോഗ്യസംഘടനയുടെ വിലയിരു ത്തൽ. പൈപ്പുവെള്ളത്തിന്റെ ഉറവിടം നമ്മളെ സംബന്ധിച്ചിടത്തോളം വളരെ അകലെയാണ്. വിവിധ കാരണങ്ങളാൽ പലപ്പോഴും അതിന് തടസ്സം വരാം. ഇപ്പോൾ തന്നെ ആവശ്യത്തിന് കുടി വെള്ളം കിട്ടുന്നില്ല. മേൽക്കാര്യങ്ങൾ മുന്നിൽ ക്കണ്ടുവേണം തുടർന്നങ്ങോട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ പരമ്പരാഗതജലസ്രോതസ്സുകൾ വീണ്ടും ഉപയോഗിക്കത്തക്ക രീതിയിൽ പുന: സംവിധാനം ചെയ്യുകയും പുതിയവ കണ്ടുപിടി ക്കുകയും വേണം. നിലവിലുള്ള കിണറുകളും കുള ങ്ങളും നല്ലതുപോലെ ശുദ്ധീകരിച്ച് ഉപയോഗി ക്കത്തക്ക രീതിയിൽ സൂക്ഷിക്കണം.

ഓരുവെള്ളം കയറി കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വാർഡുകളാണ് 5,6,7,9,11 എന്നിവ. ഇതിൽ തന്നെ പുത്തൻകരി, വെളിമ്പനം, ആറ്റ ത്തടം, കിളിയന്തറ, കല്ലഞ്ചേരി, അഴിക്കകം, പടന്നക്കരി ഭാഗങ്ങളിലാണ് കുടിവെള്ളക്ഷാമം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. ഈ പ്രദേശങ്ങളിൽ പൈപ്പുവെള്ളമല്ലാതെ മറ്റു ജലസ്രോതസ്സുകൾ ഒന്നും തന്നെയില്ല. അതു കൊണ്ട്. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ പൈപ്പുവഴി തന്നെ കുടിവെള്ളം എത്തിക്കാൻ കഴിയണം. ഇതിന് മുൻഗണന കൊടുക്കുകയും വേണം.

## പ്രശ്നങ്ങൾ

1. പൈപ്പുവെള്ളം ആവശ്യത്തിന് കിട്ടുന്നില്ല.
2. ഒന്നിടവിട്ട ദിവസങ്ങളിലാണ് വെള്ളം പമ്പ് ചെയ്യുന്നത്.
3. ഹൗസ് കണക്ഷൻ കൊടുത്തിട്ടില്ല.
4. ടാപ്പ് ഊരി വെള്ളം എടുക്കുന്നതുമൂലം വെള്ളം പാഴായിപ്പോകുന്നു.
5. അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ ടാപ്പ് അനുവദിച്ചു കിട്ടുന്നില്ല.
6. നിലവിലുള്ള കുളങ്ങളും കിണറുകളും സൂക്ഷിക്കുന്നില്ല.
7. ഓരുവെള്ളം കയറുന്നതുമൂലം കുളങ്ങളി ലേയും കിണറുകളിലേയും വെള്ളം ഉപയോഗ്യശൂന്യമാകുന്നു.

## സാധ്യതകൾ

1. എല്ലാ ദിവസവും ശുദ്ധജലവിതരണം നടത്തുക.
2. ഹൗസ്കണക്ഷൻ നൽകുവാൻ നടപടി യെടുക്കുക.
3. ഊരിക്കളഞ്ഞിട്ടുള്ള എല്ലാ ടാപ്പുകളും ഉടനെ ഇടുക.
4. ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പൈപ്പിടുക.
5. നിലവിലുള്ള പൈപ്പ്ലൈനിൽ അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ പുതിയ ടാപ്പ് അനുവദിക്കുക.
6. കിണറുകളും കുളങ്ങളും ഉപയോഗ യോഗ്യമാക്കുക.
7. ഓരുവെള്ളം കയറാതിരിക്കാൻ അനധികൃത വാറ്റ് സമ്പ്രദായം അവസാനിപ്പിക്കുകയും ബണ്ടുകൾ യഥാസമയം കെട്ടുകയും ചെയ്യുക.
8. പഞ്ചായത്തിലാകെ ജലസംരക്ഷണ പ്രവർത്ത നങ്ങൾ ഏറ്റെടുക്കുക.
9. ജലസംരക്ഷണത്തെക്കുറിച്ചും ജലജന്യരോഗ ങ്ങളെക്കുറിച്ചും ബോധവൽക്കരണ പരി പാടികൾ തയ്യാറാക്കുക.
10. 6, 9 വാർഡുകളിൽ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കൂടുതൽ പൈപ്പ് ലൈൻ വലിക്കുക.

## പൊതുജനാരോഗ്യം

ഏതൊരു പ്രദേശത്തിന്റേയും വികസന പരിപാടികളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം ലഭിക്കേണ്ട ഒന്നാണ് പൊതുജനാരോഗ്യരംഗത്തെ വികസനപ്രവർത്തനങ്ങൾ. എന്നാൽ നിർഭാഗ്യ മെന്നുപറയട്ടെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അവഗണിക്ക പ്പെട്ടിട്ടുള്ളത് ഗവൺമെന്റിന് മുഖ്യബാധ്യതയുള്ള ഈ മേഖലയിലാണെന്ന് അടിവരയിട്ടു പറ യേണ്ടതുണ്ട്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പ്രവർത്തനം ആരംഭിച്ച കുമ്പളങ്ങി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും പിന്നീട് പഞ്ചായത്ത് തല ത്തിലേക്ക് തരംതാഴ്ത്തിയ കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററും 1989-ൽ വീണ്ടും ബ്ലോക്ക് തലത്തിലേക്ക് ഉയർത്തിയ കുമ്പളങ്ങി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും ആണ് 30,000 - ന് മേൽ ജനസംഖ്യയുള്ള ഈ കൊച്ചു ദ്വീപിലെ പ്രധാന ചികിത്സാമാർഗ്ഗം. പ്രതിരോധചികിത്സയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന ഈ സ്ഥാപനം ബ്ലോക്ക് തലത്തിൽ എല്ലാ പൊതുജനാ രോഗ്യപ്രവർത്തനങ്ങൾക്കും നിയന്ത്രണവും മേൽനോട്ടവും വഹിക്കേണ്ടതും, ചികിത്സാരംഗത്ത് മറ്റു പഞ്ചായത്തിലുള്ള പ്രാഥമികാരോഗ്യകേന്ദ്ര ങ്ങളുടെ ഒരു റഫറൽ ആശുപത്രിയായി പ്രവർത്തി ക്കേണ്ടതും ഈ സ്ഥാപനമാണ്. കൂടാതെ ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നു.

സ്വകാര്യമേഖലയിൽ ചെറിയതോതിൽ ഒരു അലോപ്പതി ആശുപത്രിയും (എൻ.കെ.എൻ ആശുപത്രി) ഏതാനും ഹോമിയോ ക്ലിനിക്കുകളും ഒരു രണ്ടുമൂന്നു ആയുർവേദവൈദ്യശാലകളും പ്രവർത്തിക്കുന്നുണ്ട്. പുരാതനമായി വളരെ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ആയുർവേദവൈദ്യ ന്മാരുടെ നാടാണ് കുമ്പളങ്ങി. ജനങ്ങൾ ആയുർവേദചികിത്സയിൽ ഏറെ വിശ്വാസമുള്ള വരും ആണ്. പക്ഷെ ഗവൺമെന്റ് മേഖലയിൽ ഈ പഞ്ചായത്തിൽ ഒരു ആയുർവേദചികിത്സാലയം ഇതുവരെ ഉണ്ടായിട്ടില്ല.

1989-ൽ നിലവിൽ വന്ന കമ്മ്യൂണിറ്റി ഹെൽത്തു സെന്റർ ഫലത്തിൽ ഇന്ന് മുമ്പുണ്ടായി രുന്ന സൗകര്യങ്ങൾ പോലും നഷ്ടപ്പെട്ട നിലയി ലാണ്. ആരംഭത്തിൽ ഉണ്ടായിരുന്ന കിടത്തി ചികിത്സിക്കുന്ന വാർഡ് പഴകി നശിച്ചത് പുതുക്കി പണിയുകയാണ്. ഇതുമൂലം സാധാരണ പ്രസവ സംബന്ധമായ കേസുകൾക്ക് പോലും പട്ടണ പ്രദേശത്തുള്ള സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലുള്ള ആശുപത്രികളാണ് ശരണം. ഹൃദയസംബന്ധമായ രോഗങ്ങളും രക്തസംബന്ധ രോഗങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് അവർക്ക് ഒരു പ്രാഥമിക ചികിത്സപോലും നൽകാൻ സൗകര്യം ഇല്ലാതെ പലപ്പോഴും മരണം വരെ സംഭവിക്കുന്നു. അടിയന്തിരവൈദ്യസഹായം നൽകേണ്ട ഈ രോഗികളെ ഈ തുരുത്തിൽ നിന്ന് മൈലുകൾക്കപ്പുറത്തുള്ള പട്ടണപ്രദേശത്തെ

ആശുപത്രിയിൽ എത്തിക്കാൻ ആംബുലൻസ് സൗകര്യവും ഇല്ലാത്ത അവസ്ഥയും ഉണ്ട്.

കുമ്പളങ്ങിയിൽ മുമ്പു രണ്ടു മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ തെക്കും വടക്കും പ്രവർത്തിച്ചിരുന്നത് ഏറെ നാളായി പ്രവർത്തിക്കുന്നില്ല. അതിലൂടെ ഗർഭകാലപരിചരണം, പ്രസവം, പ്രസവാനന്തര ശുശ്രൂഷകൾ, ശിശു പരിപാലനം, നിസ്സാരരോഗങ്ങൾക്കുള്ള ചികിത്സ എന്നിവ സ്ഥിരമായി മുടങ്ങിക്കിടക്കുന്നു. മറ്റൊരു പ്രധാന സംഗതി ഈ മാതൃശിശുസംരക്ഷണകേന്ദ്രങ്ങളുമായി ചേർന്നു പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനവും ക്രമമായി നടക്കുന്നില്ല. ഇതുമൂലം കുടുംബക്ഷേമ പ്രവർത്തനങ്ങൾ, സാംക്രമികരോഗനിവാരണപ്രവർത്തനങ്ങൾ, ആരോഗ്യ വിദ്യാഭ്യാസം, പരിസര ശുചീകരണപ്രവർത്തനങ്ങൾ എന്നിവ ഫലപ്രദമായി നടക്കുന്നില്ല. ആശുപത്രിവികസനസമിതി നിലവിലുണ്ട്.

തീരപ്രദേശങ്ങളിൽ ഇപ്പോൾ കണ്ടുവരുന്ന രോഗങ്ങളിൽ 30 ശതമാനം ശുദ്ധജലം, സാനിറ്ററി, പരിസരശുചിത്വം എന്നിവകൊണ്ട് പരിഹരിക്കാൻ കഴിയുമെന്നാണ് വിദഗ്ധാഭിപ്രായം. "രോഗം വരാതെ സൂക്ഷിക്കുന്നതാണ് രോഗം വന്നിട്ടുചികിത്സിക്കുന്നതിനേക്കാൾ ഭേദം" എന്നുള്ളതും നാം പലപ്പോഴും വിസ്മരിക്കുന്നു.

മേൽപ്പറഞ്ഞ സംഗതികൾ ഒന്നും പുതിയ കാര്യങ്ങൾ അല്ല. പഴയ പദ്ധതിപ്രവർത്തനങ്ങൾ നടപ്പാക്കിയതിലുള്ള അശ്രദ്ധയും പാകപ്പിഴയും നിമിത്തവും, പൊതുജനപങ്കാളിത്തത്തിന്റെ അഭാവം കൊണ്ടും, പോതുജനാരോഗ്യപ്രവർത്തനങ്ങളോട് ജനങ്ങൾക്ക് മതിയായ വീക്ഷണമില്ലായ്മയും നിമിത്തം സംഭവിച്ചിട്ടുള്ളതാണ്. ഇതെല്ലാം തന്നെ ഈ ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ പരിഹരിക്കുവാൻ കഴിയണം.

സ്ഥായിയായ രോഗബാധിതർ, അംഗവൈകല്യമുള്ളവർ, മന്ദബുദ്ധികൾ, ഇവരിൽ പാവപ്പെട്ടവർക്ക് ചികിത്സയ്ക്കും, മറ്റും സാമ്പത്തിക സഹായം നൽകേണ്ടതാണ്. കുടുംബക്ഷേമപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ശിശുമരണനിരക്ക് സംസ്ഥാനശരാശരിയേക്കാൾ കുറവാണ്. ഗർഭിണികളുടെ മരണവും ഇല്ല എന്നു പറയാം.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് അനുവദിച്ചിട്ടുള്ള 30 കിടക്കകൾ ഉള്ള വാർഡിന്റെ പണി 9-ാം പദ്ധതിയുടെ ആദ്യവർഷം തന്നെ പൂർത്തീകരിക്കുക.
2. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പാറ്റേൺ അനുസരിച്ച് എക്സ്റേ, ലാബ് എന്നിവ തുടങ്ങുക.
3. പോസ്റ്റ്മാർട്ടം യൂണിറ്റ് ആരംഭിക്കുക.
4. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫ് ഇല്ല. ഫിസിഷ്യൻ, സർജൻ, ഗൈനക്കോളജിസ്റ്റ്, ചൈൽഡ് സ്പെഷലിസ്ററ് എന്നിവരെ നിയമിക്കുകയും അവരുടെ സേവനം എല്ലാ സമയവും ലഭിക്കുന്ന രീതിയിൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
5. ആഴ്ചയിൽ ഒരിക്കൽ പല്ല്, കണ്ണ്, ഇ.എൻ.റ്റി. എന്നീ രോഗചികിത്സ, വിദഗ്ധർ രോഗികളെ പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

| സ്ഥായിയായ രോഗബാധിതർ | രക്ത സമ്മർദ്ദം | പ്രമേഹം | കാൻസർ | കുഷ്ഠം | ക്ഷയം | ഹൃദ്രോഗം |
|---|---|---|---|---|---|---|
| 1346 | 897 | 307 | 9 | 8 | 31 | 94 |

* അംഗവൈകല്യമുള്ളവർ – 32
* മന്ദബുദ്ധികൾ – 12

6. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കോമ്പൗണ്ട് ഹാൾ പണിയുകയും വാട്ടർ കണക്ഷൻ കൊടുക്കുകയും ചെയ്യുക.

7. സബ്സെന്ററിന്റെ പ്രവർത്തനം ഇല്ല. രണ്ട് വാർഡിന് ഒരു സബ് സെന്റർ വെച്ച് സ്ഥാപിക്കുകയും ഓരോ JPHN ന്റേയും സേവനം ഉറപ്പാക്കുകയും ചെയ്യുക.

8. ഏതാണ്ട് രണ്ടായിരം വീടുകൾക്ക് കക്കൂസുകൾ ഇല്ല. 9–ാം പദ്ധതിയുടെ രണ്ടാം വർഷത്തിൽ എല്ലാവർക്കും കക്കൂസ് സൗകര്യം ഏർപ്പെടുത്തുക.

9 ആയുർവേദാശുപത്രിയും പ്രകൃതിചികിത്സാ കേന്ദ്രവും തുറക്കുക.

10. ഹോമിയോ ആശുപത്രിയിൽ വാട്ടർ കണക്ഷൻ കൊടുക്കുക. ഡോക്ടർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് പണിയുക.

11. അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിന് ഫണ്ട് (Local Purchase) സൗകര്യം ഏർപ്പെടുത്തുക.

12. രക്ത–നേത്രദാന സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുക.

13. ഓരോ വർഷവും ഓരോ മാരക രോഗങ്ങൾ പ്രത്യേകം എടുത്ത് അതിന്റെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തി പ്രസ്തുത രോഗ വിമുക്ത പഞ്ചായത്താക്കുവാൻ ലക്ഷ്യമിട്ടു പ്രവർത്തിക്കു. ആദ്യവർഷം ക്ഷയരോഗനിർമ്മാർജ്ജന പദ്ധതി ഏറ്റെടുക്കുക.

14. ഗ്രാമശുചീകരണവാരം ആചരിക്കുക. ഇത് തുടർപരിപാടിയാക്കുക.

15. കാനകൾ നിർമ്മിച്ച് വെള്ളക്കെട്ട് പരിഹരിക്കുക.

16. വീടുകളിൽ മാലിന്യങ്ങൾ മറവുചെയ്യുവാൻ കമ്പോസ്റ്റുനിർമ്മിക്കുക. അതുവഴി എല്ലാവഴികളിലും അടുക്കളത്തോട്ടം സാർവ്വത്രീകമാക്കുക.

17. ഗ്രാമതലത്തിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പൊതുജനാരോഗ്യ പരിപാടികൾക്കും പ്രവർത്തനങ്ങൾക്കും വികസനത്തിന് നേതൃത്വം നൽകുകയും ചെയ്യുക. മദ്യത്തിനും മയക്കുമരുന്നിനും എതിരായ പ്രവർത്തനത്തിനും ബോധവൽക്കരണത്തിനും ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനം ഫലപ്രദമായി ഉപയോഗിക്കുക.

18. സ്കൂൾ ആരോഗ്യപരിപാടി ഒട്ടും കാര്യക്ഷമമായല്ല നടക്കുന്നത് അടുത്ത സ്കൂൾ വർഷാരംഭത്തിൽ തന്നെ പ്രത്യേക സ്കൂൾ ആരോഗ്യ പരിപാടി ആരംഭിക്കണം.

19. സ്കൂൾ കുട്ടികൾക്ക് മെഡിക്കൽ ചെക്കപ്പും രോഗനിർണ്ണയവും നടത്തി മെഡിക്കൽ കാർഡ് വിതരണം ചെയ്യുക.

20. അദ്ധ്യാപകർക്ക് പ്രഥമശുശ്രൂഷ, പരിശീല നവും സ്കൂളുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സും സ്ഥാപിക്കുക.

21. ആരോഗ്യപ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആരോഗ്യപ്രവർത്തനത്തിന് നേതൃത്വം നൽകുന്നതിനും പഞ്ചായത്ത് തലത്തിൽ ജനകീയ കമ്മിറ്റി രൂപീകരിക്കണം. ഒരാരോഗ്യ കൺവെൻഷനിൽ വെച്ച് കമ്മിറ്റി രൂപീകരിക്കുന്നതാണ് നല്ലത്. പഞ്ചായത്ത് പ്രസിഡണ്ടായിരിക്കണം അദ്ധ്യക്ഷൻ. ആരോഗ്യ ഉദ്യോഗസ്ഥരും പഞ്ചായത്ത് അംഗങ്ങളും ആരോഗ്യ കാര്യങ്ങളിൽ താല്പര്യമുള്ള വ്യക്തികളും അടങ്ങുന്നതായിരിക്കണം കമ്മിറ്റി.

# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

## ഭവനനിർമ്മാണം

വളരെ താഴ്ന്ന വരുമാനക്കാർ അധിവസിക്കുന്ന ഒരു പഞ്ചായത്താണ് കുമ്പളങ്ങി. അപൂർവ്വം ചില ഇടത്തരക്കാരുമുണ്ട്. സാധാരണക്കാരായതിനാൽ മിക്കവാറും വീടുകൾ നിലവാരം കുറഞ്ഞതും വേണ്ട സൗകര്യങ്ങൾ ഇല്ലാത്തതുമാണ്. 5784 വീടുകളാണ് ആകെയുള്ളത്. 600 ഭവനരഹിത കുടുംബങ്ങൾ ഉണ്ട്. ഇതിൽ പകുതി പേരും സ്വന്തമായി ഭൂമിയില്ലാത്തവരാണ്. ഗ്രാമസഭകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3771 ഓടു മേഞ്ഞതും 439 ഓലമേഞ്ഞതുമായ വീടുകളാണുള്ളത്. കോൺക്രീറ്റ് വീടുകൾ 1396, ഒന്നിൽ കൂടുതൽ നിലകളുള്ളത് 43. അടുത്ത കാലത്തായി

കോൺക്രീറ്റ് ഭവനങ്ങൾ ധാരാളമായി വയ്ക്കുന്നുണ്ട്. ഓലമേഞ്ഞ വീടുകൾ കൂടുതൽ 5,9 വാർഡുകളിലാണ്. അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ട നിരവധി വീടുകളുണ്ട്. കെട്ടിട നിർമ്മാണസാമഗ്രികൾ നിർമ്മിക്കു ന അപൂർവ്വം യൂണിറ്റുകളാണ് പഞ്ചായത്തിലുള്ളത്. ചെല്ലാനം -കുമ്പളങ്ങി പഞ്ചായത്തുകൾ വ്യാപകാതിർത്തിയായി ഒരു ഭവന നിർമ്മാണ സഹകരണസംഘം ഉണ്ടെങ്കിലും പ്രവർത്തനനിരത ല്ല. ദുർബല വിഭാഗത്തിൽപ്പെട്ട ഭൂമിയില്ലാത്ത, ഭ നരഹിതർക്ക് നൽകുന്നതിനായി സൗകര്യമുള്ള പ്രദേശങ്ങൾ വിവിധ വാർഡുകളിൽ ഉണ്ട് (ഉദാ: ആഞ്ഞിലിത്തറ വടക്കേഅറ്റം, വള്ളോംപറമ്പ് പ്രദേശം) സ്വന്തമായി വീടുണ്ടാക്കാൻ പറ്റാത്ത ദുർബല വിഭാഗത്തിൽപ്പെട്ട 300 കുടുംബങ്ങൾ ഉണ്ട്. 4 സെന്റ് കോളനികളുടേയും ലക്ഷം വീട് കോളനികളുടേയും നില തൃപ്തികരമല്ല. ലക്ഷം വീടു കോളനികളിലെ വീടുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ട അവസ്ഥയിലാണ്. ചേരിപ്രദേശങ്ങളിലും, പുറമ്പോക്കുകളിലും കുടിൽകെട്ടി താമസിക്കുന്നവർ, വിരലിലെണ്ണാവുന്നവർ മാത്രമാണുള്ളത്. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുക എന്ന പ്രവണത സാമ്പത്തികപ്രശ്നങ്ങളും സമ്മർദ്ദം മൂലം ഉണ്ടാകുന്നുണ്ട്. എന്നാൽ ഇടത്തരക്കാരിൽ ബഹുഭൂരിപക്ഷവും കോൺക്രീറ്റ് വീടുണ്ടാക്കുവാനാഗ്രഹിക്കുന്നവരും നിലവിലുള്ള വീടുകൾ ആ നിലയിൽ മാറ്റിക്കൊണ്ടിരിക്കുന്നവരുമാണ്. മറ്റു പ്രദേശങ്ങളിലെ പോലെ തന്നെ ഭവനനിർമ്മാണ മേഖലയിലെ ദുർവ്യയം കുമ്പളങ്ങിയിലും കാണാവുന്നതുമാണ്. വീടിനുചുറ്റുമതിൽ കെട്ടുന്ന പ്രവണതയാണ് കാണുന്നത്. ജൈവവേലികൾ ഇല്ലാതായി കൊണ്ടിരിക്കയാണ്. നിർമ്മാണമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ വളരെയധികം ഉള്ള പഞ്ചായത്താണിത്. തൊഴിലാളികളുടെ ദൗർലഭ്യം ഇല്ല തന്നെ. വീടുനിർമ്മാണരംഗത്ത് കോൺട്രാക്ട് സമ്പ്രദായം വ്യാപകമല്ല. നിർമ്മാണത്തൊഴിലാളികളുടെ കൂലിനിരക്ക് മറ്റു പ്രദേശങ്ങളിലേതിൽ നിന്നും കൂടുതലല്ല.

## പട്ടിക

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 477 | 2 | 82 | 352 | 38 | 3 | |
| II | 583 | 3 | 121 | 334 | 23 | 2 | |
| III | 500 | 8 | 140 | 325 | 27 | - | |
| IV | 531 | 5 | 143 | 348 | 32 | 3 | |
| V | 584 | 3 | 131 | 390 | 56 | 4 | |
| VI | 579 | 2 | 112 | 424 | 36 | 5 | |
| VII | 493 | 5 | 141 | 301 | 43 | 3 | |
| VIII | 447 | 4 | 126 | 275 | 37 | 5 | |
| IX | 583 | 2 | 132 | 387 | 62 | - | |
| X | 537 | 3 | 140 | 337 | 51 | 6 | |
| XI | 470 | 6 | 128 | 298 | 34 | 4 | |
| ആകെ | 5784 | 43 | 1396 | 3777 | 439 | 35 | |

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. ഭൂമിയുടേയും നിർമ്മാണ സാമഗ്രികളുടേയും വിലക്കയറ്റമാണ് ഈ രംഗത്തെ പ്രധാന പ്രശ്നം ദുർബല വിഭാഗങ്ങൾക്ക് കോളനികൾ ഉണ്ടാക്കി പാർപ്പിടം വെച്ചു നൽകണം. സ്വന്തമായി വീടുവെയ്ക്കാൻകഴിയുന്ന വിഭാഗങ്ങൾക്ക് ലളിതമായ തവണവ്യവസ്ഥ യിൽ ഭവനനിർമ്മാണ വായ്പ നൽകണം.

2. ആരോഗ്യസംരക്ഷണത്തിന് തകുന്ന നില യിൽ ശാസ്ത്രീയവും, ചെലവുകുറഞ്ഞതു മായ വീടുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും അത്തരം വീട് നിർമ്മിക്കുന്നതിന് സംഘടിതമായ ബോധവൽക്കരണവും നടത്തണം.

3. ഹൗസിംഗ് സൊസൈറ്റി സ്ഥാപിച്ച് ഭവന നിർമ്മാണ വായ്പ ലഭ്യമാക്കണം.

4. കെട്ടിടനിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിന് സഹകരണ അടിസ്ഥാനത്തിൽ യൂണിറ്റുകൾ സ്ഥാപിച്ച് വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയണം.

5. ദുർവ്യയഭവനനിർമ്മാണം നിരുത്സാഹപ്പെടുത്താൻ കഴിയുന്ന നിലയിൽ നികുതി സംവിധാനം രൂപപ്പെടുത്തണം.

6. ജൈവവേലികളുടെ പ്രചാരണം സംഘടിപ്പിക്കുകയും മാതൃക ജൈവവേലികൾ സ്ഥാപിച്ച് സാധ്യതകൾ ബോധ്യപ്പെടുത്തുകയും വേണം.

7. നിലവിലുള്ള ഭവനനിർമ്മാണപദ്ധതികൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

8. വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ വായ്പ ഗ്രാന്റോടുകൂടി ലഭ്യമാക്കുന്ന സംവിധാനം ഉണ്ടാക്കണം.

9. കെട്ടിട നിർമ്മാണ വായ്പകൾ കാലതാമസമില്ലാതെ അനുവദിക്കുക.

10. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുക.

11. നിലവിലുള്ള കോളനികളിലെ വീടുകൾ റിപ്പയർ ചെയ്യുക.

12. പട്ടികജാതി-പട്ടികവർഗ്ഗക്കാരെ കൂടാതെ മറ്റു സമുദായങ്ങളിൽപ്പെട്ട പാവപ്പെട്ടവർക്കുകൂടി പുരപണിയുന്നതിനുള്ള സാമ്പത്തിക സഹായം ഗ്രാന്റായി നൽകുക.

## സാമൂഹ്യക്ഷേമം

1992 വർഷത്തെ IRDP സർവ്വേപ്രകാരം കുമ്പളങ്ങി പഞ്ചായത്തിലെ ദരിദ്രകുടുംബങ്ങളിലെ എണ്ണം 3815 ആണ്. 8-ാം പദ്ധതിക്കാലത്ത് 641 കുടുംബങ്ങൾക്ക് IRDP പോലുള്ള പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. 110 പേർക്ക് ട്രൈസം പരിശീലനം നൽകി. അതിൽ 84 പേർ പരിശീലനം നേടിയ മേഖലയിൽ ഇപ്പോൾ തൊഴിൽ ചെയ്തു വരുന്നു. നിരവധിപേർ ലാഭകരമല്ലാത്തതിനാൽ തൊഴിൽ ചെയ്യുന്നില്ല. തൊഴിൽ ചെയ്യുന്നവരുടെ തന്നെ സാമ്പത്തികസ്ഥിതി മോശമാണ്. സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതിപ്രകാരം 52 പേർ 8-ാം പദ്ധതിക്കാലത്ത് വായ്പ വാങ്ങി യൂണിറ്റുകൾ സ്ഥാപിച്ചിരുന്നു. എന്നാൽ അതിൽ 38 യൂണിറ്റുകൾ ലാഭകരമല്ലാത്തതിനാൽ നിന്നുപോവുകയും അതിൽ പണിയെടുത്തിരുന്നവർ തൊഴിൽ രഹിതരായി മാറുകയും ചെയ്തിരിക്കയാണ്. വിവിധ പദ്ധതിപ്രകാരം ഇവർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. ഓരോ വിഭാഗത്തിന്റെ പെൻഷൻ കിട്ടുന്നവരുടെ എണ്ണം താഴെ ചേർക്കുന്നു.

| സഹായധനത്തിന്റെ ഇനം | ലഭിക്കുന്നവരുടെ എണ്ണം |
|---|---|
| വിധവ | 115 |
| വികലാംഗ | 20 |
| വാർദ്ധക്യ | 74 |
| ക്ഷയരോഗി | 4 |
| കാൻസർരോഗി | 2 |
| കർഷകത്തൊഴിലാളി | 48 |
| കയർത്തൊഴിലാളി | |
| തൊഴിൽരഹിതവേതനം | 298 |

സഹായധനം ലഭിക്കുന്നവരിൽ മിക്കവാറും അർഹരാണ്. അർഹരായ ഒട്ടനവധി അപേക്ഷകൾ ഇനിയുമുണ്ട്. പെൻഷൻ ലഭിക്കാത്തതിന് ചുവപ്പുനാടയിലെ കുരുക്കാണ് പ്രധാനതടസ്സം.

സാമൂഹ്യക്ഷേമപദ്ധതിപ്രകാരം വിവിധ സ്കീമുകളിലായി വളരെ കുറച്ചുപേർക്കു മാത്രമാണ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളത്. പഞ്ചായത്തിൽ 20 മഹിളാസമാജങ്ങളും 8 ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. 12 Feeding Centre ഉണ്ട് എന്നാൽ അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ചു കുടുംബങ്ങൾക്ക് മാത്രമാണ് പ്രയോജനം ചെയ്യുന്നത്. ജനകീയ കമ്മറ്റി രൂപീകരിച്ച് അർഹതയുള്ളവർക്ക് സഹായപദ്ധതികൾ എത്തിക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കണം. അനർഹമായ കടന്നുകയറ്റം കർശനമായും തടയണം.
2. ഈ രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിന് കടുത്ത നടപടികൾ എടുക്കണം. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കണം
3. ഗ്രാമസഭകളെ ഉപയോഗപ്പെടുത്തി അർഹരായവരെ കണ്ടെത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
4. വനിതകൾക്കായി വാർഡുതോറും DWCRA യൂണിറ്റുകൾ ഗ്രാമീണ ബാങ്കിംഗ് മാതൃകയിലുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
5. മഹിളാസമാജങ്ങളുടേയും ബാലവാടികളുടേയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുക. ഈ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് ജനകീയ കമ്മറ്റി രൂപീകരിക്കുകയും, പോഷകാഹാരവിതരണം, കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ഉതകുന്ന വിവിധ കളികൾ, പ്രതിമാസ ചികിത്സാപരിപാടികൾ, ബോധവൽക്കരണക്ലാസ്സുകൾ എന്നിവ നടത്തുക.
6. അർഹരായവർക്ക് പെൻഷൻ നൽകുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുക.
7. അന്ധവിശ്വാസങ്ങൾക്കും ജാതിചിന്തക്കും എതിരെ പ്രചരണം നടത്തുക.
8. വിവാഹപ്രായം കഴിഞ്ഞ യുവതികൾ സാമ്പത്തിക പരാധീനതമൂലം അവിവാഹിതരായി കഴിയുന്നു. ഇവർക്കുവേണ്ടി സമൂഹവിവാഹം സംഘടിപ്പിക്കുക.
9. വികലാംഗർക്ക് സ്വയം തൊഴിൽ എന്ന നിലയിൽ STD ബൂത്തുകളും പെട്ടിക്കടകളും (ബങ്കുകൾ) നിർമ്മിച്ചുനൽകുക.

# വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ കാര്യങ്ങൾ വിലയിരുത്തുമ്പോൾ വളരെ അഭിമാനാർഹമായ ചരിത്രമാണ് കുമ്പളങ്ങിക്കുള്ളത്. കുമ്പളങ്ങിയുടെ ഹൃദയഭാഗത് ഇന്നും തലയുയർത്തി നിൽക്കുന്ന സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂൾ സമീപ പ്രദേശങ്ങളുടെ ഒരു ആശാകേന്ദ്രമായി, ഉന്നത നിലവാരം പുലർത്തിക്കൊണ്ട് പരിലസിച്ചിരുന്നു. ഇത്തരുണത്തിൽ സി. ജോരസ് എന്ന് മഹൽവ്യക്തിയെ പ്രത്യേകം സ്മരിക്കണം. അദ്ദേഹത്തിന്റെ മഹാമനസ്കതയും ദീർഘവീക്ഷണവുമാണ് സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂൾ സി.ജോരസ് വായനശാല, ഈ നാടിന്റെ സേവനമേഖലയിൽ ഏറെ സംഭാവന നൽകിയ കൃസ്ത്യാഭ്യുന്നതീസമാജം എന്നീ സ്ഥാപനങ്ങൾ. ഇതിൽ സെന്റ് പീറ്റേഴ്സ് സ്കൂൾ മാത്രം അഭിവൃദ്ധിയോടുകൂടി ഇന്നും നിലനിൽക്കുന്നു. ഇവിടെനിന്നും വിദ്യാഭ്യാസം ലഭിച്ചവർ വിവിധ മേഖലകളിൽ പരിലസിക്കുന്നു. സമീപ പ്രദേശങ്ങളിലുള്ളവർ വിദ്യാഭ്യാസം നടത്തിയിരുന്നത് സെന്റ് പീറ്റേഴ്സിലായിരുന്നു. തുടർന്നുള്ള വിദ്യാഭ്യാസ ചരിത്രം വളരെ പരിതാപകരമാണ്.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. രണ്ട് ഹൈസ്ക്കൂൾ, രണ്ട് യു.പി. സ്ക്കൂൾ, നാല് എൽ.പി.സ്ക്കൂൾ എന്നിവയാണ് നിലവിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ. ഈ വിദ്യാലയങ്ങളിലെല്ലാം കൂടി 4711 വിദ്യാർത്ഥികൾ പഠിക്കുന്നു. 158 അദ്ധ്യാപകർ ഇവിടെ പഠിപ്പിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളോ, ഉപരിവിദ്യാഭ്യാസസ്ഥാപനങ്ങളോ ഇല്ല 40 വർഷം മുമ്പ് ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സ്കൂൾ കുമ്പളങ്ങിയിൽ പ്രവർത്തിച്ചിരുന്നു. കുമ്പളങ്ങി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റ

# കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏകദേശരൂപപട്ടിക

| Sl. No. | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | 1995–96 ൽ പഠിപ്പിച്ചിരുന്ന കുട്ടികളുടെ എണ്ണം | | | | | | | | | | | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | STD I | STD II | STD III | STD IV | STD V | STD VI | STD VII | STD VIII | STD IX | STD X | TOTAL | |
| 1. | സെന്റ് ജോസഫ് എൽ.പി.എസ്സ് | എയിഡഡ് | 61 | 65 | 67 | 68 | - | - | - | - | - | - | 21 | 8 |
| 2. | ഇല്ലിക്കൻ വി.പി.വൈ.എൻ.വി.എസ് | എയിഡഡ് | 58 | 60 | 62 | 60 | 54 | - | - | - | - | - | 294 | 10 |
| 3. | സെന്റ് പീറ്റേഴ്സ് എൽ.പി.എസ്സ് | എയിഡഡ് | 169 | 155 | 151 | 122 | - | - | - | - | - | - | 597 | 15 |
| 4. | സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂൾ | എയിഡഡ് | - | - | - | - | 157 | 222 | 248 | 345 | 308 | 243 | 1523 | 53 |
| 5. | ഗവൺമെന്റ് യു.പി.എസ്സ്, കുമ്പളങ്ങി | ഗവ: | 60 | 63 | 65 | 67 | 116 | 143 | 154 | - | - | - | 668 | 22 |
| 6. | ഒ.എൻ.എഫ്.ജി.എച്ച്.എസ്സ് | എയിഡഡ് | - | - | - | - | - | - | - | 186 | 190 | 160 | 536 | 24 |
| 7. | സെന്റ് ജോർജ്ജ് യു.പി.എസ്സ്, പഴങ്ങാട് | എയിഡഡ് | - | - | - | - | 115 | 122 | 163 | - | - | - | 400 | 12 |
| 8. | സെന്റ് ജോർജ്ജ് എൽ.പി.എസ്സ്, പഴങ്ങാട് | എയിഡഡ് | 110 | 110 | 109 | 103 | - | - | - | - | - | - | 432 | 14 |
| | ആകെ | 8 | 458 | 453 | 454 | 420 | 442 | 487 | 565 | 531 | 498 | 403 | 4711 | 158 |

റിന്റെ പൊളിച്ചു കളഞ്ഞ ഐ.പി. വാർഡ് പണ്ട് ഈ സ്ഥാപനം പ്രവർത്തിച്ചിരുന്ന കെട്ടിടം ആണ്. കയറുല്പന്നനിർമ്മാണം, തുണിനെയ്ത്ത്, കൊല്ലപ്പണി മുതലായവയായിരുന്നു അവിടെ അഭ്യസിപ്പിച്ചിരുന്നത്.

നിലവിലുള്ള സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല. പൈപ്പ് വെള്ളം ഒരു സ്കൂളിലുമില്ല. കെട്ടിടങ്ങളെല്ലാം പഴയതാണ്. മൂത്രപ്പുര, കക്കൂസ് എന്നിവ ഇനിയും ആവശ്യമുണ്ട്. കുട്ടികൾക്ക് ഇരിക്കുവാനുള്ള ബഞ്ച്, ഡസ്ക്ക് മുതലായ സാധനങ്ങൾ എല്ലാ സ്കൂളുകളിലും അത്യാവശ്യമാണ്. ആവശ്യം വേണ്ട സാധനങ്ങളുടെ വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

ഗുണനിലവാരം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത് നിലവിലുള്ള വിദ്യാഭ്യാസരീതിയും വിപുലമായ സിലബസ്സും, എല്ലാ കുട്ടികളേയും ജയിപ്പിക്കുന്ന രീതി ഇതെല്ലാം കാരണമായി ഗ്രാമസഭാചർച്ചകളിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്നാം ക്ലാസ്സിൽ ചേരുന്ന എല്ലാ കുട്ടികളും പത്താംക്ലാസ്സുവരെ എത്തുന്നില്ല. ഇടയ്ക്കുവെച്ച് കൊഴിഞ്ഞുപോകുന്ന സ്ഥിതി ഇവിടേയും കൂടുതലാണ്. പത്താംക്ലാസ്സിൽ എത്തുന്ന കുട്ടികളിൽ പകുതിയിൽ കൂടുതൽ തോൽക്കുന്നു. ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളിലേയും കഴിഞ്ഞ അഞ്ച് വർഷത്തെ S.S.L.C. വിജയശതമാനം പട്ടികയിൽ കൊടുത്തിട്ടുണ്ട്. സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂളിൽ വിജയശതമാനം മോശമാണ്. 91-92 വർഷത്തിൽ മാത്രമാണ് 50% ത്തിൽ കൂടുതൽ കുട്ടികൾ ഇവിടെ ജയിച്ചത്. കഴിഞ്ഞ നാലു വർഷവും 50% ത്തിൽ താഴെയാണ് വിജയിച്ചത്. അതേസമയം O.L.F.G.H സ്കൂളിലെ വിജയശതമാനം 70% ത്തിൽ കൂടുതലാണ്.

ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ കുട്ടികളെ പറഞ്ഞുവിടുന്ന ഒരു പുതിയ സംസ്കാരം വളർന്നു വന്നിട്ടുണ്ട്. പൊള്ളയായ പുതിയ സംസ്കാരത്തിൽ കൂണ് പോലെ മുളച്ചുപൊന്തുന്ന ഇംഗ്ലീഷ് മീഡിയം ഭ്രമത്തിൽ പിഞ്ചുകുഞ്ഞുങ്ങളെ പോലും തള്ളിയിടുന്ന കാഴ്ച മറ്റെവിടെയും പോലെ കുമ്പളങ്ങിയിലും കാണാം. തങ്ങളുടെ കുട്ടികൾക്ക് മെച്ചപ്പെട്ട നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുവാൻ സൗകര്യം നാട്ടിലുണ്ടെങ്കിൽ പുറത്തേക്ക് പോകുവാനുള്ള പ്രവണത കുറയും. വിദ്യാലയങ്ങളിലെ പ്രാഥമികസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. പഠനനിലവാരം കുറയുന്നതിൽ ഇന്നത്തെ TV സംസ്കാരം ഒരു പരിധി വരെ കാരണമായിട്ടുണ്ട്. TV പരിപാടി കഴിഞ്ഞിട്ട് പഠനത്തിന് സമയം കണ്ടെത്താറുള്ളു. ഭൂരിഭാഗം കുട്ടികളും ഇത്തരക്കാരാണ് എന്ന അഭിപ്രായമാണ് ഗ്രാമസഭകളിൽ ഉണ്ടായത്. പഠനനിലവാരം ഉയർ ത്തുന്ന കാര്യത്തിൽ PTA കമ്മറ്റികൾക്ക് ഫല പ്രദമായ സംഭാവനകൾ ചെയ്യാൻ കഴിയും. ഇന്ന് PTA കമ്മറ്റികൾ ആ രീതിയിൽ പ്രവർത്തിക്കുന്നില്ല. ചില സ്കൂളുകളിൽ PTA നന്നായി പ്രവർ ത്തിക്കുന്നുണ്ട്.

പ്രീ.പ്രൈമറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പുതിയ വീക്ഷണവും ആസൂത്രണവും ആവശ്യമാണ്. കുഞ്ഞുങ്ങളുടെ മാനസികോല്ലാസത്തിലും ബുദ്ധിവികാസത്തിലും ശാരീരിക വളർച്ചയിലും മറ്റും ഉതകുന്ന രീതിയിൽ പുന:ക്രമീകരിച്ച് നടപ്പാക്കുക.

വളരെയധികം കുട്ടികൾ ഉപരിപഠനത്തിനും സാങ്കേതികവിദ്യാഭ്യാസത്തിനും അയൽപ്രദേശങ്ങളിലും വിദൂരസ്ഥലങ്ങളിലും പോകേണ്ട സ്ഥിതിയാണുള്ളത്. 10-ാം ക്ലാസ്സ് കഴിഞ്ഞാൽ ഉപരിപഠനം നടത്താനുള്ള സൗകര്യം ഇവിടെ ഉണ്ടാകണം. ഒരു സാങ്കേതിസ്ഥാപനവും ഉണ്ടാകേണ്ടത് ആവശ്യമാണ്.

സാക്ഷരതാപ്രവർത്തനം നന്നായി നടത്തിയ പഞ്ചായത്താണ് കുമ്പളങ്ങി. പഞ്ചായത്തിലെ എല്ലാവരേയും സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സാക്ഷരതാപ്രവർത്തനം തുടർന്നും നന്നായി നടത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂളിലെ S.S.L.C. വിജയശതമാനം കുറവാണ്. 2. സ്ക്കൂളിലെ ഭൗതീകസാഹചര്യങ്ങൾ തൃപ്തികരമല്ല.

3. ഇംഗ്ലീഷ്മീഡിയം സ്ക്കൂളിൽ പോകുന്ന കുട്ടികളുടെ എണ്ണം കൂടിവരുന്നു.

4. ഉപരിപഠനത്തിന് സൗകര്യമില്ല.

5. ശിശുവിദ്യാഭ്യാസത്തിന് സൗകര്യങ്ങളില്ല.

## പട്ടിക

| സ്ക്കൂളിന്റെ പേര് | ആവശ്യമുള്ള മുറികളുടെ എണ്ണം | ആവശ്യമുള്ള കെട്ടികളുടെ എണ്ണം | ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | ആവശ്യമുള്ള ക്ലാസ്സുകളുടെ എണ്ണം | കുടിവെള്ളം ആവശ്യം ഉണ്ട്/ഇല്ല | വൈദ്യുതി ഉണ്ട്/ഇല്ല | പാചകമുറി ഉണ്ട്/ഇല്ല | സ്റ്റാഫ്മുറി ഉണ്ട്/ഇല്ല | ഇനി ആവശ്യമുള്ളവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
| സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂൾ | – | – | – | – | – | ഉണ്ട് | ഉണ്ട് | ഉണ്ട് | 30 | 20 | 20 | 20 | മേശ 5 അലമാര |
| ഓ.എൽ.എഫ്. ജി.എച്ച്.എസ്സ് | 1 | 1 | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 10 | 10 | – | – | – |
| ഗവ:യു.പി. സ്കൂൾ | – | – | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 10 | 5 | 5 | 5 | അലമാര |
| സെന്റ് ജോർജ്ജ് യു.പി.സ്ക്കൂൾ | – | – | 2 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 90 | 90 | 10 | 8 | – |
| സെന്റ് ജോർജ്ജ് എൽ.പി.സ്ക്കൂൾ | – | – | 2 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 8 | 12 | 3 | 5 | – |
| സെന്റ് പീറ്റേഴ്സ് എൽ.പി.സ്ക്കൂൾ | – | – | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 80 | 50 | 4 | 5 | – |
| ഇല്ലിക്കൽ വി.പി.വൈ. എൽ പി. സ്കൂൾ | – | – | 3 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 30 | 5 | 5 മാര 1 | അല |
| സെന്റ് ജോസഫ് എൽ.പി.സ്ക്കൂൾ | – | 1 | 2 | – | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 32 | 65 | 10 | 10 | |

## പട്ടിക

| സ്കൂളിന്റെ പേര് | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| ഓ.എൽ.എഫ് ജി.എച്ച്.എസ്സ് | 76% | 72% | 64% | 71% | 74% |
| സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂൾ | 51% | 44% | 46% | 42% | 44% |

## സാധ്യതകൾ

1. സ്ക്കൂൾ കോംപ്ലക്സ് സ്ഥാപിക്കുക.
2. ഹൈസ്ക്കൂൾ പ്രീഡിഗ്രി തലത്തിൽ ഉയർത്തുക.
3. വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.റ്റി.സി. മുതലായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക. തദ്ദേശീയമായി ഏറെ തൊഴിൽസാധ്യതയുള്ള ഫിഷറീസ് മുതലായ വിഷയങ്ങൾക്ക് മുൻതൂക്കം നൽകുക.
4. നിലവിലുള്ള സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
5. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പരിചയ സമ്പന്നരായ വിദ്യാഭ്യാസവിദഗ്ധരെ ഉൾപ്പെടുത്തി അദ്ധ്യാപകരുടെ സഹായത്തോടുകൂടി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
6. ഉച്ചക്കഞ്ഞി പ്രൈമറിസ്കൂളുകളിലും ഉറപ്പുവരുത്തുക.

7. കായികവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി അതുവഴി കുട്ടികളുടെ കായികശേഷിയും മാനസികോല്ലാസവും അഭിവൃദ്ധിപ്പെടുത്തുകയും പ്രതിഭകളെ കണ്ടുപിടിച്ച് അവരെ ഉയർത്തുകയും ചെയ്യുക.

8. പൊതുകളിസ്ഥലം നിർമ്മിക്കുക.

9. കയ്യെഴുത്തുമാസിക എല്ലാക്ലാസ്സിലും വർഷത്തിലൊന്നെങ്കിലും പുറത്തിറക്കുക.

10. സ്ക്കൂൾ ആരോഗ്യപ്രവർത്തനങ്ങൾ ആരോഗ്യ പരിശോധന എന്നിവ നടത്തുക.

11. അനൗപചാരികവിദ്യാഭ്യാസവും വയോജനവിദ്യാഭ്യാസവും മറ്റു സാക്ഷരതാപരിപാടികളും നടപ്പിലാക്കുക.

12. ജനകീയമോണിറ്ററിംഗിന് പ്രാധാന്യം കൊടുക്കുക. അഞ്ച് പേരടങ്ങുന്ന ഒരു ടീം ഓരോ മാസവും സ്ക്കൂളുകളിലെത്തി സ്ക്കൂളിന്റെ പ്രവർത്തനവും പഠനസമ്പ്രദായവും വിലയിരുത്തുക.

13. സ്ക്കൂളിനെ കൃഷിഭവനുമായി ബന്ധിപ്പിച്ച് കാർഷികപ്രവർത്തനങ്ങൾ നടത്തുക.

14. അവധിക്കാലത്ത് എല്ലാ സ്ക്കൂളിലേയും കുട്ടികളും അദ്ധ്യാപകരും നാട്ടുകാരും പങ്കെടുക്കുന്ന ബാലോത്സവങ്ങൾ നടത്തുക.

15. നിലവിലുള്ള അംഗനവാടികളുടെ കെട്ടിടങ്ങൾ പുതുക്കിപ്പണിയുകയും ആവശ്യത്തിന് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുക.

16. അദ്ധ്യാപകർക്ക് റിഫ്രെഷർ കോഴ്സുകൾ നടത്തുക.

17. സ്ക്കൂളുകളിൽ ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ ഉണ്ടാക്കുക.

18. ഇല്ലിക്കൽ സ്ക്കൂൾ അപ് ഗ്രേഡ് ചെയ്യുക.

19. പഞ്ചായത്ത് തലത്തിൽ അദ്ധ്യാപകർക്ക് അവാർഡ് നൽകുക.

20. സ്ക്കൂളുകളിൽ പത്രവായന നിർബന്ധമാക്കുക.

21. വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുക.

22. PTA യ്ക്കുപുറമേ സ്ക്കൂൾ വെൽഫെയർ കമ്മിറ്റികൾ രൂപീകരിക്കുക.

23. ഒന്നാം സ്റ്റാൻഡേർഡിലെ ഓൾ പ്രൊമോഷൻ സമ്പ്രദായം കർശനമായും നിർത്തലാക്കുക.

24. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.

# സംസ്കാരം

സംസ്കാരികമായി ഉന്നതനിലവാരം പുലർത്തുവാൻ ശ്രമിക്കുന്ന പഞ്ചായത്താണ് കുമ്പളങ്ങി. ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം മതക്കാരാണ് ഇവിടെയുള്ളത്. വിവിധ മതസ്ഥർക്കായി 20 ആരാധനാലയങ്ങൾ ഉണ്ട്. ഉത്സവങ്ങളും പെരുന്നാളുകളും ആർഭാടമായി കൊണ്ടാടാറുണ്ട്. മതസൗഹാർദ്ദം നിലനിൽക്കുന്ന പഞ്ചായത്താണിത്. ഉന്നതജാതിയിൽപ്പെട്ടവർ വളരെ കുറവാണുള്ളത്. ലത്തീൻ കത്തോലിക്കർ, ഈഴവർ, പട്ടികജാതിക്കാർ എന്നീ പിന്നോക്കസമുദായക്കാരാണ് കൂടുതലുള്ളത്. വിവിധ ജാതിയിൽപ്പെട്ടവർ ചേർന്ന് രാഷ്ട്രീയപ്പാർട്ടികൾ സാംസ്കാരികസംഘടനകൾ എന്നിവ നിലവിലുണ്ട്. പഞ്ചായത്തിൽ ഗ്രന്ഥശാലകളും വായനശാലകളും മറ്റിടങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. കേരളഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒറ്റ ഗ്രന്ഥശാലപോലുമില്ല എന്നത് ഒരു ദു:ഖസത്യം മാത്രം. ഒരു പക്ഷേ കേരളത്തിൽ ഇങ്ങിനെയുള്ളത് കുമ്പളങ്ങി മാത്രമായിരിക്കും. വിവിധ സാംസ്കാരികസംഘങ്ങൾ നടത്തുന്ന രണ്ടുമൂന്നു ചെറിയ ലൈബ്രറികൾ ഉണ്ട്. അവ പ്രവർത്തനക്ഷമമല്ല. വ്യാവസായശാലകളുടെ എണ്ണവും തൃപ്തികരമല്ല. ടാഗോർ വായനശാലമത്രമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ സാസ്കാരിക നിലയവുമായി ബന്ധപ്പെട്ട വായനശാലയുമുണ്ട്. സാസ്കാരികസംഘടനകൾ വിരലിലെണ്ണാവുന്നത് മാത്രമാണുള്ളത്. എന്നാൽ അവയ്ക്ക് ദൈനംദിനപ്രവർത്തനങ്ങളോ ആഫീസുകളോ ഇല്ല. .......എണ്ണം ദിനപത്രങ്ങൾ പ്രചാരത്തിലുണ്ട്. ആനുകാലികങ്ങൾ അതിനനുപാതികമായി ഉണ്ട്. ഒരു സിനിമാതീയേറ്ററാണുള്ളത്. കലാ-സാസംസ്കാരികരംഗത്ത് ഏറെ സംഭാവന ചെയ്യുന്നതിന് വർത്തമാനകാലത്ത പ്രവർത്തന

ങ്ങൾ പരിശോധിച്ചാൽ കഴിയുന്നില്ല എന്നു പറയാം. ടെലിവിഷന്റെ അമിതസ്വാധീനം വർദ്ധിച്ചുവരുന്നുണ്ട്. 20% വീടുകളിൽ TV ഉണ്ട്. ഒരു കേബിൾ ചാനൽ സംവിധാനം നിലവിലുണ്ട്. 3 TV ക്രിയോസ്കുകൾ പഞ്ചായത്തിന്റേതായുണ്ട്. കലാരംഗത്തേതുപോലെ ദയനീയമായ ചിത്രമാണ് കായികമേഖലയിലുള്ളത്. പൊതുകളിസ്ഥലം ഇല്ലാ്തിരുന്നത് ഈ രംഗത്തെ വികസനത്തിന് പ്രധാ ്തടസ്സമാണ്. കായികപരിശീലനങ്ങൾ നടക്കു്ന സ്ഥിതിയില്ല. കായികമേഖലയിൽ വളർന്നു വര്ൻ കഴിയുന്ന ധാരാളം കുട്ടികൾ ഈ പഞ്ചായത്തിലുണ്ട്.

## അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ

1. ഗ്രന്ഥശാലകളും വായനശാലകളും എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
2. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു നല്ല ലൈബ്രറി സ്ഥാപിക്കുകയും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്യുകയും ചെയ്യുക.
3. വാർഡുകൾ കേന്ദ്രീകരിച്ച് സാംസ്കാരിക സംഘങ്ങൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുക.
4. പഞ്ചായത്തിലെ നിലവിലുള്ള സാംസ്കാരിക സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും അവയെ കേന്ദ്രീകരിച്ച് ഒരു കോ-ഓർഡിനേഷൻ കമ്മറ്റി ഉണ്ടാക്കുക.
5. പഞ്ചായത്ത് കേന്ദ്രീകരിച്ച് എല്ലാവർഷവും ഓണക്കാലത്ത് കലാകായികപരിപാടികളും സാസ്കാരികപരിപാടികളും നടത്തുക. അതിൽ എല്ലാ സാംസ്കാരിക സംഘടനകളേയും സന്നദ്ധരാഷ്ട്രീയസംഘടനകളേയും പങ്കാളികളാക്കുക. മതസൗഹാർദ്ദത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
6. ഫിലിം സൊസൈറ്റി, വീഡിയോ ക്ലാസ്സ് തുടങ്ങിയവ സ്ഥാപിക്കുക.
7. പൊതുകളിസ്ഥലങ്ങൾ ഉണ്ടാക്കുക്കയും, കായികപരിശീലനത്തിന് പ്രത്യേകസംവിധാനം ഉണ്ടാക്കുകയും ചെയ്യുക. സ്കൂളുകളിലെ ്ായികപ്രതിഭകളെ പഞ്ചായത്ത് ദത്തെടുത്ത് പരിശീലനവും, പ്രോത്സാഹനവും നൽകുക.
8. പ്രാദേശികപൊതുഉൽസവങ്ങളും, ആഘോഷങ്ങളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
9. മിശ്ര വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും അവരെ സഹായിക്കുകയം ചെയ്യുക.
10. വിവാഹചടങ്ങുകളിലെ വർദ്ധിപ്പിച്ചുവരുന്ന ആർഭാഗങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രചരണം നടത്തുകയും മാതൃക കാട്ടുകയും ചെയ്യുക.
11. അനാചാരങ്ങൾക്കും, അന്ധവിശ്വാസങ്ങൾക്കുമെതിരെ സാംസ്കാരികസംഘടനകളെ ഉപയോഗിച്ചുകൊണ്ട് ആശയപ്രചാരണം നടതതുക.
12. നാടൻ കലകളേയും, കളികളേയും, പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുക്കയും ചെയ്യുക.
13. മദ്യത്തിനും, മയക്കുമരുന്നിനുമെതിരെ, സാംസ്കാരികസംഘടനകളെ ഉപയോഗിച്ച് പ്രചരണം നടത്തുക.
14. പഞ്ചായത്ത് വക ഒരു ഓഡിറ്റോറിയം സാസ്കാരികപരിപാടികൾ നടത്തുന്നതിന് നിർമ്മിക്കുക.
15. ടിവി. ക്രിയോസ്ക് വാർഡുതോറും സ്ഥാപിക്കുക.
16. വായനാശീലത്തേയും, വിദ്യാഭ്യാസത്തേയും, ടിവിയുടെ അതിപ്രസരത്തിൽ നിന്ന് ഒഴിവാക്കാൻ സമയത്തിൽ മാറ്റം വരുത്തുക.

# വനിത

കുമ്പളങ്ങി പഞ്ചായത്തിലെ ജനസംഖ്യയിൽ 51.7% പേർ വനിതകളാണ്. പുരുഷൻമാരേക്കാൾ സ്തീകളുടെ എണ്ണം കൂടുതലാണ്. എന്നാൽ അവരുടെ സാമൂഹ്യപദവി വേണ്ടത്ര ഉയർന്നിട്ടില്ല എന്നു കാണാവുന്നതാണ്. പഞ്ചായത്തിലെ 1000 ൽ പരം വീടുകൾ കുടുംബനാഥകളുടെ മേൽനോട്ടത്തിൽ ഉള്ളതാണ്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള പൊതുസംഘടനകൾ ഒന്നും തന്നെയില്ല. പുരുഷൻമാരെക്കാൾ കൂടുതൽ വനിതകൾ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ അദ്ധ്യാപകരായുണ്ട്. പെൺകുട്ടികൾക്കു മാത്രമുള്ള ഒരു ഹൈസ്ക്കൂൾ നിലവിലുണ്ട്. വിദ്യാർത്ഥികളിൽ പെൺകുട്ടികളാണ് കൂടുതൽ ഉള്ളത്. മത്സ്യസംസ്കരണ മേഖലയിലം കൃഷിപ്പണി, കയർതൊഴിൽ

എന്നിവയിലുമാണ് കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്നത്. കൂലിപ്പണിക്കാരായ സ്ത്രീകളും വളരെയുണ്ട്. സർക്കാർ മേഖലയിലും മറ്റു സർവ്വീസ് മേഖലയിലും കുറച്ചു സ്ത്രീകൾ ജോലി ചെയ്യുന്നു. അടുത്ത കാലത്തായി സെയിൽസ് ഗേൾസായി ജോലി നോക്കുന്ന യുവതികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂലിയുടെ കാര്യത്തിൽ അസംഘടിത മേഖലയിൽ പുരുഷന്മാരേക്കാൾ 30,40% വരെ അന്തരം നിലനിൽക്കുന്നു. മഹിളാസമാജങ്ങളുടെ നിലവാരം തൃപ്തികരമല്ല. ആരോഗ്യനിലവാരം നോക്കിയാൽ സ്ത്രീകളുടെ നില മോശമാണ്. ആശുപത്രികളിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് ചികിത്സക്കെത്തുന്നത്. ചാരായനിരോധനം മൂലം സ്ത്രീകൾക്ക് പീഢനങ്ങളിൽ നിന്നും മോചനവും കുടുംബങ്ങളിൽ സമാധാനവും ഉണ്ടായിട്ടുണ്ട്. സ്ത്രീധനസമ്പ്രദായം ശക്തിയായി നിലനിൽക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള സ്ത്രീപീഢനസംഭവങ്ങൾ വലുതായി ഒന്നുമില്ല. സ്ത്രീധനനിരോധനനിയമം അതിശക്തമായി നടപ്പിലാക്കണമെന്ന് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉയർന്നിട്ടുണ്ട്. സ്ത്രീകൾക്കെതിരായുള്ള ആക്രമണങ്ങൾ കുറവാണ്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ, സിനിമകൾ, എന്നിവ അത്യപൂർവ്വമായി ഉണ്ടാകാറുണ്ട്. കാർഷികരംഗത്തും കയർമേഖലയിലും സ്ത്രീതൊഴിലാളികൾ കുറഞ്ഞുവരുന്നു. വീട്ടമ്മമാരായ സ്ത്രീകളിൽ വളരെയധികം പേരും മറ്റ് തൊഴിലിനൊന്നും പോകാതെ വീട്ടുജോലികൾ മാത്രം ചെയ്തു കഴിഞ്ഞുകൂടുന്നവരാണ്. ആടുമാടുകളെ വളർത്തുക, പുരയിടകൃഷി നടത്തുക തുടങ്ങിയ ജോലികൾ ചെയ്യുന്നവരുടെ എണ്ണം കുറവാണ്. സ്ത്രീകൾ കുടുംബവരുമാനം വർദ്ധിപ്പിക്കുന്ന തൊഴിലിൽ ഏർപ്പെടേണ്ടവരല്ല എന്ന് മിഥ്യാധാരണ വെച്ചുപുലർത്തുന്നവരാണ് പഞ്ചായത്തിൽ ഏറെപ്പേരും. വിധവാപെൻഷൻ ലഭിക്കുന്ന 115 സ്ത്രീകൾ ഉണ്ട്. സാമൂഹ്യപ്രവർത്തനരംഗത്തേയ്ക്ക് സ്ത്രീകൾ കടന്നുവരുന്നില്ല. അറിവില്ലായ്മ, കുടുംബത്തിന്റെ നിയന്ത്രണം, സമൂഹത്തോടുള്ള ഭയം തുടങ്ങിയവ മൂലമാണ് പ്രധാനമായും സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നുവരാത്തത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സംവരണവ്യവസ്ഥ ഈ രംഗത്ത് കുറെ മാറ്റങ്ങൾ ഉളവാക്കിയിട്ടുണ്ട്. ആലപ്പുഴ സർവ്വോദയസംഘത്തിന്റെ ഒരു ഖാദി നെയ്ത്ത് യൂണിറ്റ് പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വനിതാ സഹകരണവ്യവസായയൂണിറ്റുകൾ ആരംഭിക്കുക.
2. വനിതകളെ പൊതുരംഗത്ത് പ്രവർത്തിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും അവരെ ബഹുജനസംഘടനകളുടെ നേതൃത്വത്തിലേക്കുയർത്തുകയും ചെയ്യുക.
3. സ്ത്രീധനനിരോധനനിയമം കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സ്ത്രീധനത്തിനെതിരെ വനിതാസംഘടനകളെ പ്രവർത്തനരംഗത്തിറക്കുകയും ചെയ്യുക.
4. സ്ത്രീപീഢനങ്ങളെ കർശനമായി നിയമം വഴി നേരിടുന്നതിന് നിയമങ്ങൾ മനസ്സിലാക്കുന്നതിന് ബോധവൽക്കരണക്ലാസ്സുകൾ നടത്തുക്കയും ചെയ്യുക.
5. വീട്ടുവളപ്പിൽ കൃഷി, ആടുമാടുകളെ വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുകയും സഹായം നൽകുകയും ചെയ്യുക.
6. പ്രത്യേക നേതൃത്വപരിശീലനക്യാമ്പുകൾ, സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക.
7. ബാലവാടികളുടേയും മഹിളാസമാജങ്ങളുടേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും, സാസ്കാരികപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക്കയും ചെയ്യുക.
8. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. മഹിളാസംഘങ്ങളോട് ചേർന്ന് ലൈബ്രറി സ്ഥാപിക്കുക.
9. അനാചാരങ്ങൾക്കും ആർഭാടങ്ങൾക്കുമെതിരെ ബോധവൽക്കരണം നടത്തുക.

# സഹകരണമേഖല

പൊതുജനസേവനത്തിന്റെ ഭാഗമായി കുമ്പളങ്ങിയിലെ സേവനതൽപരരായവരുടെ ശ്രമഫലമായിട്ടാണ് കുമ്പളങ്ങിയിൽ സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഇവിടെ ആദ്യമായി രജിസ്ടർ ചെയ്ത് പ്രവർത്തിച്ചിരുന്ന കുമ്പളങ്ങി 37-ാം നമ്പർ അൺ ലിമിറ്റഡ് സഹകരണസംഘം ജനപിന്തുണ പിടിച്ചുപറ്റിയ ഒരു സംഘമായിരുന്നു. ഇതിന്റെ രൂപീകരണകാലഘട്ടത്തേക്കുറിച്ച് വ്യക്തമായി

അറിയില്ല. ഈ സംഘത്തിന്റെ ഓഫീസ് കെട്ടിടവും, സ്ഥലവുമാണ് നമ്മുടെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി മാറിയിട്ടുള്ളത്. ഇനിയും ആശുപത്രിയുടെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടവും ഉദ്ദേശം 50 സെന്റോളം സ്ഥലവും ഈ സംഘത്തിന്റേതായിട്ടുണ്ട്. ഈ സംഘം ഇപ്പോൾ സർക്കാർ കസ്റ്റഡിയിലാണ്. ഇതിന്റെ രജിസ്ട്രേഷൻ കാൻസൽ ചെയ്യിക്കുവാനുള്ള ശമങ്ങൾ നടക്കുന്നുണ്ട്. ആശുപത്രിയുടെ വികസനത്തിനുവേണ്ടി ഈ സ്ഥലവും കെട്ടിടവും വിറ്റുകിട്ടേണ്ടതാണ്.

അംഗങ്ങൾ കൂടുതൽ ഉണ്ടെങ്കിലും ജനകീയ പിൻബലത്തോടെ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല. ക്രെഡിറ്റ്,നോൺക്രെഡിറ്റ് മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ക്രെഡിറ്റ്മേഖലയിൽ കുമ്പളങ്ങി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 762 മാത്രമാണ് പ്രവർത്തനത്തിൽ ഉള്ളത്. നോൺ ക്രെഡിറ്റ് വിഭാഗത്തിൽ ഉൽപ്പാദകസംഘത്തിന്റെ പട്ടികയിൽ കുമ്പളങ്ങി 361–ാം നമ്പർ കയർ വ്യവസായസഹകരണസംഘം, E 579–ാം നമ്പർ സെൻട്രൽ കയർ വ്യവസായ സഹകരണ സംഘം, 208–ാം നമ്പർ കുമ്പളങ്ങി തെക്ക് കയർ വ്യവസായസഹകരണസംഘങ്ങളും മത്സ്യമേഖലയിൽ പഞ്ചായത്ത് ഏരിയാ കേന്ദ്രമാക്കി 9–ാം വാർഡിൽ ഒരു ഫിഷറീസ് സഹകരണ സംഘവും പ്രവർത്തിച്ചിരുന്നു; മാർക്കറ്റിംഗ്, ക്ഷീരം എന്നീ രംഗങ്ങളിൽ സംഘങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. സർവ്വീസ് മേഖലയിൽ ഹരിജൻ വിവിധോദ്ദേശ്യ സഹകരണസംഘവും, ചെല്ലാനം, കുമ്പളങ്ങി പ്രദേശങ്ങൾ ഉൾപ്പെടുന്നതും, കുമ്പളങ്ങി കേന്ദ്രമാക്കി പ്രവർത്തിക്കുന്നതുമായ ഹൗസിംഗ് സഹകരണസംഘവുമാണ്. കയർ വ്യവസായ സഹകരണ സംഘങ്ങൾ, ഫിഷറീസ് സഹകരണസംഘം എന്നിവ പ്രവർത്തിക്കുന്നില്ല. ഇതിൽ E 579–ാം നമ്പർ കയർ സംഘം ലിക്വിഡേറ്റ് ചെയ്തു.

1949 –ലാണ് 762–ാം നമ്പർ കുമ്പളങ്ങി സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തനം ആരംഭിച്ചത്. പ്രവർത്തനാരംഭത്തിൽ സർവ്വീസ് സഹകരണ സംഘമായിട്ടായിരുന്നു തുടങ്ങിയത്. ഇപ്പോൾ 9 ഡയറക്ട് ബോർഡ് അംഗങ്ങളും 4 ജീവനക്കാരുമുണ്ട്. 6954 അംഗങ്ങളുള്ള ഈ ബാങ്കിന്റെ മൂലധനം 61910 രൂപയാണ്. ഇതിപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു. ബാങ്കിന്റെ പ്രവർത്തനഫലം അംഗങ്ങൾക്കു ലഭിക്കുന്നില്ല. ജനവിശ്വാസം ആർജിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ കഴിയുന്നില്ല. നിക്ഷേപങ്ങൾ വർദ്ധിക്കാത്തത് ബാങ്ക് നേരിടുന്ന ഒരു പ്രശ്നം തന്നെയാണ്. കൃഷി, ഭവനനിർമ്മാണം, വാണിജ്യം എന്നീ ആവശ്യങ്ങൾക്കായി ലോൺ കൊടുത്തുപോരുന്നു. എടുക്കുന്ന ലോൺതുക കൃത്യമായി തിരിച്ചടക്കാത്തതുകൊണ്ട് കൂടുതൽ വായ്പകൾ കൊടുക്കുവാൻ കഴിയാതെ പോകുന്നു. വിവിധ തുറകളിലെ സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനരംഗത്ത് ശോഭിക്കുവാനും, ജനവിശ്വാസം നേടിയെടുക്കുവാനും കഴിയുന്നില്ല. തുടർച്ചയായി ഒരു ഭരണകാലയളവിൽ കൂടുതൽ ഒരംഗത്തിന് ബോർഡിൽ ഇരിക്കുവാൻ പാടില്ലായെന്ന നിബന്ധന കർശനമാക്കണം. സഹകരണ നിയമം, നയങ്ങൾ, പ്രാധാന്യം സേവനം എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണവും അതിന്റെ ഭാഗമായി സഹകരണസെമിനാറുകൾ, പൊതുമീറ്റിംഗുകൾ, ലഘുലേഖകൾ വിതരണം ചെയ്യൽ, ശില്പശാലകൾ എന്നിവ സഹകരണങ്ങളുടെ നേതൃത്വത്തിൽ നടത്തണം പൊതുജനസേവകരും, വിഭാഗീയചിന്താഗതിയില്ലാത്തവരും, പൊതുജനസമ്മതരും ആയിരിക്കണം ഭരണസമിതിയിലേക്ക് വരേണ്ടത്.

പ്രവർത്തനം ഇല്ലാത്ത എല്ലാ സംഘങ്ങളേയും പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ കാര്യനടപടികൾ കൈക്കൊള്ളണം. ക്ഷീരോൽപ്പാദകസഹകരണസംഘം, മത്സ്യോത്പാദനം, വ്യവസായം എന്നീ മേഖലകളിലും, ഉപഭോക്തൃമേഖലയിലും സഹകരണസംഘങ്ങൾ രൂപീകരിക്കണം.

## പ്രശ്നങ്ങൾ

1. കുമ്പളങ്ങി സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനത്തിൽ ജനങ്ങൾക്ക് വിശ്വാസമില്ല.
2. 37–ാം നമ്പർ അൺലിമിറ്റഡ് സഹകരണ സംഘം പ്രവർത്തനരഹിതമായികിടക്കുന്നു.
3. ക്രെഡിറ്റ്സൊസൈറ്റിയുടെ പ്രയോജനം എല്ലാവർക്കും ലഭ്യമല്ല.
4. ഭവനനിർമ്മാണ വായ്പനൽകുന്ന സംഘങ്ങൾ ഇല്ല.
5. കയർസഹകരണസംഘങ്ങൾ എല്ലാം പ്രവർത്തനരഹിതമാണ്.

## സാധ്യതകൾ

1. കുമ്പളങ്ങി സഹകരണബാങ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുക.
2. 37-ാം നമ്പർ അൺലിമിറ്റഡ് സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുക.
3. ഭവനനിർമ്മാനവായ്പാസംഘം ˙ പീകരിക്കുക.
4. കയർ സഹകരണസംഘങ്ങൾ പ്രവർത്തനനിരതമാക്കുവാൻ നടപടിയെടുക്കുക.
5. സഹകരണവായ്പാവ്യവസ്ഥകൾ ലഘൂകരിക്കുക.
6. വനിതാവിവിധോദ്ദേശ്യ സഹകരണസംഘം രൂപീകരിക്കുക.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കുമ്പളങ്ങി പഞ്ചായത്തിലെ ജനസംഖ്യയിൽ 1913 പേർ പട്ടികജാതിപട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. അത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 7.8% വരും ഗ്രാമസഭകളിൽ നിന്നും കിട്ടിയ റിപ്പോർട്ട് പ്രകാരം 470 കുടുംബങ്ങളാണുള്ളത്. 13 ഹരിജൻ കോളനികൾ ഈ പഞ്ചായത്തിലുണ്ട്. കോളനിയുടെ അടിസ്ഥാനസൗകര്യങ്ങൾ (കുടിവെള്ളം, കക്കൂസ്, വൈദ്യുതി etc.) തൃപ്തികരമല്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് മിക്കവാറും ഈ വിഭാഗത്തിലുള്ളത്. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ചുള്ള സാമൂഹ്യമായ പദവി വേണ്ടത്ര ഉയർന്നിട്ടുണ്ട് എന്ന് പറയാനാവില്ല. ആ വിഭാഗത്തിലെ പ്രായമായിട്ടുള്ള ഏതാണ്ട് നൂറിൽപ്പരം ആളുകൾ നിരക്ഷരരാണ്. കുട്ടികൾ എല്ലാവരും തന്നെ സ്ക്കൂളിൽ പോവുന്നവരാണ്. എന്നാൽ അവരുടെ പഠനനിലവാരം മെച്ചമാണെന്ന് പറയാനാവില്ല. പ്രധാനമായും രക്ഷകർത്താക്കളുടെ അശ്രദ്ധയും സാമ്പത്തികമായ പിന്നോക്കാവസ്ഥയുമാണ് കാരണം. കൃഷിപ്പണി, മത്സ്യബന്ധനം, കൂലിപ്പണി എന്നിവയാണ് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ പ്രധാനഉപജീവനമാർഗ്ഗം. സർക്കാർ സർവ്വീസിൽ ജോലിയുള്ള വളരെ കുറച്ചുപേരുമുണ്ട്. 25 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങളുമുണ്ട്. ജാതിപരമായ ഉച്ചനീചത്തങ്ങളുടെ പ്രകടമായ സ്വഭാവം ഒന്നും കാണുന്നില്ല. അന്യസമുദായക്കാരുമായി സഹവർത്തിത്വത്തിലുമാണ് കഴിയുന്നത്. കോളനികളിലേക്ക് റോഡ് വേണ്ടത് പ്രധാനപ്പെട്ട ആവശ്യമാണ്. പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ വേണ്ടത്ര ഉറപ്പില്ലാത്തതാണ്. IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ 448 ആണ്. ഇടക്കാലത്ത് സ്ക്കൂൾവിദ്യഭ്യാസം പൂർത്തീകരിക്കാത്ത 114 ചെറുപ്പക്കാർ ഉണ്ട്. മൊത്തം കുടുംബങ്ങൾ 112 വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. ബഹുജനസംഘടനകളിൽ പ്രവർത്തിക്കുന്ന നൂറോളം പുരുഷൻമാരുണ്ടായിട്ടും. സ്ത്രീകൾ ഈ രംഗത്തെ വളരെ കുറവാണ്

| | | |
|---|---|---|
| പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ | - | 1913 |
| " പുരുഷൻമാർ | - | 919 |
| " സ്ത്രീകൾ | - | 994 |

## പ്രധാനപ്രശ്നങ്ങളും പരിഹരിക്കേണ്ടവയും

1. കോളനിയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക. (നടപ്പാതകൾ, റോഡുകൾ, കുടിവെള്ളം, വൈദ്യുതി, കക്കൂസുകൾ മുതലായവ)
2. വിദ്യാഭ്യാസമേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേകപഠനസംവിധാനങ്ങൾ സന്നദ്ധസംഘടനകൾ മുഖേന ഉണ്ടാക്കുക.
3. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് കഴിയുന്ന നിലയിൽ തൊഴിൽ ലഭ്യത ഉറപ്പാക്കുക. കൃഷിഭൂമി തരിശിടലും അനധികൃത ചെമ്മീൻവാറ്റും നിരോധിച്ച് കൊണ്ട് തൊഴിൽ ലഭ്യത ഉറപ്പാക്കുക. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലില്ലായ്മയ്ക്ക്. പരിഹാരം കാണുക.
4. ഈ വിഭാഗങ്ങൾക്ക് അർഹമായ സർക്കാർ ആനുകൂല്യങ്ങൾ ഉറപ്പാക്കുക. ലളിതവും സുതാര്യവുമായ സംവിധാനങ്ങൾ ഈ രംഗത്ത് ഉണ്ടാക്കുക.

5. പ്രായമുള്ളവരുടെ നിരക്ഷരത പരിഹരിക്കുന്നതിനുവേണ്ടി വയോജനവിദ്യാഭ്യാസകേന്ദ്രം ആരംഭിക്കുക.

6. SC OR ST വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ തുടങ്ങുക.

7. ബോധവൽക്കരണ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുക.

8. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് മുൻഗണന നൽകി പ്രത്യേകപദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

9. നിലവിലുള്ള പൊതുശ്മശാനം ഇലക്ട്രിക് സംവിധാനത്തോടുകൂടി നവീകരിക്കുക.

10. എല്ലാ സർക്കാർ, സ്വകാര്യ, പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളിലും സംവരണതത്വം ·ർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

11. ജീർണ്ണിച്ച വീടുകൾ നന്നാക്കാൻ സാമ്പത്തികസഹായം നൽകുക.

12. ഭൂരഹിതരായവർക്ക് ഭൂമിയും കൃഷിനിലവും വാങ്ങാൻ പലിശരഹിതസാമ്പത്തികസഹായവും നൽകുക.

# വിഭവസമാഹരണം

കുമ്പളങ്ങി പഞ്ചായത്തിലെ 95-96-ലെ വരവുകളുടെ ഏകദേശരൂപം ഇനി പറയും പ്രകാരമാണ്.

| | | |
|---|---|---|
| തൊഴിൽ നികുതി | - | 4.81% |
| കെട്ടിട നികുതി | - | 9.24% |
| വിനോദ നികുതി | - | 2.57% |
| സർക്കാർ നികുതി വിഹിതം | - | 7.6% |
| ഗ്രാന്റുകൾ | - | 17.91% |
| മറ്റു വരുമാനമാർഗ്ഗൾ | - | 57.87% |

മൊത്തം വരുമാനത്തിൽ കഴിഞ്ഞ 10 വർഷത്തെ കണക്കുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ പഞ്ചായത്തിന്റെ തനത് വരുമാനം കൂടുകയാണ്. നികുതിയേതര വരുമാനവും നികുതി വരുമാനവും അതാത് കാലഘട്ടത്തിന്റെ നിരക്ക് വർദ്ധനവിനനുസരിച്ച് കൂടുകയാണ്. സർക്കാരിൽ നിന്ന് ലഭിക്കുന്ന ധനസഹായത്തിൽ 80.71% അൺ-ടൈഡ് ഫണ്ടാണ്. പുതിയ പഞ്ചായത്ത് നിയമപ്രകാരം സർക്കാരിന്റെ സഹായത്തിൽ ഗുണപരമായ മാറ്റം വരാൻ സാധ്യതയുണ്ട്. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് ഇല്ല.

പഞ്ചായത്തിന്റെ ചെലവിനെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഏറ്റവും പ്രധാന ചെലവിനമായ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ശമ്പളവർദ്ധനവ്, സാധനങ്ങളുടെ വിലക്കയറ്റം എന്നിവ മൂലം കഴിഞ്ഞ പത്ത് വർഷമായി പർദ്ധിച്ചു വരികയാണ്. പൊതുമരാമത്ത് ചെലവും വർദ്ധിച്ചിരിക്കുന്നു. മരാമത്ത് പണികൾ നടത്തുന്നത് കോൺട്രാക്ട് സമ്പ്രദായത്തിലൂടെയാണ്. മറ്റു വികസനചെലവുകൾ പ്രധാനമായും തെരുവുവിളക്കിന്റെ വൈദ്യുതിചാർജ്, വെള്ളക്കരം എന്നിവയാണ്. പൊതുവിൽ പഞ്ചായത്ത് സാമ്പത്തികമായി വളരെയധികം വിഷമിക്കുന്ന സഹചര്യമാണുള്ളത്. പഞ്ചായത്തിന്റെ വരുമാനം ഉപയോഗിച്ചുമാത്രം മുഴുവൻ ആവശ്യങ്ങളും ഒരു കാലത്തും നിറവേറ്റാൻ ഇന്നത്തെ നിലയിൽ കഴിയില്ല. സംസ്ഥാനഫിനാൻസ് കമ്മീഷന്റേയും സെൽ കമ്മീഷന്റേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സാരമായ മാറ്റങ്ങൾ വരാൻ പോകയാണ്. പഞ്ചായത്തുകൾക്കുള്ള ധനകാര്യഅവകാശങ്ങളിലും ചട്ടങ്ങളിലും താഴെപ്പറയുന്ന മാറ്റങ്ങൾ വേണമെന്ന് പഞ്ചായത്ത് ഭരണസമിതി നിർദ്ദേശിക്കുന്നു.

1. പഞ്ചായത്തിന് ചിലഴിക്കാവുന്ന തുക 5000 എന്നത് 50000 ആക്കുക.

2. പഞ്ചായത്ത് തലത്തിൽ നടക്കുന്ന ജോലികളുടേയും മറ്റ് ഭരണാനുമതി കൊടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക.

3. അടിയന്തിരഘട്ടങ്ങളിൽ പഞ്ചായത്തിന് ചെലവാക്കാവുന്ന തുക 5000 രൂപയായിട്ട് ഉയർത്തുക.

പഞ്ചായത്തിൽ SBT യുടെ രണ്ട് ശാഖകൾ, ഒരു സർവ്വീസ് സഹകരണബാങ്ക്, ഒരു SC-ST സഹകരണസംഘം, സ്വകാര്യപണമിടപാട് സ്ഥാപ


നങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. സഹകരണസ്ഥാപനങ്ങളും ബാങ്കുകളും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കും വായ്പ നൽകിവരുന്നുണ്ട്. സാധാരണക്കാരന് എളുപ്പത്തിൽ വായ്പ ലഭ്യമാക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയാത്തതുകൊണ്ടുതന്നെ സ്വകാര്യപണമിടപാടുകാരുടെ പക്കൽ നിന്നും കൊള്ളപ്പലിശയ്ക്ക് പണം കടമെടുത്ത് ആവശ്യങ്ങൾ നിറവേറ്റുന്നവരാണ് കൂടുതലും. ഏകദേശം 150-ഓളെ പേർ കുമ്പളങ്ങിയിൽ നിന്നും ഗൾഫ് മേഖലയിൽ ജോലിക്ക് പോയിട്ടുണ്ട്. മറ്റു വിദേശ രാജ്യങ്ങളിലായി 25-ഓളം പേരുണ്ട്. വിദേശങ്ങളിൽ നിന്ന് മടങ്ങിവന്നിട്ടുള്ള 100-ൽ പരം പേരണ്ട് ഗൾഫ് പണത്തിന്റെ സ്വാധീനം പഞ്ചായത്തിന്റെ വികസനകാര്യത്തിൽ ഉണ്ടായിട്ടില്ല. വ്യവസായികകാർഷികമേഖലയിൽ ഗൾഫ് പണം തിരിച്ചുവിടേണ്ടതുണ്ട്. സംഭാവനകളുടെ അടിസ്ഥാനത്തിൽ ചില വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വിദേശങ്ങളിൽ തൊഴിൽ ചെയ്യുന്നവരിൽ നിന്നും വിഭവസമാരഹണത്തിന് സാധ്യതയുണ്ട്.

സന്നദ്ധ പ്രവർത്തനങ്ങൾ നടത്തി വികസന കാര്യങ്ങൾക്ക് സഹായകമാവുന്ന പരിപാടികൾ ജനകീയാസൂത്രണപ്രസ്ഥാനം തുടങ്ങുന്നതിന് മുമ്പ് കാര്യമായി നടന്നിട്ടില്ല. നന്നായി പ്രചാരണം നടത്തിയാൽ ആയിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വികസനപ്രവർത്തനം നടത്താൻ കഴിയും.

നവംബർ ഒന്നിന്റെ പുനരർപ്പണദിനവുമായി ബന്ധപ്പെടുത്തി വിവിധ വാർഡുകളിൽ നടന്ന ശ്രമദാനങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു.

## പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ

1. നികുതി വെട്ടിപ്പു തടഞ്ഞ് നികുതിപിരിവ് കാര്യക്ഷമമാക്കുക.
2. ഭരണചെലവിൽ സാമ്പത്തികഅച്ചടക്കം കർശനമായും പാലിക്കുക.
3. കോൺട്രാക്ടർമാരും മറ്റ് ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം തടയുന്നതിന് നിർമ്മാണകരാർ ജോലികൾ ശാസ്ത്രീയവും ജനകീയവുമായി പുന:സംഘടിപ്പിക്കുക.
4. ജനങ്ങളെ ദ്രോഹിക്കാത്ത നിലയിൽ മേഖലയിൽ നിന്നും നികുതി ചുമത്തുക. (ഉദാ: ചെമ്മീൻ കെട്ടുകൾ നടത്തുന്നവർ, സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്നവർ തുടങ്ങിയവർ)
5. സന്നദ്ധപ്രവർത്തനങ്ങൾ സംഘടിതമായി നടത്തുക. അതിനുള്ള ബോധവൽക്കരണം നടത്തുക.
6. വികസനപ്രവർത്തനങ്ങൾക്ക് സ്പോൺസർമാരെ കണ്ടെത്തുകയും ആ നിലയിൽ വിഭവം സമാഹരിക്കുകയും ചെയ്യുക.
7. വിദേശങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്നും നാട്ടിലെ സമ്പന്നരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പ്രവർത്തനങ്ങൾക്ക് ഫണ്ട് ഉണ്ടാക്കുക.
8. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പകളും സർക്കാർ സഹായവും കൃത്യമായി വാങ്ങിയെടുക്കുക.
9. പഞ്ചായത്തിലെ കണക്കുകൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ കണക്കുകളും അച്ചടിച്ച് പ്രസിദ്ധീകരിക്കുക. അവ ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുക.
10. അഴിമതി എല്ലാ മേഖലകളിലും കർശനമായി തടയുക.
11. പഞ്ചായത്ത് വക ഭൂമികൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുക.
12. നിലവിലുള്ള എല്ലാ പുറമ്പോക്ക് ഭൂമിയും പഞ്ചായത്തിന്റേതാക്കി വിഭവസമാഹരണംനടത്തുക.
13. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രത്തിൽ ഷോപ്പിംഗ് കോംപ്ലക്സും, കമ്മ്യൂണിറ്റി ഹാളും, പൊതുമാർക്കറ്റും പണിയിച്ച് വാടക്ക് കൊടുക്കുക.
14. സ്ലോട്ടർ ഹൗസുകൾ സ്ഥാപിക്കുക.
15. കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് നികുതി യഥാസമയം പുനർനിർണ്ണയം ചെയ്യുക.
16. പ്രസിഡന്റിന്റെ പേരിൽ ഒരു സഞ്ചിതനിധി സ്വരൂപിക്കുക.
17. കുമ്പളങ്ങി വെളുത്തുള്ളി കടത്ത് ലേലം ചെയ്ത് കൊടുക്കുക.



കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത്
പെരുമ്പടപ്പ്
കണ്ടക്കടവ് റോഡ്
പരുത്തിതോട്
കണ്ടക്കടവ് നിലം
FP
HD
CHC
LPS
UPS
HS
WHS
W.T
NKN
UP
LP
F
: TEMPLE
: MOSQUE
: CHURCH
H.D = HOMOEO DISPENSARY.
CHC = COMMUNITY HEALTH CENTRE.
WT = WATER TANK.
FP = FISHPOND
F = FERRY.